Newspaper for malayalees Worldwide ◆ Estd.2020

# വാചകം
# VACHAKAM

CHICAGO
Vol.5 / Issue 20/ Pages 32
10
ഡിസംബർ 2025
ബുധനാഴ്ച
1201 വൃശ്ചികം 24

www.vachakam.com
news@vachakam.com

02 America | 11 Canada | 12 Keralam | 18 India | 20 Socialmedia | 22 Cinema | 26 Sports | 28 Technology | 30 World




THRISSUR | KOCHI | THODUPUZHA | KOTTAYAM | THIRUVALLA | ATTINGAL | KOLLAM | THIRUVANANTHAPURAM | KUNNAMKULAM | CHALAKKUDY | PALAKKAD | PATTAMBI | PERINTHALMANNA | KOZHIKODE | KALPETTA | KANNUR | VADAKARA | PAYYANNUR | KASARAGOD
BENGALURU | ERODE | SALEM | DUBAI: KARAMA • MEENA BAZAAR • AL QUSAIS
SHARJAH: AL ZAHRA SQUARE • MUWEILAH | ABU DHABI | MUSCAT (RUWI) | DOHA | BAHRAIN

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

Newspaper for malayalees Worldwide ◆ Estd.2020

# വാചകം
VACHAKAM

CHICAGO
Vol.5 / Issue 20/ Pages 32
10
ഡിസംബർ 2025
ബുധനാഴ്ച
1201 വൃശ്ചികം 24

www.vachakam.com
news@vachakam.com

02 America | 11 Canada | 12 Keralam | 18 India | 20 Socialmedia | 22 Cinema | 26 Sports | 28 Technology | 30 World



## അടിസ്ഥാന പലിശ നിരക്കിൽ വീണ്ടും കുറവ് വരുത്തി

# യുഎസ് ഫെഡറൽ റിസർവ്

വായ്പ പലിശ നിരക്കുകളിൽ വീണ്ടും കുറവ് വരുത്തി യു.എസ് കേന്ദ്രബാങ്കായ ഫെഡറൽ റിസർവ്. എല്ലാവരും പ്രതീക്ഷിച്ചിരുന്ന കുറവാണ് പലിശ നിരക്കുകളിൽ ഫെഡറൽ റിസർവ് വരുത്തിയിരിക്കുന്നത്. ഈ വർഷം മൂന്നാം തവണയാണ് ഫെഡ് പലിശനിരക്ക് കുറയ്ക്കുന്നത്. സാമ്പത്തിക രംഗത്ത് മന്ദഗതിയിലുള്ള തൊഴിൽ വളർച്ച ഉണ്ടാകാനുള്ള സാധ്യത മുൻനിർത്തിയാണ് ഫെഡിന്റെ ഈ സുപ്രധാന തീരുമാനമെന്നാണ് റിപ്പോർട്ട്.

പലിശയിൽ 25 ബേസിസ് പോയിന്റ്സ് കുറച്ചതോടെ ഫെഡറൽ ഫണ്ട് നിരക്ക് 3.5 ശതമാനം മുതൽ 3.75 ശതമാനം വരെയായി നിജപ്പെടുത്തി. കഴിഞ്ഞ മൂന്ന് വർഷത്തിനിടയിലെ ഏറ്റവും കുറഞ്ഞ നിരക്കാണിത്. അതേസമയം ഇനിയുള്ള മാസങ്ങളിൽ പലിശ നിരക്ക് കുറയ്ക്കുന്നതിൽ നിന്ന് ഫെഡ് താൽക്കാലികമായി വിട്ടുനിൽക്കാൻ സാധ്യതയുണ്ടെന്ന സൂചനയും അധികൃതർ നൽകിയിട്ടുണ്ട്.

പണപ്പെരുപ്പത്തെക്കുറിച്ചുള്ള ആശങ്കകൾ നിലനിൽക്കുന്നതിനിടയിലും, തൊഴിൽ വിപണിയിലെ തളർച്ച ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെയാണ് പുതിയ നിരക്ക് കുറയ്ക്കൽ.

അടുത്ത നീക്കങ്ങൾ ഇനി വരാനിരിക്കുന്ന സാമ്പത്തിക വിവരങ്ങളെ ആശ്രയിച്ചിരിക്കുമെന്നും റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. എന്നാൽ നിരക്ക് കുറയ്ക്കാനുള്ള തീരുമാനത്തിൽ ഫെഡിന്റെ നയം രൂപീകരിക്കുന്ന സമിതിയായ ഫെഡറൽ ഓപ്പൺ മാർക്കറ്റ് കമ്മിറ്റിയിൽ (FOMC) എതിരഭിപ്രായങ്ങളും ഉണ്ടായിരുന്നു. പന്ത്രണ്ട് അംഗങ്ങളുള്ള സമിതിയിൽ ഒൻപത് പേർ നിരക്ക് കുറയ്ക്കുന്നതിനെ അനുകൂലിച്ചപ്പോൾ മൂന്ന് പേരാണ് എതിർപ്പ് രേഖപ്പെടുത്തിയത്.

കഴിഞ്ഞ ആറ് വർഷത്തിനിടയിൽ നിരക്ക് തീരുമാനത്തിൽ ഇത്രയധികം വിയോജിപ്പുകൾ ഉണ്ടാകുന്നത് ഇതാദ്യമാണ്. ചില അംഗങ്ങൾ നിരക്ക് മാറ്റമില്ലാതെ നിലനിർത്തണമെന്ന് വാദിച്ചപ്പോൾ ഒരാൾ അര ശതമാനം കുറവ് വരുത്തണമെന്ന് ആവശ്യപ്പെട്ടു.

നിലവിലെ പലിശ നിരക്ക് സമ്പദ്‌വ്യവസ്ഥയെ അധികമായി നിയന്ത്രിക്കുകയോ അല്ലെങ്കിൽ അമിതമായി ഉത്തേജിപ്പിക്കുകയോ ചെയ്യാത്ത

ശേഷം പേജ് 8ൽ

ഓടരുതെമ്മെല്ലേ, പിന്നാലെ പോലീസുണ്ട്
(ഡോ. സെബാസ്റ്റ്യൻപോൾ എഴുതുന്നു).......... പേജ് 06
ഫെഡറലിസത്തെ തട്ടിക്കളിക്കാൻ ഗവർണർമാർ .......................... പേജ് 15
വിവാദങ്ങൾ ഇലപൊഴിച്ച ഒരു വോട്ട് കാലം ....................................... പേജ് 16
ഒരു ടാൻസാനിയൻ യാത്രയിലെ പ്രശ്നങ്ങൾ ............................ പേജ് 17
ജനാധിപത്യത്തിന് നേരെ മയക്കുവെടി ................................................ പേജ് 24
ജനാധിപത്യം നേരിടുന്ന കടുത്ത വെല്ലുവിളികൾ ....................... പേജ് 25

## യു.എസ്. പ്രവേശനത്തിന് ഇനി 5 വർഷത്തെ സോഷ്യൽ മീഡിയ വിവരങ്ങൾ നിർബന്ധം

പുതിയൊരു നിയമവുമായി ട്രംപ് ഭരണകൂടം. ഈ നിയമം അനുസരിച്ചു വിസ ഇല്ലാതെ അമേരിക്കയിൽ 90 ദിവസം വരെ യാത്ര ചെയ്യാൻ സാധിക്കുന്ന 42 രാജ്യങ്ങളിലെ യാത്രക്കാർക്ക് ഇനി കൂടുതൽ വ്യക്തിഗത വിവരങ്ങൾ നൽകേണ്ടി വരും എന്നാണ് പുറത്തു റിപ്പോർട്ട്.

**ഇതിൽ പ്രധാനമായി:**

- കഴിഞ്ഞ 5 വർഷത്തെ സോഷ്യൽ മീഡിയ ഉപയോഗ ചരിത്രം
- കഴിഞ്ഞ 10 വർഷമായി ഉപയോഗിച്ച ഇമെയിൽ വിലാസങ്ങൾ
- അടുത്ത ബന്ധുക്കളുടെ വിലാസം, ഫോൺ നമ്പർ എന്നിവ




ഇതെല്ലാം അമേരിക്കയിൽ പ്രവേശിക്കുന്നതിന് മുൻപ് നിർബന്ധമായി സമർപ്പിക്കണം എന്നാണ് പുറത്തു വരുന്ന റിപ്പോർട്ട്.

ഏത് രാജ്യങ്ങൾക്കൊക്കെ ആണ് പുതിയ നിയമം ബാധകം.

- വിസ വെവർ പ്രോഗ്രാമിൽ ഉൾപ്പെട്ട 42 രാജ്യങ്ങൾ:

ശേഷം പേജ് 8ൽ

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

അമേരിക്ക വാചകം

# തിരിച്ചടിയാകുമോ? ട്രംപിന്റെ ഉപദേശത്തിൽ ഞെട്ടി ജനം



വീണ്ടും അമേരിക്കൻ രാഷ്ട്രീയ ഇടങ്ങളിൽ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ മറ്റൊരു പ്രസംഗം ചർച്ചയാവുകയാണ്. പെൻസിൽവാനിയയിൽ നടത്തിയ പ്രസംഗമാണ് ഇപ്പോൾ ചൂടൻ ചർച്ചയ്ക്ക് കാരണമായിരിക്കുന്നത്.

പണപ്പെരുപ്പവും വിലക്കയറ്റവും നിയന്ത്രിക്കാനുള്ള തന്റെ പരിശ്രമങ്ങളെക്കുറിച്ച് സംസാരിക്കാനാണ് ട്രംപ് പെൻസിൽവാനിയയിലെ മൗണ്ട് പോക്കോണോയിൽ എത്തിയതെങ്കിലും സാമ്പത്തിക നയങ്ങളിൽ ഊന്നിയുള്ള പ്രസംഗം കാത്തുനിന്ന വോട്ടർമാർക്ക് മുന്നിൽ, ട്രംപ് നടത്തിയ ചില പരാമർശങ്ങൾ അല്പം വിവാദമായോ എന്നാണ് രാഷ്ട്രീയ നിരീക്ഷകരുടെ വിലയിരുത്തൽ.

### സാമ്പത്തിക പ്രതിസന്ധിയും ട്രംപിന്റെ വാദങ്ങളും

മൗണ്ട് പോക്കോണോയിലെ ഒരു കാസിനോ റിസോർട്ടിൽ തടിച്ചുകൂടിയ ജനക്കൂട്ടത്തോട് സംസാരിക്കവെ, രാജ്യത്തെ പണപ്പെരുപ്പം ഒരു വലിയ പ്രശ്നമല്ലെന്ന് ട്രംപ് വ്യക്തമാക്കി. ''താങ്ങാനാവുന്ന വില'' എന്ന പദം ഡെമോക്രാറ്റുകൾ തന്നെ അപമാനിക്കാൻ സൃഷ്ടിച്ച ഒരു തട്ടിപ്പാണെന്നും അദ്ദേഹം വ്യക്തമാക്കി. എന്നാൽ, ട്രംപിന്റെ ഈ അവകാശവാദങ്ങൾക്കും ജനങ്ങളുടെ ജീവിതയാഥാർത്ഥ്യങ്ങൾക്കും തമ്മിൽ വലിയ അന്തരമുണ്ടായിരുന്നു എന്നാണ് നിരീക്ഷകരുടെ പക്ഷം.

കഴിഞ്ഞ ഏപ്രിലിൽ ട്രംപ് ഏർപ്പെടുത്തിയ പുതിയ നികുതികൾ സാധനങ്ങളുടെ വില കുത്തനെ ഉയരാൻ കാരണമായിട്ടുണ്ടെന്ന് അവർ ചൂണ്ടിക്കാട്ടുന്നു. പലചരക്ക് സാധനങ്ങൾ, വൈദ്യുതി, വാടക എന്നിവയുടെ വർധിച്ചുവരുന്ന ചെലവുകൾ സാധാരണക്കാരുടെ ജീവിതത്തെ സാരമായി ബാധിച്ചിരിക്കുന്നു. എന്നാൽ, തന്റെ ഭരണകാലത്തെ സമ്പദ്വ്യവസ്ഥയ്ക്ക് ''എ പ്ലസ് പ്ലസ്'' ഗ്രേഡ് നൽകിയ ട്രംപ്, വിദേശത്ത് നിന്ന് പാവകളും പെൻസിലുകളും വാങ്ങുന്നത് കുറച്ചാൽ സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കാമെന്ന ലഘുവായ നിർദ്ദേശമാണ് മുന്നോട്ടുവെച്ചത്.

''നിങ്ങളുടെ മകൾക്ക് 37 പാവകളുടെ ആവശ്യമില്ല, രണ്ടോ മൂന്നോ എണ്ണം മതിയാകും,'' എന്നായിരുന്നു അദ്ദേഹത്തിന്റെ പരാമർശം.

### പരാമർശം കുടിയേറ്റക്കാർക്കെതിരോ ?

സാമ്പത്തിക വിഷയങ്ങളിൽ നിന്ന് വ്യതിചലിച്ച ട്രംപ്, കുടിയേറ്റക്കാർക്കെതിരെ ചില പരാമർശങ്ങൾ നടത്തുകയും ചെയ്തു. അഫ്ഗാനിസ്ഥാൻ, ഹെയ്തി, സൊമാലിയ തുടങ്ങിയ രാജ്യങ്ങളെ നരകതുല്യം എന്നും വൃത്തികെട്ടവ എന്നുമാണ് വിശേഷിപ്പിച്ചത്. ഇത്തരം രാജ്യങ്ങളിൽ നിന്നുള്ളവരെ എന്തിനാണ് അമേരിക്ക സ്വീകരിക്കുന്നത് എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രധാന ചോദ്യം.

''എന്തുകൊണ്ട് നമുക്ക് നോർവെയിൽ നിന്നും സ്വീഡനിൽ നിന്നും കൂടുതൽ ആളുകളെ കൊണ്ടുവന്നുകൂടാ?'' എന്ന ട്രംപിന്റെ ചോദ്യമാണ് വംശീയമായ വേർതിരിവുകളെക്കുറിച്ചുള്ള ചർച്ചകൾക്ക് വീണ്ടും വഴിവെച്ചിരിക്കുന്നത്.

### ജനങ്ങൾക്ക് നിരാശയും ആശങ്കയും

പെൻസിൽവാനിയയിലെ മൺറോ കൗണ്ടി, ട്രംപിന്റെ രാഷ്ട്രീയ ഭാവിയിൽ നിർണ്ണായകമായ ഒരു സ്വാധീനം ചെലുത്തുന്ന സ്ഥലമാണ്. 2020ൽ ബൈഡനെ പിന്തുണച്ച ഈ പ്രദേശം കഴിഞ്ഞ വർഷം ട്രംപിനൊപ്പം നിന്നിരുന്നു. എന്നാൽ, ഇവിടുത്തെ വോട്ടർമാർക്കിടയിൽ ഇപ്പോൾ നിരാശ പടരുകയാണെന്നാണ് നിരീക്ഷകർ വ്യക്തമാക്കുന്നത്.

ട്രംപിന് വോട്ട് ചെയ്ത ലൂ ഹെഡ്ലി എന്ന 72കാരൻ പറയുന്നത്, തന്റെ പലചരക്ക് ബിൽ 175 ഡോളറിൽ നിന്ന് 200 ഡോളറായി ഉയർന്നു എന്നാണ്. വില കുറയ്ക്കാൻ ട്രംപിന് സാധിക്കുമോ എന്ന കാര്യത്തിൽ ഇവർക്ക് വലിയ പ്രതീക്ഷയില്ലെന്നും പറയുന്നു. തങ്ങളെല്ലാവരും പാപ്പരായിക്കൊണ്ടിരിക്കുകയാണെന്നും റിപ്പബ്ലിക്കനെന്നോ ഡെമോക്രാറ്റെന്നോ വ്യത്യാസമില്ലാതെ എല്ലാവരും ഇത് അനുഭവിക്കുന്നു,'' എന്നാണ് നിക്ക് റിലി എന്നൊരാൾ പ്രതികരിച്ചത്.

അതേസമയം, ട്രംപിന്റെ സാമ്പത്തിക നയങ്ങളാണ് വിലക്കയറ്റത്തിന് കാരണമെന്ന് ഡെമോക്രാറ്റിക്കായ സൂസന്ന വെന ആരോപിച്ചു. മാത്രമല്ല മിയാമിയിൽ ട്രംപ് പിന്തുണച്ച സ്ഥാനാർത്ഥി പരാജയപ്പെട്ടതും, ട്രംപിന്റെ സാമ്പത്തിക നയങ്ങളിൽ ജനങ്ങൾക്കുള്ള വിശ്വാസം കുറയുന്നതിന്റെ സൂചനയായി വിലയിരുത്തപ്പെടുന്നു.

അടുത്ത വർഷം നടക്കാനിരിക്കുന്ന ഇടക്കാല തിരഞ്ഞെടുപ്പിന് മുന്നോടിയായി ജനങ്ങളെ ആവേശഭരിതരാക്കാനാണ് ട്രംപ് ഇത്തരം റാലികൾ സംഘടിപ്പിക്കുന്നത്. വൈറ്റ് ഹൗസ് ചീഫ് ഓഫ് സ്റ്റാഫ് സൂസി വൈൽസിന്റെ തന്ത്രപ്രകാരം, പരമാവധി വോട്ടർമാരെ പോളിംഗ് ബൂത്തുകളിൽ എത്തിക്കുക എന്നതാണ് ലക്ഷ്യം. എന്നാൽ, ദിനംപ്രതി ഉയരുന്ന ജീവിതച്ചെലവുകളും പണപ്പെരുപ്പവും സാധാരണക്കാരുടെ നടുവൊടിക്കുമ്പോൾ, കുടിയേറ്റക്കാർക്കെതിരായ അധിക്ഷേപങ്ങളും ''പാവകൾ കുറച്ചു വാങ്ങൂ'' എന്ന ഉപദേശങ്ങളും കൊണ്ട് വോട്ടർമാരുടെ വയറു നിറയ്ക്കാൻ ട്രംപിന് സാധിക്കുമോ എന്നത് കണ്ടറിയേണ്ടിയിരിക്കുന്നു എന്നാണ് ഉയരുന്ന ചോദ്യം.

സാമ്പത്തിക യാഥാർത്ഥ്യങ്ങളും രാഷ്ട്രീയ വാചാടോപങ്ങളും തമ്മിലുള്ള ഈ വലിയ വിടവ് നികത്തുക എന്നത് വരാനിരിക്കുന്ന തിരഞ്ഞെടുപ്പിൽ ട്രംപിന് വലിയൊരു വെല്ലുവിളിയാകുമെന്നാണ് രാഷ്ട്രീയ നിരക്ഷകരുടെ വിലയിരുത്തൽ.

## 'വൃത്തികെട്ടതും അറപ്പുളവാക്കുന്നതുമായ രാജ്യങ്ങളിൽ നിന്ന് ആരും യുഎസിലേക്ക് വരണ്ട': ആഫ്രിക്കയ്ക്കെതിരെ വീണ്ടും ട്രംപ്

വാഷിംഗ്ടൺ: ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുള്ള കുടിയേറ്റത്തെ പൂർണമായും എതിർക്കുന്ന യുഎസ് പ്രസിഡന്റ് ഡൊണൾഡ് ട്രംപ് സൊമാലിയയ്ക്കെതിരെ ചൊവ്വാഴ്ച പെൻസിൽവേനിയയിൽ നടന്ന റാലിയിലും അധിക്ഷേപം ചൊരിഞ്ഞു. 2018 ൽ യുഎസ് കോൺഗ്രസ് അംഗങ്ങളുമായുള്ള യോഗത്തിനിടെ ഹെയ്ത്രി അടക്കം ആഫ്രിക്കൻ രാജ്യങ്ങൾക്കെതിരെ അസഭ്യം പറഞ്ഞെന്നും ട്രംപ് സമ്മതിച്ചു.

വംശീയ അധിക്ഷേപം നടത്തിയിട്ടില്ലെന്നായിരുന്നു യുഎസ് അന്ന് അവകാശപ്പെട്ടിരുന്നത്. അഫ്ഗാനിസ്ഥാൻ, ഹെയ്റ്റി, സൊമാലിയ തുടങ്ങിയ മൂന്നാംലോക രാജ്യങ്ങളിൽ നിന്നുള്ള കുടിയേറ്റം പൂർണമായി വിലക്കിയെന്ന് ട്രംപ് വ്യക്തമാക്കി. വൃത്തികെട്ടത്, അറപ്പു തോന്നിക്കുന്നത്, കുറ്റകൃത്യങ്ങൾ നിറഞ്ഞത് തുടങ്ങിയ അധിക്ഷേപങ്ങളാണ് സൊമാലിയയ്ക്ക് എതിരെ നടത്തിയത്. ജനക്കൂട്ടത്തിൽ നിന്ന് 2018 ൽ ട്രംപ് ഉപയോഗിച്ചെന്നു പറയുന്ന അസഭ്യപദം ഒരാൾ വിളിച്ചുപറഞ്ഞപ്പോൾ അതു സത്യമാണെന്നു ട്രംപ് വ്യക്തമാക്കുകയായിരുന്നു.

## American Diary — 80 Years Ago

### *The U.S was transitioning from World War II*



On December 10, 1945, the U.S. was transitioning from World War II, focused on post-war reconstruction, with the Senate approving the UN Participation Act, while nationally significant events included Doc Blanchard winning the Heisman Trophy, and the Navy recognizing Linus Pauling for war work, amidst the lingering mystery of the famous Flight 19 disappearance days earlier

December 10, 1945

## ലോസ് ഏഞ്ചൽസിൽ നാഷണൽ ഗാർഡിനെ വിന്യസിക്കുന്നത് തടഞ്ഞ് കോടതി; ട്രംപിന് കനത്ത തിരിച്ചടി




വാഷിംഗ്ടൺ: ലോസ് ഏഞ്ചൽസിൽ നാഷണൽ ഗാർഡിനെ വിന്യസിക്കാനുള്ള യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ നീക്കം കോടതി തടഞ്ഞു ലോസ് ഏഞ്ചൽസിൽ നാഷണൽ ഗാർഡിന്റെ വിന്യാസം അവസാനിപ്പിക്കണെമെന്ന് കാലിഫോർണിയ ജഡ്ജി ട്രംപിനോട് ആവശ്യപ്പെട്ടു. കാലിഫോർണിയ ഗവർണർ ഗാവിൻ ന്യൂസം സമർപ്പിച്ച ഹർജിയിലാണ് വിധി. പ്രസിഡന്റ് ട്രംപ് തന്റെ അധികാര ദുർവിനിയോഗം നടത്തിയെന്ന് കാലിഫോർണിയയിലെ ജില്ലാ ജഡ്ജി ചാൾസ് ബ്രെയർ പറഞ്ഞു. കുടിയേറ്റ നയങ്ങൾക്കെതിരായ പ്രതിഷേധങ്ങൾ കലാപത്തിന് തുല്യമാണെന്ന് കണക്കാക്കി നാഷണൽ ഗാർഡ് യൂണിറ്റുകളുടെ ഫെഡറൽ നിയന്ത്രണം ഏറ്റെടുത്ത് ലൊസാഞ്ചലസിൽ വിന്യസിക്കാനുള്ള ട്രംപിന്റെ നീക്കമാണ് ജില്ലാ ജഡ്ജി ചാൾസ് ബ്രെയർ തടഞ്ഞത്.

2026 ഫെബ്രുവരി 2 വരെ 300 കാലിഫോർണിയ നാഷണൽ ഗാർഡ് സൈനികരുടെ നിയന്ത്രണം ഏറ്റെടുക്കാനുള്ള ഭരണകൂടത്തിന്റെ ഓഗസ്റ്റിലെ ഉത്തരവിനെതിരെയായിരുന്നു ഗവർണറുടെ ഹർജി. നാഷണൽ ഗാർഡ് യൂണിറ്റുകൾ സാധാരണയായി സംസ്ഥാനങ്ങളുടെ നിയന്ത്രണത്തിലാണ്. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ, അവ ഫെഡറൽ സേവനത്തിനായി ഉപയോഗിക്കാം. അതേസമയം, പ്രതിഷേധങ്ങൾക്കെതിരെ സൈന്യത്തെ അയയ്ക്കാൻ പ്രസിഡന്റിന് നിയമപരമായ അധികാരമുണ്ടെന്നും ഈ വിഷയത്തിൽ വിജയിക്കുമെന്നും വൈറ്റ് ഹൗസ് പ്രതികരിച്ചു.'വ്യാജ കലാപങ്ങൾ' നേരിടാൻ സൈന്യത്തെ വിന്യസിക്കാൻ പ്രസിഡന്റിന് നിയമപരമായ അധികാരമുണ്ടെന്നും ഈ വിഷയത്തിൽ ഭരണകൂടം വിജയിക്കുമെന്നും കോടതി വിധിയെത്തുടർന്ന് വൈറ്റ് ഹൗസ് വക്താവ് അബിഗെയ്ൽ ജാക്സൺ പ്രസ്താവനയിൽ പറഞ്ഞു.

## റീ...പോളിംഗ്




Published from Chicago by Vachakam Ltd,
1001 E. Chicago Ave. Ste.151, Naperville
Illinois 60540, USA. (Corporate Office).

Chairman & CEO: Jose Chennikkara
Vice Chairman and CEO:
Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director:
Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad
1-773-888-2242
1-773-842-9149, 1-773-888-2243
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online)
for Malayalees worldwide)
Cost $1.00 per copy
1-773-888-2242
1-773-842-9149
Email: vachakamonline@gmail.com

**E-Paper reading**
**visit vachakam.com**

Disclaimer
Vachakam Ltd. assumes no liability or responsibility for claims against advertisements, advertorials, articles or copyright issues.

# കേരളാ അസോസിയേഷൻ ഓഫ് ഷിക്കാഗോയുടെ വിദ്യാഭ്യാസ പുരസ്കാരം: ഡിസംബർ 20 വരെ അപേക്ഷിക്കാം

## ആഘോഷം 2025 ഡിസംബർ 27–ാംതീയതി വൈകുന്നേരം ഡൗണേഴ്സ് ഗ്രോവിലുള്ള അക്ഷയന ബാങ്കറ്റ് ഹാളിൽ



ഷിക്കാഗോ:കേരളാഅസോസിയേഷൻ ഓഫ് ഷിക്കാഗോയുടെ ആഭിമുഖ്യത്തിൽ ലൂക്കാച്ചൻ & അല്ലി ടീച്ചർ ചെമ്മാച്ചേൽ ദമ്പതികളുടെ ഓർമ്മയ്ക്കായി ചെമ്മാച്ചേൽ കുടുംബാംഗങ്ങൾ സ്പോൺസർ ചെയ്തു ഏർപ്പെടുത്തിയിരിക്കുന്ന 2025 ലെവിദ്യാഭ്യാസപുരസ്കാരത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. 2025 ൽ ഹൈസ്കൂൾതലത്തിൽ മികച്ച മാർക്കോടു കൂടി വിജയം കരസ്ഥമാക്കിയ വ്യക്തിക്കായിരിക്കും പുരസ്കാരം നൽകുന്നത്.

അപേക്ഷകർ 2025 വർഷത്തിൽ ഇല്ലിനോയി സംസ്ഥാനത്തു നിന്നും ഗ്രാജുവേറ്റ് ചെയ്തതും SAT, ACT എന്നിവയിൽ മികച്ച സ്കോറുകൾ കരസ്ഥമാക്കിയവരും ആയിരിക്കണം. അപേക്ഷകരിൽ മികച്ച സ്കോറുകൾ കരസ്ഥമാക്കിയ ഒരു ജേതാവിനെ ജൂറി അംഗങ്ങൾ തിരഞ്ഞെടുക്കുന്നതും അവർക്ക് തമ്പിച്ചൻ ചെമ്മാച്ചേൽ 500 ഡോളർ ക്യാഷും ലൂക്കാച്ചൻ & അല്ലി ടീച്ചർ ചെമ്മാച്ചേൽ ദമ്പതികളുടെ ഓർമ്മക്കായി നിർമ്മിച്ച എവർ റോളിങ്ങ് ഫലകവും നൽകുന്നതാണ്. ജൂറി അംഗങ്ങളുടെ തീരുമാനം അന്തിമമായിരിക്കും.

അപേക്ഷകർ കെ.എ.സി, കെ.സിസി.സി അംഗങ്ങളുടെ മക്കളോ, കെ.എ.സി, കെ.സി.സി.സി സംഘടനകളുടെ അഭ്യുദയകാംഷികളുടെയോ മക്കൾ ആയിരിക്കണം. കെ.എ.സി, കെ.സി.സി.സി സംഘടനകളുടെ പ്രവർത്തനങ്ങളിലെ ഭാഗഭാഗിത്വം അഡീഷണൽ പ്ലസ് മാർക്ക് നേടുന്നതിന് സഹായിക്കും. സമ്മാനദാനം 2025 ഡിസംബർ 27–ാംതീയതി വൈകുന്നേരം ഡൗണേഴ്സ് ഗ്രോവിലുള്ള അക്ഷയന ബാങ്കറ്റ് ഹാളിൽ വച്ച് കെ.എ.സി, കെ.സി.സി.സി ക്രിസ്തുമസ് പുതുവത്സരാഘോഷത്തോടനുബന്ധിച്ചുള്ള യോഗത്തിൽ വച്ച് നൽകുന്നതായിരിക്കും. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി ഡിസംബർ 20, 2025 ആയിരിക്കും. അപേക്ഷകൾ കെ.എ.സി എജ്യൂക്കേഷൻ അവാർഡ് കമ്മിറ്റി കൺവീനർ സന്തോഷ് അഗസ്റ്റിൻ സി.പി.എയ്ക് kcc4chicago@gmail.com എന്ന ഇമെയിലിൽ അയച്ചു കൊടുക്കാവുന്നതാണ്. അവാർഡ് കമ്മിറ്റി കോ-കൺവീനറായി സ്റ്റാൻലി ജോസഫ് പ്രവർത്തിക്കുന്നു.

കൂടുതൽ വിവരങ്ങൾക്കും വിശദമായ നിബന്ധനകൾക്കും പ്രസിഡന്റ് ആന്റോ കവലയ്ക്കൽ, സെക്രട്ടറി സിബി പാത്തിക്കൽ, കൺവീനർ സന്തോഷ് അഗസ്റ്റിൻ സി.പി.എ., കോ-കൺവീനർ സ്റ്റാൻലി ജോസഫ്എന്നിവരുമായി kcc4chicago@gmail.com എന്ന ഇമെയിലിൽ ബന്ധപ്പെടുക.




## ഷിക്കാഗോ മലയാളി അസോസിയേഷൻ ക്രിസ്മസ് പുതുവത്സരാഘോഷങ്ങൾ ഡിസംബർ 28ന്

ഷിക്കാഗോ: ഷിക്കാഗോ മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ക്രിസ്മസ് പുതുവത്സരാഘോഷങ്ങൾ ഡിസംബർ 28ന് വൈകിട്ട് 6 മണിക്ക് ഡെസ്പ്ലെയിൻസിലുള്ള ക്നാനായ സെന്റർ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെടുന്നതാണ്. ക്രിസ്മസ് ഗാനാലാപനം, സ്കിറ്റുകൾ, നൃത്തം ഉൾപ്പെടെ നിരവധി കലാപരിപാടികളോടു കൂടി നടത്തപ്പെടുന്ന പരിപാടിയിൽ ഷിക്കാഗോ സി.എസ്.ഐ ക്രൈസ്റ്റ് ചർച്ച് വികാരി റവ. ജോ വർഗീസ് മലയിൽ ക്രിസ്മസ് സന്ദേശം നൽകും. ഈ ആഘോഷപരിപാടികളിലേക്ക് എല്ലാ മലയാളി സുഹൃത്തുക്കളെയും ക്ഷണിക്കുന്നതായി സംഘാടകർ അറിയിച്ചു. ഈ ആഘോഷ പരിപാടികളുടെ എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി പ്രസിഡന്റ് ജോസ് മണക്കാട്ട്, സെക്രട്ടറി ബിജു മുണ്ടക്കൽ, ട്രഷറർ അച്ചൻകുഞ്ഞ് മാത്യു, വൈസ് പ്രസിഡന്റ് ലൂക്ക് ചിറയിൽ, ജോയിന്റ് സെക്രട്ടറി സാറാ അനിൽ, ജോയിന്റ് ട്രഷറർ പ്രിൻസ് ഈപ്പൻ, കോ -ഓർഡിനേറ്റർ വർഗീസ് തോമസ്, കോ -കോർഡിനേറ്റർമാരായ ഷൈനി ഹരിദാസ്, കാൽവിൻ കവലക്കൽ, മേഘ ചിറയിൽ എന്നിവർ അറിയിച്ചു.

*ബിജു മുണ്ടക്കൽ*

## ഷിക്കാഗോ ലാറ്റിൻ കാത്തലിക് കമ്മ്യൂണിറ്റി ക്രിസ്തുമസ് ആഘോഷം ഡിസംബർ 13, 2025

ഷിക്കാഗോ: ഷിക്കാഗോ ലാറ്റിൻ കാത്തലിക് കമ്മ്യൂണിറ്റിയുടെ 41–ാമത് ക്രിസ്തുമസ് ആഘോഷം ഡിസംബർ 13 ശനിയാഴ്ച വൈകിട്ട് 6മണിക്ക് മേരി ക്യൂൻ ഓഫ് ഹെവൻ ചർച്ച്, 426N. West Ave, Elmhurst, Illinois -60126ൽവച്ച് ആഘോഷിക്കുന്നു.

ഫാ. ആന്റണി അരവിന്ദശ്ശേരിയുടെ മുഖ്യാകാർമ്മികത്വത്തിൽ വെള്ളിയാഴ്ച വൈകിട്ട് 6 മണിക്ക് വിശുദ്ധ ആരംഭിക്കുകയും തുടർന്ന് പാരിഷ് ഹാളിൽ നടത്തപ്പെടുന്ന ആഘോഷപരിപാടികൾക്ക് തുടക്കം കുറിച്ച സാന്റായെ വരവേല്പ്പും ക്രിസ്തുമസ് കരോളും കലാപരിപാടികളും ക്രിസ്തുമസ് വിരുന്നും ഉണ്ടായിരിക്കും.

ഈ അവസരത്തിൽ വളരെ സന്തോഷത്തോടും നന്ദിയോടും രേഖപ്പെടുത്തുകയാണ് 41 വർഷം മുമ്പ് ഡിസംബർ 1984 ൽ ഷിക്കാഗോയിലെ അതിപുരാതനവും ഹിസ്റ്റോറിക്കൽ ലാൻഡ്മാർക്ക് ചർച്ചുമായ ഓൾഡ് സെന്റ് പാട്രിക് ചർച്ചിൽ ഫാ. ആന്റണി അരവന്ദശ്ശേരിയുടെ സ്പിരിചൽ ലീഡർഷിപ്പിൽ തുടക്കം കുറിച്ച വിശുദ്ധ കുർബാനയും ക്രിസ്തുമസ് ആഘോഷവും നടത്തി.

ഈ വർഷത്തെ തക്രിസ്തുമസ് മാസ്, അതിനുശേഷമുള്ള ക്രിസ്തുമസ് കേക്ക് & വൈൻ, ഡിന്നർ, എന്നാ ആഘോഷപരിപാടികളിലേയ്ക്കു നിങ്ങളെ എല്ലാവരേയും സ്വാഗതം ചെയ്യുന്നു.

സ്നേഹത്തോടെയും ക്രിസ്തു ആശംസകളോടേയും ഹെറാൾഡ് ഫിഗ്രെദോ, പ്രസിഡന്റ്, ഷിക്കാഗോ ലാറ്റിൻ കാത്തലിക് കമ്മ്യൂണിറ്റി, 630-400-1172

## ഷിക്കാഗോ സെന്റ് മേരീസ് ഇടവകയിൽ ക്രിസ്തുമസിന് ഒരുക്കമായുള്ള ധ്യാനം ഡിസം.12 മുതൽ



ഷിക്കാഗോ: ഷിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ ക്രിസ്തുമസിനൊരുക്കമായുള്ള ധ്യാനത്തിന് പ്രശസ്ത വാഗ്മിയും കപ്പൂച്ചിൻ സഭാംഗവുമായ ഫാ. ജോസഫ് പുത്തൻപുരക്കൽ നേതൃത്വം നൽകും. നർമ്മത്തിൽ ചാലിച്ച പ്രഭാക്ഷണങ്ങളിലൂടെ ജനഹൃദയം കീഴടക്കി, കാപ്പിപ്പൊടിയാച്ചൻ എന്ന പേരിൽ പ്രസിദ്ധനായ ജോസഫച്ചൻ നേതൃത്വം നൽകുന്ന ധ്യാനം ആരംഭിക്കുന്നത് ഡിസംബർ 12 വെള്ളിയാഴ്ച വൈകിട്ട് 6 മണിക്കുള്ള ദിവ്യബലിയോടെയാണ്.

ദിവ്യബലിയെ തുടർന്ന് 9 മണി വരെ ധ്യാനപ്രസംഗം ഉണ്ടായിരിക്കും. ശനി, ഞായറാഴ്ച ദിവസങ്ങളിൽ രാവിലെ പത്തുമണിക്കുള്ള ദിവ്യബലിയോടെ ആരംഭിച്ച് വൈകിട്ട് 5 മണിയോടെ അവസാനിക്കത്തക്കവിധത്തിലാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. കുബസാരിക്കുവാനുള്ള അവസരം ധ്യാനത്തിന്റെ വിവിധ ദിനങ്ങളിൽ ഉണ്ടായിരിക്കും.

പുൽക്കൂട്ടിൽ പിറന്ന ഉണ്ണിയേശുവിനെ സ്വീകരിക്കുവാൻ ഒരുങ്ങുന്ന അവസരത്തിൽ ഈ ധ്യാനത്തിൽ പങ്കെടുത്ത് അനുഗ്രഹങ്ങൾ പ്രാപിക്കുവാനായി ഏവരെയും ക്ഷണിക്കുന്നതായി വികാരി ഫാ. സിജു മുടക്കോടിയിൽ അറിയിച്ചു. വികാരി. ഫാ. സിജു മുടക്കോടിയിലിനൊപ്പം, അസി. വികാരി.ഫാ. അനീഷ് മാവേലിപുത്തെൻപുര, സെക്രട്ടറി സിസ്റ്റർ ശാലോം, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കാച്ചൻ പൂഴിക്കുന്നേൽ, ജോർജ്ജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ട്, പാരിഷ് കൗൺസിൽ സെക്രട്ടറി സണ്ണി മേലേടം ട്രഷറർ ജെയിംസ് മന്നാകുളത്തിൽ എന്നിവർ ധ്യാനത്തിന്റെ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകും.

*അനിൽ മറ്റത്തിക്കുന്നേൽ*

## ഷിക്കാഗോയിൽ ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ ധ്യാനം നയിക്കുന്നു

ഷിക്കാഗോ : ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ ക്രിസ്മസ് ഒരുക്ക ധ്യാനം ഈ വരുന്ന ഡിസംബർ 19-21 തിയതികളിൽ നടത്തും. കപ്പൂച്ചിൻ സന്യാസ സഭാംഗമായ ഫാദർ ജോസഫ് പുത്തൻപുരയ്ക്കൽ ആണ് ധ്യാനത്തിന് നേതൃത്വം നൽകുന്നത്.

യൂട്യൂബിലെപ്രഭാഷണങ്ങൾവഴിജനപ്രിയനും സർവ്വസമ്മതനുമായ അദ്ദേഹം കപ്പൂച്ചിൻ സഭയുടെ പ്രൊവിൻഷ്യൽ ആയും സേവനം ചെയ്തിട്ടുണ്ട്. സ്വദേശത്തും വിദേശത്തുമായി കഴിഞ്ഞ മൂന്നരപ്പതിറ്റാണ്ടിലേറെയായി വചനശുശ്രൂഷ നിർവഹിക്കുന്ന പ്രിയ ജോസഫച്ചനെ ക്രിസ്മസ് ഒരുക്ക ധ്യാനത്തിനായി ബെൻസൻവിൽ ഇടവകയിലേയ്ക്ക് ഹൃദയപൂർവം സ്വാഗതം ചെയ്യുന്നതായി ഇടവകവികാരി ഫാ. എബ്രാഹം കളരിയ്ക്കൽ അറിയിച്ചു. ഈ ധ്യാനത്തിലുടനീളം സംബന്ധിച്ച് ആത്മീയഉണർവ് നേടാനും ഷിക്കാഗോയിലെയും സമീപപ്രദേശങ്ങളിലെയും ഏവരെയും ദേവാലയത്തിലേയ്ക്ക് സ്വാഗതം ചെയ്യുന്നതായും അദ്ദേഹമറിയിച്ചു.



## ഷിക്കാഗോ മലയാളി അസോസിയേഷൻ ബ്ലഡ് ഡൊണേഷൻ ക്യാമ്പ് വിജയകരമായി

ഷിക്കാഗോ: ഷിക്കാഗോ മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ബെൽവുഡ് സീറോ മലബാർ ഹാളിൽ വെച്ച് നടത്തപ്പെട്ട രക്തദാന ക്യാമ്പ് വിജയകരമായി നടത്തപ്പെട്ടു. ഡിസംബർ 7 ഞായറാഴ്ച രാവിലെ 8 മണി മുതൽ എസ്.എം.സി.സി യുടെയും അമേരിക്കൻ റെഡ് ക്രോസ്സിന്റെയും സംയുക്ത സഹകരണത്തോടെ നടത്തപ്പെട്ട ക്യാമ്പിൽ നിരവധി ആളുകൾ പങ്കെടുത്ത് രക്തം ദാനം ചെയ്തു.

ഷിക്കാഗോ മലയാളി അസോസിയേഷന്റെ സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി നടത്തപ്പെട്ട ഈ ക്യാമ്പ് വിജയകരമായി നടന്നത്, ഇത്തരം പരിപാടികൾ തുടർന്നും നടത്തുവാൻ തങ്ങൾക്ക് പ്രചോദനമാണെന്ന് പ്രസിഡന്റ് ജോസ് മണക്കാട്ട്, സെക്രട്ടറി ബിജു മുണ്ടക്കൽ, ട്രഷറർ

അച്ചൻകുഞ്ഞ് മാത്യു, ക്യാമ്പിന്റെ കോ -ഓർഡിനേറ്ററായി പ്രവർത്തിച്ച വൈസ് പ്രസിഡന്റ് ലൂക്ക് ചിറയിൽ, പ്രിൻസ് ഈപ്പൻ എന്നിവർ അറിയിച്ചു.

ക്യാമ്പ് വിജയകരമായി നടത്തുവാൻ സഹായിച്ച എസ്.എം.സി.സി യോടും ക്യാമ്പിന് നേതൃത്വം നൽകിയ അമേരിക്കൻ റെഡ് ക്രോസ്സിനോടും ഇടവകയുടെ ചുമതലക്കാരോടും കോ -ഓർഡനേറ്റർ ലൂക്ക് ചിറയിൽ നന്ദി രേഖപ്പെടുത്തി.



# ഷിക്കാഗോ സീറോ മലബാർ രൂപത സിൽവർ ജൂബിലി കൺവൻഷൻ
# ബ്രോങ്ക്സ് ഇടവക രജിസ്ട്രേഷൻ കിക്കോഫ് വൻവിജയം



ന്യൂയോർക്ക് : വിശ്വാസ വളർച്ചയുടെ ഇരുപത്തഞ്ചു വർഷങ്ങൾ പൂർത്തിയാക്കി, സിൽവർ ജൂബിലി നിറവിൽ നിൽക്കുന്ന ഷിക്കാഗോ സീറോ മലബാർ രൂപതയുടെ ഒരു വർഷം നീണ്ടുനിന്ന ജൂബിലി ആഘോഷങ്ങളുടെ സമാപനത്തോടനുബന്ധിച്ചു 2026 ജൂലൈ 9-12 തിയതികളിൽ ഷിക്കാഗോയിൽവച്ചു നടക്കുന്ന 'സീറോ മലബാർ കൺവൻഷന്റെ' ബ്രോങ്ക്സ് ഫൊറോന ഇടവകതല രജിസ്ട്രേഷൻ കിക്കോഫ്, ഡിസംബർ 7 ഞായറാഴ്ച വിജയകരമായി നടന്നു.

വിശുദ്ധ കുർബാനക്ക് ശേഷം നടന്ന ചടങ്ങിൽ വികാരി ജനറാൾ റവ. ഫാ. ജോൺ മേലേപ്പുറം വിശ്വാസികളിൽ നിന്നും രജിസ്ട്രേഷനുകൾ ഏറ്റുവാങ്ങി. നിരവധിപ്പേർ കൺവൻഷനിൽ പങ്കെടുക്കാൻ താൽപ്പര്യം അറിയിച്ചു മുന്നോട്ടുവന്നു.

ഷിക്കാഗോയിലെ പ്രശസ്തമായ മക്കോർമിക് പ്ലേസ് കൺവെൻഷൻ സെന്ററിലാണ് സീറോ മലബാർ യുഎസ്എ കൺവെൻഷൻ നടക്കുന്നത്. ഇതോടൊപ്പം രൂപതയുടെ പ്രഥമ മെത്രാൻമാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേകജൂബിലിയും ആഘോഷിക്കുന്നു.

പരസ്പരം പരിചയപ്പെടുന്നതിനും, പരിചയങ്ങൾ പുതുക്കുന്നതിനും, സുഹൃത് ബന്ധങ്ങൾ സ്ഥാപിക്കുന്നതിനുമെല്ലാം അവസരം നൽകുന്ന ഈ കൺവൻഷനിൽ എല്ലാവരും പങ്കെടുക്കണമെന്ന് വികാരി ജനറാളും, ജൂബിലി ജനറൽ കൺവീനറും കൂടിയായ റവ. ഫാ. ജോൺ മേലേപ്പുറം അഭ്യർത്ഥിച്ചു.

ജൂബിലി കമ്മിറ്റി ചെയർമാൻ ജോസഫ് ചാമക്കാല കൺവൻഷനെ പറ്റി വിശദമായി പ്രതിപാദിക്കുകയും, വിശ്വാസികൾക്ക് സംശയ ദൂരീകരണം നടത്തുകയും ചെയ്തു.

ഇപ്പോൾ രജിസ്റ്റർ ചെയ്യുന്നവർക്ക് ഹോട്ടൽ ബുക്കിങ് നിരക്കിൽ ഇളവ് ലഭിക്കുന്നതാണ്. ഈ ഇളവ് ഡിസംബർ 31 വരെ മാത്രമേ ലഭിക്കൂ. ഈ അവസരം എല്ലാവരും ഉപയോഗിക്കണമെന്ന് ജൂബിലി കമ്മിറ്റി ചെയർമാൻ അഭ്യർത്ഥിച്ചു.

ഷിക്കാഗോ സീറോ മലബാർ കത്തീഡ്രൽ ദേവാലയ ട്രസ്റ്റി ബോബി ചിറയിലും കിക്കോഫിൽ പങ്കെടുക്കുകയും, എല്ലാരേയും ഷിക്കാഗോയിലേക്കു ക്ഷണിക്കുകയും ചെയ്തു. റവ. ഫാ. രാജീവ് പാലക്കച്ചേരി ചടങ്ങിൽ സന്നിധനായിരുന്നു.

ബ്രോങ്ക്സ് സെയിന്റ് തോമസ് സീറോ മലബാർ ഫൊറോനാ ഇടവക വികാരി റവ. ഫാ. കുര്യാക്കോസ് വടാന, വികാരി ജനറാളിനേയും, കൺവൻഷൻ ഭാരവാഹികളെയും സ്വാഗതം ചെയ്തു. കൈക്കാരൻ ഷൈജു കളത്തിൽ, കൺവൻഷൻ സെൻട്രൽ കമ്മിറ്റി അംഗങ്ങളായ ജോസഫ് കാഞ്ഞമല, ഷോളി കുമ്പിളുവേലി, ഷാജിമോൻ വടക്കൻ, വിനു വാതപ്പള്ളി തുടങ്ങിയവർ കിക്കോഫിന് നേതൃത്വം നൽകി.

*ഷോളി കുമ്പിളുവേലി*

# ഫീനിക്സിലെ ഹോളി ഫാമിലി ഇടവകയിൽ മികച്ച പ്രതികരണം



ഫീനിക്സ്: രജതജൂബിലി ആഘോഷിക്കുന്ന ഷിക്കാഗോ സീറോ മലബാർ രൂപതയുടെ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടക്കുന്ന സീറോ മലബാർ കൺവെൻഷന്റെ ഇടവകതല കിക്കോഫ്, ആരിസോണയിലെ ഫീനിക്സ് ഹോളി ഫാമിലി ദേവാലയത്തിൽ, രൂപത പ്രൊക്യൂറേറ്റർ റവ. ഫാ. കുര്യൻ നെടുവേലിചാലുങ്കലിന്റെ നേതൃത്വത്തിൽ ഡിസംബർ 7-ാം തിയതി ഞായറാഴ്ച ആഘോഷമായി നടന്നു.

കൺവെൻഷനിലേക്ക് ഇടവകയിലെ എല്ലാ വിശ്വാസികളെയും ക്ഷണിക്കുന്നതിനായി രൂപത പ്രൊക്യൂറേറ്റർ റവ. ഫാ. കുര്യൻ നെടുവേലിചാലുങ്കലിനെയും കൺവൻഷൻ ചെയർമാൻ ബിജു സി മാണിയെയും, കൺവൻഷൻ സെക്രട്ടറി ബീന വള്ളികളത്തിലിനേയും ഇടവക വികാരി റവ. ഫാ. ഡെൽസ് അലക്സിന്റെ നേതൃത്വത്തിൽ ഇടവകാംഗങ്ങൾ ഹൃദ്യമായി സ്വീകരിച്ചു.

വിശുദ്ധ കുർബാനക്ക് ശേഷം നടന്ന ചടങ്ങിൽ റവ. ഫാ. കുര്യൻ നെടുവേലിചാലുങ്കൽ വിശ്വാസികളിൽ നിന്നും രജിസ്ട്രേഷനുകൾ ഏറ്റുവാങ്ങി. വളരെ മികച്ച പ്രതികരണമാണ് ഇടവകയിൽ നിന്നും കൺവൻഷൻ കിക്കോഫിന് ലഭിച്ചത്.

മഹത്തായ അല്മമീയ, സാംസ്കാരിക, പൈതൃക സംഗമത്തിൽ പങ്കെടുക്കുവാൻ എല്ലാ വിശ്വാസികളെയും റവ. ഫാ. കുര്യൻ നെടുവേലിചാലുങ്കൽ ആഹ്വാനം ചെയ്തു. കൺവൻഷൻ ജൂബിലി കമ്മിറ്റി ചെയർമാൻ ബിജി സി. മാണി കൺവൻഷനെ പറ്റി വിശദമായി പ്രതിപാദിച്ചു.

രൂപതയുടെ ചരിത്രത്തിൽതന്നെ സ്ഥാനം പിടിക്കുന്ന തലത്തിൽ വിജയകരമാക്കി തീർക്കുവാൻ വിപുലമായ പ്രവർത്തനങ്ങൾ നടന്നു വരുന്നതായി അദ്ദേഹം അറിയിച്ചു. കൺവൻഷന്റെ പ്രോഗ്രാമുകളെപ്പറ്റി സെക്രട്ടറി ബീന വള്ളിക്കളം വിവരിച്ചു. മുതിർന്നവർക്കും കുട്ടികൾക്കും ഒരുപോലെ ആസ്വാദ്യമാകുന്ന രീതിയിലാണ് പരിപാടികൾ ക്രമീകരിച്ചിരിക്കുന്നതെന്നും ബീന അറിയിച്ചു. കൺവൻഷൻ കോർഡിനേറ്റർമാരായ ആന്റോ യോഹന്നാൻ, ലിലി സിറിയക്, ടാനിയ ടോം, പോൾ ചാക്കോള, കൈക്കാരൻമാരായ ഷാഗി ജോസഫ്, തോമസ് കണ്ണമ്പള്ളിൽ തുടങ്ങിയവർ കിക്കോഫിന് നേതൃത്വം നൽകി. ഫീനിക്സ് ഹോളി ഫാമിലി ഇടവകയിലെ വികാരിയച്ചന്റേയും, ഇടവകാംഗങ്ങളുടെയും വളരെ ഹൃദ്യമായ സ്വീകരണത്തിനും സഹകരണത്തിനും കൺവെൻഷൻ ടീം പ്രത്യേകം നന്ദി അറിയിച്ചു.

കൺവൻഷനെ കുറിച്ചു കൂടുതൽ അറിയുവാനും, രജിസ്റ്റർ ചെയ്യുവാനും താഴെ പറയുന്ന വെബ്സൈറ്റ് സന്ദർശിക്കുക :

www.syroconvention.org

# സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ദേവാലയത്തിൽ CML – AROHA '25 പ്രവർത്തനത്തിന് തുടക്കം




ഷിക്കാഗോ: ഷിക്കാഗോയിലെ സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ദേവാലയത്തിലെ ചെറുപുഷ്പ മിഷൻ ലീഗ് (CML) യൂണിറ്റിന്റെ നേതൃത്വത്തിൽ, വരാനിരിക്കുന്ന ക്രിസ്മസ് ആഘോഷങ്ങളോട് അനുബന്ധിച്ച് CML – AROHA '25 എന്ന കാരുണ്യ പ്രവർത്തനത്തിന് ഭംഗിയായ തുടക്കം കുറിച്ചു. ക്രിസ്തുവിന്റെ ജനനത്തെ ആസ്പദമാക്കിയ ദൈവവചനങ്ങളോടും കുട്ടികളുടെ സ്വതന്ത്രമായ സൃഷ്ടിപരതയോടും കൂടിയ ക്രിസ്മസ് ഗ്രീറ്റിംഗ് കാർഡുകൾ, ദേവാലയത്തിന്റെ ഹോൾവേയിൽ സജ്ജീകരിച്ചിരിക്കുന്ന പ്രത്യേക ബോക്സിൽ ഡിസം.7 മുതൽ നിക്ഷേപിച്ചു തുടങ്ങി.

ഈ പദ്ധതിയുടെ ഭാഗമായി, ഡിസംബർ 21ന് ഇടവക ദേവാലയ പരിസരപ്രദേശങ്ങളിലുള്ള വൃദ്ധസദനങ്ങൾ CML കുട്ടികൾ സന്ദർശിച്ച് ക്രിസ്മസ് കരോളുകൾ ആലപിക്കുകയും അവർ തയ്യാറാക്കിയ ഗ്രീറ്റിംഗ് കാർഡുകൾ അവിടുത്തെ അന്തേവാസികൾക്ക് വിതരണം ചെയ്യുകയും ചെയ്യും. പ്രായാധിക്യം മൂലം ഒറ്റപ്പെടലനുഭവിക്കുന്ന മുതിർന്നവരോടുള്ള സ്നേഹവും കരുതലും കുട്ടികളുടെ മനസ്സിൽ വളർത്തുക എന്ന മഹത്തായ ലക്ഷ്യത്തോടെയാണ് CML – AROHA '25 വിഭാവനം ചെയ്തിരിക്കുന്നത്.

ഇതോടൊപ്പം ഫാമിലി ഗ്രീറ്റിംഗ് കാർഡ് മേക്കിംഗ് ചലഞ്ചും സംഘടിപ്പിച്ചിട്ടുണ്ട്. മിഷൻ ലീഗ് യൂണിറ്റ് വിതരണം ചെയ്ത പ്ലെയിൻ കാർഡ് കിറ്റുകൾ കുടുംബങ്ങൾ ചേർന്ന് സൃഷ്ടിപരമായതും അർത്ഥവത്തരുമായ രീതിയിൽ തയ്യാറാക്കി AROHA ബോക്സിൽ നിക്ഷേപിക്കുന്ന കുടുംബങ്ങൾക്ക് ക്രിസ്മസ് രാത്രി പ്രത്യേക സമ്മാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. 'സ്നേഹവും ദയയും ഒരിക്കലും പാഴാകുന്നില്ല; അവ എപ്പോഴും മാറ്റം സൃഷ്ടിക്കുന്നു' എന്ന പ്രമേയത്തോടെ, ഇങ്ങഘ സെക്രട്ടറി ഷോബിൻ കണ്ണമ്പള്ളി മാതാപിതാക്കളെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

കുട്ടികളെ അഭിസംബോധന ചെയ്ത് സംസാരിച്ച CML പ്രസിഡന്റ് ഐസക് മറ്റത്തിൽ ഇത്തരത്തിലുള്ള ഈ ലളിതമായ സ്നേഹപ്രവർത്തനം നമ്മുടെ വയോധിക സമുദായാംഗങ്ങളുടെ ഹൃദയങ്ങളിൽ ആത്മസാന്ത്വനവും സന്തോഷവും നിറയ്ക്കുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു. AROHA '25 മുഖേന നിങ്ങൾ സ്നേഹത്തിന്റെ ചെറിയ മിഷനറിമാരായിത്തീരുന്നു. നിങ്ങൾ ഒരുക്കുന്ന ഓരോ കാർഡും പാടുന്ന ഓരോ ഗാനവും യേശുവിനുള്ള ഒരു സമ്മാനമായി മാറുന്നു'.

CML – AROHA'25 പ്രവർത്തനങ്ങളുടെ തുടക്കമായി, നവംബർ 29ന് വിശുദ്ധ കുർബാനയ്ക്കുശേഷം CML എക്സിക്യൂട്ടീവ് അംഗങ്ങൾ ഗ്രീറ്റിംഗ് കാർഡുകൾ തയ്യാറാക്കുകയും, കുട്ടികൾ നിർമ്മിക്കുന്ന കാർഡുകൾ നിക്ഷേപിക്കുന്നതിനായി ദേവാലയ ഹോൾവേയിൽ പ്രത്യേക ഡ്രോപ്പ് ബോക്സ് സജ്ജീകരിക്കുകയും ചെയ്തു.

AROHA '25ൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കണമെന്ന് ഇടവക വികാരി ഫാദർ സിജു മുടക്കോടിൽ മാതാപിതാളോടും കുട്ടികളോടും അഭ്യർത്ഥിച്ചു. പരിപാടിയുടെ വിജയത്തിനായി CML സ്പിരിചൽ ഡയറക്ടർ അനീഷ് മാവേലി പുത്തൻപുരയിൽ, യൂണിറ്റ് ഡയറക്ടർ ജോജോ ആനാലിൽ, മറ്റ് കോഡിനേറ്റേഴ്സ്, മത അധ്യാപകർ, ട്രസ്റ്റിമാർ എന്നിവർ ആവശ്യമായ എല്ലാ ക്രമീകരണങ്ങളും ഒരുക്കി.

പലരും പലതും 13

# ഓടരുതെമ്മെല്ലേ, പിന്നാലെ പോലീസുണ്ട്





ഡോ. സെബാസ്റ്റ്യൻ പോൾ

അനുധാവനം ചെയ്യുന്ന നിയമപാലകർക്ക് പിടികൊടുക്കാതെയുള്ള പലായനം കാല്പനികമായ അനുഭവമാണ്. സിനിമയിൽ ഉദ്വേഗം നിറഞ്ഞ ദൃശ്യാനുഭവം കാണികൾക്കുണ്ടാകുമെങ്കിലും അനുഭവസ്ഥൻ സാഹസികനല്ലെങ്കിൽ അവസ്ഥ ആസ്വദനീയമാവില്ല. ഭൂമിയിൽ അലഞ്ഞുതിരിയുക എന്ന ശിക്ഷയിൽനിന്ന് വിടുതൽ വേണമെന്നാണ് ഭ്രാതൃഘാതകനായ കായേൻ ദൈവത്തോട് അപേക്ഷിച്ചത്. ഒളിവിലെ ഓർമകൾ രേഖപ്പെടുത്തുന്ന രീതി രാഷ്ട്രീയപ്രവർത്തകർക്കുണ്ട്. രാഹുൽ മാങ്കൂട്ടത്തിലിൽനിന്ന് അങ്ങനെയൊരു സർഗസംഭാവന പ്രതീക്ഷിക്കുന്നില്ല. യുവതികളുടെ വെളിപ്പെടുത്തലുകളുടെ സമാഹാരമുണ്ടായാൽ കാസനോവയെ വായിച്ചിട്ടില്ലാത്തവർക്ക് നവമായ വായനാനുഭവത്തിന് കാരണമാകും.

ഭയജനകമായ ഗതിവേഗത്തിൽ വളർന്നൊടുങ്ങിയ ധൂമകേതുവാണ് മാങ്കൂട്ടത്തിൽ. ദൈവം ഉണ്ടെങ്കിലും ഇല്ലെങ്കിലും ദൈവാനുഗ്രഹം എന്ന ഒന്നുണ്ട്. സഫ്ദർജങ്ങിലെ വിമാനാപകടത്തിൽ കൊല്ലപ്പെട്ടില്ലായിരുന്നുവെങ്കിൽ ഹിറ്റ്ലറുടെ ശോഭ കെടുത്തുന്ന ക്രൂരനായ ഏകാധിപതിയായി സഞ്ജയ് ഗാന്ധി ഇന്ത്യ ഭരിക്കുമായിരുന്നു. ഹു കെയേഴ്സ് എന്ന നിസ്സംഗതയിൽ കേരളത്തിലെ രാഷ്ട്രീയപ്രവർത്തകരും മാധ്യമങ്ങളും കഴിഞ്ഞിരുന്നെങ്കിൽ ക്രൂരനായ ഒരു മുഖ്യമന്ത്രിയെ ഭാവിയിൽ കേരളത്തിനു കിട്ടുമായിരുന്നു. തങ്കമണിയിലേക്ക് കരുണാകരൻ കാമാർത്തിയോടെ പോലീസിനെ കെട്ടഴിച്ച് വിട്ടെങ്കിൽ മാങ്കൂട്ടത്തിൽ ആ ഓപ്പറേഷന് നേരിട്ട് നേതൃത്വം നൽകുമായിരുന്നു.

വീക്ഷണത്തിന്റെയും മനോഭാവത്തിന്റെയും പ്രശ്നം വരുമ്പോൾ ചില വിഷയങ്ങളിൽ വ്യത്യസ്തനാകേണ്ടിവരും. ജീവശാസ്ത്രപരമായ ചോദനകൾക്കനുസൃതവും നിയമവ്യവസ്ഥയാൽ സാധൂകരിക്കപ്പെടുന്നതുമായ നിലപാടാണ് സ്ത്രീപുരുഷബന്ധങ്ങളെക്കുറിച്ച് എനിക്കുള്ളത്. അമേരിക്കയിൽനിന്നെത്തിയപ്പോൾ നായനാർ ഇക്കാര്യം സമൃക്കായി പറഞ്ഞു. ചായകുടിയുമായി കാര്യത്തെ ബന്ധപ്പെടുത്തിയത് ഫ്രീക്വൻസിയെക്കുറിച്ച് ബോധമുണ്ടാക്കുന്നതിനാണ്. നായനാർ നേരിട്ട് മനസ്സിലാക്കിയതും ഞാൻ മനസ്സിലാക്കിയിട്ടില്ലാത്തതുമായ കാര്യമാണത്. നായനാർ ബലാൽസംഗമായി കണ്ടതെല്ലാം ബലാൽസംഗമായിരുന്നില്ലെന്ന് നോവലിൽനിന്നും സിനിമയിൽനിന്നും കിട്ടിയ അറിവ് വച്ച് എനിക്ക് പറയാൻ കഴിയും.

ഹാരൾഡ് റോബിൻസ് തുടങ്ങിയ ജനപ്രിയ എഴുത്തുകാരെ ഒഴിവാക്കി ഡി. എച്ച്. ലോറൻസിലേക്ക് പോയാൽ ചാറ്റർലി പ്രഭ്വിയുടെ കാമുകന്റെ ക്രീഡകൾ നമ്മെ അമ്പരപ്പിക്കും. ജവാഹർലാൽ നെഹ്റുവിന്റെ കാലത്ത് ഇന്ത്യയിൽ നിരോധിച്ചതും ഇപ്പോൾ ലഭ്യമായതുമായ നോവൽ മാങ്കൂട്ടത്തിൽ വായിച്ചിട്ടുണ്ടോ എന്നറിയില്ല. കൂടുതൽ പറഞ്ഞാൽ ഞാൻ മാങ്കൂട്ടത്തിലിനുവേണ്ടി വക്കാലത്തെടുത്തതായി ആക്ഷേപമുണ്ടാകും.

ദിലീപ് ജയിലിലായപ്പോൾ ചില കാര്യങ്ങൾ വ്യത്യസ്തമായി പറഞ്ഞതിന്റെ പേരിൽ വല്ലാതെ വിമർശിക്കപ്പെട്ടയാളാണ് ഞാൻ. ഞാൻ പറഞ്ഞതിലെ യുക്തി ദിലീപിനെ കോടതി കുറ്റവിമുക്തനാക്കിയപ്പോൾ ചിലർക്കെങ്കിലും ബോദ്ധ്യമായിട്ടുണ്ടാകും. പറഞ്ഞു പറ്റിച്ചു എന്നതാണ് മാങ്കൂട്ടത്തിലിന് എതിരായ ആക്ഷേപമെങ്കിൽ പറ്റിക്കപ്പെടാതെ നോക്കുന്നതിനുള്ള ഉത്തരവാദിത്വം സ്ത്രീകൾക്കുണ്ട്. നഷ്ടപ്പെടാനുള്ളത് അവർക്കാണ്; കഷ്ടപ്പെടേണ്ടിവരുന്നതും അവരാണ്. പറ്റിക്കപ്പെട്ട മുനികുമാരിയുടെ കഥയാണ് കാളിദാസന്റെ ശാകുന്തളം. ആ പറ്റിക്കലിന്റെ നിതാന്തസ്മരണയാണ് കേൾവിയിൽത്തന്നെ അന്തരംഗത്തെ അഭിമാനപൂരിതമാക്കുന്ന ഭാരതം എന്ന പേര്.

വേഴ്ച ഇച്ഛാനുസരണമാണോ എന്ന കാര്യം കോടതിയുടെ പരിശോധനയ്ക്ക് വിടാം. വസ്തുതകളെ അടിസ്ഥാനമാക്കി നിശ്ചയിക്കേണ്ട കാര്യമാണത്. വിഷയം ഭ്രൂണഹത്യയിലേക്കു വരുമ്പോൾ ഞാൻ മാങ്കൂട്ടത്തിലിനെ പൂർണമായും കൈയൊഴിയുന്നു. ജീവന്റെ മൂല്യമറിയാത്ത കിരാതനായി ഒരു ജനപ്രതിനിധി മാറിയത് ഭയത്തോടെയേ കാണാൻ കഴിയൂ. ധർമബോധം അപര്യാപ്തമാണെങ്കിലും നിയമത്തോട് അയാൾ വിധേയനായിരിക്കണം. ഭരണഘടനയോട് നിർവ്യാജമായ വിശ്വസ്തതയും കൂറും പുലർത്തുമെന്നത് സാമാജികന്റെ പ്രതിജ്ഞയാണ്. ജീവിക്കുന്നതിനുള്ള അവകാശം ഭരണഘടനയുടെ ഉറപ്പാണ്. ഗർഭഛിദ്രത്തെ സംബന്ധിക്കുന്ന 1973ലെ റോവേഴ്സസ് വേഡ് ഇന്നും അമേരിക്കയിലെ പൊതുമണ്ഡലത്തിൽ സജീവമായ ചർച്ചാവിഷയമാണ്. ഗർഭത്തിന് ഉത്തരവാദിയാരെന്ന് ഇനി കണ്ടെത്താൻ പ്രയാസമാണെങ്കിലും ഗർഭഛിദ്രത്തിന് ഉത്തരവാദിയാരെന്ന കാര്യത്തിൽ വ്യക്തതയുണ്ട്. ഒരു തുമ്പ് കൂട്ടിമുട്ടിയാൽ എല്ലാതുമ്പുകളും സ്വയം കൂട്ടിമുട്ടുന്ന പ്രകൃതം നിയമത്തിനുണ്ട്. അതുകൊണ്ട് രാഹുൽ മാങ്കൂട്ടത്തിൽ ഇനിയും കുറേ ഓടേണ്ടിവരും.

ഓടുന്ന മാങ്കൂട്ടത്തിലിനൊപ്പം ഞാനുണ്ട്. നിയമവുമായി സംഘർഷത്തിലാകുന്നവരുടെ അവകാശമാണ് ഓട്ടം. കള്ളനും പോലീസും കളിയുടെ രീതി തന്നെ ഓടിയൊളിക്കുന്ന കള്ളനെ പിന്തുടർന്നെത്തുന്ന പോലീസ് പിടിക്കുകയെന്നതാണ്. അങ്ങനെ പിടിക്കുന്നതിൽ കേരള പോലീസ് സമർത്ഥരാണ്. ബംഗ്ളാദേശ് അതിർത്തിയിലെ ഗ്രാമത്തിൽ ഒളിജീവിതത്തിലായിരുന്ന തടിയന്റവിട നസീറിനെ കേരളത്തിലിരുന്ന് വലയിലാക്കിയ പോലീസാണ് നമ്മുടേത്. പിന്നെയാണോ രാഹുൽ മാങ്കൂട്ടത്തിൽ? ഓട്ടത്തിന്റെ ഗതിയും വേഗതയും നിശ്ചയിക്കുന്നതിനുള്ള പ്രാപ്തി പോലീസിനുണ്ട്. തൊട്ടുതൊട്ടില്ല എന്ന അകലത്തിൽ പോലീസെത്തി എന്നൊക്കെ വാർത്ത പ്രചരിപ്പിച്ച ചാനലുകൾ പ്രേക്ഷക റേറ്റിങ്ങിന്റെ ഉയർച്ചയ്ക്കൊപ്പം പോലീസിന്റെ റേറ്റിങ് താഴ്ത്തുകയായിരുന്നു.

പോലീസിന്റെ അനുധാവന വാർത്തകൾ തത്സമയം സംപ്രേഷണം ചെയ്തുകൊണ്ടിരുന്ന ചാനലുകൾ വാസ്തവത്തിൽ പോലീസിന്റെ പ്രവർത്തനത്തിനു തടസമാകുകയായിരുന്നു. മുംബൈയിലെ ഭീകരാക്രമണവേളയിൽ ദ്രുതകർമസേനയുടെ നീക്കങ്ങൾ നിമിഷംപ്രതി ടെലികാസ്റ്റ് ചെയ്ത ചാനലുകൾ ഹോട്ടലിൽ ഒളിച്ചിരിക്കുന്ന ഭീകരരെ സഹായിക്കുകയായിരുന്നുവെന്ന ആക്ഷേപമുണ്ടായി. അകത്ത് പതിയിരിക്കുന്ന ഭീകരരും ടിവി കാണുന്നുണ്ടായിരുന്നു. ഓട്ടത്തിലാണെങ്കിലും രാഹുൽ മാങ്കൂട്ടത്തിലും ടിവി കാണുന്നുണ്ടായിരിക്കുമല്ലോ. മാങ്കൂട്ടത്തിൽ പോലീസിനെ യാണോ പോലീസ് മാധ്യമപ്രവർത്തകരെയാണോ മാധ്യമപ്രവർത്തകർ പ്രേക്ഷകരെയാണോ വഴിതെറ്റിക്കാൻ ശ്രമിക്കുന്നതെന്ന ചോദ്യമുണ്ട്.

കള്ളനും പോലീസും കളിയിൽ ഒളിച്ചുകളിയും ഒത്തുകളിയുമുണ്ട്. നിഷ്കാസിതന്റെ അവകാശമാണ് അജ്ഞാതവാസം. ആരും കണ്ടാൽ തിരിച്ചറിയുന്ന എം.എൽ.എയെ ഇത്രദിവസം ഓടിയിട്ടും പിടിക്കാൻ കഴിയാതിരുന്നതിന് വിശദീകരണം നൽകേണ്ടത് ആഭ്യന്തരമന്ത്രിയാണ്. മുൻകൂർ ജാമ്യത്തിൽ അവസാനത്തെ കോടതിയും ഉത്തരവ് പറയുന്നതുവരെ കാത്തിരുന്നതാണെങ്കിൽ അക്കാര്യം പറയാമായിരുന്നു. ദുർവ്യയവും പേരുദോഷവും ഒഴിവാക്കാമായിരുന്നു. മാങ്കൂട്ടത്തിലിനോട് കാണിച്ച ഔദാര്യം പോലീസ് മറ്റുള്ളവരോട് കാണിക്കാറില്ല. മുൻകൂർ ജാമ്യഹർജി വാദത്തിനെടുക്കും മുമ്പേ പ്രതിയെ അറസ്റ്റ് ചെയ്തു എന്ന കാര്യം കോടതിയെ അറിയിക്കുകയും അതോടെ ഹർജി തള്ളുകയും ചെയ്യുന്നതാണ് പതിവ്. ഒളിത്താവളങ്ങളും ഒത്താശ്ശക്കാരും ഇല്ലാത്ത സാധാരണക്കാരുടെ അവസ്ഥയാണിത്. മാങ്കൂട്ടത്തിൽ കീഴടങ്ങാൻ വരുന്നു എന്ന കരക്കമ്പി വിശ്വാസത്തിലെടുത്ത് ഹോസ്ദുർഗ് കോടതിയിലെ മജിസ്ട്രേറ്റിനെവരെ കളിപ്പിച്ച നാടകം എന്തിനായിരുന്നു?

രാഹുൽ മാങ്കൂട്ടത്തിലിന് കാശിക്ക് പോകണമെന്നു തോന്നിയാൽ പോലീസിനെ അറിയിക്കണമെന്നുണ്ടോ? വാറണ്ടുമായി പോലീസ് വരുമ്പോൾ വീട് പൂട്ടിക്കിടന്നാൽ അതിന്റെ അർത്ഥം പ്രതി ഒളിവിൽ പോയെന്നാണോ? യാത്രയ്ക്കു മുമ്പേ പോലീസ് സ്റ്റേഷനുകളിൽ കയറി വാറണ്ടുണ്ടോ എന്ന് അന്വേഷിക്കുന്നതിനുള്ള നിയമപരമായ ബാധ്യത പൗരനില്ല. പോലീസ് വിളിക്കുമ്പോഴൊക്കെ ഫോൺ അറ്റൻഡ് ചെയ്യുന്നതിനുള്ള ഉത്തരവാദിത്തവും പൗരനില്ല. അജ്ഞാതനായി കഴിയണമെന്നു തോന്നുമ്പോൾ അങ്ങനെ കഴിയുന്നതിനുള്ള അവകാശം സ്വകാര്യത എന്ന മൗലികാവകാശത്തിന്റെ ഭാഗമാണ്. തോറോയുടെ വാൽഡൻപോലെ ലളിതവും ഏകാന്തവുമായ ജീവിതം ചിലരെങ്കിലും ചിലപ്പോഴെങ്കിലും ആഗ്രഹിക്കാതിരിക്കില്ല. അങ്ങനെയൊരു ആഗ്രഹവുമായി മുങ്ങുന്ന നേരത്ത് പോലീസ് അന്വേഷിക്കുകയും കാണാത്തതിന്റെ അടിസ്ഥാനത്തിൽ പിടികിട്ടാപ്പുള്ളിയായി പ്രഖ്യാപിക്കുകയും ചെയ്യുമോ? അതിനും ചില നടപടിക്രമങ്ങളുണ്ട്. തടസ്സങ്ങൾ നീങ്ങി അന്തരീക്ഷം തെളിയുമ്പോൾ മാത്രമാണ് അറസ്റ്റ് എങ്കിൽ രാഹുൽ മാങ്കൂട്ടത്തിൽ ഇനി ഒളിവിൽ കഴിയേണ്ട കാര്യമില്ല. പക്ഷേ അയാൾക്ക് പൊതുജനസമക്ഷം ഇറങ്ങാൻ കഴിയില്ലെന്നതാണ് അയാൾക്ക് കിട്ടാവുന്ന ഏറ്റവും വലിയ ശിക്ഷ. അധികാരത്തന്റെ കനി പാകമായി വരുമ്പോൾ കാക്ക കൊത്തിക്കൊണ്ടുപോകുന്നത് നിസ്സഹായനായി നോക്കി നിൽക്കേണ്ടിവരുന്നതിനേക്കാൾ വലിയ നിർഭാഗ്യം എന്തുണ്ട്? കോടതിയിൽ കീഴടങ്ങാൻ അവസരം നൽകാതെ മാങ്കൂട്ടത്തിലിനെ അറസ്റ്റ് ചെയ്യണമെന്ന പോലീസിന്റെ വാശി കേവലം പ്രസ്റ്റീജിന്റെ പ്രശ്നം മാത്രമായിരുന്നുവോ? പിടിക്കപ്പെടുന്നതിനും അറസ്റ്റ് രേഖപ്പെടുത്തുന്നതിനും ഇടയിലുള്ള അന്തരാളഘട്ടത്തിൽ പോലീസിന് ചില ആചാരങ്ങളുണ്ട്. അത് എംഎൽ.എയ്ക്ക് ബാധകമാവില്ലെങ്കിലും പോലീസിന് മുറ തെറ്റിക്കാനാവില്ലല്ലോ.






## ഷിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ
# 40മണിക്കൂർ ആരാധന ഭക്തിനിർഭരമായി

ഷിക്കാഗോ: ഷിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ നടത്തപ്പെട്ട 40മണിക്കൂർ ആരാധന ഭക്തിനിർഭരമായി സമാപിച്ചു. നവംബർ 28 വെള്ളിയാഴ്ച്ച വൈകിട്ട് ആറു മണിക്ക് ദിവ്യബലയോട് കൂടി ആരംഭിച്ച് നവംബർ 30 ഞായറാഴ്ച ഉച്ചയോടുകൂടിയാണ് 40 മണിക്കൂർ ആരാധനയുടെ തിരുക്കർമ്മങ്ങൾ സമാപിച്ചത്.

കോട്ടയം അതിരൂപതയിലെ വല്ലംബ്രോസൻ സന്ന്യാസ സമൂഹത്തിലെ ഫാ. ജോബി പന്നൂറയിൽ, ഫാ. സാബു വെള്ളരിമറ്റം, ഫാ. ജോസഫ് പുതുപ്പറമ്പിൽ എന്നിവർ മൂന്നുദിവസങ്ങളിലെ വിവിധ തിരുക്കർമ്മങ്ങൾക്ക് മുഖ്യ കാർമികത്വം വഹിച്ചു. വിവിധ കൂടാരയോഗങ്ങളും മിനിസ്ട്രികളും രാത്രിയും പകലും നീണ്ടുനിന്ന തുടർച്ചയായ ആരാധനയിൽ പങ്കാളികളായി. യുവതീയുവാക്കൾക്കായി പ്രത്യേകം സംഘടിപ്പിച്ച ആരാധനക്ക് ഫാ. മെൽവിൻ മംഗലത്ത് നേതൃത്വം നൽകി.

ഞായറാഴ്ച്ച ഉച്ചക്ക് നടത്തപ്പെട്ട ദിവ്യകാരുണ്യ പ്രദിക്ഷണത്തോടെയാണ് 40മണിക്കൂർ ആരാധന സമാപിച്ചത്. വികാരി. ഫാ. സിജു മുടക്കോടിയിലിനൊപ്പം, അസി. വികാരി.ഫാ. അനീഷ് മാവേലിപുത്തൻപുര, സെക്രട്ടറി സിസ്റ്റർ ശാലോം, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കാച്ചൻ പൂഴിക്കുന്നേൽ, ജോർജ്ജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ട്, പാരിഷ് കൗൺസിൽ സെക്രട്ടറി സണ്ണി മേലേടം ട്രഷറർ ജെയിംസ് മന്നാകുളത്തിൽ എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

*അനിൽ മറ്റത്തിക്കുന്നേൽ*



# ഹോളി ചൈൽഡ്ഹുഡ് മിനിസ്ട്രിയുടെ ക്രിസ്തുമസ് ആഘോഷം നടത്തപ്പെട്ടു

ഷിക്കാഗോ: സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ദേവാലയത്തിലെ ഹോളി ചൈൽഡ്ഹുഡ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ക്രിസ്തുമസ് ആഘോഷം വിപുലമായ പരിപാടികളോടെ നടത്തപ്പെട്ടു. 120 ഓളം കുട്ടികൾ പങ്കെടുത്ത പരിപാടികൾ സാന്തയുടെ വരവോടെ സജീവമായി. വികാരി ഫാ. സിജു മുടക്കോടിയുടെയും അസിസ്റ്റന്റ് വികാരി ഫാ. അനീഷ് മാവേലിപുത്തൻപുരയുടെയും പ്രാർത്ഥനയോടെ ആരംഭിച്ച ക്രിസ്തുമസ് പ്രോഗ്രാമിൽ ഉടനീളം കുട്ടികൾ സജീവമായി പങ്കുചേർന്നു. ഡാൻസും പാട്ടും കഥപറച്ചിലും ഫോട്ടോഷൂട്ടും പ്രോഗ്രാമിനെ വർണ്ണഭംഗി ഉള്ളതാക്കി മാറ്റി. Elf ഉം Crayo show യും പ്രോഗ്രാം മികവുറ്റതാക്കി മാറ്റി. കുട്ടികൾക്ക് സ്നേഹവിരുന്നും ഒരുക്കിയിരുന്നു. പ്രോഗ്രാം കോർഡിനേറ്റർമാരായ മിന്റു മണ്ണുകുന്നേൽ, മീന പുന്നശ്ശേരിൽ, DRE സജി പൂതൃക്കയിൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. യൂത്ത് വോളന്റീഴ്സ്, കൈക്കാരന്മാർ, അധ്യാപകർ, സിസ്റ്റേഴ്സ് എന്നിവർ ക്രമീകരണങ്ങൾ ചെയ്തു.

# ഹരി ശിവരാമൻ മന്ത്രയുടെ ട്രസ്റ്റി ബോർഡ് ചെയർമാൻ




നവംബർ 22ന് ന്യൂയോർക്കിൽ ഹാൻഡ് ഓവർ മീറ്റിങ്ങിൽ മന്ത്രയുടെ പ്രഥമ പ്രസിഡന്റ് കൂടിയായാ ഹൂസ്റ്റണിൽ നിന്നുള്ള ഹരി ശിവരാമനെ ട്രസ്റ്റി ബോർഡ് ചെയർമാനായി തിരഞ്ഞെടുത്തു.

പതിറ്റാണ്ടുകളുടെ സംഘടനാ പ്രവർത്തന പാരമ്പര്യം കൈ മുതലായുള്ള ഹരി ശിവരാമൻ, കേരളത്തിൽ ബാല ഗോകുലത്തിൽ തുടങ്ങിയ സംഘടനാ പാടവം രാഷ്ട്രീയ സ്വയംസേവ സംഘം, അഖിലഭാരതി വിദ്യാർത്ഥി പരിഷത്ത്, എന്നിങ്ങനെയുള്ള സംഘടന പ്രവർത്തനത്തിലൂടെ അമേരിക്കയിലെ ദേശീയ ഹൈന്ദവ സംഘടനയുടെ തലപ്പത്തു വരെ എത്തി നിൽക്കുന്നു.

20 വർഷമായി ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്രം എന്ന ചരിത്ര നിയോഗം സാധ്യമാക്കിയ ഹ്യൂസ്റ്റണിലെ കെ.എച്ച്.എസിൽ വിവിധ കമ്മിറ്റികളിൽ പ്രവർത്തിച്ചു വരുന്നു. 2023 ൽ ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്രം പ്രസിഡന്റായിരുന്നു. 20 വർഷം അമേരിക്കയിലെ ദേശിയ ഹൈന്ദവ സംഘടനാ തലത്തിലും വിവിധ സ്ഥാനങ്ങളിൽ അദ്ദേഹം പ്രവർത്തിച്ചു.


ഹൈന്ദവ പുരാണ ഗ്രന്ഥങ്ങളിൽ വിശിഷ്യാ നാരായണീയം, ഭാഗവതം, രാമായണം എന്നീ പുണ്യ ഗ്രന്ഥങ്ങളിലുള്ള പാണ്ഡിത്യം യുവതലമുറയ്ക്ക് ഒരു മാതൃകയാണ്. വർഷങ്ങളായി ഹൂസ്റ്റണിൽ നാരായണീയ സത്സംഗ എന്നുള്ള കൂട്ടായ്മ വഴി നാരായണത്തിന്റെയും ഭാഗവതത്തിന്റെയും ആശയം പ്രചരണം നടത്തിവരുന്നു. ശ്രീ ഗുരുവായൂരപ്പൻ അമ്പലത്തിലെ മലയാളം ആൻഡ് റിലീജിയസ് സ്കൂളിന്റെ പ്രിൻസിപ്പൽ കൂടിയാണ് ഹരി ശിവരാമൻ.

ശ്രീ ഗുരുവായൂരപ്പന്റെ അനുഗ്രഹ ആശീർവാദങ്ങളോടെ ഹൈന്ദവ സമൂഹത്തെ യഥാർത്ഥ സനാതന ധർമ്മ വഴികളിലേക്കും ആത്മീയ മൂല്യങ്ങളിലേക്കും നയിക്കാൻ പരിശ്രമിക്കുമെന്നു അദ്ദേഹം അറിയിച്ചു

ധാർമിക മൂല്യങ്ങളുടെ അടിത്തറയിൽ സംഘടനയുടെ ഭാവിയെ സുസ്ഥിരമാക്കുന്നതിനായി മന്ത്രയുടെ ആത്മീയ മുഖമായി പ്രവർത്തിക്കാൻ ഹരി ശിവരാമന് കഴിയും എന്ന ആത്മവിശ്വാസം പ്രസിഡന്റ് കൃഷ്ണരാജ് മോഹനൻ പങ്കുവെച്ചു.

*രഞ്ജിത് ചന്ദ്രശേഖർ*

# വ്യവസായി ജോൺ ടൈറ്റസിന്റെ 'ഏവിയേഷൻ ആൽക്കമിസ്റ്റ്' ഫോമാ പ്രകാശനം ചെയ്തു



ലാസ് വെഗാസ്: ഫോമ വെസ്റ്റേൺ റീജിയന്റെ ആഭിമുഖ്യത്തിൽ ലാസ് വെഗാസിൽ നടന്ന പ്രത്യേക ചടങ്ങിലാണ് പുസ്തക പ്രകാശനം നടത്തിയത്. 'ഏവിയേഷൻ ആൽക്കമിസ്റ്റ്' എന്ന പുസ്തകത്തിന്റെ കോപ്പി അദ്ദേഹം തന്നെ ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ, മുൻ ഫോമാ സെക്രട്ടറി ജോൺ സി. വർഗീസ്, മുൻ ട്രഷറർ ജോസഫ് ഔസോ, ആർ.വി.പി. ജോൺസൺ ജോസഫ് എന്നിവർക്കു നൽകി കൊണ്ടാണ് പ്രകാശനകർമ്മം നിർവഹിച്ചത്. ആത്മകഥയുടെ ആമുഖം അവതരപ്പിച്ചുകൊണ്ടാണ് 'ഏവിയേഷൻ ആൽക്കമിസ്റ്റ്' അദ്ദേഹം സദസ്സിന് പരിചയപ്പെടുത്തിയത്.

1971 ൽ പത്തനംതിട്ടയിൽ നിന്നും ഏറോനോട്ടിക്കൽ എഞ്ചിനീയറിംഗ് ഉപരിപഠനത്തിനായി അമേരിക്കയിലെത്തുന്ന ഇരുപത് വയസുകാരനായ ഒരു സാധാരണ മലയാളി യുവാവിന്റെ, അതിജീവനത്തിന്റെ കടമ്പകളും അതിന് ശേഷം ബിസിനസ്സിൽ വെട്ടിപ്പിടിച്ച വിജയഗാഥയും കേട്ടിരുന്ന സദസ്സിലെ പുതിയ തലമുറയ്ക്ക് അത്ഭുതവും അതിശയവുമാണ് സമ്മാനിച്ചത്.

1984 മുതൽ വാഷിംഗ്ടണിലെ സിയാറ്റിൽ പ്രവർത്തിക്കുന്ന ഏറോ കോൺട്രോൾസ് എന്ന കമ്പനി ഇന്ന് അമേരിക്കയിലെ വ്യോമയാന ബിസിനസ്സിൽ മുൻനിരയിലാണ്. ആഗോള വ്യോമയാന ഭീമനായ ബോയിങ് വിമാന കമ്പനിയുമായി ചേർന്ന് പ്രവർത്തിക്കുന്ന ഇദ്ദേഹത്തിന്റെ കമ്പനിക്ക് അമേരിക്കയിലുടനീളം ബന്ധങ്ങളുണ്ട്.

ഫോമ വെസ്റ്റേൺ റീജിയൻ ആർ.വി.പി ജോൺസൺ ജോസഫിന്റെ നേതൃത്വത്തിൽ നടന്ന ഈ ചടങ്ങിൽ ബിസിനസ്സ് ചെയർ ബിജു സ്കറിയ സ്വാഗതമേകുകയും നാഷണൽ കമ്മിറ്റി അംഗങ്ങളായ സുജ ഔസോ, സാജൻ മൂലപ്പാക്കൽ, ഡോ. മഞ്ജു പിള്ള, ആഗ്നസ് ബിജു, റീജിയണൽ ചെയർമാൻ റിനി പൗലോഡ്, സെക്രട്ടറി സജിത് തൈവളപ്പിൽ, ട്രഷറർ മാത്യു ചാക്കോ, വൈസ് ചെയർമാൻ ജോസഫ് ഔസോ, ജോയിന്റ് സെക്രട്ടറി സെൽബി കുര്യാക്കോസ്, പി.ആർ.ഒ. പന്തളം ബിജു തോമസ്, ജാസ്മിൻ പരോൾ, ഡോ. രശ്മി സജി, രാജൻ ജോർജ്, ജാക്സൺ പൂയപ്പാടം, പോൾ ജോൺ, ഷാൻ പരോൾ, സർഗം പ്രസിഡന്റ് വിൽസൺ നെച്ചിക്കാട്ട്, കൊളറാഡോ മലയാളി അസോസിയേഷൻ പ്രസിഡന്റ് വിമൽ ആൻഡ്രൂസ്, മങ്ക പ്രസിഡന്റ് പത്മപ്രിയ പാലോട്ട്, കേരള അസോസിയേഷൻ ഓഫ് ലാസ് വേഗസ് പ്രസിഡന്റ് ഡോ. തോംസൺ ചെമ്പ്ലാവിൽ, സെക്രട്ടറി ഡേവിഡ് പറപ്പിള്ളി എന്നിവർ പരിപാടിയുടെ വിജയത്തിനായി പ്രവർത്തിക്കുകയും ചെയ്തു.

ഫോമ നാഷണൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, നാഷണൽ നേതാക്കളായ തോമസ് കർത്തനാൽ, മോളമ്മ വർഗീസ്, ബിജു തോണിക്കടവിൽ, മാത്യു വർഗീസ്, അനു സ്കറിയ, ബിനോയ് തോമസ്, രേഷ്മ രഞ്ജൻ, ജിഷോ തോമസ്, രാജു പള്ളത്ത്, മോൻസി വർഗീസ്, എന്നിവരുടെ സാന്നിധ്യം ഏറെ ശ്രദ്ധയാകർഷിച്ചു.

*പന്തളം ബിജു*



# സെലെൻസ്കിക്ക് നൽകുന്ന സമ്മർദ്ദവും മുന്നറിയിപ്പും



ഉക്രെയ്ൻ-റഷ്യ സംഘർഷത്തിന്റെ ഇപ്പോഴത്തെ ഗതിയെക്കുറിച്ചും അതിന്റെ ഭാവി സാധ്യതകളെക്കുറിച്ചും അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് നടത്തിയ ഏറ്റവും പുതിയ പ്രസ്താവനകൾ ലോകമെമ്പാടുമുള്ള നയതന്ത്ര കേന്ദ്രങ്ങളിൽ വലിയ ചർച്ചകൾക്ക് വേദിയായിരിക്കുകയാണ്. റഷ്യ നിലവിൽ ശക്തമായ നിലയിലാണെന്ന് തുറന്നുപറഞ്ഞ ട്രംപ്, രാജ്യത്തിന്റെ ഭൂമിശാസ്ത്രപരമായ വലിപ്പവും സൈനിക സ്വാധീനവും പ്രധാന ഘടകങ്ങളായി ചൂണ്ടിക്കാട്ടി. 'ഇത് റഷ്യയാണ്. ഇത് വളരെ വലിയ രാജ്യമാണ്...' എന്ന് ട്രംപ് അഭിപ്രായപ്പെടുകയും ചെയ്തിരുന്നു. തന്റെ ഭരണത്തിന് കീഴിൽ മൂന്നാം ലോകമഹായുദ്ധം ഒഴിവാക്കാൻ കഴിഞ്ഞുവെന്ന് അവകാശപ്പെട്ട അദ്ദേഹം, യൂറോപ്പ് നിലവിലെ പ്രതിസന്ധി കൈകാര്യം ചെയ്യുന്നതിൽ പരാജയപ്പെടുകയാണെന്നും വിമർശിച്ചിരുന്നു. സെലൻസ്കിക്കുള്ള തുറന്ന നിർദ്ദേശം ഇതായിരുന്നു 'യാഥാർത്ഥ്യങ്ങൾ അംഗീകരിക്കുക'

സംഘർഷം നീണ്ടുപോകുന്ന സാഹചര്യത്തിൽ ഉക്രെയ്നിയൻ പ്രസിഡന്റ് വ്ളോഡിമിർ സെലെൻസ്കി തന്റെ നിലവിലെ കടുത്ത സമീപനത്തിൽ മാറ്റം വരുത്തേണ്ടതുണ്ടെന്ന് ട്രംപ് നിർദ്ദേശിച്ചു. അദ്ദേഹം കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് കാര്യങ്ങൾ അംഗീകരിക്കാൻ തുടങ്ങണമെന്ന് ട്രംപ് വ്യക്തമാക്കി. ഉക്രെയ്ൻ ഇപ്പോൾ അനുഭവിക്കുന്ന പ്രാദേശിക തിരിച്ചടികൾക്ക് പുറമേ, നിലവിലെ യുദ്ധത്തിന് മുമ്പുതന്നെ ഉക്രെയ്നിന് നിർണായകമായ പ്രദേശങ്ങൾ നഷ്ടമായിട്ടുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

താൻ ഇവിടെ എത്തുന്നതിന് വളരെ മുമ്പുതന്നെ അവർക്ക് പ്രദേശം നഷ്ടപ്പെട്ടു. ഇത് ഒരു വിജയമാണെന്ന് നിങ്ങൾ പറയില്ല,'' എന്ന് പറഞ്ഞതിലൂടെ, സംഘർഷത്തിന്റെ നിലവിലെ ഭൗമരാഷ്ട്രീയ ഭൂപടം അംഗീകരിക്കേണ്ടതിന്റെ അനിവാര്യത ട്രംപ് പരോക്ഷമായി സൂചിപ്പിച്ചു.

### അമേരിക്കയുടെ അവസാന തീയതി

അമേരിക്ക മുന്നോട്ട് വെച്ച നിർദ്ദിഷ്ട സമാധാന പദ്ധതിയോട് പ്രതികരിക്കാൻ അമേരിക്കൻ പ്രതിനിധികൾ സെലെൻസ്കിക്ക് ''ദിവസങ്ങൾ'' മാത്രമേ നൽകിയിട്ടുള്ളൂവെന്ന് 'ഫിനാൻഷ്യൽ ടൈംസ്' റിപ്പോർട്ട് ചെയ്തതിന് പിന്നാലെയാണ് ട്രംപിന്റെ സമ്മർദ്ദ തന്ത്രം പുറത്തുവന്നത്. വൈറ്റ് ഹൗസ് ഒരു വഴിത്തിരിവിലേക്ക് നീങ്ങുന്നുണ്ടെങ്കിലും, ഉക്രെയ്നിന്റെ പ്രദേശം വിട്ടുകൊടുക്കാൻ ആവശ്യപ്പെടുന്ന ഒരു കരാറിനും സെലെൻസ്കി വഴങ്ങില്ലെന്നാണ് ഉക്രെയ്നിലെ ഉന്നത ഉദ്യോഗസ്ഥരെ ഉദ്ധരിച്ചുള്ള റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ക്രിസ്മസോടെ ഒരു കരാർ അന്തിമമാക്കാൻ ട്രംപ് പ്രതീക്ഷിച്ചിരുന്നെങ്കിലും, അത് യാഥാർത്ഥ്യമല്ലെന്നാണ് ഇപ്പോൾ വ്യക്തമാകുന്നത്.

യൂറോപ്യൻ, നാറ്റോ നേതാക്കളുമായി ചർച്ചകൾ നടത്തിയ ശേഷം, ഉക്രെയ്നിയൻ നേതൃത്വത്തിലുള്ള ഒരു പുതുക്കിയ സമാധാന പദ്ധതി അമേരിക്കയ്ക്ക് അയയ്ക്കുമെന്ന് സെലെൻസ്കി എക്സിൽ കുറിച്ചിരുന്നു. ഒരു യഥാർത്ഥ സമാധാനത്തിനായി തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്ന് അദ്ദേഹം ഉറപ്പിച്ചു പറഞ്ഞിരുന്നു. എന്നാൽ പ്രദേശം വിട്ടുകൊടുക്കുന്ന കാര്യത്തിൽ വിട്ടുവീഴ്ചയില്ലെന്ന് അദ്ദേഹം ആവർത്തിച്ചു വ്യക്തമാക്കി.

സംശയമില്ല, റഷ്യ നമ്മുടെ പ്രദേശങ്ങൾ ഉപേക്ഷിക്കണമെന്ന് നിർബന്ധിക്കുന്നു. തങ്ങൾ വ്യക്തമായും ഒന്നും ഉപേക്ഷിക്കാൻ ആഗ്രഹിക്കുന്നില്ല. അതിനാണ് തങ്ങൾ പോരാടുന്നത് എന്ന് പറഞ്ഞ സെലെൻസ്കി, ഭൂമി വിട്ടുകൊടുക്കാൻ ഉക്രെയ്ന് നിയമപരമോ ധാർമ്മികമോ ആയ അവകാശമില്ലെന്നും ഊന്നിപ്പറഞ്ഞു.

### യുദ്ധത്തിന്റെ യാഥാർത്ഥ്യം

ട്രംപ് പൊളിറ്റിക്കോയ്ക്ക് നൽകിയ അഭിമുഖത്തിൽ തന്റെ നിലപാട് കൂടുതൽ വ്യക്തമായി അവതരിപ്പിച്ചിരുന്നു. റഷ്യയുടെ സൈനിക നേട്ടത്തെ ചെറുക്കാൻ ഉക്രെയ്ന് കഴിയില്ലെന്ന് വാദിച്ചുകൊണ്ട് അമേരിക്കൻ നിബന്ധനകൾ അംഗീകരിക്കാൻ അദ്ദേഹം സെലെൻസ്കിയോട് ആവശ്യപ്പെട്ടിരുന്നു.

നിങ്ങൾക്കറിയാമോ, ധാരാളം ആളുകൾ മരിക്കുന്നു എന്നും അദ്ദേഹം പറഞ്ഞു. ചിലപ്പോൾ, വലുപ്പം പൊതുവെ വിജയിക്കും എന്നും വ്യക്തമാക്കുകയുണ്ടായി. ഇത് സൈനിക ശക്തിയുടെയും വിഭവങ്ങളുടെയും കാര്യത്തിൽ റഷ്യക്കുള്ള മേൽക്കോയ്മയെക്കുറിച്ചുള്ള ഒരു പരോക്ഷമായ ഓർമ്മപ്പെടുത്തലായിരുന്നു.

ഉക്രെയ്നിയൻ സേനയുടെ ധീരതയ്ക്കും പോരാട്ടത്തിനും വലിയ അംഗീകാരം നൽകുന്നുണ്ടെന്ന് പറഞ്ഞ ട്രംപ്, എന്നാൽ നിങ്ങൾക്കറിയാമോ, ഒരു ഘട്ടത്തിൽ, വലിപ്പം പൊതുവെ വിജയിക്കും എന്ന് കൂട്ടിച്ചേർക്കുകയായിരുന്നു. സെലെൻസ്കിയുടെ ചില ലെഫ്റ്റനന്റുമാർ സ്വകാര്യ സംഭാഷണങ്ങളിൽ ഈ യുദ്ധ യാഥാർത്ഥ്യങ്ങൾ സമ്മതിക്കുന്നുണ്ടെന്നും അവകാശപ്പെട്ടു.

### റഷ്യൻ നിലപാടിന് സമാനമായ നീക്കം

ഉക്രെയ്നിൽ തിരഞ്ഞെടുപ്പ് നിരോധിച്ചിരിക്കുകയാണെങ്കിലും, രാജ്യത്ത് പ്രസിഡന്റ് തിരഞ്ഞെടുപ്പ് നടത്തണമെന്ന തന്റെ ആഹ്വാനം ട്രംപ് ആവർത്തിച്ചു. 2019ൽ തിരഞ്ഞെടുക്കപ്പെട്ട സെലെൻസ്കിയുടെ കാലാവധി യുദ്ധം കാരണം നീട്ടിക്കൊടുത്തിരിക്കുകയാണ്.

ട്രംപിന്റെ ഈ ആവശ്യം, യുദ്ധകാല സാഹചര്യങ്ങളിൽ ഉക്രെയ്ൻ തിരഞ്ഞെടുപ്പ് നടത്താത്തതിന് ആവർത്തിച്ച് വിമർശനം ഉന്നയിക്കുന്ന റഷ്യൻ പ്രസിഡന്റ് വ്ലാഡിമിർ പുടിന്റെ സ്ഥിരം പ്രസ്താവനകളെ പ്രതിഫലിക്കുന്ന ഒന്നാണ്. അതുകൊണ്ടു തന്നെ സെലെൻസ്കിയുടെ നിയമസാധുതയെ ചോദ്യം ചെയ്യാനുള്ള ഒരു നയതന്ത്രപരമായ നീക്കമായി നിരീക്ഷകർ ഇതിനെ വിലയിരുത്തുന്നു.



# സൗത്ത് ഇന്ത്യയിൽ ട്രംപ് ഗ്രൂപ്പിന്റെ നിക്ഷേപം

സൗത്ത് ഇന്ത്യയിൽ ഒരുലക്ഷം കോടി രൂപയോളം നിക്ഷേപം നടത്താമൊരുങ്ങി ട്രംപ് ഗ്രൂപ്പ്. അടുത്ത പത്ത് വർഷത്തിനിടയിൽ തെലങ്കാനയിലാണ് നിക്ഷേപം നടത്തുക. സാധ്യമായാൽ യു.എസിന് പുറത്ത് ട്രംപ് ഗ്രൂപ്പ് നടത്തുന്ന ഏറ്റവും വലിയ നിക്ഷേപങ്ങളിലൊന്നാകും ഇതെന്നാണ് റിപ്പോർട്ട്.

തെലങ്കാനയിൽ സ്ഥാപിക്കാനിരിക്കുന്ന ഭാരത് ഫ്യൂച്ചർ സിറ്റിയിലും റിയൽ എസ്റ്റേറ്റ് രംഗത്തുമാകും ട്രംപ് ഗ്രൂപ്പിന്റെ നിക്ഷേപം. അടുത്ത പത്ത് വർഷങ്ങൾക്കുള്ളിൽ ഒരു ലക്ഷം കോടി നിക്ഷേപം നടത്തുമെന്ന് ട്രംപ് മീഡിയ ആൻഡ് ടെക്നോളജി ഗ്രൂപ്പ് ഡയറക്ടർ എറിക് സ്വിഡർ പറഞ്ഞു. കഴിഞ്ഞ ദിവസം ആരംഭിച്ച തെലങ്കാന റൈസിംഗ് ഗ്ലോബൽ സമ്മിറ്റിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

സാങ്കേതിക വിദ്യയുടെ കാര്യത്തിൽ ഇന്ത്യ വലിയ കുതിപ്പിലാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. നിക്ഷേപിക്കാൻ താത്പര്യമുള്ള നിരവധി കാര്യങ്ങൾ ഇന്ത്യയിലുണ്ട്. 20 വർഷങ്ങൾക്ക് മുമ്പ് ഇന്ത്യൻ സാങ്കേതിക വിദ്യ കോൾ സെന്ററുകളെ അടിസ്ഥാനമാക്കിയായിരുന്നു.

ഇന്ന് ലോകത്തിലെ ടെക് കമ്പനികളെ നയിക്കുന്നത് ആരാണെന്ന് പരിശോധിച്ചാൽ ഇന്ത്യയുടെ വളർച്ച കാണാൻ കഴിയും. ലോകത്തിലെ സാമ്പത്തിക ശക്തികൾ ഇന്ത്യയിലേക്കാണ് നോക്കിയിരിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

### ഭാരത് ഫ്യൂച്ചർ സിറ്റി

രേവന്ദ് റെഡ്ഡി സർക്കാർ രൂപം നൽകിയ അത്യാധുനിക സൗകര്യങ്ങളുള്ള അർബൻ സെന്ററാണ് ഭാരത് ഫ്യൂച്ചർ. ശ്രീശൈലത്തിനും നാഗാർജുന സാഗർ ഹൈവേയ്ക്കും ഇടയിൽ മീർഖാൻപേട്ടിലാണ് ഇതിനുള്ള സ്ഥലം കണ്ടെത്തിയിരിക്കുന്നത്. 765 സ്ക്വയർ കിലോമീറ്റർ സ്ഥലത്ത് വമ്പൻ പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള ആലോചനയിലാണ് സർക്കാർ. ഒരു വർഷം മുമ്പ് വരെ ആർക്കും വേണ്ടാതിരുന്ന പ്രദേശം പദ്ധതി പ്രഖ്യാപിച്ചതോടെ റിയൽ എസ്റ്റേറ്റ് ഹോട്ട്സ്പോട്ടായി. ഒരു വർഷത്തിനിടെ ഭൂമിവില ഏക്കറിന് ഒരു കോടിയിൽ നിന്ന് ആറുകോടിയിലേക്ക് കുതിച്ചു.

ചലച്ചിത്ര താരം അജയ് ദേവഗണിന്റെ ഫിലിം സിറ്റി ഇവിടെ തുടങ്ങുമെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ റിലയൻസ് ഫൗണ്ടേഷൻ വന്താരയുടെ മാതൃകയിൽ മൃഗസംരക്ഷണ കേന്ദ്രവും പ്രഖ്യാപിച്ചു. അന്താരാഷ്ട്ര ഹോട്ടലുകൾ ഉൾപ്പെടെ 3,000 കോടിയോളം രൂപയുടെ വമ്പൻ പദ്ധതികളാണ് ഇവിടെ വരുന്നത്.

### ഇന്ത്യയിൽ ട്രംപിന്റെ നിക്ഷേപം

ഇതിനോടകം തന്നെ ഇന്ത്യൻ ബിസിനസ് രംഗത്ത് ചുവടുറപ്പിച്ച പേരാണ് ട്രംപ്. രാജ്യത്തിന്റെ വിവിധയിടങ്ങളിലാണ് ട്രംപ് ടവറുകൾ ഉയരുന്നത്. നേരിട്ട് നിക്ഷേപിക്കുന്നതിന് പകരം ട്രംപിന്റെ ബ്രാൻഡ് ഉപയോഗിച്ച് പ്രാദേശിക റിയൽ എസ്റ്റേറ്റ് കമ്പനികളുമായി ചേർന്നാണ് നിർമാണം. മുംബൈ, പൂനെ, ഗുരുഗ്രാം, കൊൽക്കത്ത എന്നീ നഗരങ്ങളിലാണ് ആധുനിക ആഡംബര കെട്ടിടങ്ങൾ ഉയരുന്നത്.

# അടിസ്ഥാന പലിശ നിരക്കിൽ വീണ്ടും കുറവ് വരുത്തി യുഎസ് ഫെഡറൽ റിസർവ്

(ഒന്നാം പേജ് തുടർച്ച)

നിലയിലാണെന്നാണ് ഫെഡിന്റെ വിലയിരുത്തൽ. അടുത്ത വർഷം ഒരു തവണ കൂടി നിരക്ക് കുറയ്ക്കാൻ സാധ്യതയുണ്ടെന്നും ഫെഡ് സൂചന നൽകുന്നു. പണപ്പെരുപ്പം 2 ശതമാനം എന്ന ലക്ഷ്യത്തിന് മുകളിലായി തുടരുന്ന സാഹചര്യത്തിൽ, നിരക്ക് വർധിപ്പിക്കാൻ നിലവിൽ ഉദ്ദേശിക്കുന്നില്ലെന്നാണ് ജെറോം പവൽ വ്യക്തമാക്കിയിരിക്കുന്നത്.

സമ്പദ്‌വ്യവസ്ഥയിൽ കടുത്ത പ്രതിസന്ധി നിലനിൽക്കുന്നതിനിടെയാണ് ആദ്യഘട്ട പലിശനിരക്കുകൾ കുറക്കാനുള്ള തീരുമാനം ഫെഡറൽ റിസർവ് എടുത്തത്. ട്രംപിന്റെ തീരുവ മൂലം യു.എസ് പണപ്പെരുപ്പത്തിൽ വലയുന്ന സാഹചര്യവും ആദ്യസമയം ഉണ്ടായിരുന്നു.

പലിശനിരക്ക് കുറക്കണമെന്ന് ആവശ്യപ്പെട്ട് ഫെഡറൽ റിസർവിനുമേൽ ട്രംപ് കടുത്ത സമ്മർദം ചെലുത്തിയിരുന്നു. അതേസമയം ഫെഡറൽ റിസർവ് വായ്പ പലിശനിരക്ക് കുറച്ചത് ഇന്ത്യൻ ഓഹരി വിപണിയിൽ കാര്യമായ സ്വാധീനം ചെലുത്തില്ലെന്നാണ് സൂചന. എന്നാൽ, മറ്റ് പല വിപണികളിലും ഇത് സ്വാധീനം ചെലുത്തിയേക്കും. യു.എസ് കേന്ദ്രബാങ്ക് പലിശനിരക്ക് കുറച്ചതോടെ ആഗോളവിപണിയിൽ സ്വർണവില വീണ്ടും വർധിക്കുമെന്ന സൂചന ഉണ്ട്.

കൂടാതെ 2026 ൽ അര ശതമാനത്തിന്റെ കുറവ് കൂടി വരുത്തുന്നതോടെ പലിശ നിരക്കുകൾ 2.753 ശതമാനത്തിൽ തിരികെ എത്തുമെന്നാണ് വിലയിരുത്തൽ.

# യു.എസ്. പ്രവേശനത്തിന് ഇനി 5 വർഷത്തെ സോഷ്യൽ മീഡിയ വിവരങ്ങൾ നിർബന്ധം

- യുകെ, ജർമ്മനി, ഫ്രാൻസ് പോലുള്ള യൂറോപ്യൻ രാജ്യങ്ങൾ
- ഓസ്ട്രേലിയ, ഇസ്രായേൽ, ജപ്പാൻ, ന്യൂസിലാൻഡ്, ദക്ഷിണ കൊറിയ പോലുള്ള അമേരിക്കൻ സഖ്യരാജ്യങ്ങൾ

ഇവർക്ക് സാധാരണയായി വിസ ആവശ്യമില്ലെങ്കിലും,

ESTA (Eletcronic System for Travel Authorization) എന്ന ഓൺലൈൻ അപേക്ഷ പൂരിപ്പിക്കണം. ഇപ്പോഴാണ് ഈ ESTA സിസ്റ്റത്തിൽ വലിയ മാറ്റം വരുന്നത്.

ട്രംപ് ഈ വർഷം പാസാക്കിയ ഒരു എക്സിക്യൂട്ടീവ് ഓർഡർ പ്രകാരം 'അമേരിക്കയുടെ സുരക്ഷയ്ക്ക് ഭീഷണി ഉണ്ടാക്കാൻ സാധ്യതയുള്ള വിദേശികളെ രാജ്യത്തേക്ക് പ്രവേശിപ്പിക്കരുത്' എന്ന് വ്യക്തമാക്കിയിരുന്നു. ഇതിനെ കൂടുതൽ ശക്തമാക്കാനാണ് ഉടെ ഇത്തരം പുതിയ പരിശോധനകൾ കൊണ്ടുവരുന്നത് എന്നാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്.

എന്നാൽ അമേരിക്കയിൽ അടുത്ത വർഷം നടക്കുന്ന 2026 ഫിഫ വേൾഡ് കപ്പിനു മുൻപായി ഉണ്ടാവുന്ന ഈ മാറ്റങ്ങൾ വിദേശ യാത്രക്കാരെ ഭയപ്പെടുത്തും എന്നും ടൂറിസത്തിന് തിരിച്ചടിയാകും എന്നും അമേരിക്കയുടെ ഇമേജ് മോശമാക്കും എന്നുമൊക്കെ നിരവധി വിമർശനങ്ങൾ ഉയർന്നിട്ടുണ്ട്.

അതേസമയം ട്രംപ് ഭരണകൂടം കഴിഞ്ഞ ഒരു വർഷമായി ആകെ യു.എസ്. ഇമ്മിഗ്രേഷൻ സിസ്റ്റത്തിൽ പരിശോധന ശക്തമാക്കിയിട്ടുണ്ട്. വിദേശത്ത് വിസയ്ക്ക് അപേക്ഷിക്കുന്നവരെയും അമേരിക്കയിൽ ഇതിനകം താമസിക്കുന്നവരെയും (asylum, green card, citizenship അപേക്ഷകർ) കർശനമായി പരിശോധിക്കുന്നുണ്ട്.

# കെ.എച്ച്.എൻ.എ ഡാളസ് റീജിയണൽ വൈസ് പ്രസിഡന്റായി രേഷ്മ രഞ്ജൻ ചുമതലയേറ്റു



ഡാളസ് (ടെക്സസ്): കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക (കെ.എച്ച്.എൻ.എ) യുടെ ഡാളസ് റീജിയണൽ വൈസ് പ്രസിഡന്റായി പാലക്കാട് സ്വദേശിനിയായ രേഷ്മ രഞ്ജൻ നിയമിതയായി. നിലവിൽ ഡാളസിനടുത്തുള്ള ഫേറ്റിലാണ് താമസിക്കുന്നത്. ഡാളസ് മലയാളി അസോസിയേഷനിലെ സജീവ സാന്നിധ്യമാണ് രേഷ്മ രഞ്ജൻ. ഫോമായുടെ വിമൻസ് ഫോറം സെക്രട്ടറിയായി (2022-2024) പ്രവർത്തിച്ച കാലയളവിൽ ശ്രദ്ധേയമായ പദ്ധതികൾക്ക് അവർ നേതൃത്വം നൽകി. കേരള അസോസിയേഷൻ ഓഫ് കൊളറാഡോയുടെ ലിറ്ററേച്ചർ സെക്രട്ടറിയായും യുവയുടെ സെക്രട്ടറിയായും (2019-2021) അവർ പ്രവർത്തിച്ചിട്ടുണ്ട്.

രേഷ്മ, കെ.എച്ച്.എൻ.എയുടെ പുതിയ യുവജന സംരംഭമായ 'കഥാ വാക് ചാതുര്യം - ദി ആർട്ട് ഓഫ് എലക്വന്റ് സ്പീക്കിംഗ്' എന്ന പദ്ധതിക്ക് നേതൃത്വം നൽകും. കഥാകഥനത്തിലൂടെ യുവജനങ്ങളുടെ ആത്മവിശ്വാസം, ക്രിയാത്മകത, സംസാര വൈദഗ്ദ്ധ്യം എന്നിവ വികസിപ്പിക്കുക എന്നതാണ് അവരുടെ ലക്ഷ്യം. ഡാളസിലെ അർക്ക എനർജിയിൽ വെയർഹൗസ് മാനേജരായി സേവനമനുഷ്ഠിക്കുന്ന രേഷ്മ രഞ്ജൻ, കൃഷ്ണ രഞ്ജന്റെയും രതി രഞ്ജന്റെയും മകളാണ്. ഐ.ടി. പ്രൊഫഷണലായ ജയൻ കോടിയത്ത് മനോൾ ആണ് ഭർത്താവ്. നന്ദ, വേദ എന്നിവരാണ് മക്കൾ.

കെ.എച്ച്.എൻ.എ പ്രസിഡന്റ് ടി. ഉണ്ണികൃഷ്ണൻ, ജനറൽ സെക്രട്ടറി സിനു നായർ, ട്രഷറർ അശോക് മേനോൻ, വൈസ് പ്രസിഡന്റ് സഞ്ജീവ് കുമാർ, ജോയിന്റ് സെക്രട്ടറി ശ്രീകുമാർ ഹരിലാൽ, ജോയിന്റ് ട്രഷറർ അപ്പുക്കുട്ടൻ പിള്ള, ബോർഡ് ഓഫ് ഡയറക്ടേഴ്സ്, ട്രസ്റ്റീ ബോർഡ് എന്നിവരും രേഷ്മ രഞ്ജന് ആശംസകൾ നേർന്നു.




## SEEKING BRIDEGROOM

**Knanaya Parents, Kerala** invite proposal for their daughter, 31, 154 cm, M.Tech (Bio-Technology) & PhD. Now she is working in Chennai.

**Contact:+1-630-642-4596**

**Email: lukescyriac@gmail.com**

#121025

## SEEKING BRIDEGROOM

We are seeking a suitable proposel for our Niece aged 25 (Height 155cm, Weight 43kg) from a middle upper class Catholic family, Kanjirappally Dioces. She is doing her masters research in plant pathology. She is God fearing, slim and fare. Considering proposals from abroad and India.

**Contact: 630-605-0241,**
**India: 91-9946 968570**

#120325

## വരനെ ആവശ്യമുണ്ട്

**ഫ്ളോറിഡയിലെ മിയാമിയിൽ താമസിക്കുന്ന** മാതാപിതാക്കൾ, RN ആയി മിയാമിയിൽ ജോലി ചെയ്യുന്ന 28 വയസ്സുള്ള ക്നാനായ യുവതി (യുഎസ് സിറ്റിസൺ)അനുയോജ്യരായ ക്നാനായ കാത്തലിക് യുവാക്കളിൽനിന്നും വിവാഹാലോചന ക്ഷണിക്കുന്നു.

**ബന്ധപ്പെടുക: 786-868-7192, 786-825-5748**

#121025

## Holiday Let
## Penthouse in Kochi

Two bed Penthouse with Balcony on the 18th floor, fully furnished, air-conditioned, is available for short stay in the heart of Kochi. Close to shops/Restaurants/ Shopping centres. Beautiful view of Kochi City. Location - Vennala near Holiday Inn Hotel.

**Contact NG Jerome**
**Mob: +91 9446211630**

#121025

## ഷിക്കാഗോ സബർബിൽ കെയർഗിവറെ ആവശ്യമുണ്ട്

ഷിക്കാഗോയുടെ സബർബായ **Northlakeൽ** താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ വന്നും പോയും (7 Days, 5 Hours Daily) പ്രായമുള്ള ഒരു അമ്മച്ചിയെ നോക്കുവാൻ ആളെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 847-648-3300**

#121025

## ബേബി സിറ്ററെ ആവശ്യമുണ്ട്


**ഡസ്പ്ലെയിൻസിൽ താമസിക്കുന്ന മലയാളി** കുടുംബത്തിന് വന്നുപോയോ വീട്ടിൽ താമസിച്ചോ ബേബി സിറ്റിംഗിന് ആളെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക:**
**മോഹിൻ 773-679-5526,**
**ആൽബി 773-396-0535**

#120325

## നൊവേന

### വിശുദ്ധ യൂദാ ശ്ലീഹാ നൊവേന



ഈശോയുടെ വിശ്വസ്തദാസനും സ്നേഹിതനു അപ്പസ്തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ ആശയററ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യോകാനുകൂല്യത്തെ എന്ക്കുവേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ.

അങ്ങനെ അങ്ങയോടും മറെല്ലാ വിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വ കഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു.

**പോൾ തോമസ്**

#121025

### ഉണ്ണിയീശോയോടുള്ള നൊവേന



ഇഹലോകവാസികളായ ഞങ്ങളേരോരുത്തരോടുമുള്ള സ്നേഹത്താൽ മനുഷ്യാവതാരം ചെയ്ത് ഞങ്ങളുടെ ഇടയിലേക്ക് വരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. പാപികളായ ഞങ്ങളുടെ അയോഗ്യതകൾ പരിഗണിക്കാതെ ഞങ്ങളിൽ ഒരുവനായിത്തീരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ, കാലിത്തൊഴുത്തിൽ പിറന്ന് എളിമയോടെയും വിനയത്തിന്റെയും മാതൃകയായി ജീവിച്ചതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

പാപികളായ ഞങ്ങളിൽ അനുഗ്രഹവർഷം ചൊരിഞ്ഞുകൊണ്ടിരിക്കുന്ന അങ്ങേയ്ക്കു ഞങ്ങൾ നന്ദിപറയുന്നു. അങ്ങേ തിരുമുമ്പിൽ അണഞ്ഞ് ഈ നെവേനയിൽ ഇന്നു ഞങ്ങൾ പ്രത്യേകമായി അപേക്ഷിക്കുന്നു..... ആവശ്യങ്ങൾ ഞങ്ങൾക്ക് ഒരോരുത്തർക്കും സാധിച്ചുതരണമെന്ന് തകർന്ന ഹൃദയത്തോടുകൂടി അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു.

ആമേൻ

**ജേക്കബ് കുര്യൻ**

#121025

Newspaper for Malayalees Worldwide ◆Estd.2020

വാചകം VACHAKAM

To Advertise
1 773-888-2242
1 773-842-9149
1 773-888-2243
vachakamonline@gmail.com
news@vachakam.com

Vachakam.com

For E-Paper reading visit Vachakam.com


# ട്രംപിന്റെ വിമർശനത്തിന് പിന്നാലെ മനസ്സുമാറി സെലെൻസ്കി; യുക്രെയ്നിൽ തിരഞ്ഞെടുപ്പ് നടത്താൻ തയ്യാറെന്ന് പ്രഖ്യാപനം

യുക്രെയ്നിൽ ഉടൻ പ്രസിഡന്റ് തിരഞ്ഞെടുപ്പ് നടത്താൻ തയ്യാറാണെന്ന് പ്രസിഡന്റ് വൊളോദിമിർ സെലെൻസ്കി പ്രഖ്യാപിച്ചു. യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് യുക്രെയ്നിലെ ജനാധിപത്യപരമായ തിരഞ്ഞെടുപ്പ് വൈകുന്നതിനെ വിമർശിച്ചതിന് തൊട്ടുപിന്നാലെയാണ് സെലെൻസ്കിയുടെ ഈ സുപ്രധാന നീക്കം. യുദ്ധം തിരഞ്ഞെടുപ്പ് ഒഴിവാക്കാനുള്ള ഒരു മറയായി ഉപയോഗിക്കുന്നുവെന്ന് ട്രംപ് കുറ്റപ്പെടുത്തിയിരുന്നു.



യുദ്ധം നടക്കുന്നതിനാൽ യുക്രെയ്നിൽ നിലവിൽ സൈനിക നിയമം (മാർഷൽ ലോ) നിലനിൽക്കുന്നുണ്ട്. ഈ നിയമപ്രകാരം രാജ്യത്ത് തിരഞ്ഞെടുപ്പ് നടത്താൻ കഴിയില്ല. എന്നാൽ, താൻ തിരഞ്ഞെടുപ്പിന് തയ്യാറാണെന്ന് തുറന്നു പറഞ്ഞ സെലെൻസ്കി, അമേരിക്കൻ സഹായത്തോടെയും യൂറോപ്യൻ സഖ്യകക്ഷികളുടെ പിന്തുയോടെയും തിരഞ്ഞെടുപ്പിന് സുരക്ഷ ഉറപ്പാക്കാൻ സാധിക്കുമെങ്കിൽ 60 മുതൽ 90 ദിവസങ്ങൾക്കുള്ളിൽ വോട്ടെടുപ്പ് നടത്താൻ രാജ്യം സജ്ജമാണെന്നും കൂട്ടിച്ചേർത്തു.

മാർഷൽ ലോ നിലനിൽക്കെ തിരഞ്ഞെടുപ്പ് നടത്താൻ നിയമപരമായ മാറ്റങ്ങൾ വരുത്താനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കാൻ യുക്രെയ്ൻ നിയമനിർമ്മാതാക്കളോട് സെലെൻസ്കി ആവശ്യപ്പെട്ടിട്ടുണ്ട്. യുക്രെയ്നിന്റെ ആഭ്യന്തര കാര്യങ്ങളിൽ പുറത്തുനിന്നുള്ളവർ ഇടപെടേണ്ട കാര്യമില്ലെന്നും, തിരഞ്ഞെടുപ്പ് സംബന്ധിച്ച തീരുമാനം യുക്രെയ്നിലെ ജനങ്ങൾ എടുക്കേണ്ടതാണെന്നും അദ്ദേഹം പ്രതികരിച്ചു. എന്നിരുന്നാലും, യുഎസ് പ്രസിഡന്റ് ട്രംപ് ഈ വിഷയം ഉയർത്തിയതുകൊണ്ടാണ് താൻ ഉത്തരം നൽകുന്നതെന്നും സെലെൻസ്കി വ്യക്തമാക്കി.

റഷ്യയുമായി ഏകദേശം നാല് വർഷമായി യുക്രെയ്ൻ യുദ്ധത്തിലാണ്. യുക്രെയ്നിലെ സൈനികർക്കും, മറ്റ് പ്രദേശങ്ങളിലേക്ക് പലായനം ചെയ്ത ദശലക്ഷക്കണക്കിന് ആളുകൾക്കും, റഷ്യൻ അധിനിവേശത്തിലുള്ള പ്രദേശങ്ങളിലെ പൗരന്മാർക്കും എങ്ങനെ വോട്ട് ചെയ്യാൻ കഴിയും എന്നതിനെക്കുറിച്ചുള്ള വെല്ലുവിളികളും സെലെൻസ്കി ഉയർത്തിക്കാട്ടി. യുദ്ധം അവസാനിപ്പിക്കുന്നതിനായുള്ള ഒരു സമാധാന ഉടമ്പടിക്ക് യുക്രെയ്നിനുമേൽ അമേരിക്കയുടെ ഭാഗത്തുനിന്നും സമ്മർദ്ദമുണ്ടായിക്കൊണ്ടിരിക്കുന്ന സമയത്താണ് ഈ തിരഞ്ഞെടുപ്പ് പ്രഖ്യാപനമെന്നത് ശ്രദ്ധേയമാണ്.

# ഐ.എം.എയുടെ ക്രിസ്മസ്-പുതുവത്സരാഘോഷം ഡിസം. 13 ന്




ഷിക്കാഗോ: വടക്കേ അമേരിക്കയിലെ പ്രവാസി സംഘടനകളിൽ ഏറെ ശ്രദ്ധേയമായ ഇല്ലിനോയി മലയാളി അസോസിയേഷൻ ഡിസംബർ 13 ന് നൈൽസിലെ മാജിക് പെപ്പർ റെസ്റ്റോറന്റിൽ (8502 W Golf Rd, Niles, IL 60714) വച്ച് ക്രിസ്മസ്-പുതുവത്സരാഘോഷം സംഘടിപ്പിക്കുന്നു.

വൈകിട്ട്. 7:30നാണ് ആഘോഷരാവിന് തുടക്കം കുറിയ്ക്കുന്നത്. വിഭവസമൃദ്ധമായ ഡിന്നറിനോടൊപ്പം തുടർനാളുകളിലെ കർമപരിപാടികൾ ആസൂത്രണം ചെയ്യാനും ഈ അവസരം ഉപയോഗിക്കുമെന്ന്

പ്രസിഡന്റ് ജോയ് പീറ്റേഴ്സ് ഇണ്ടിക്കുഴി അറിയിച്ചു. സെക്രട്ടറി പ്രജിൽ അലക്സാണ്ടർ, എക്സിക്യൂട്ടീവ് അംഗങ്ങളായ സ്റ്റീഫൻ ചൊള്ളമ്പേൽ, ഷാനി എബ്രഹാം, ലിൻസ് താന്നിച്ചുവട്ടിൽ, ജോസി കുരിശിങ്കൽ, ജോർജ് മാത്യു എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകും.

എല്ലാ ഐഎംഎ കുടുംബാംഗങ്ങളേയും ഈ ആഘോഷവേളയിലേയ്ക്ക് സ്വാഗതം ചെയ്യുന്നതായി എക്സിക്യൂട്ടീവ് അംഗങ്ങൾ അറിയിച്ചു.

◗ *ലിൻസ് താന്നിച്ചുവട്ടിൽ*



# ഫൊക്കാന മിഡ് വെസ്റ്റ് റീജിയന്റെ ആഭിമുഖ്യത്തിൽ നടന്ന വോളിബോൾ ടൂർണ്ണമെന്റ് പഞ്ചാബ് ഒന്നാം സ്ഥാനം നേടി

ഫൊക്കാന മിഡ് വെസ്റ്റ് റീജിയന്റെ ആഭിമുഖ്യത്തിൽ കൈരളി ലയൺസ് ക്ലബ്ബിന്റെ സഹകരണത്തോടു കൂടി നടത്തിയ ഷിക്കാഗോ വോളിബോൾ ടൂർണ്ണമെന്റ് വൻ വിജയമായി നടത്തപ്പെട്ടു. നൈൽസിലുള്ള 8800 ം .ഗമവ്യേ ഘമില ലുള്ള ഫെൽഡ്മാൻ കോർട്ടിൽ നടന്ന മത്സരം ഫൊക്കാന എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് പ്രവീൺ തോമസ് ഉദ്ഘാടനം ചെയ്തു, ടൂർണമെന്റ് വൈസ് ചെയർ മാത്യു കടമറ്റം ഏവരെയും സ്വാഗതം ചെയ്തു. കൈരളി ലയൺസ് ക്ലബ്ബിന്റെ മുൻ പ്രസിഡന്റ് സിബി കബിലമറ്റത്തിന്റെ അദ്ധ്യക്ഷതയിൽ നടന്ന മീറ്റിങ്ങിൽ കോർഡിനേറ്റർ റിന്റു ഫിലിപ്പ് ഗെയിമിന്റെ റൂൾസ് ആൻഡ് റെഗുലേഷൻസ് വിവരിച്ചു.

സമാപന സമ്മേളനം ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി ഉദ്ഘാടനം ചെയ്തു. റീജണൽ വൈസ് പ്രസിഡന്റ് സന്തോഷ് നായർ അദ്ധ്യക്ഷനായിരുന്നു, ഫൊക്കാന എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് പ്രവീൺ തോമസ്, സതീശൻ നായർ, സിബി കബലമറ്റം, ഡോ. ബ്രിഡ്ജിത് ജോർജ്, വിമെൻസ് ഫോറം റീജണൽ ചെയർ സുജ ജോൺ തുടങ്ങിയവർ സംസാരിച്ചു. സിബി കൈതക്കത്തൊട്ടിൽ സ്വാഗതം രേഖപ്പെടുത്തി. ടോമി അമ്പേനാട്ട് ചെയർമാനായിട്ടുള്ള അമ്പത്തി ഒന്ന് അംഗ കമ്മറ്റിയാണ് ഈ ടൂർണമെന്റിന്റെ വിജയത്തിനായി പ്രവർത്തിച്ചത്.

ഒരു മണി മുതൽ തുടങ്ങിയ വാശിയേറിയ മത്സരത്തിൽ ഒരു ഡസനിലധികം ടീമുകൾ പങ്കെടുത്തു. കളിക്കളത്തിൽ തുല്യ ടീമുകൾ തമ്മിലായിരുന്നു മത്സരങ്ങൾ നടന്നത്. പഞ്ചാബ് - കേരള മത്സരം കാണികളെ ആവേശഭരിതരാക്കി. പഞ്ചാബ് ഒന്നാം സ്ഥാനവും കേരള രണ്ടാം സ്ഥാനവും നേടി. ഷിക്കാഗോയിലുള്ള ടീമുകൾ തമ്മിൽ നടത്തിയ മത്സരത്തിൽ ഒന്നും, രണ്ടും, മൂന്നും, നാലും സ്ഥാനങ്ങൾ നേടിയവരെ ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണിയും, സ്പോൺസേർസ് ആയ ജിബിറ്റ് കിഴക്കേ കുറ്റ്, ഐബു കിഴക്കേക്കുറ്റ് എന്നിവർ ചേർന്ന് സമ്മാനങ്ങളും ട്രോഫിയും വിതരണം ചെയ്തു.

സമാപന സമ്മേളനത്തിൽ ഫൊക്കാനയുടെ മെഡിക്കൽ കാർഡും പ്രിവിലേജ് കാർഡും വിതരണവും നടത്തി. അതിനോട് അനുബന്ധിച്ചു നടന്ന കൺവെൻഷൻ കിക്കോഫിൽ വളരെ അധികം ആളുകൾ ഫൊക്കാന കാലഹരി കോൺവെൻഷനിലേക്ക് രജിസ്റ്റർ ചെയ്യുകയും ചെയ്തു.

ഫൊക്കാനയുടെ നേതൃത്വത്തിൽ ഒരു സ്പോർട്സ് ക്ലബ് തന്നെ നിലവിൽ വന്നു. യുവാക്കളുടേയും കായികമേഖലയുടേയും ഉന്നമനത്തിനായി വിവിധ പദ്ധതികളാണ് സജിമോൻ ആന്റണിയുടെ നേതൃത്വത്തിൽ ഉള്ള ഈ  രൂപീകരിച്ച് നടപ്പിലാക്കി വരുന്നത്.

സംഘാടക സമിതിക്കുവേണ്ടി ചെയർമാൻ ടോമി അമ്പനാട്ട്, മാത്യു തട്ടാമറ്റം, റിന്റു ഫിലിപ്പ്, ടോണി ജോർജ്, കിരൺ ചന്ദ്രൻ, സിറിയക് കുവക്കാട്ടിൽ, സിബി കദളി മറ്റം, സാജൻ തോമസ്, അനിൽ കുമാർ പിള്ള, സന്തോഷ് നായർ, സതീശൻ നായർ, ജോസ് ജോർജ്, നിരൻ മുണ്ടിയിൽ, അഖിൽ മോഹൻ, ബോബി വർഗീസ്, ബിന്ദു കൃഷ്ണനൻ, ബൈജു കണ്ടത്തിൽ, ലീസ് ടോം മാത്യു, പ്രജിൽ അലക്സാണ്ടർ, സൂസൻ ചാക്കോ, കാരിയ്ക്കൽ, രവി കുട്ടപ്പൻ, വിജി നായർ, സുജ ജോൺ, ലീലാ ജോസഫ്, മനോജ് വഞ്ചിയിൽ, ബ്രിജിറ്റ് ജോർജ്, സായി പുല്ലാപ്പള്ളിൽ, ജിബിറ്റ് കിഴക്കേ കുറ്റ്, ഐബു കിഴക്കേക്കുറ്റ്, മാറ്റ് വില ങ്ങാട്ടുശ്ശേരി തുടങ്ങിയവരുടെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ ആണ് ഷിക്കാഗോ വോളിബോൾ ടൂർണ്ണമെന്റ് വൻ വിജയമാക്കുവാൻ സഹായിച്ചത്.

# ഫാ. ജോസ് കണ്ടത്തിക്കുടിയുടെ ധന്യമായ ഓർമ്മ നിലനിർത്താൻ ഫൗണ്ടേഷൻ രൂപീകരിച്ചു




ന്യൂയോർക്ക്: നാട്ടിലും അമേരിക്കയിലുമായി അമ്പത്തിയഞ്ചു വർഷക്കാലം സിറോ മലബാർ വിശ്വാസികൾക്കായി തന്റെ ജീവിതം സമർപ്പിക്കുകയും അമേരിക്കയിലെ സിറോ മലബാർ സമൂഹം കെട്ടിപ്പടുക്കുന്നതിൽ നിർണ്ണായകമായ സംഭാവനകൾ നൽകുകയും ചെയ്ത ഫാ. ജോസ് കണ്ടത്തിക്കുടിയുടെ ധന്യവും ദീപ്തവുമായ ജീവിതം വരുംതലമുറയ്ക്ക് പ്രചോദനമാകും വിധം നിലനിർത്തുന്നതിനുവേണ്ടി, ജോസച്ചന്റെ സുഹൃത്തുക്കളും അഭ്യുദയകാംക്ഷികളും ചേർന്ന് 'ഫാ. ജോസ് കണ്ടത്തിക്കുടി ഫൗണ്ടേഷനു' രൂപം നൽകി. നോൺ പ്രോഫിറ്റ് ഓർഗനൈസഷനായി ഡിപ്പാർട്മെന്റ് ഓഫ് സ്റ്റേറ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 'ഫാ. ജോസ് കണ്ടത്തിക്കുടി ഫൗണ്ടേഷനു, 501(C)(3) സ്റ്റാറ്റസും ഉടൻ ലഭിക്കും.

ഷോളി കുമ്പിളുവേലിയാണ് ഫൗണ്ടേഷൻ ചെയർമാൻ. ബിജു കാപ്പുകാട്ടിൽ (വെർജീനിയ) സെക്രട്ടറിയായും, ജോസഫ് കാഞ്ഞമല സി.പി.എ (ന്യൂയോർക്ക്) ട്രഷറർ ആയും പ്രവർത്തിക്കും. ഫൗണ്ടേഷന്റെ ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി താഴെ പറയുന്നവർ അംഗങ്ങളായ  ഡയറക്ടർ ബോർഡിനേയും തെരഞ്ഞെടുത്തിട്ടുണ്ട്.

ടോം പെരുമ്പായിൽ (സോമർസെറ്റ്, ന്യൂജേഴ്സി), ബാബു ജോസഫ് സി.പി.എ. (പാറ്റേഴ്സൺ, ന്യൂജേഴ്സി), ജേക്കബ് ചൂരവടി (റോക്ലാൻഡ്, ന്യൂയോർക്ക്), പൈലപ്പൻ കണ്ണൂക്കാടൻ (ഷിക്കാഗോ), ടോം തോമസ് (സ്റ്റാറ്റൻ അയലൻഡ്, ന്യൂയോർക്ക്), ലാലി കളപ്പുരക്കൽ (ലോങ്ങ് അയലൻഡ്, ന്യൂയോർക്ക്) , ഷേർലി അടാട്ട് (ബ്രോങ്ക്സ്, ന്യൂയോർക്ക്), ജോൺ വാളിപ്ലാക്കൽ  (ബ്രോങ്ക്സ്, ന്യൂയോർക്ക്).  രണ്ടു വർഷമാണ് ഡയറക്ടർ ബോർഡിന്റെ കാലാവധി.

ദൈവ വിളികൾ പ്രോത്സാഹിപ്പിക്കുക, വൈദിക വിദ്യാർത്ഥികളെ സഹായിക്കുക, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പഠന സഹായം എത്തിക്കുക, അതുപോലെ വൃക്ക രോഗികൾക്ക് ചികിത്സാസഹായം നൽകുക തുടങ്ങിനിരവധി പ്രവർത്തനങ്ങൾ ഫൗണ്ടേഷൻ ലക്ഷ്യമിടുന്നു. കൂടാതെ, വർഷംതോറും ജോസച്ചന്റെ ഓർമ്മയാചരണവും ഫൗണ്ടേഷന്റെ നേതൃത്വത്തിൽ നടത്തുന്നതായിരിക്കും.

1945 മെയ് 30-ാംതീയതി കണ്ടത്തിക്കുടി ജോൺ ത്രേസ്യകുട്ടി ദമ്പതികളുടെ മൂത്ത മകനായി ജനിച്ച ഫാ . ജോസ്, 1962 ൽ തലശ്ശേരി മൈനർ സെമിനാരിയിൽ ചേർന്നു. തുടർന്നു വടവാതൂർ സെമിനാരിയിലും റോമിലെ അർബൻ യൂണിവേഴ്സിറ്റിയിലും വൈദിക പഠനം പൂർത്തിയാക്കി, 1971 മാർച്ച് 27-ാം തീയതി വത്തിക്കാനിൽവച്ചു കർദ്ദിനാൾ ആഗ്നെലോറോസ്സിയിൽനിന്നും തിരുപ്പട്ടം സ്വീകരിച്ചു.

1973 ൽ കേരളത്തിൽ തിരിച്ചെത്തി. തലശ്ശേരി മണിമൂളി ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി ശുശ്രൂഷ ആരംഭിച്ച ജോസച്ചൻ, കൽപറ്റ, ചാരിറ്റി, ഒലിവുമല, എടപ്പെട്ടി, പൊഴമുടി തുടങ്ങിയ ഇടവകകളിൽ വികാരിയായി സേവനം ചെയ്തിട്ടുണ്ട്. കൂടാതെ തമിഴ്നാട്ടിലെ, കൂനൂർ, ബാർലിയർ, വറുവൻകാടു എന്നിവിടങ്ങളിൽ ഇടവകകൾ സ്ഥാപിക്കുകയും വികാരിയായി ശുശ്രൂഷ ചെയ്യുകയും ചെയ്തു.

അമേരിക്കയിലെ സീറോ മലബാർ വിശ്വാസികളെ ഏകോപിപ്പിക്കുന്നതിനായി, സിനഡ് തീരുമാന പ്രകാരം 1995 ൽ അമേരിക്കയിൽ എത്തിയ ഫാ. ജോസ് കണ്ടത്തിക്കുടി, തുടക്കത്തിൽ ഷിക്കാഗോയിലെ  വിശ്വാസികളെ ഏകോപിപ്പിക്കുന്നതിനു നേതൃത്വം നൽകുകയും, തുടർന്നു ന്യൂജേഴ്സിയിലേയും, ന്യൂയോർക്കിലേയും വിവിധ സ്ഥലങ്ങളിലും സീറോ മലബാർ വിശ്വാസികളെ സംഘടിപ്പിക്കുകയും ഇടവകകൾ സ്ഥാപിക്കുകയും ചെയ്തു. 2002 മാർച്ച് മാസം ന്യൂയോർക്കിലെ ബ്രോക്സിൽ സെന്റ് തോമസ് സീറോ മലബാർ ഇടവക സ്ഥാപിക്കുകയും, 2020 ൽ റിട്ടയർ ആകുന്നതുവരെ ബ്രോങ്ക്സ്  ഫൊറോനാ ഇടവക വികാരിയായി ശുശ്രൂഷ ചെയ്തു. ഇക്കാലയളവിൽ കലശലായ വൃക്കരോഗം പിടിപെടുകയും രണ്ടു പ്രാവശ്യം വൃക്ക മാറ്റിവെക്കൽ ശസ്ത്രക്രിയക്കു വിധേയനാനുകയും ചെയ്തു. റിട്ടയർ ആയതിനുശേഷം നാട്ടിലും അമേരിക്കയിലുമായി വിശ്രമ ജീവിതം നയിച്ചുവന്ന ജോസച്ചൻ, 2024  ഡിസംബർ 21-ാം തീയതി ന്യൂയോർക്കിൽ നിര്യാതനായി.

ഫാ. ജോസ് കണ്ടത്തിക്കുടി ഫൗണ്ടേഷനെപ്പറ്റി കൂടുതൽ അറിയുവാനും, അതുമായി സഹകരിക്കാനും താല്പര്യമുള്ളർ താഴെ പറയുന്നവരെ ബന്ധപ്പെടുക : ഷോളി കുമ്പിളുവേലി 914-330-6340, ജോസഫ് കാഞ്ഞമല 917-596-2119, ബിജു കാപ്പുകാട്ടിൽ 804-550-8494.

# മിയാമി മേയർ തിരഞ്ഞെടുപ്പ്: ഡെമോക്രാറ്റ് സ്ഥാനാർഥിക്ക് അട്ടിമറിജയം



വാഷിംഗ്ടൺ: മിയാമിയിൽ മേയർ തിരഞ്ഞെടുപ്പിൽ ഡെമോക്രാറ്റ് നേതാവായ ഐലീൻ ഹിഗിൻസിന് അട്ടിമറിജയം. യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് പിന്തുണച്ച റിപ്പബ്ലിക്കൻ സ്ഥാനാർഥി എമീലിയോ ഗൊൺസാലസിനെ തോൽപിച്ചാണ് മൂന്നുദശകത്തിന് ശേഷം മിയാമിയിൽ ഡെമോക്രാറ്റുകളുടെ തിരിച്ചുവരവ്. നഗരത്തിന്റെ ആദ്യ വനിതാ മേയറാവും ഹിഗിൻസ്.

സ്പാനിഷ് സമൂഹത്തിനു ഭൂരിപക്ഷമുള്ള മിയാമിയിൽ ട്രംപിന്റെ കുടിയേറ്റവിരുദ്ധ നടപടികൾക്കെതിരെ ഉറച്ച നിലപാടാണു ഹിഗിൻസ് സ്വീകരിച്ചത്. മേയർ തിരഞ്ഞെടുപ്പിൽ ട്രംപിന് തുടർച്ചയായ രണ്ടാമത്തെ കനത്ത തിരിച്ചടിയാണിത്. യുഎസിലെ ഏറ്റവും വലിയ നഗരമായ ന്യൂയോർക്കിന്റെ മേയറായി ട്രംപിന്റെ കടുത്ത വിമർശകനായ ഡെമോക്രാറ്റ് സ്ഥാനാർഥി സൊഹ്റാൻ മംദാനി (34) നവംബറിൽ ജയിച്ചിരുന്നു. സ്വതന്ത്ര സ്ഥാനാർഥിയായി മത്സരിച്ച മുൻ ന്യൂയോർക്ക് സ്റ്റേറ്റ് ഗവർണർ ആൻഡ്രു കുമോയെ ആണ് മംദാനി പരാജയപ്പെടുത്തിയത്. റിപ്പബ്ലിക്കൻ പാർട്ടിയിലെ കർട്ടിസ് സ്ലിവ മത്സരിച്ചെങ്കിലും കുമോയെ ആണ് ട്രംപ് പിന്തുണച്ചത്.

# മേരിക്കുട്ടി ജോൺ ഇലക്കാട്ട് ഷിക്കാഗോയിൽ നിര്യാതയായി

ഷിക്കാഗോ: ഷിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ മുൻ പ്രസിഡന്റും ഷിക്കാഗോ സാഹിത്യവേദിയുടെ കോ-ഓർഡിനേറ്ററുമായ ഇലക്കാട്ട് ജോൺ സാറിന്റെ ഭാര്യ മേരിക്കുട്ടി ജോൺ ഇലക്കാട്ട് (84) നിര്യാതയായി. പേരൂർ തണ്ടാശ്ശേരിൽ പരേതരായ ചാണ്ടി കുര്യന്റെയും അന്നമ്മയുടെയും മകളാണ്.



മക്കൾ: സജു ഇലക്കാട്ട്, ഷിജു ഇലക്കാട്ട്, ഷീന പുത്തൻപുരയിൽ (എല്ലാവരും ഷിക്കാഗോയിൽ). മരുമക്കൾ: ജെൻസി, സ്വീറ്റി, ജിൻസ്.

സഹോദരങ്ങൾ: പരേതനായ അലക്സാണ്ടർ തണ്ടാശ്ശേരിൽ, പരേതനായ ലൂക്കോസ് തണ്ടാശ്ശേരിൽ, മോളി ചാലുങ്കൽ (ഷിക്കാഗോ), ബാബു തണ്ടാശ്ശേരിൽ (ഫ്ളോറിഡ), ലൂസി മറ്റത്തിപ്പറമ്പിൽ (ഫ്ളോറിഡ), ജെസി വെട്ടുപാറപ്പുറത്ത് (ഫ്ളോറിഡ), ഷിബു തണ്ടാശ്ശേരിൽ (മുൻ കെ.സി.സി.സി. എഫ്. പ്രസിഡന്റ്, ഫ്ളോറിഡ).



## സാംസ്കാരിക പൈതൃകം ഉറങ്ങുന്ന മധ്യതിരുവിതാംകൂറിൽ വച്ച്

# ഫോമാ കേരള കൺവെൻഷൻ ജനുവരി 9 – 11 തീയതികളിൽ



ലോകത്തിലെ ഏറ്റവും വലിയ മലയാളി സംഘടനയായ ഫോമയുടെ കേരള കൺവെൻഷൻ കോട്ടയം വിൻസർ കാസ്റ്റിൽ ഹോട്ടലിൽ ജനുവരി മാസം 9ന് തുടക്കം കുറിക്കുന്നു. തുടർന്ന് 250 ഓളം അമേരിക്കൻ, കനേഡിയൻ മലയാളികൾ അണിചേരുന്ന ബോട്ടിംഗ് ജനുവരി 10ന് കുമരകത്ത് വച്ച് നടത്തപ്പെടുന്നു. ജനുവരി 11ന് എറണാകുളത്ത് ഗോകുലം ഹോട്ടലിൽ വച്ച് വച്ച് നടത്തപ്പെടുന്ന ബിസിനസ് മീറ്റോടെ കേരള കൺവെൻഷൻ പ്രവർത്തനങ്ങൾക്ക് സമാപനം കുറിക്കുന്നു.

അമേരിക്കയുടെയും കാനഡയുടെയും വിവിധഭാഗങ്ങളിൽ നിന്ന് 250 ഓളം ആളുകൾ കൺവെൻഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇനിയും നിരവധി ആളുകൾ രജിസ്റ്റർ ചെയ്യുവാൻ മുന്നോട്ടു വന്നിട്ടുണ്ട്.

മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാർ, രാഷ്ട്രീയ പ്രവർത്തകർ, സാമുദായിക സാംസ്കാരിക പ്രവർത്തകർ എന്നിവർ കേരള കൺവെൻഷൻ പ്രവർത്തനങ്ങൾക്ക് മാറ്റുകൂട്ടുവാൻ അണിചേരുന്നു. സൂപ്പർസ്റ്റാറുകളുടെ കലാപ്രകടനങ്ങൾ കേരള കൺവെൻഷന് ജനശ്രദ്ധ പിടിച്ചുവാൻ കാരണമായി.

ഏകദേശം ആയിരത്തിൽ പരം ആളുകൾക്ക് ഇരിക്കാവുന്നതാണ് കോട്ടയം windsor castle ഓഡിറ്റോറിയം.

നമ്മുടെ സ്വന്തം സംഘടനകളുടെ സംഘടനയായ ഫോമയുടെ കേരള കൺവെൻഷൻ പ്രവർത്തനങ്ങൾ വിജയകരമാക്കാൻ ഏവരുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിച്ചു കൊള്ളുന്നു. ഫോമ വൈസ് പ്രസിഡന്റ് ഷാലു മാത്യു പുന്നൂസ്.

# വെനിസ്വേല തീരത്ത് നിന്ന് എണ്ണ ടാങ്കർ പിടിച്ചെടുത്തതായി ട്രംപ്



വാഷിംഗ്ടൺ: വെനിസ്വേലയുടെ തീരത്ത് നിന്ന് യുഎസ് ഒരു എണ്ണ ടാങ്കർ പിടിച്ചെടുത്തതായി പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. ഈ നീക്കം എണ്ണ വില ഉയർത്തുകയും വാഷിംഗ്ടണും കാരക്കാസും തമ്മിലുള്ള സംഘർഷങ്ങൾ രൂക്ഷമാക്കുകയും ചെയ്തു.

'വെനിസ്വേലയുടെ തീരത്ത് ഞങ്ങൾ ഒരു ടാങ്കർ പിടിച്ചെടുത്തു, വലിയ ടാങ്കർ, വളരെ വലുത്, ഇതുവരെയുള്ളതിൽ വച്ച് ഏറ്റവും വലുത്, മറ്റ് കാര്യങ്ങൾ നടക്കുന്നുണ്ട്,' വെനിസ്വേലൻ പ്രസിഡന്റ് നിക്കോളാസ് മഡുറോയെ സ്ഥാനമൊഴിയാൻ സമ്മർദ്ദം ചെലുത്തുന്ന ട്രംപ് പറഞ്ഞു.

അതേസമയം ഞങ്ങളുടെ പരമാധികാരം, പ്രകൃതി വിഭവങ്ങൾ, ദേശീയ അന്തസ്സ് എന്നിവ പൂർണ്ണമായ ദൃഢനിശ്ചയത്തോടെ സംരക്ഷിക്കുമെന്നും അന്താരാഷ്ട്ര സ്ഥാപനങ്ങൾക്ക് മുന്നിൽ ടാങ്കർ പിടിച്ചെടുത്തതിനെ അപലപിക്കുമെന്നും വെനിസ്വേലൻ സർക്കാർ പറഞ്ഞു.

വെനിസ്വേലയിൽ യുഎസ് സൈനിക ഇടപെടലിനുള്ള സാധ്യത ട്രംപ് ആവർത്തിച്ച് ഉന്നയിച്ചിട്ടുണ്ട്. മേഖലയിൽ വൻതോതിലുള്ള സൈനിക വിന്യാസത്തിന് ഉത്തരവിട്ടതിനുശേഷം ഒരു എണ്ണ ടാങ്കറിനെതിരെയുള്ള ആദ്യത്തെ നടപടിയായിരുന്നു ഇത്.

മയക്കുമരുന്ന് കപ്പലുകൾക്കെതിരെ യുഎസ് ഇതിനകം നിരവധി ആക്രമണങ്ങൾ നടത്തിയിട്ടുണ്ട്, ഇത് നിയമനിർമ്മാതാക്കളിലും നിയമ വിദഗ്ധരിലും ആശങ്ക ഉയർത്തിയിട്ടുണ്ട്.

ടാങ്കർ പിടികൂടിയ വാർത്തയെത്തുടർന്ന് എണ്ണ വില ഉയർന്നു. ബ്രെന്റ് ക്രൂഡ് ഓയിൽ 27 സെന്റ് അഥവാ 0.4% ഉയർന്ന് ബാരലിന് 62.21 ഡോളറിൽ ക്ലോസ് ചെയ്തു. അതേസമയം, യുഎസ് വെസ്റ്റ് ടെക്സസ് ഇന്റർമീഡിയറ്റ് ക്രൂഡ് ഓയിൽ 21 സെന്റ് ഉയർന്ന് ബാരലിന് 0.4% ഉയർന്ന് 58.46 ഡോളറിൽ ക്ലോസ് ചെയ്തു.



# '764 നെറ്റ് വർക്കി'നെ തീവ്രവാദ പട്ടികയിൽ ഉൾപ്പെടുത്തി കാനഡ

ഒട്ടാവ: ഓൺലൈനിൽ യുവാക്കളെ ഇരയാക്കുകയും ചൂഷണം ചെയ്യുകയും ചെയ്യുന്ന തീവ്രവാദ ശൃംഖലയായ 764 നെ തീവ്രവാദ സംഘടനയായി പ്രഖ്യാപിച്ച് കാനഡ.ഇതിന് പുറമെ മാനിയാക് മർഡർ കൾട്ട്, ടെറർഗ്രാം കളക്ടീവ്, ഇസ്ലാമിക് സ്റ്റേറ്റ്മൊസാംബിക്ക് എന്നിവയെയും ഭീകര സംഘടനകളുടെ പട്ടികയിൽ പെടുത്തിയിട്ടുണ്ട്.

764, മാനിയാക് മർഡർ കൾട്ട്, ടെറർഗ്രാംകളക്ടീവ്എന്നിവസോഷ്യൽമീഡിയയും ഓൺലൈൻ ഗെയിമിംഗ് പ്ലാറ്റ്ഫോമുകളും വ്യക്തികളെ റിക്രൂട്ട് ചെയ്യുന്നതിനും തീവ്രവാദവൽക്കരിക്കുന്നതിനും, അക്രമാസക്തമായ തീവ്രവാദ വിവരണങ്ങളും പ്രചരിപ്പിക്കുന്നതിനും ഓൺലൈനിലും ഓഫ്‌ലൈനിലുംഅക്രമത്തിന്പ്രേരിപ്പിക്കുന്നതിനും ഉപയോഗിക്കുന്നുണ്ടെന്ന് സർക്കാർ പ്രസ്താവനയിൽ പറയുന്നു.

കാനഡയിലെപോലീസ് 764 നെക്കുറിച്ച് മാതാപിതാക്കൾക്ക് മുന്നറിയിപ്പ് നൽകിക്കൊണ്ടിരിക്കുകയാണ്, അധികാരികൾ ഇതിനെ നിഹിലിസ്റ്റിക് എന്നാണ് വിശേഷിപ്പിക്കുന്നത്.

ഒരു പുതിയ 'രാഷ്ട്ര'ത്തിലേക്കുള്ള ചുവടുവയ്പ്പായിട്ടല്ല, മറിച്ച് അക്രമത്തിലൂടെയും അരാജകത്വത്തിലൂടെയും പരിഷ്കൃത സമൂഹത്തെ നശിപ്പിക്കാൻ ശ്രമിക്കുകയാണ് അവരുടെ ഉദ്ദേശ്യമെന്ന് സർക്കാർ പറയുന്നു. ഈ ഗ്രൂപ്പുകൾ പലപ്പോഴും വളരെ ചെറിയ കുട്ടികളെയും ട്രാൻസ്ജെൻഡറുകളേയും മറ്റ് പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളെയുമാണ് ലക്ഷ്യം വയ്ക്കുന്നത്.

ക്രിമിനൽകോഡിൽ ഗ്രൂപ്പുകളെ പട്ടികപ്പെടുത്തുന്നത് ഫെഡറൽ ഗവൺമെന്റിന് സ്വത്തുക്കൾ, വാഹനങ്ങൾ, പണം എന്നിവ മരവിപ്പിക്കാനോ പിടിച്ചെടുക്കാനോ ഉള്ള അധികാരം നൽകുന്നു.

# കാലിബ്രിക്ക് പകരം ടൈംസ് ന്യൂ റോമൻ ഫോണ്ട്; ഉപയോഗിക്കാൻ ഉത്തരവിട്ട് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ

വാഷിംഗ്ടൺ: ബൈഡൻ ഭരണകൂടത്തിന് കീഴിൽ വരുത്തിയ മാറ്റം റദ്ദാക്കിക്കൊണ്ട്, കാലിബ്രിക്ക് പകരം ടൈംസ് ന്യൂ റോമൻ ഫോണ്ട് ഉപയോഗിക്കാൻ ഉദ്യോഗസ്ഥരോട് യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ ഉത്തരവിട്ടു. കാഴ്ച വൈകല്യമുള്ളവർക്ക് കൂടുതൽ എളുപ്പത്തിൽ ഉപയോഗിക്കാൻ കഴിയുന്ന ഫോണ്ട് ആണെന്ന് പറഞ്ഞുകൊണ്ടാണ് റൂബിയോയുടെ മുൻഗാമിയായ ആന്റണി ബ്ലിങ്കെൻ 2023ൽ കാലിബ്രിയെ ഔദ്യോഗിക ഫോണ്ടാക്കിയത്. എന്നാൽ ടൈംസ് ന്യൂ റോമൻ കൂടുതൽ ഔപചാരികവും പ്രൊഫഷണലുമാണ് എന്ന് റൂബിയോ പറഞ്ഞു. പുതിയ മാറ്റങ്ങൾ ഡിസംബർ 10 മുതൽ പ്രാബല്യത്തിൽ വരും, കൂടാതെ ബാഹ്യ, ആന്തരിക രേഖകൾക്കും ഇത് ബാധകമാകും.

'എല്ലാ ആശയവിനിമയങ്ങളിലും ഏകീകൃതവും പ്രൊഫഷണലുമായ ഒരു ശൈലി അവതരിപ്പിക്കുക എന്ന പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ തീരുമാനം ടൈംസ് ന്യൂ റോമൻ എന്നതിലേക്കുള്ള മാറ്റവുമായി യോജിക്കുന്നുവെന്ന് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് വക്താവ് ബിബിസിയോട് പറഞ്ഞു.



കേരളം വാചകം

# നടൻ ദിലീപ് പ്രതിയായ വധഗൂഢാലോചന കേസിൽ കുറ്റപത്രം ഉടൻ സമർപ്പിക്കും



കൊച്ചി: നടിയെ ആക്രമിച്ച കേസിലെ അന്വേഷണോദ്യോഗസ്ഥരെ വകവരുത്താൻ ഗൂഢാലോചന നടത്തിയെന്ന കേസിൽ നടൻ ദിലീപിനും കൂട്ടു പ്രതികൾക്കും എതിരായ കുറ്റപത്രം സമർപ്പിക്കാനുള്ള നടപടികൾ അന്തിമ ഘട്ടത്തിൽ. ദിലീപ് ഒന്നാം പ്രതിയാണ്.

അവസാനഘട്ട പരിശോധനയ്ക്കായി ക്രൈംബ്രാഞ്ച് ആസ്ഥാനത്തേക്ക് കൈമാറിയ കുറ്റപത്രം തിരിച്ചുകിട്ടി. നിർദ്ദേശിച്ച മാറ്റങ്ങൾ വരുത്തൽ പുരോഗമിക്കുകയാണ്. നടിയെ ആക്രമിച്ച കേസിന്റെ ശിക്ഷാവിധി വെള്ളിയാഴ്ചയാണ്. ഇതിനുപിന്നാലെ കുറ്റപത്രം നൽകും.

2022 ഡിസംബറിൽ സംവിധായകൻ ബാലചന്ദ്രകുമാറിന്റെ വെളിപ്പെടുത്തലുകൾക്ക് പിന്നാലെ, 2023 ജനുവരി 10നാണ് ഏഴുപേർക്കെതിരെ കേസെടുത്തത്. ദിലീപ്, സഹോദരൻ അനൂപ്, സഹോദരീ ഭർത്താവ് ടി.എൻ. സുരാജ്, മാനേജർ കൃഷ്ണപ്രസാദ്, സുഹൃത്തുക്കളായ ബൈജു ചെങ്ങമനാട്, ശരത് ജി. നായർ, ഐ.ടി വിദഗ്ദ്ധൻ സായ് ശങ്കർ എന്നിവരാണ് പ്രതികൾ. സായ് ശങ്കറിനെ പിന്നീട് മാപ്പുസാക്ഷിയാക്കി.

ആലുവയിലെ പത്മസരോവരം വീട്ടിൽ വച്ച് ദിലീപ് സഹോദരൻ അടക്കമുള്ളവരോട് അന്വേഷണ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും ചെയ്യണമെന്നും എസ്.പി കെ.എസ്. സുദർശന്റെ കൈ വെട്ടണമെന്നും പറഞ്ഞതായാണ് ബാലചന്ദ്രകുമാറിന്റെ വെളിപ്പെടുത്തൽ. ശബ്ദരേഖയും ഫോൺ റെക്കാഡുകളും അടക്കം തെളിവായി ശേഖരിച്ചു. മുൻകൂർജാമ്യം തേടിയെങ്കിലും കോടതി നിർദ്ദേശപ്രകാരം അന്വേഷണ സംഘത്തിന് മുന്നിൽ ഹാജരായി. മൂന്ന് ദിവസം ദിലീപിനെ ചോദ്യം ചെയ്തിരുന്നു. കേസ് റദ്ദാക്കാൻ ദിലീപ് നൽകിയ ഹർജി ഹൈക്കോടതി തള്ളി. അന്വേഷണം സി.ബി.ഐക്ക് വിടണമെന്ന ആവശ്യവും നിരാകരിച്ചിരുന്നു.

### ഫോണുകളിൽ നിന്ന് വിവരങ്ങൾ നീക്കി

അന്വേഷണം തുടങ്ങിയതോടെ ദിലീപും സഹോദരനും ഉപയോഗിച്ചിരുന്ന ഫോണുകൾ മുംബയിലെ ലാബിൽ എത്തിച്ച് വിവരങ്ങൾ നീക്കിയെന്നാണ് കണ്ടെത്തൽ. ഹുവാവേ, വിവോ, സാംസംഗ്, ഐഫോൺ എന്നിവയാണ് ലാബിലെത്തിച്ചത്. നാല് ഫോണുകളിൽ നിന്നായി നീക്കം ചെയ്ത 285 ജി.ബി ഡേറ്റ വീണ്ടെടുത്ത് കുറ്റപത്രത്തിൽ ഉൾപ്പെടുത്തിയെന്നാണ് അറിയുന്നത്. ബാലചന്ദ്രകുമാർ മരിച്ചത് പ്രോസിക്യൂഷൻ വാദങ്ങളെ ബാധിച്ചേക്കും.

### ഊമക്കത്തിന്റെ പേരിൽ വിവാദം, ഭിന്നത

നടിയെ പീഡിപ്പിച്ച് അപകീർത്തികരമായ ദൃശ്യങ്ങൾ പകർത്തിയ കേസിലെ വിചാരണക്കോടതി വിധി എന്തായിരിക്കുമെന്ന് വെളിപ്പെടുത്തി ലഭിച്ച ഊമക്കത്തിന്റെ പേരിൽ വിവാദം. 'ഒരു ഇന്ത്യൻ പൗരൻ' എന്ന പേരിൽ ഡിസംബർ രണ്ട് തീയതി വച്ചിരിക്കുന്ന കത്താണ് അഡ്വക്കേറ്റ് അസോസിയേഷന് ലഭിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം ആവശ്യപ്പെട്ട് ഹൈക്കോടതി അഡ്വക്കേറ്റ് അസോസിയേഷൻ പ്രസിഡന്റ് അഡ്വ. യശ്വന്ത് ഷേണായി ചീഫ് ജസ്റ്റിസിന് കത്ത് നൽകി.

പിന്നാലെ, എക്സിക്യൂട്ടീവ് കമ്മിറ്റി ചേർന്ന് ജഡ്ജിയിൽ വിശ്വാസമർപ്പിച്ചതായി സെക്രട്ടറി എം.ആർ. നന്ദകുമാർ പ്രസ്താവനയിറക്കി. പ്രസിഡന്റിന്റേത് വ്യക്തിപരമായ തീരുമാനമാണെന്നും അദ്ദേഹം സമൂഹമാദ്ധ്യമത്തിൽ വിശദീകരണം നൽകിയിട്ടുണ്ടെന്നും സെക്രട്ടറി പറഞ്ഞു.

ദിലീപ്, ചാർളി തോമസ്, മേസ്തിരി സനിൽ എന്നിവരെ വെറുതേ വിടുമെന്നും ആറു പേരെ മാത്രമാകും ശിക്ഷിക്കുകയെന്നും ഒറ്റപ്പേജുള്ള ഊമക്കത്തിൽ പറഞ്ഞിരുന്നു. ഇതിന് പിന്നിൽ ചില ഇടപാടുകൾ നടന്നെന്നും സൂചിപ്പിക്കുന്നു. വിചാരണക്കോടതി ജഡ്ജിക്കെതിരെയും ദിലീപിന്റെ സുഹൃത്ത് ശരത്തിനെതിരെയും ആരോപണമുണ്ട്. ഹൈക്കോടതിയിലെ മൂന്ന് ജഡ്ജിമാരുടെ പേരും പരാമർശിക്കുന്നു. ആരോപണത്തിന് അടിസ്ഥാനമായ യാതൊരു തെളിവുമില്ല.

കത്തിലെ ഉള്ളടക്കം നീതിന്യായ സംവിധാനത്തോടുള്ള ആദരവ് നഷ്ടപ്പെടുത്തുന്നതാണെന്നും അന്വേഷണം ആവശ്യമാണെന്നുമാണ് അഭിഭാഷക അസോസിയേഷൻ പ്രസിഡന്റ് ചീഫ് ജസ്റ്റിസിന് നൽകിയ കത്തിൽ ചൂണ്ടിക്കാട്ടിയത് കത്ത് അന്വേഷണത്തിനായി വിജിലൻസ് രജിസ്ട്രാർക്കോ മറ്റ് ഏതെങ്കിലും ഏജൻസിക്കോ കൈമാറണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. വിധി വന്ന ദിവസം തന്നെയാണ് കത്ത് കൈമാറിയത്. ഹൈക്കോടതിയുടെ തുടർനടപടിയുണ്ടായിട്ടില്ല. ഇത്തരം പരാതികളുണ്ടായാൽ ചീഫ് ജസ്റ്റിസിന്റെ നേതൃത്വത്തിലുള്ള അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ചേർന്നാണ് നടപടി തീരുമാനിക്കേണ്ടത്.

എറണാകുളം പ്രിൻസിപ്പൽ ജില്ലാ സെഷൻസ് കോടതി ജഡ്ജി ഹണി എം. വർഗീസ് തിങ്കളാഴ്ചയാണ് വിധി പറഞ്ഞത്. ശിക്ഷാവിധി 12ന് വരാനിരിക്കേയാണ് കത്തുവിവാദം.

### ദിലീപിന്റെ ആരോപണം പോലീസ് സ്വമേധയാ അന്വേഷിക്കില്ല

തന്നെ പ്രതിയാക്കാൻ ഐ.പി.എസ് ഉദ്യോഗസ്ഥയും പോലീസുകാരും ഗൂഢാലോചന നടത്തിയെന്ന ദിലീപിന്റെ ആരോപണം പോലീസ് സ്വമേധയാ അന്വേഷിക്കില്ല. ഇത് സംബന്ധിച്ച് മുഖ്യമന്ത്രിക്ക് ലഭിച്ച പരാതിയിൽ തുടർനടപടി വേണ്ടെന്നാണ് തീരുമാനം.

ദിലീപ് കോടതിയെ സമീപിച്ച് ഗൂഢാലോചനയിൽ പുനരന്വേഷണത്തിന് ഉത്തരവ് നേടിയാൽ അന്വേഷിക്കാമെന്നാണ് പോലീസിന്റെ നിലപാട്. ദിലീപിന്റെ മൊഴി രേഖപ്പെടുത്തി ആഭ്യന്തര വകുപ്പ് പ്രത്യേക അന്വേഷണം നടത്തണമെന്നായിരുന്നു പരാതിയിലെ ആവശ്യം.

ഉന്നത പോലീസ് ഉദ്യോഗസ്ഥയും അവർക്ക് താല്പര്യമുള്ള പോലീസിലെ ക്രിമിനൽ സംഘവുമാണ് തന്നെ കേസിൽ കുടക്കിയതെന്ന ദിലീപിന്റെ ആരോപണം മുഖ്യമന്ത്രി കഴിഞ്ഞ ദിവസം തള്ളിയിരുന്നു.










# രണ്ടാം കേസിൽ രാഹുലിന് മുൻകൂർ ജാമ്യം, അതിക്രമത്തിനുശേഷവും പ്രതിയുമായി ചാറ്റ്

തിരുവനന്തപുരം: ബംഗളുരുവിൽ താമസിക്കുന്ന 23കാരിയുടെ പരാതിയിലെടുത്ത പീഡനക്കേസിൽ രാഹുൽ മാങ്കൂട്ടത്തിൽ എം.എൽ.എയ്ക്ക് മുൻകൂർജാമ്യം. ജില്ലാ പ്രിൻസിപ്പൽ സെഷൻസ് കോടതി ജഡ്ജി എസ്.നസീറയാണ് ഉപാധികളോടെ ജാമ്യം അനുവദിച്ചത്.

രണ്ടാഴ്ച കൂടുമ്പോഴുള്ള തിങ്കളാഴ്ചകളിൽ അന്വേഷണ ഉദ്യോഗസ്ഥന് മുന്നിൽ ഹാജരാകണം. ഇത് മൂന്ന് മാസം തുടരണം. കേസുമായി ബന്ധപ്പെട്ട ആരെയും സ്വാധീനിക്കാൻ പാടില്ല. മറ്റ് കുറ്റകൃത്യങ്ങളിലേർപ്പെടരുത്. തെളിവെടുപ്പിനായി അറസ്റ്റ് ചെയ്താൽ 50,000രൂപ വീതം കെട്ടിവച്ച് രണ്ട്പേരുടെ ജാമ്യത്തിൽ അന്നുതന്നെ വിട്ടയയ്ക്കണം.

ലൈംഗികാതിക്രമം നടന്ന ശേഷവും പരാതിക്കാരി പ്രതിയുമായി ചാറ്റ് ചെയ്തതിന് തെളിവുള്ളപ്പോൾ ബലാത്സംഗക്കുറ്റം എങ്ങനെ ചുമത്തുമെന്ന് കോടതി ചോദിച്ചു. പരാതിയിലും പോലീസിന് നൽകിയ മൊഴിയിലും വൈരുദ്ധ്യമുണ്ട്. സമ്മർദ്ദംകാരണമുള്ള പരാതിയാണോയെന്ന സംശയവും കോടതി പ്രകടിപ്പിച്ചു.

### എഫ്.ഐ.ആറിനുശേഷം മൊഴി അസ്വാഭാവികമെന്ന് കോടതി

തിരുവനന്തപുരം: രാഹുൽ മാങ്കൂട്ടത്തിലിനെതിരെ പീഡനക്കുറ്റത്തിന് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത ശേഷം പരാതിക്കാരിയുടെ മൊഴി രേഖപ്പെടുത്തിയതിൽ അസ്വാഭാവികതയുണ്ടെന്ന് ജില്ലാ പ്രിൻസിപ്പൽ സെഷൻസ്



കോടതി ജഡ്ജി എസ്.നസീറ ചൂണ്ടിക്കാട്ടി. സംഭവമുണ്ടായി രണ്ടു വർഷം കഴിഞ്ഞ് കെ.പി.സി.സി പ്രസിഡന്റിന് പരാതി നൽകിയതിലെ പൊരുത്തക്കേടും മുൻകൂർ ജാമ്യം അനുവദിച്ച ഉത്തരവിൽ ചൂണ്ടിക്കാട്ടി. പരാതിക്കാരിക്ക് നിയമ നടപടികളുമായി മുന്നോട്ടു പോവാൻ താത്പര്യം ഇല്ലാത്തതും കോടതി പരാമർശിച്ചു.

പരാതിക്കാരിയെ വിളിച്ചുവരുത്തി അതിക്രൂരമായി പീഡിപ്പിച്ച് ശരീരത്തിൽ മുറിവുകളേൽപ്പിച്ചെന്ന് സർക്കാർ അഭിഭാഷക ടി. ഗീനകുമാരി വാദിച്ചു. സമാനമായ കേസിൽ ഇതേ കോടതി മുൻകൂർജാമ്യം നിഷേധിച്ചതാണെന്നും ചൂണ്ടിക്കാട്ടി. സർക്കാർ വാദം കോടതി അംഗീകരിച്ചില്ല.

പോലീസിന് പരാതി നൽകാതെ കെ.പി.സി.സി പ്രസിഡന്റിന് പരാതി നൽകിയതിൽ നിന്നുതന്നെ കേസിലെ ദുരൂഹത വ്യക്തമാണെന്ന് രാഹുലിന്റെ അഭിഭാഷകൻ അജിത് കുമാർ വാദിച്ചു. 2023ലെ ഏതോ ദിവസം എവിടെ വച്ചോ പീഡിപ്പിച്ചെന്നാണ് പരാതിലെ ആരോപണം. ഇത് തെളിയിക്കാനുള്ള ഒരു തെളിവും പ്രോസിക്യൂഷൻ ഹാജരാക്കിയിട്ടില്ല. ആദ്യ കേസിൽ ഹൈക്കോടതി അറസ്റ്റ് തടഞ്ഞതും പ്രതിഭാഗം ചൂണ്ടിക്കാട്ടി.

### രാഹുൽ ഇന്ന് പാലക്കാട്ട് വോട്ട് ചെയ്യാനെത്തിയേക്കും

പാലക്കാട്: ഒളിവു ജീവിതം അവസാനിപ്പിച്ച് രാഹുൽ മാങ്കൂട്ടത്തിൽ എം.എൽ.എ ഇന്ന് വോട്ട് ചെയ്യാൻ പാലക്കാട് എത്തിയേക്കും. പാലക്കാട് നഗരസഭയിലെ കുന്നത്തൂർമേട് സൗത്തിലെ സെന്റ് സെബാസ്റ്റ്യൻസ് സ്കൂളിലെ ബൂത്ത് നമ്പർ രണ്ടിലാണ് രാഹുലിന് വോട്ട്. രാഹുൽ താമസിക്കുന്ന ഫ്ളാറ്റ് ഈ വാർഡിലാണ് സ്ഥിതി ചെയ്യുന്നത്. ഇവിടെ കോൺഗ്രസിന്റെ സിറ്റിംഗ് സീറ്റാണ്.

രാഹുൽ മാങ്കൂട്ടത്തിൽ എം.എൽ.എയായ ശേഷമുള്ള ആദ്യ തദ്ദേശ തിരഞ്ഞെടുപ്പാണിത്. ബംഗ്ളൂരുവിൽ താമസിക്കുന്ന 23 വയസുകാരി നൽകിയ പരാതിയുടെ അടിസ്ഥാനത്തിലെടുത്ത കേസിൽ രാഹുലിന് ഉപാധികളോടെ മുൻകൂർ ജാമ്യം ലഭിച്ചതിന് പിന്നാലെയാണ് വോട്ട് ചെയ്യാനെത്തുമെന്ന അഭ്യൂഹം സജീവമാകുന്നത്. തദ്ദേശ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ടത്തിൽ രാഹുൽ പാലക്കാട് സജീവമായിരുന്നു. പീഡനക്കേസിൽ മുഖ്യമന്ത്രിക്ക് പരാതി ലഭിച്ചതോടെയാണ് രാഹുൽ മണ്ഡലത്തിൽ നിന്ന് ഒളിവിൽ പോയത്.

# സിൽവർലൈനിന് പകരം 160കി.മി സ്പീഡിൽ ഇരട്ടപ്പാത

തിരുവനന്തപുരം: സംസ്ഥാന സർക്കാർ പ്രതീക്ഷിച്ചതു പോലെ സിൽവർലൈൻ പദ്ധതി നടപ്പാക്കാനുള്ള വഴിയടഞ്ഞതോടെ, നിലവിലെ ഇരട്ടപ്പാതയ്ക്കരികിലൂടെ 160കി.മീ വേഗമുള്ള ഇരട്ടപ്പാത നിർമ്മിക്കാനാണ് റെയിൽവേയുടെ പദ്ധതി. ഇതിനുള്ള സർവേ പൂർത്തിയാക്കി ഡി.പി.ആർ തയ്യാറാക്കുകയാണ്.

നിലവിലെ റെയിൽപ്പാതയുമായി സംയോജിപ്പിക്കാത്ത സിൽവർലൈനിനെ റെയിൽവേ എതിർത്തതാണ് വിനയായത്. മെട്രോമാൻ ഇ.ശ്രീധരനെയും ഡൽഹിയിലെ പ്രത്യേക പ്രതിനിധി പ്രൊഫ.കെ.വി.തോമസിനെയും ഇടപെടുത്തി കേന്ദ്രാനുമതി നേടിയെടുക്കാനുള്ള ശ്രമങ്ങൾ പരാജയപ്പെട്ടു. 160കി.മീ വേഗമുള്ള ഇരട്ടപ്പാത വന്നാലും യാത്രാദുരിതം തീരില്ലെന്നാണ് സംസ്ഥാന നിലപാട്. ഇതിലൂടെ ഗുഡ്സ് ട്രെയിനുകളോടിച്ചാൽ അതിവേഗ യാത്ര സാദ്ധ്യമാവില്ല. എന്നാൽ നിലവിലെ പാതയ്ക്ക് സമാന്തരമായുണ്ടാക്കുന്ന ഇരട്ടപ്പാതയെ സിൽവർലൈനെന്ന് വിളിക്കാമെന്നും, ഇതിൽ നിന്ന് 50 കി.മി ഇടവിട്ട് നിലവിലെ റെയിൽപാതയിൽ കണക്ഷൻ വേണമെന്നുമാണ് റെയിൽവേയുടെ നിലപാട്.

### ഒരു വർഷമായി അനക്കമില്ല

ഗുഡ്സും അതിവേഗ ട്രെയിനുകളും ഒരേ പാതയിലോടിക്കുക അസാദ്ധ്യമാണെന്നും സ്റ്റാൻഡേർഡ് ഗേജിലെ അതിവേഗപ്പാതയാണ് വേണ്ടതെന്നും സർക്കാർ കേന്ദ്രത്തെ അറിയിച്ച് ഒരു വർഷമായിട്ടും മറുപടിയില്ല. പ്രളയ ഭീഷണിയടക്കം ഒഴിവാക്കാൻ റെയിൽപ്പാത കൂടുതലും



തൂണുകളിലൂടെയും തുരങ്കങ്ങളിലൂടെയും കടന്നു പോവുന്നതാക്കാമെന്നും 50 കിലോമീറ്റർ ഇടവിട്ട് സ്റ്റേഷനുകളെന്നത് 30 കിലോമീറ്ററാക്കാമെന്നുമുള്ള നിർദ്ദേശത്തിലും അനക്കമില്ല. സിൽവർലൈനിനെക്കുറിച്ച് നിലവിൽ കേന്ദ്രവും സംസ്ഥാനവുമായി ആശയ വിനിമയമില്ല. പാരിസ്ഥിതിക ആഘാതം, ഭൂമിയേറ്റെടുക്കൽ കുറഞ്ഞതും ജനസാന്ദ്രത കുറഞ്ഞ പ്രദേശങ്ങളിലൂടെയുള്ളതുമായ ഇ.ശ്രീധരന്റെ ബദൽ പദ്ധതിയും കേന്ദ്രം പരിഗണിച്ചില്ല

### കേരളത്തിൽ മാത്രം വേഗപ്പാതയില്ല

- ■ ലക്ഷ്യം 15 വർഷത്തിനകം 25000 കി.മി വേഗപ്പാത
- ■ 15 അതിവേഗ, സെമിഹൈസ്പീഡ് പദ്ധതി പരിഗണനയിൽ
- ■ ഡൽഹി-മീററ്റ്. പകുതി ദൂരം 180 കിലോമീറ്റർ വേഗത
- ■ മുംബയ്-അഹമ്മദാബാദ് 350 കി.മി വേഗത
- ■ ഡൽഹി-ആൾവാർ (രാജസ്ഥാൻ) 180 കി.മി വേഗപ്പാത










# ചിത്രപ്രിയയുടെ മരണം കൊലപാതകം, കാമുകൻ അലൻ ബെന്നി അറസ്റ്റിൽ



കാലടി: മലയാറ്റൂർ മുണ്ടങ്ങാമറ്റത്ത് ഏവിയേഷൻ വിദ്യാർത്ഥിനി ചിത്രപ്രിയ (19)യുടെ മൃതദേഹം റബർ തോട്ടത്തിൽ കണ്ടെത്തിയ സംഭവത്തിൽ കാമുകൻ അറസ്റ്റിലായി. കാലടി കൊറ്റമം മൂക്കടപ്പല്ലൻ വീട്ടിൽ അലൻ ബെന്നി (21)യെ കൊലക്കുറ്റം ചുമത്തിയാണ് അറസ്റ്റ് ചെയ്തത്. ഇയാളെ ഇന്നലെ രാത്രി പെരുമ്പാവൂർ ജുഡിഷ്യൽ ഫസ്റ്റ് ക്ളാസ് മജിസ്ട്രേട്ടിന്റെ വസതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

മറ്റൊരു യുവാവുമായി ചിത്രപ്രിയ പ്രണയത്തിലാണെന്ന് സംശയിച്ച അലൻ ബൈക്കിൽ കയറ്റി റബർ തോട്ടത്തിൽ എത്തിക്കുകയും വാക്കുതർക്കത്തിനിടെ കല്ലുകൊണ്ട് തലയ്ക്കടിച്ച് വീഴ്ത്തുകയുമായിരുന്നു എന്നാണ് പ്രാഥമിക നിഗമനം.

അഞ്ചുവർഷം നീണ്ടുനിന്ന പ്രണയം പറഞ്ഞ് അവസാനിപ്പിക്കാനാണ് ചിത്രപ്രിയയും അലനും ആളൊഴിഞ്ഞ റബർ തോട്ടത്തിൽ ഒന്നിച്ചുകൂടിയതെന്ന വിവരം പോലീസിന് ലഭിച്ചിരുന്നു. വാക്കുതർക്കത്തിനിടെ ഓരോ കാരണങ്ങൾ പറഞ്ഞ് ചിത്രപ്രിയ തുരുതുരെ മുഖത്തടിച്ചതോടെ സമനില തെറ്റിയ അലൻ വെട്ടുക്കല്ല് കഷണംകൊണ്ട് തലയ്ക്കടിച്ചു. അതാണ് ചിത്രയുടെ മരണകാരണം എന്നാണ് പോലീസ് നിരീക്ഷണം. മൃതദേഹത്തിനു സമീപത്തുനിന്ന് രക്തംപുരണ്ട കല്ല് കണ്ടെത്തി. തലയോട്ടി തകർന്ന് ചോര വാർന്നാണ് ചിത്രപ്രിയ മരിച്ചതെന്നാണ് കരുതുന്നത്. മൃതദേഹം ഇന്നലെ വൈകിട്ട് നീലേശ്വരം ശാന്തിനിലയം ശ്മശാനത്തിൽ സംസ്കരിച്ചു.

മുണ്ടങ്ങാമറ്റം തുരുത്തിപ്പറമ്പിൽ ഷൈജുവിന്റെയും ഷിനിയുടെയും മകളായ ചിത്രപ്രിയയെ ശനിയാഴ്ച രാത്രിയാണ് കാണാതായത്. പരാതി ലഭിച്ചതിനു പിന്നാലെ, ചിത്രപ്രിയയുമൊത്ത് അലൻ ബൈക്കിൽ പോകുന്നതിന്റെ സി.സി.ടിവി ദൃശ്യങ്ങൾ പോലീസ് കണ്ടെടുത്തു.

പെൺകുട്ടിയെ മലയാറ്റൂരിലെ നക്ഷത്രതടാകത്തിനു സമീപം കൊണ്ടുവന്ന് വിട്ടതാണെന്ന മൊഴി രേഖപ്പെടുത്തി ഞായറാഴ്ച ഇയാളെ വിട്ടയച്ചെങ്കിലും പോലീസ് നിരീക്ഷണത്തിലായിരുന്നു. മൃതദേഹം കണ്ടെത്തിയതോടെ വീണ്ടും വിളിപ്പിച്ചു. പോലീസിന്റെ ചോദ്യങ്ങൾക്ക് മറുപടി നൽകാൻ തയ്യാറായില്ലെങ്കിലും തെളിവുകൾ നിരത്തിയപ്പോൾ കുറ്റം സമ്മതിച്ചു. പ്രതിയെ ഇന്ന് കോടതിയിൽ ഹാജരാക്കും. സി.സി.ടിവി ദൃശ്യങ്ങളാണ് നിർണായകമായത്.

ഇലക്ട്രീഷ്യനായ അലനും ചിത്രപ്രിയയും ഒരേ നാട്ടുകാരാണ്. നീലീശ്വരം എസ്.എൻ.ഡി.പി ഹൈസ്കൂളിൽ ഒമ്പതിലും പത്തിലും പഠിച്ചപ്പോഴാണ് ഇവർ പ്രണയത്തിലായതെന്ന് പോലീസ് പറഞ്ഞു. ഒന്നരവർഷം മുമ്പ് പിണങ്ങി അകന്നു. അടുത്തിടെ വീണ്ടും പ്രണയത്തിലായി. ബംഗ്ളൂരുവിൽ പഠിക്കുന്ന ചിത്രപ്രിയയ്ക്ക് മറ്റൊരു പ്രണയമുണ്ടെന്ന സംശയം ബന്ധത്തിൽ വിള്ളലുണ്ടാക്കി. പലപ്പോഴും തർക്കങ്ങളുണ്ടായി. സംഭവദിവസം ചിത്രപ്രിയ ഫോണെടുക്കാത്തതിലും സംശയമുണ്ടായിരുന്നു. ഇക്കാര്യമടക്കം ചോദിക്കുന്നതിനാണ് റബർ തോട്ടത്തിൽ എത്തിച്ചത്. താനുമായി പ്രണയത്തിലായതിനാൽ സുഹൃത്തുക്കൾ വിട്ടുപോയെന്നും മറ്റും പറഞ്ഞ് ചിത്രപ്രിയ പലവട്ടം മുഖത്തടിച്ചതിന്റെ ദേഷ്യത്തിനാണ് കല്ലുകൊണ്ട് തലയ്ക്കടിച്ചതെന്നാണ് അലന്റെ മൊഴി. നിർണായകമായ സി.സി.ടിവി ദൃശ്യത്തിൽ മറ്റൊരു ബൈക്കിൽ രണ്ടുപേർകൂടി പോയിരുന്നതായി കാണുന്നെങ്കിലും അവർക്ക് സംഭവവുമായി ബന്ധമില്ലെന്നാണ് പോലീസ് പറയുന്നത്.

വടകരയിൽ താമസിക്കുന്ന വല്യച്ചന്റെ കൊച്ചുമകളുടെ പിറന്നാൾ ആഘോഷത്തിനായി ഈമാസം മൂന്നിനാണ് ചിത്രപ്രിയ ബംഗ്ളൂരുവിൽ നിന്ന് എത്തിയത്. ശനിയാഴ്ച അയ്യപ്പസേവാസംഘം നടത്തിയ അയ്യപ്പൻവിളക്ക് കാണാൻ മാതാപിതാക്കൾ പോയപ്പോഴാണ് അലനൊപ്പം പോയത്. മാതാവ് ഷിനിയുടെ കാറ്ററിംഗ് ടീമിലുള്ളവർ നടത്തിയ തെരച്ചിലിലാണ് ചൊവ്വാഴ്ച ഉച്ചയ്ക്ക് 2.30ന് സെബിയൂർ കൂരാപ്പിള്ളിക്ക് സമീപത്തെ തോട്ടത്തിൽ മൃതദേഹം കണ്ടെത്തിയത്. പെൺകുട്ടിയുടെ വീട്ടിൽ നിന്ന് ഒരു കിലോമീറ്റർ അകലെയാണ് ഈ സ്ഥലം.

## താലവും സാരിയും ഒരുക്കിവച്ചു; ചിത്ര പോയത് മരണത്തിലേക്ക്

കാലടി: താലപ്പൊലിയിൽ പങ്കെടുക്കാൻ ചിത്രപ്രിയയ്ക്കുള്ള സെറ്റ് സാരിയും താലവുമെല്ലാം ഒരുക്കിവച്ചാണ് അമ്മ ഷിനിയും പിതാവ് ഷൈജുവും മുണ്ടങ്ങാമറ്റത്ത് അയ്യപ്പസേവാസംഘം നടത്തിയ അയ്യപ്പൻ വിളക്ക് കാണാൻ പോയത്. 7.30ന് ആരംഭിക്കുന്ന താലപ്പൊലിക്ക് മകൾ എത്താത്തതിനെ തുടർന്ന് ഫോണിൽ വിളിച്ചെങ്കിലും കിട്ടിയില്ല. പരിപാടിയെല്ലാം കഴിഞ്ഞ് മാതാപിതാക്കൾ വീട്ടിൽ എത്തിയപ്പോഴും മകൾ എത്തിയിരുന്നില്ല. മൂന്നു ദിവസം കഴിഞ്ഞ് മൃതദേഹം കിട്ടിയപ്പോഴാണ് താലപ്പൊലിക്ക് വരാതെ അവൾ പോയത് മരണത്തിലേക്കാണെന്ന് മാതാപിതാക്കൾ തിരിച്ചറിഞ്ഞത്.

പഠനത്തിലും പാഠ്യേതര വിഷയങ്ങളിലും സ്പോർട്സിലും മിടുക്കിയായിരുന്നു. വോളിബാൾ, ഷട്ടിൽ, ബാസ്കറ്റ് ബാൾ എന്നിവയിലെല്ലാം നിരവധി നേട്ടങ്ങൾ സ്വന്തമാക്കിയിട്ടുണ്ട്. പത്താം ക്ലാസുവരെ നീലീശ്വരം എസ്.എൻ.ഡി.പി സ്കൂളിലായിരുന്നു പഠനം. ബാസ്കറ്റ്ബാളിൽ താത്പര്യമുള്ളതിനാൽ പ്ലസ് വണ്ണിന് കോലഞ്ചേരി സെന്റ് പീറ്റേഴ്സിലേക്ക് മാറി. അവിടെ ഹോസ്റ്റലിൽ നിന്നായിരുന്നു പഠനം. ഏറെ കൊതിച്ച ഏവിയേഷൻ കോഴ്സിന് അഡ്മിഷൻ ലഭിച്ചാണ് ബംഗളൂരുവിലേക്ക് പോയത്.

ശനിയാഴ്ച രാത്രി 11ന് മകളെ കാണാതായ ആശങ്കയിൽ അലനെ ചിത്രപ്രിയയുടെ പിതാവ് ഷൈജു വിളിച്ചിരുന്നു. ഇരുവരും തമ്മിലുള്ള ബന്ധം ചിത്രയുടെ മാതാപിതാക്കൾക്ക് അറിയാമായിരുന്നു. തങ്ങൾ ഏഴരയോടെ പിരിഞ്ഞെന്നും പ്രണയബന്ധം അവസാനിപ്പിച്ചെന്നുമാണ് അലൻ പറഞ്ഞത്.

റബർ തോട്ടത്തിൽ നിന്ന് ബിയർ കുപ്പികൾ കണ്ടെത്തിയിരുന്നു. അലൻ മദ്യലഹരിയിലാണ് ചിത്രപ്രിയയെ ആക്രമിച്ചതെന്നാണ് വിവരം. ഒന്നിലധികം തവണ കല്ലിന് അടിച്ചതിനാൽ തലയ്ക്കു പിന്നിൽ ഗുരുതര പരിക്കുണ്ടായിരുന്നു. ചിത്രപ്രിയയുടെ ദേഹത്തും മുറിവുകൾ ഉണ്ടായിരുന്നു.









# ഫെഡറലിസത്തെ തട്ടിക്കളിക്കാൻ ഗവർണർമാർ

കനക സിംഹാസനത്തിൽ കയറിയിരിക്കുന്നവൻ 'ശുംഭൻ' ആയി മാറുന്നതിലെ അസ്വസ്ഥത പ്രകടമാക്കുന്ന പഴയ സിനിമാ ഗാനം ഇടയ്ക്കിടെ മലയാളികളെക്കൊണ്ട് പാടിച്ചു രസിക്കുന്നു കേരള ഗവർണർ രാജേന്ദ്ര അർലേർക്കർ. ആരിഫ് മുഹമ്മദ് ഖാൻ തുടങ്ങിവച്ച ഇടങ്കോലിടൽ പ്രക്രിയ പിൻഗാമിയായ അർലേർക്കർ അഭംഗുരം തുടരുന്നതിനു പരിഹാരം തേടി സുപ്രീം കോടതി വരെ പോയിട്ടും ഫലം കാണാനാകുന്നില്ല പിണറായി സർക്കാരിന്. നിയമസഭ പാസാക്കിയ ബില്ലുകളുടെ ഭാവി അനിശ്ചിതത്വത്തിലാക്കുന്നതിനു പുറമേ സർക്കാരിന്റെ ഇംഗിതം നോക്കാതെ വി.സി. നിയമനങ്ങൾ താൻ നടത്തുമെന്ന പിടിവാശി തുടരുന്നു ഗവർണർ.



കെ.ടി.യു, ഡിജിറ്റൽ സർവകലാശാല വി.സി നിയമനവുമായി ബന്ധപ്പെട്ട വിഷയത്തിൽ ചർച്ചകൾ തുടരുകയാണെന്നാണ്, ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ. ബിന്ദുവിനൊപ്പം ഗവർണർ രാജേന്ദ്ര അർലേക്കറെ കണ്ട ശേഷം നിയമ മന്ത്രി പി. രാജീവ് പറഞ്ഞത്. വി.സി നിയമനത്തിൽ വിട്ടുവീഴ്ചയ്ക്കില്ലെന്ന് ഗവർണറും സംസ്ഥാന സർക്കാരും വ്യക്തമാക്കിയതോടെ അനുനയ നീക്കങ്ങൾ പൊളിഞ്ഞെന്ന് ഇതോടെ വ്യക്തമായി. വി.സി നിയമനത്തിനായി സർക്കാരും ഗവർണറും മുന്നോട്ട് വെച്ചത് വ്യത്യസ്ത പേരുകളായിരുന്നു. താൻ നിശ്ചയിച്ച വൈസ് ചാൻസലർമാർ യോഗ്യരാണെന്ന് പറഞ്ഞ ഗവർണർ, 'മുഖ്യമന്ത്രി എവിടെ' യെന്ന് മന്ത്രിമാരോട് ചോദിച്ചു. വി.സിമാരുടെ മുൻഗണനാ ക്രമം മുഖ്യമന്ത്രി തീരുമാനിച്ചത് എങ്ങനെ എന്ന ചോദ്യത്തിന് തനിക്ക് ഉത്തരം കിട്ടിയിട്ടില്ലെന്നും ഗവർണർ പറഞ്ഞു.

വി.സി നിയമന തർക്കത്തിൽ സുപ്രീംകോടതി കടുത്ത നിലപാടെടുത്ത പശ്ചാത്തലത്തിലാണ് സർക്കാർ അനുനയ നീക്കത്തിന് ശ്രമിച്ചത്. തർക്കം അവസാനിക്കാത്തതിൽ കേസ് പരിഗണിച്ച ജസ്റ്റിസ് ജെബി പർദിവാലയുടെ നേതൃത്വത്തിലുള്ള ബഞ്ച് കടുത്ത അതൃപ്തി പ്രകടിപ്പിച്ചിരുന്നു. ജസ്റ്റിസ് ധൂലിയ സമിതി നൽകിയ പട്ടികയുടെ അടിസ്ഥാനത്തിൽ സമവായം ഉണ്ടായില്ലെങ്കിൽ വി.സി നിയമനം നേരിട്ട് ഏറ്റെടുക്കുമെന്നും സുപ്രീംകോടതി വ്യക്തമാക്കി.

വി.സി നിയമനത്തിന് സുപ്രീംകോടതി ജസ്റ്റിസ് സുധാൻഷു ധൂലിയ അധ്യക്ഷനായ രണ്ട് സെർച്ച് കമ്മിറ്റികളാണ് രൂപവത്കരിച്ചിരുന്നത്. രണ്ട് സമിതികളും നൽകിയ പട്ടികയുടെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ ശിപാർശ ഗവർണർക്ക് നൽകിയെങ്കിലും നിയമനം നടന്നിരുന്നില്ല. മുഖ്യമന്ത്രിയുടെ ശിപാർശക്കെതിരെ ഗവർണർ കഴിഞ്ഞ ദിവസം സുപ്രീംകോടതിയിൽ പുതിയ സത്യവാങ്മൂലം നൽകി. സാങ്കേതിക സർവകലാശാല വി.സിയായി സിസ തോമസിനെയും ഡിജിറ്റൽ സർവകലാശാല വി.സിയായി ഡോ. പ്രിയ ചന്ദ്രനെയും നിയമിക്കണമെന്നാണ് ഗവർണറുടെ ആവശ്യം. അതേസമയം, യഥാക്രമം സി. നിതീഷ് കുമാർ, സജി ഗോപിനാഥ് എന്നിവരുടെ പേരുകളാണ് മുഖ്യമന്ത്രി മുന്നോട്ട് വച്ചിട്ടുള്ളത്.

## ഇടങ്കോലിടൽ

തിരഞ്ഞെടുക്കപ്പെട്ട സർക്കാരിന്റെ തീരുമാനത്തെ തടയാൻ നോമനേറ്റ് ചെയ്യപ്പെട്ട ഗവർണർക്ക് എന്ത് അധികാരം എന്ന ലളിതമായ ചോദ്യമാണ് നിയതമായ ഉത്തരമില്ലാതെ ഇതിനിടെ അവശേഷിക്കുന്നത്. 'പരമാധികാരമുള്ള ജനത പരമമായ ജനേച്ഛയിൽ പ്രവർത്തിക്കുന്നത് തടയാൻ എന്തിനാണ് ഗവർണർ എന്നകെട്ടുകാഴ്ചയെ സഭയുടെ പൂമുഖത്ത് പ്രതിഷ്ഠിച്ചിരിക്കുന്നത്?' ഡോ. സെബാസ്റ്റ്യൻ പോൾ ഈയിടെ ഒരു ലേഖനത്തിലെഴുതി. നയപ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഭൂരിപക്ഷകക്ഷിക്ക് സുഗമമായി ഭരണം നടത്താൻ കഴിയാത്ത വിധം ഭരണഘടന തന്നെ ഇട്ടിരിക്കുന്ന ഇടങ്കോലാണ് അനുച്ഛേദം 200 എന്നും ചൂണ്ടിക്കാട്ടി അദ്ദേഹം.

അനുച്ഛേദം 143 പ്രകാരമുള്ള രാഷ്ട്രപതിയുടെ റഫറൻസും സുപ്രീംകോടതിയുടെ അഭിപ്രായവും സങ്കീർണമായ ഒരു നിയമപ്രശ്നത്തിന് കാരണമായിരിക്കുന്നു. ഭരണഘടനാ ധാർമികതയെ മുറുകെപ്പിടിച്ചുകൊണ്ടല്ലാതെ, ഇന്ത്യൻ ഫെഡറലിസത്തിന്റെ അതിജീവനം അസാധ്യമാണെന്ന് ഷംഷേർ സിംഗ് കേസിൽ ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യരുടെ നേതൃത്വത്തിലുള്ള സുപ്രീം കോടതി ബഞ്ചിന്റെ വിധി പ്രസ്താവത്തിലുണ്ടായിരുന്നു. കേന്ദ്ര സംസ്ഥാന ബന്ധത്തെപ്പറ്റിയുള്ള ഏത് സംവാദത്തിന്റെയും ആമുഖമായി ഇത് ചേർക്കാം. യഥാർഥ അധികാരം ജനപ്രതിനിധികളിൽ നിക്ഷിപ്തമാണെന്ന് പല തവണ സുപ്രീം കോടതി വ്യക്തമാക്കിയിട്ടുമുണ്ട്.

ഗവർണറുടെ അധികാരങ്ങളും ഒപ്പം പരിമിതികളും എന്താണെന്ന് ഭരണഘടനയിൽ വ്യക്തമാണ്. എന്നാലപ്പോഴാകട്ടെ, ചില ഗവർണർമാർ അധികാരപരിധി കടക്കുകയും സഭ പാസ്സാക്കുന്ന ബില്ലുകൾ തടഞ്ഞുവെച്ച് നിയമനിർമാണത്തെ അട്ടിമറിക്കുകയും ചെയ്യുന്നുവെന്ന് പല നിയമജ്ഞരും ചൂണ്ടിക്കാട്ടുന്നു. പഞ്ചാബ്, തമിഴ്നാട്, കേരളം, തെലങ്കാന തുടങ്ങിയ സംസ്ഥാനങ്ങൾ സുപ്രീം കോടതിയെ സമീപിക്കുകയുണ്ടായി. പഞ്ചാബ് കേസിൽ ഗവർണർക്കെതിരായി വിധി വന്നു. തമിഴ്നാട് കേസിൽ ഗവർണറെ രൂക്ഷമായി വിമർശിച്ച സുപ്രീം കോടതി, ഒരു പടികൂടി കടന്ന് ഗവർണർ തടഞ്ഞുവെച്ച ബില്ലുകൾ സുപ്രീം കോടതിയുടെ അധികാരമുപയോഗിച്ച് നിയമമായി പ്രഖ്യാപിക്കുകയും ചെയ്തു. ബില്ലുകളിൽ തീരുമാനം കൈക്കൊള്ളാൻ ഗവർണർ, രാഷ്ട്രപതി എന്നിവർക്ക് സമയപരിധിയും നിശ്ചയിച്ചു. തമിഴ്നാടിന്റെ വിധി തങ്ങൾക്കും ബാധകമാക്കണമെന്ന് കേരളം നിലപാടെടുത്തു.

സംസ്ഥാനങ്ങളുടെ നിയമനിർമാണാധികാരത്തെ സംബന്ധിച്ച് അതീവ പ്രാധാന്യമുള്ള ഈ വിധി തങ്ങളുടെ താത്പര്യങ്ങൾക്ക് വിഘാതമാകും എന്ന് കരുതുന്ന മോദി സർക്കാർ, രാഷ്ട്രപതിയുടെ റഫറൻസ് എന്ന മാർഗം സ്വീകരിച്ചു. സുപ്രീം കോടതിയാകട്ടെ ആ മാർഗത്തിന് വഴങ്ങുകയും ചെയ്തു. ഗവർണർമാരുടെ അമിതാധികാരവാഴ്ചയെ തടഞ്ഞു കൊണ്ടുള്ള സുപ്രീം കോടതി രണ്ടംഗ ബഞ്ചിന്റെ വിധി ഇതോടെ ദുർബലാവസ്ഥയിലായി. നിയമനിർമാണവുമായി ബന്ധപ്പെട്ട് നിയമസഭയ്ക്കുള്ള പരമാധികാരം, അനുച്ഛേദം 200 വ്യക്തമാക്കുന്നു. സഭ പാസ്സാക്കുന്ന ബില്ല് ഗവർണർ അംഗീകരിക്കുകയോ വയോജനക്കുറപ്പോടെ തിരിച്ചയക്കുകയോ രാഷ്ട്രപതിയുടെ പരിഗണനക്കയക്കുകയോ ചെയ്യണം. മടക്കിയയച്ച ബില്ല് സഭ വീണ്ടും പാസ്സാക്കി അയച്ചാൽ, ഗവർണർ അത് ഒപ്പുവെക്കണം എന്നതാണ് വ്യവസ്ഥ.

തമിഴ്നാട് നിയമസഭ പാസ്സാക്കിയ പത്ത് ബില്ലുകൾ ഗവർണർ തടഞ്ഞുവെച്ചത് നിയമ പോരാട്ടത്തിന് കാരണമാകുകയും സുപ്രീം കോടതി ശക്തമായ നിലപാട് സ്വീകരിക്കുകയും ചെയ്തു. 2020–2023 കാലയളവിൽ നിരവധി ബില്ലുകൾ തടഞ്ഞുവെച്ച ഗവർണറുടെ നടപടി ഭരണഘടനാവിരുദ്ധമെന്ന് 2025 ഏപ്രിലിൽ വിധിച്ചു. അനുച്ഛേദം 142 പ്രകാരം സുപ്രീം കോടതിയുടെ പ്രത്യേകാധികാരം വിനയോഗിച്ച് ആ ബില്ലുകൾ അംഗീകരിക്കപ്പെട്ടതായി പ്രഖ്യാപിച്ചു.

## 'പരമാവധി വേഗം'

ഭരണഘടനാ രൂപവത്കരണ സംവാദത്തിൽ ഇടപെട്ടുകൊണ്ട് ഡോ. ബി. ആർ അംബേദ്കർ 'ഗവർണർ' ഒരു ആലങ്കാരിക പദവി മാത്രമാണെന്നും ഗവർണർക്ക് പ്രത്യേകമായോ സ്വന്തം തീരുമാനത്തിന്റെ അടിസ്ഥാനത്തിലോ വിവേചനാധികാരത്തോടെയോ നിർവഹക്കേണ്ട ഒരു ചുമതലയും ഇല്ല എന്നും ഓർമിപ്പിച്ചു. ഗവർണറുടെയും രാഷ്ട്രപതിയുടെയും തീരുമാനങ്ങളെ ജുഡീഷ്യൽ റിവ്യൂ നടത്തിയ ധാരാളം വിധിന്യായങ്ങൾ നിയമത്തിന്റെ ഭാഗമായിട്ടുണ്ട്. അനുച്ഛേദം 356 പ്രകാരമുള്ള രാഷ്ട്രപതിയുടെ അധികാരം പോലും അനിയന്ത്രിതമോ ജുഡീഷ്യൽ റിവ്യൂവിന് പുറത്തോ അല്ലെന്ന് എസ്.ആർ. ബൊമ്മൈ കേസിൽ സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്. ഗവർണർ ഏകപക്ഷീയമായി പ്രവർത്തിക്കുകയും തിരഞ്ഞെടുക്കപ്പെട്ട സർക്കാരുകൾക്കെതിരെ റിപ്പോർട്ട് നൽകുകയും രാഷ്ട്രപതി സർക്കാരിനെ പിരിച്ചുവിടുകയും ചെയ്യരുതെന്ന് കോടതി വിധിച്ചു. സഭയിലെ ഭൂരിപക്ഷമാണ് സർക്കാരിനെ നിർണയിക്കുന്ന ഘടകം. ഗവർണറുടെയോ രാഷ്ട്രപതിയുടെയോ ആത്മനിഷ്ഠാപരമായ തീരുമാനങ്ങൾ ഇവിടെ പ്രസക്തമല്ലെന്നർഥം.

പല സംസ്ഥാനങ്ങളിലും നിയമനിർമാണ പ്രക്രിയയിൽ ഗവർണറുടെ തെറ്റായ ഇടപെടൽ സംഭവിച്ചത് മുമ്പു തന്നെ വിവാദമായിട്ടുണ്ട്. ഒരു ബില്ല് ഗവർണറുടെ മുന്നിലെത്തിയാൽ പരമാവധി വേഗത്തിൽ തീരുമാനമെടുക്കണമെന്നാണ് ഭരണഘടന നിഷ്കർഷിക്കുന്നത്. എന്നാൽ തമിഴ്നാട് കേസിലൂടെ ബില്ലുകൾക്ക് മേൽ തീരുമാനമെടുക്കുന്ന 'പരമാവധി വേഗം' എന്നതിനെ കോടതി കൃത്യമായി നിർവചിച്ചു. ഗവർണർ മൂന്ന് മാസത്തിനുള്ളിൽ തീരുമാനമെടുത്തില്ലെങ്കിൽ, ആ ബില്ല് അംഗീകരിക്കപ്പെട്ടതായി കണക്കാക്കും. ബില്ല് തിരിച്ചയച്ചാൽ, നിയമസഭ വീണ്ടും പാസ്സാക്കി അയക്കുമ്പോൾ ഗവർണർ അതിന് ഒരു മാസത്തിനകം അംഗീകാരം നൽകണം. രാഷ്ട്രപതിക്ക് വിടുകയാണെങ്കിൽ രാഷ്ട്രപതി മൂന്ന് മാസത്തിനകം തീരുമാനമെടുക്കണം.

ഒരു ബില്ല് തന്നെ രണ്ട് തവണ രാഷ്ട്രപതിക്ക് വിടാൻ പാടില്ല. പിന്നീട് സഭ പാസ്സാക്കിയ ബില്ലിൽ വ്യത്യാസമുണ്ടെങ്കിൽ മാത്രമേ രാഷ്ട്രപതിക്ക് അയക്കാനാകൂ. ബില്ലുകളിൽ തീരുമാനമെടുക്കാതെ അനന്തമായി നീട്ടിവെച്ചാൽ ഗവർണറുടെ നടപടി ജുഡീഷ്യൽ റിവ്യൂവിനു വിധേയമാക്കും.

പഞ്ചാബ് കേസിന്റെ വിധിയിൽ ഗവർണറുടെ അധികാരത്തിന്റെ പരിമിതി വ്യക്തമാക്കിയിട്ടും അതൊന്നും പരിഗണിക്കാതിരുന്ന തമിഴ്നാട് ഗവർണറുടെ നടപടിയും കോടതിയെ ചൊടിപ്പിച്ചു. ബിൽ പാസ്സാക്കുന്ന വിഷയത്തിൽ കാലതാമസം വരുത്തി, നിയമസഭയെ മറികടക്കാനാകില്ല. ഭരണഘടനാപരമായ അധികാരം എന്നത് സംസ്ഥാനത്തിന്റെ നിയമനിർമാണത്തെ തടസ്സപ്പെടുത്തുന്നതിന് വിനിയോഗിക്കാൻ പാടില്ലെന്നും ഗവർണറെ ഓർമിപ്പിച്ചു. സംസ്ഥാനത്തിന്റെ പ്രതീകാത്മക തലവനായ ഗവർണർ നിയമനിർമാണത്തിന്റെ നടപടിക്രമങ്ങളെ മറികടക്കരുത്. യഥാർഥ അധികാരം ജനപ്രതിനിധികളിൽ നിക്ഷിപ്തമാണെന്നും വിധി ഓർമിപ്പിച്ചു.

## റഫറൻസ്

തമിഴ്നാട്ടിലെ കേസിന്റെ വിധിയുടെ പശ്ചാത്തലത്തിൽ മറ്റു സംസ്ഥാനങ്ങളും സുപ്രീം കോടതിയിൽ വിഷയം ഉന്നയിച്ചു. വിധി രാജ്യവ്യാപകമായി നടപ്പാക്കേണ്ടി വരും എന്ന് കണ്ടപ്പോഴാണ് കേന്ദ്ര സർക്കാർ രാഷ്ട്രപതിയെ ഇടപെടുവിച്ചത്. അനുച്ഛേദം 143(1) പ്രകാരം ഏതൊരു നിയമ പ്രശ്നമോ ഏതൊരു വസ്തുത സംബന്ധിച്ച പൊതുപ്രാധാന്യമുള്ള പ്രശ്നമോ ഉയരുമ്പോൾ രാഷ്ട്രപതിക്ക് സുപ്രീം കോടതിയുടെ അഭിപ്രായം തേടാം. അങ്ങനെയെത്തുന്ന വിഷയങ്ങൾ കോടതി കേൾക്കുകയും അതിനെക്കുറിച്ചുള്ള അഭിപ്രായം നൽകുകയും ചെയ്യുന്നു. അത് ഉപദേശം മാത്രമാണ്, സുപ്രീം കോടതി വിധിയുടെ സ്വഭാവമുണ്ടാകില്ല.



ബാബു കദളിക്കാട്

അനുച്ഛേദം 200 അനുസരിച്ച് ബില്ല് പരിഗണനയ്ക്ക് വന്നാൽ ഗവർണറുടെ ഭരണഘടനാപരമായ വഴികൾ എന്തൊക്കെയെന്ന് രാഷ്ട്രപതി ആരാഞ്ഞു. ഇതിൽ സംസ്ഥാന മന്ത്രിസഭയുടെ ഉപദേശത്തിന് ഗവർണർ ബാധ്യസ്ഥനാണോ, ബില്ലുകളിൽ വിവേചനാധികാരം പ്രയോഗിക്കുമ്പോൾ കോടതിക്ക് ഇടപെടാനാകുമോ, ഗവർണർ ബില്ലുകളിൽ സ്വീകരിക്കുന്ന നടപടികളിൽ ജുഡീഷ്യൽ റിവ്യൂ സാധ്യമാണോ, നിയമപരമായ നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിന് ഗവർണർക്കും രാഷ്ട്രപതിക്കും സമയപരിധി നിശ്ചയിക്കാൻ സാധിക്കുമോ, വിവേചനാധികാരം പ്രയോഗിച്ച് രാഷ്ട്രപതിയും ഗവർണറും എടുക്കുന്ന തീരുമാനത്തിൽ അനുച്ഛേദം 142 പ്രകാരം സുപ്രീം കോടതിക്ക് മാറ്റം വരുത്താനാകുമോ തുടങ്ങിയ കാര്യങ്ങളാണ് വന്നത്.

കേന്ദ്ര സർക്കാർ ആഗ്രഹിച്ച മറുപടിയാണ് സുപ്രീം കോടതിയുടേതെന്ന് വിമർശനമുണ്ടായി. ഗവർണറുടെ പ്രവർത്തനങ്ങൾ കോടതിയിൽ ചോദ്യം ചെയ്യാനാകില്ല, എന്നാൽ ബില്ലിൽ തീരുമാനമെടുക്കുന്നത് വൈകിയാൽ കോടതിക്ക് ഇടപെടാം, ബില്ലുകളുടെ കാര്യത്തിൽ ഗവർണർ സ്വീകരിക്കുന്ന നടപടികൾക്ക് മേൽ അനുച്ഛേദം 361 പ്രകാരം പരിരക്ഷ ഉണ്ട്, ജുഡീഷ്യൽ റിവ്യൂ സാധ്യമല്ല എന്നിങ്ങനെ മറുപടി വന്നു. ഭരണഘടനാ പദവി വഹിക്കുന്നവരുടെ തീരുമാനങ്ങളിൽ സമയപരിധി ഏർപ്പെടുത്താനാകില്ല. വിവേചനാധികാരം പ്രയോഗിച്ച് രാഷ്ട്രപതിയും ഗവർണറും എടുക്കുന്ന തീരുമാനത്തിൽ അനുച്ഛേദം 142 പ്രകാരം സുപ്രീം കോടതിക്ക് മാറ്റം വരുത്താനാകില്ല. ഗവർണറുടെ അനുമതിയില്ലാതെ നിയമസഭ പാസ്സാക്കുന്ന നിയമം പ്രാബല്യത്തിൽ വരുത്താൻ കഴിയില്ലെന്നും കോടതി അഭിപ്രായപ്പെട്ടു.

ജനാധിപത്യവാദികളെ മുഴുവൻ നിരാശപ്പെടുത്തുന്നതാണ് ഈ മറുപടി. ബി.ജെ.പി ഇതര സംസ്ഥാന സർക്കാരുകളുടെ അവകാശങ്ങളെ കടന്നാക്രമിക്കുന്നതിനും ഗവർണർമാരുടെ ധാർഷ്ട്യത്തിനും ഭരണഘടനാ വിരുദ്ധമായ അധികാരപ്രയോഗങ്ങൾക്കും ശക്തിപകരുമിത്. ബില്ലുകൾ തടഞ്ഞുവെക്കുകയും നീണ്ടകാലം ലോക്ഭവനിലോ രാഷ്ട്രപതി ഭവനിലോ ബില്ലുകൾ അമർന്നുപോകുകയും ചെയ്യും. ബില്ലുകൾക്ക് മേൽ നീണ്ടകാലം തീരുമാനം കൈക്കൊണ്ടില്ലെങ്കിൽ കോടതിക്ക് ഇടപെടാം എന്ന് സുപ്രീം കോടതി പറഞ്ഞത് പ്രതീക്ഷയ്ക്ക് വക നൽകുന്നുണ്ട്. പക്ഷേ 'നീണ്ട കാലം' എന്നതിന്റെ നിർവചനം പറഞ്ഞിട്ടില്ലെന്നിരിക്കേ അതേച്ചൊല്ലിയും ആശയക്കുഴപ്പം ബാക്കിയാണ്.

# വിവാദങ്ങൾ ഇലപൊഴിച്ച ഒരു വോട്ട് കാലം

വിവാദങ്ങൾ പെയ്തൊഴിയാത്ത ഒരു തെരഞ്ഞെടുപ്പ് പ്രചാരണക്കാലത്ത് കേരളം തെക്കും വടക്കുമായി വിധിയെഴുതുന്ന ഓരോ മണിക്കൂറിലും ചുറ്റുമുള്ള യഥാർത്ഥ ചിത്രം മനസ്സിരുത്തി കാണാൻ ആർക്കും കിട്ടിയില്ല സമയം! തെരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിച്ച ശേഷം കേരളീയ പൊതുസമൂഹത്തിലേക്ക് പൊട്ടിവീണ വിഷയങ്ങൾ ഒന്നും സാമാന്യജനത്തെ നേരിട്ട് ബാധിക്കുന്നവ ആയിരുന്നില്ല. എന്നാൽ, സദാചാര ധാർമികത ചോദ്യം ചെയ്യപ്പെടുകയും അതിന്മേൽ സംവാദങ്ങൾ യഥേഷ്ടം നടത്തുകയും ചെയ്ത ഒരു വോട്ട് രാജ്യമായി കേരളം അല്പകാലത്തേക്ക് മാറി.

നേട്ടങ്ങളും കോട്ടങ്ങളും ഭരണപ്രതിപക്ഷ മുന്നണികൾ അക്കമിട്ട് നിരത്തേണ്ട ഒരു പോരാട്ട കാലത്താണ് മലയാളികൾ, ഒരു ത്രില്ലർ സിനിമ കാണുംപോലെയോ ക്രൈം ഫയൽ വായിക്കുമ്പോലെയോ നിഷ്ഠൂരതയുടെയും നിഗൂഢതയുടെയും ചേരുവകളുള്ള കഥകളിൽ മുഴുകിപ്പോയത്. ഭരണനേട്ടങ്ങൾ നിരത്താൻ ഒരു പതിറ്റാണ്ടായി ഭരണത്തിലുള്ള ഇടതു സർക്കാരിനോ ഭരണവീഴ്ചകൾ അക്കമിട്ട് പറയാൻ പ്രതിപക്ഷത്തിനോ സ്ഥലവും സൗകര്യവും കിട്ടാതെ പോയ ഒരു തെരഞ്ഞെടുപ്പ്കാലം.

വിവാദങ്ങൾ പലപ്പോഴും സർക്കാരിനെ രക്ഷിക്കുന്ന കാഴ്ചയാണ് നാം കണ്ടത്. ആ വിവാദങ്ങൾ ബോധപൂർവ്വം സൃഷ്ടിച്ചെടുത്തതാണെന്ന് കരുതാനും വയ്യ. എവിടെയും നമുക്ക് ആരോപിക്കാവുന്നതുപോലെ ഒരു ഗൂഢാലോചന സിദ്ധാന്തം ഈ വിവാദങ്ങൾക്ക് പിന്നിലുമുണ്ടെന്ന് കരുതി ക്കൂടാ. എന്നാൽ ചില കണക്കുകൂട്ടലുകളിലൂടെ വിവാദങ്ങൾ കത്തിപ്പടരേണ്ട സമയം സർക്കാർ തന്നെ കുറിച്ചിട്ടതാണെന്ന് വിശ്വസിക്കുന്നവരും നമുക്കിടയിലുണ്ട്.



ശബരിമല സ്വർണ്ണക്കൊള്ള ഒന്നുമാത്രം മതി സർക്കാരിന്റെ സകല നേട്ടങ്ങളെയും ഇല്ലാതാക്കാൻ എന്ന് കരുതിയിരിക്കുമ്പോഴാണ് സ്ത്രീപീഡന കേസുമായി കോൺഗ്രസ് എം.എൽ.എ രാഹുൽ മാങ്കൂട്ടത്തിന്റെ വീഴ്ച. കോൺഗ്രസ് ഒന്ന് ഞെട്ടി. പിന്നെ കണ്ടത് അവർക്കുള്ളിൽ നിന്ന് മറനീക്കി വന്ന ഗ്രൂപ്പ് രാഷ്ട്രീയവും. നിലക്കാത്ത ചർച്ചയിലേക്ക് കാര്യങ്ങൾ നീങ്ങി. കേസ് മുറുകിയപ്പോൾ അയാൾ മുങ്ങി. അതും സതീശന് തിരിച്ചടിയായി. കേരള പോലീസിന്റെ മൂക്കിന് കീഴിലൂടെ കേസിൽ പ്രതിയായ എം.എൽ.എ സംസ്ഥാനം വിട്ടത് സി.പി.എമ്മിനെക്കാൾ വെട്ടിലാക്കിയത് കോൺഗ്രസിനെ. മാങ്കൂട്ടം കീഴടങ്ങാത്ത ഓരോ നിമിഷവും സതീശന്റെ നെഞ്ചിടിപ്പ് കൂടി.

പോളിംഗ് ദിനത്തിലേക്ക് വിവാദം വലിച്ചു നീട്ടാൻ സർക്കാരിന് കഴിയുമെന്ന് കോൺഗ്രസിന് ബോധ്യമായി. എന്നാൽ പാർട്ടിയിൽ തന്നോട് വിയോജിപ്പുള്ള ഒരു വിഭാഗം നേതാക്കൾ ഉണ്ടെന്ന് തിരിച്ചറിയുന്ന മാങ്കൂട്ടം പെട്ടെന്ന് പിടി കൊടുക്കാനും ഒരുക്കമായില്ല. കോടതിയിൽ നിന്ന് കിട്ടിയ ഇടക്കാല ആശ്വാസത്തിന്റെ സുരക്ഷയിൽ അയാൾ ഒളിവിൽ തന്നെ കഴിയുമ്പോഴാണ് മറ്റൊരു ബോംബ് കോൺഗ്രസ് ക്യാമ്പിൽ പൊട്ടിവീണത്. തന്നെ ക്രൂരമായി പീഡിപ്പിച്ചു എന്ന പരാതിയുമായി ഒരു 23യുടെ രംഗപ്രവേശം. ബെംഗളൂരു സ്വദേശിനിയായ 23 കാരിയെ വിവാഹവാഗ്ദാനം നൽകി പീഡിപ്പിച്ചെന്ന് രണ്ടാമത്തെ കേസ്. താൻ നേരിട്ടത് ക്രൂരമായ ലൈംഗികാതിക്രമമാണെന്ന് അതിജീവിത മൊഴി നൽകി.

വിവാഹവാഗ്ദാനം നൽകി ബന്ധം സ്ഥാപിച്ച രാഹുൽ, അതിക്രൂരമായി തന്നെ ബലാത്സംഗം ചെയ്തതായാണ് അതിജീവിത എസ്ഐടിക്ക് മൊഴി നൽകിയത്. അതോടെ, എന്നും രാവിലെ സ്വന്തം എം.എൽ.എയെ തള്ളിപ്പറയുന്ന ഗതികേടിലേക്ക് കെ.മുരളീധരൻ ഉൾപ്പെടെയുള്ള കോൺഗ്രസ് നേതാക്കൾ എത്തിച്ചേർന്നു. സി.പി.എം ക്യാമ്പ് ഇതെല്ലാം കണ്ടു ഊറിച്ചിരിച്ചുകൊണ്ടിരുന്നു. ഈ വൈതരണിയിൽ നിന്ന് രക്ഷപ്പെടാൻ കോടതിയുടെ കടുത്ത ഇടപെടൽ പ്രതീക്ഷിച്ചിരിക്കുമ്പോഴാണ് രണ്ടാമത്തെ പീഡന കേസിലും മാങ്കൂട്ടത്തിലിന് താൽക്കാലിക ഇളവ് നൽകി കോടതി തന്നെ കോൺഗ്രസിനെ വീണ്ടും വെട്ടിലാക്കിയത്.

### തീരാത്ത രാഹുകാലം

ശബരിമല വിവാദത്തിൽ സമുന്നതരായ സി.പി.എം നേതാക്കൾ സഹിതം അഴിക്കുള്ളിയിട്ടും ജനശ്രദ്ധ പൂർണ്ണമായി അതിലേക്ക് തിരിയുന്ന സാഹചര്യം ഒഴിവാക്കപ്പെട്ടു. രാഹുൽ മാങ്കൂട്ടത്തെ പിന്തുണച്ച് സാക്ഷാൽ രാഹുൽ ഈശ്വർ രംഗത്ത് വന്നതോടെ വിവാദത്തിന്റെ കണ്ണി പൊട്ടാതെ പിന്നെയും ഇടതുപക്ഷത്തെ കാത്തത് ആര് ? സാക്ഷാൽ ശബരിമല അയ്യപ്പനോ !

രാഹുൽ മാങ്കൂട്ടത്തിന്റെ ഇരയെ സ്ത്രീവിരുദ്ധ പരാമർശങ്ങൾ കൊണ്ട് കുളിപ്പിച്ച രാഹുൽ ഈശ്വറിനെ അഴിക്കുള്ളിലാക്കാൻ പിണറായി പോലീസിന് അധികനേരം വേണ്ടിവന്നില്ല. അറസ്റ്റ് ചെയ്ത രീതിയും രാഹുൽ ഈശ്വർ ജയിലിൽ നടത്തിയ നാടകങ്ങളും ഗാന്ധി മോഡൽ നിരാഹാര സത്യാഗ്രഹവും എല്ലാം കൂടി ജഗപൊഗയായി. അപ്പോഴേക്കും തെക്കൻ തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയായിക്കഴിഞ്ഞിരുന്നു.

നടിയെ ആക്രമിച്ച കേസിൽ നടൻ ദിലീപിന് നീതി കിട്ടിയതിൽ സന്തോഷമെന്നും തങ്ങളെ പോലുള്ളവർ കള്ളക്കേസിൽ കുടുക്കപ്പെടുമ്പോൾ മാധ്യമങ്ങൾ പിന്തുണ നൽകണമെന്നും പ്രതികരിച്ച് രാഹുൽ ഈശ്വർ ജയിലിനുള്ളിലും കത്തിക്കയറി. രാഹുൽ ഈശ്വറിനെ കസ്റ്റഡിയിൽ വാങ്ങുന്നതിനായി കോടതിയിൽ ഹാജരാക്കുന്നതിന് മുമ്പ് വൈദ്യ പരിശോധനയ്ക്ക് എത്തിച്ചപ്പോൾ അരങ്ങേറിയ നാടകങ്ങൾ രണ്ടുദിവസത്തോളം കേരളം ചർച്ച ചെയ്തു.

### ആര് ആർക്കൊപ്പം ?

നടിയെ ആക്രമിച്ച കേസിൽ എട്ടു വർഷം നീണ്ട വിചാരണ നടപടികൾ പൂർത്തിയാക്കി വിധിപ്രസ്താവം വന്നത് ആദ്യഘട്ട തെരഞ്ഞെടുപ്പിന്റെ തലേദിവസമായതും യാദൃശ്ചികം. ഗുരുതരമായ വിഷയങ്ങളിൽ നിന്ന് രാഷ്ട്രീയ കേരളം ദിലീപിലേക്ക് കണ്ണു തിരിച്ചു. അതിജീവിതയ്ക്കൊപ്പം ആരെല്ലാം ഉണ്ട് എന്നായി പിന്നീട് ചർച്ച. ദിലീപിനെതിരായ കുറ്റം തെളിയാത്തതിനാൽ വെറുതെ വിടുന്നുവെന്ന കോടതിവിധി സ്ത്രീപക്ഷ ഇടതു സർക്കാരിനെതിരായി ആയുധമാക്കാം എന്ന് കരുതിയിരിക്കുമ്പോഴാണ് സ്വന്തം ക്യാമ്പിൽ നിന്നു തന്നെ കോൺഗ്രസ് നേതൃത്വത്തിന്റെ നേർക്ക് ആ അമ്പും വന്നുതറച്ചത്.

യു.ഡി.എഫ് കൺവീനർ അടൂർ പ്രകാശ്, ദിലീപിനെതിരെ ഹൈക്കോടതിയിൽ അപ്പീൽ പോകുന്ന പ്രോസിക്യൂഷന് വേറെ പണിയൊന്നുമില്ലെന്ന് പറഞ്ഞതോടെ കോൺഗ്രസ് നേതാക്കളുടെ സ്ത്രീവിരുദ്ധത ഉറപ്പിച്ചു. നേരം പുലർന്നപ്പോൾ അടൂർ പ്രകാശിനെ തള്ളിപ്പറയേണ്ട ഗതികേടിലായി വീണ്ടും കോൺഗ്രസ്.

ജമാഅത്തെ ഇസ്ലാമിയുമായി ഇടത്‌വലത് മുന്നണികൾ ഉണ്ടാക്കിയ ബന്ധവും രാഷ്ട്രീയ ധാരണയും ഇനി കേരളത്തിൽ മാത്രമല്ല, ഭാരതം മുഴുവനും ചർച്ച ചെയ്യപ്പെടുമെന്ന് ബി.ജെ.പി കണക്കുകൂട്ടിയിരിക്കെയാണ് 'പെണ്ണു കേസു' കളുടെ പരമ്പര തദ്ദേശ തെരഞ്ഞെടുപ്പിനെ ഹൈജാക്ക് ചെയ്തത്.

മതരാഷ്ട്രവാദത്തിന്റെ ബുദ്ധികേന്ദ്രമായ ജമാഅത്തെ ഇസ്ലാമിയുമായുള്ള ഇരുമുന്നണികളുടെയും ബന്ധത്തെക്കുറിച്ച് മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും തുറന്നു സമ്മതിച്ച ഘട്ടത്തിൽ ആ വഴിക്കൊരു രാഷ്ട്രീയ മുതലെടുപ്പിന് ബി.ജെ.പിക്ക് കഴിഞ്ഞില്ല.

രാഹുൽ മാങ്കൂട്ടത്തിലിനെതിരായ കേസും ശബരിമലയിലെ സ്വർണക്കൊള്ളക്കേസും പാതിവഴിയിൽ നിർത്തി അന്വേഷണം അവസാനിപ്പിക്കാൻ ഇടതു - വലതു മുന്നണികൾ ധാരണ ഉണ്ടാക്കിയോ എന്നു പോലും ബി.ജെ.പി സംശയിച്ചുപോയി. ചുരുക്കത്തിൽ, രണ്ടു രാഹുലുമാരും ദിലീപും അതിജീവിതമാരും ചേർന്ന് തദ്ദേശ തെരഞ്ഞെടുപ്പ് വിഷയങ്ങളെ എവിടേക്കോ കൊണ്ടുപോയി.

2020 ഡിസംബറിൽ നടന്ന തദ്ദേശ തെരഞ്ഞെടുപ്പിൽ പകുതിയിലധികം ഗ്രാമ പഞ്ചായത്ത് സീറ്റുകളിൽ സർക്കാരിന് നേതൃത്വം നൽകുന്ന എൽ.ഡി.എഫാണ് വിജയിച്ചത്. ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളിൽ മൂന്നിൽ രണ്ടു സീറ്റുകളിലും ഇടതുമുന്നണി വിജയിച്ചു.

യു.ഡി.എഫിനു ആകെയുള്ള ആറ് കോർപ്പറേഷനുകളിൽ ഒന്നിൽ മാത്രമാണ് വിജയിക്കാനായത്. ഈ കണക്കിൽ 2025 ൽ ഏതെല്ലാം രീതിയിൽ മാറ്റം വരും എന്ന കണക്കുകൂട്ടലിലാണ് മുന്നണികളും ബി.ജെ.പിയും.

വിവാദ വിഷയങ്ങൾക്കപ്പുറം പ്രാദേശിക ജീവിത നേർക്കാഴ്ചകൾ വോട്ടർമാരെ എത്രത്തോളം സ്വാധീനിച്ചു എന്നതും നിർണായകമാകും.

എങ്കിലും തദ്ദേശ തെരഞ്ഞെടുപ്പിൽ കേരളത്തിലെ 30 ശതമാനത്തോളം ആളുകൾ വോട്ട് രേഖപ്പെടുത്തിയില്ല എന്ന വസ്തുത മറുവശത്ത് നിലനിൽക്കുകയാണ്.

രാഷ്ട്രീയത്തിന്റെ പേരിൽ അരങ്ങേറുന്ന കോമാളിത്തരങ്ങൾ കണ്ട് നമ്മളിൽ വലിയൊരു വിഭാഗം പേർ അരാഷ്ട്രീയ വാദത്തിലേക്ക് തിരിയുന്നുണ്ടോ എന്ന സുപ്രധാന ചോദ്യവും ഇതിനൊപ്പം ഉയരുന്നുണ്ട്.

◗ *പ്രിജിത്ത് രാജ്*

# വ്യാജ അറസ്റ്റ് വാറന്റുകാട്ടി 89കാരന്റെ 1.2കോടി തട്ടി

ആലുവ: ആലുവ സ്വദേശിയായ 89കാരന്റെ ബാങ്ക് അക്കൗണ്ടിൽനിന്ന് കോടതിയുടെ വ്യാജ അറസ്റ്റ് വാറന്റ് വീഡിയോ കോളിലൂടെ കാണിച്ച് 1.2 കോടി രൂപ തട്ടി. സംഭവവുമായി ബന്ധപ്പെട്ട് ആലുവ യു.സി കോളേജ് സ്വദേശിയുടെ പരാതിയിൽ റൂറൽ ജില്ലാ സൈബർ പോലീസ് കേസെടുത്തു.

പരാതിക്കാരന്റെ പേരിൽ മുംബയ് കനറാബാങ്ക് ശാഖയിലുള്ള അക്കൗണ്ടിലേക്ക് ഉത്തർപ്രദേശിലെ മനുഷ്യക്കടത്ത് കേസിലെ പ്രതി സദാഖത്ത് 75 ലക്ഷംരൂപ നിക്ഷേപിച്ചിട്ടുണ്ടെന്ന് പറഞ്ഞ് സി.ബി.ഐ ഓഫീസർ ദയാ നായക് എന്ന് പരിചയപ്പെടുത്തി വിളിച്ചയാളാണ് പണം തട്ടിയെടുത്തത്.

കേസിൽ സുപ്രീംകോടതി അറസ്റ്റ് വാറന്റ് പുറപ്പെടുവിച്ചതാണെന്ന് തെറ്റിദ്ധരിപ്പിച്ചു. കഴിഞ്ഞമാസം എട്ട് തവണയായി ബാങ്ക് ഒഫ് ഇന്ത്യ, എസ്.ബി.ഐ, ഐ.സി.ഐ.സി.ഐ ബാങ്ക് ശാഖകളിൽ പരാതിക്കാരന്റെയും ഭാര്യയുടെയും മകളുടെയും പേരിലുള്ള മൂന്ന് ജോയിന്റ് അക്കൗണ്ടുകളിൽ നിന്നാണ് പ്രതികളുടെ അക്കൗണ്ടുകളിലേക്ക് തുകമാറ്റിയത്.

നേരത്തെ ടെലികോം റെഗുലേറ്ററി അതോറിട്ടി ഒഫ് ഇന്ത്യയുടെ ലീഗൽ അഡ്വൈസർ എന്ന പേരിൽ രഞ്ജിത്ത് എന്നയാൾ ബംഗളൂരു ഗാന്ധിനഗർ പൊലീസിൽ പരാതിക്കാരനെതിരെ ലൈംഗിക ദുരുപയോഗ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് പറഞ്ഞും വിളിച്ചിരുന്നു.

പിന്നാലെ ഗാന്ധിനഗർ പൊലീസ് ഇൻസ്പെക്ടർ സന്ദീപ് റാവു എന്ന് പറഞ്ഞ് മറ്റൊരാൾ വിളിച്ച് ആ കേസ് ക്വാഷ് ചെയ്തതായി അറിയിച്ചതായും പരാതിക്കാരൻ സൈബർപൊലീസിൽ നൽകിയ പരാതിയിൽ പറയുന്നു. അതിനടുത്ത ദിവസമാണ് സി.ബി.ഐ ഓഫീസർ ദയാ നായക് എന്ന് പരിചയപ്പെടുത്തി പണം തട്ടിയെടുത്ത മൂന്നാമൻ വിളിച്ചത്.



മത്തായിച്ചൻ
MATHAICHAN
ROOFING & SIDING
We Specialize In Storm Damage Repair & Remodeling
We Work with All Home Insurances
Will do any Remodeling
JBR RESTORATION SERVICES - LICENSED
CITGO bp Shell AMOCO
Hotel, Motel, Gas Station
Roofing & Repairing
FREE ESTIMATE
Call Mathew:
630-205-5585

## അധ്യായം 10

# ഒരു ടാൻസാനിയൻ യാത്രയിലെ പ്രശ്നങ്ങൾ

**പോ**ക്കുവെയിലിന്റെ പ്രഭ കെട്ടടങ്ങിക്കൊണ്ടിരിക്കുന്ന സമയം. പകുതി മരുഭൂമിയും പകുതി നവീകരിക്കപ്പെട്ട കോളനിയും അടങ്ങിയ പ്രദേശം. അങ്ങ് വിദൂരതയിൽ നിന്ന് ഒരു വണ്ടിയുടെ ഇരമ്പൽ. ആ വഴി ആധികാരികമായ മാപ്പുകളിൽ ഒന്നും കാണാനിടയില്ല. പഴയ ഉപേക്ഷിക്കപ്പെട്ട സൈനിക റേഡിയോ ടവറുകളുടെ സ്റ്റീൽ അസ്ഥികൂടങ്ങൾ. വലിയ കാറ്റിൽ ഉയർന്നുപൊങ്ങുന്ന പൊടിപടലങ്ങൾ. അത് ജീപ്പിന്റെ ഹെഡ്‌ലൈറ്റ് തിന്നുകളയുന്ന പോലെ തോന്നി.

ഒരു നിമിഷം ഇരുട്ട്, ടുത്ത നിമിഷം മണൽമേഘം ആത്മാവിനേയും കണ്ണുകളേയും പരീക്ഷിക്കുന്ന വഴി. ജീപ്പിന്റെ സ്റ്റിയറിംഗ് പിടിച്ച് ഇരുന്നത് റെ പൊക്കമില്ലാത്ത വലിയ കൈകളുള്ള മനുഷ്യൻ ബൽതസാർ മുവേനി, കെനിയ സോമാലിയ അതിർത്തിപ്രദേശത്ത് ജനിച്ച മുൻ ട്രക്കർ. ഒരു കാലത്ത് പൈറേറ്റ് സംഘത്തിന് വേണ്ടി വാഹനങ്ങൾ ഓടിച്ചിരുന്നവൻ;

കടലിൽ നിന്ന് മരുഭൂമിയിലേക്ക് വന്നപ്പോൾ അവന്റെ ജീവിതവും മാറ്റി എഴുതപ്പെട്ടിരുന്നു എന്നു വ്യക്തം. ഉപേക്ഷിക്കപ്പെട്ട പഴയ ഗവേഷണകേന്ദ്രത്തിന് സമീപം ആ വണ്ടി വന്നുനിന്നു. 1987 മോഡൽ ലാൻഡ് റോവർ ഡിഫൻഡർ. എന്നാൽ അതൊരു സാധാരണ ഡിഫൻഡർ അല്ല. കറുത്ത ചായത്തിൽ മുക്കിയെടുത്തൊരു വണ്ടി. അതിന്റെ പിൻവശത്ത് ഒരു പൂട്ടുള്ള സ്റ്റീൽ ട്രങ്ക്. വണ്ടിയിൽ നിന്നും റമോൺ കബേര ടോറസ് പുറത്തേക്കിറങ്ങി. അതുവരെ വലിച്ചിരുന്ന ചുരുട്ട് ഒന്നുകൂടി ആഞ്ഞുവലിച്ച ശേഷം തള്ളവിരൽ കൊണ്ട് ഒരു പ്രത്യേക സ്റ്റൈയിലിൽ ആ ചുരുട്ട് തട്ടിത്തെറിപ്പിച്ചു. എന്നിട്ടയാൾ ഇരുവശങ്ങളിലേക്കും അതിസൂഷ്മമായി നോക്കിയ ശേഷം ആ കെട്ടിടത്തിനുള്ളിലേക്ക് കയറിപ്പോയി. ആയിടെ ക്യൂബൻ മാഫിയാക്കു വേണ്ടി റിക്രൂട്ട് ചെയ്തവരെ പരിശീലിപ്പിക്കുന്നതിന്റ ചുമതലക്കാരനാണല്ലോ റമോൺ കബേര ടോറസ്. ആ ദൗത്യം അഭംങ്കുരം തുടരുന്നുണ്ട്.

*****

ഇതേ സമയം തന്നെ അങ്ങ് ക്യൂബയിലെ ഹവാനയുടെ തീരത്ത്, കടലിന്റെ ഇരുണ്ട മുഴക്കം കടന്ന് വലിയൊരു കെട്ടിടത്തിന്റെ ഭൂഗർഭമുറിയിൽ ഒത്തുകൂടിയിരിക്കുന്നവരോടായി എൽ മാകോ തന്റെ പ്ലാൻ വിശദീകരിക്കുന്നു:

''അമേരിക്ക നമ്മളെ തകർത്തപ്പോൾ, അവിടെയുള്ള നമ്മുടെ ബിസിനസുകൾ എല്ലാം അവരുടെ കൈപ്പിടിയിലൊതുങ്ങിയെന്ന് കരുതിയിരിക്കുകയാണ്. പക്ഷേ, അവർ മറന്നത് ആഫ്രിക്കയിൽ നമ്മൾ വർഷങ്ങളായി വിതച്ച വിത്തുകൾ.'' അതു വേണ്ടപോലെ വളരാനാരംഭിച്ചിരിക്കുന്നു എന്ന വസ്തുതയാണ്. ആ വളർച്ചയെക്കുറിച്ച് നിങ്ങളോട് സംസാരിക്കാനാണ് ഞാൻ ഇവിടെ എത്തിയത്. എല്ലാം പറഞ്ഞതിലും വേഗത്തിൽ റമോൺ കബേര ടോറസ് അവിടെ നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുകയാണ്.'

അത് കേട്ടുകൊണ്ടിരുന്ന ഒരുവൻ പല്ലു ഞെരിച്ചുകൊണ്ട് പറഞ്ഞു:

'...കെന്നഡി കുടുംബം..!, അവരിൽ ഒരുത്തനെപ്പോലും വാഴാൻ അനുവദിച്ചു കൂടി. അങ്ങനെയുണ്ടായാൽ നാം നമ്മുടെ പൂർവികരോട് ചെയ്യുന്ന വഞ്ചന ആയിരിക്കുമത്.'

എൽ മാകോ അയാളുടെ അഭിപ്രായം ശരിവയ്ക്കും മട്ടിൽ പറഞ്ഞു:

''അതേയതേ..., അധികാരം ഉപയോഗിച്ച് നമുക്കുണ്ടായിരുന്ന കാസിനോകളെയും ഹോട്ടലുകളെയും പിഴുതെറിഞ്ഞു. അവർ കരുതിയത് നമ്മൾ തകർന്ന് തരിപ്പണമാകുമെന്നാണ്. എല്ലാറ്റിനേയും നമുക്കു കാണിച്ചുകൊടുക്കണം..!'

അയാൾ വീണ്ടും അരിശത്തോടെ പല്ലുകടിച്ചു വിദൂരതയിലേക്ക് നോക്കി നിന്നു. ചുറ്റുമിരുന്നവർ അയാളെ പിൻതാങ്ങുന്ന തരത്തിൽ ശബ്ദങ്ങളുണ്ടാക്കിയപ്പോഴേക്കും മറ്റൊരുവൻ എഴുന്നേറ്റുകൊണ്ട് പറഞ്ഞു:

'വരൂ..., ഇതുനമുക്ക് തിന്നും കുടിച്ചും ആഘോഷിക്കണം...'

എല്ലാവരും ഉത്സാഹത്തോടെ പുറത്തേക്കിറങ്ങുന്നു.

*******

രണ്ടുമൂന്നു ദിവസത്തെ കറക്കത്തിൽനിന്നും കെനിയായിലെ ദാരിദ്ര്യത്തിന്റെ ഇരുണ്ട വശങ്ങളിൽ ജീവിക്കുന്ന ഒരു പറ്റം മനുഷ്യരുടെ കദനകഥ റോബിൻസിന്റെ മനസിനെ പൊള്ളിച്ചു. വേൾഡ് ടൈംസിലെ ബ്യൂറോ ചീഫിനൊപ്പമാണ് ആ ദിവസം കറങ്ങിയത്.

കെനിയയുടെ വടക്കൻ ജില്ലകളിൽ, സൂര്യൻ വൈകുന്നേരം വരെ നിലം ചുട്ടുപൊള്ളിക്കുമ്പോൾ നദിയോ, തടാകങ്ങളോ സമീപത്തെങ്ങും ഇല്ലാത്തതിനാൽ വിണ്ടുകീറി കിടക്കുന്ന നിലങ്ങൾ..! ഇടയ്ക്കിടെ അന്തരീക്ഷത്തിൽ വട്ടംചുറ്റിക്കൊണ്ടിരിക്കുന്നു ചുഴലിക്കാറ്റ്. വിശപ്പിനെ നേരിടാൻ ഒരു വഴിയും കാണാതെ നട്ടംതിരിയുന്ന അമ്മമാർ. വാടിത്തളർന്ന കുഞ്ഞുങ്ങൾ..! അവിടവിടെ കാണുന്ന മരങ്ങളിലൊന്നും തൊലിയോ, ഇലകളോ കാണാനില്ല.

അതെന്തെന്ന് അന്വേഷിച്ച റോബിൻസ് കേട്ടത് ഞെട്ടിക്കുന്ന വാക്കുകളാണ്. അതേ, അവിടത്തുകാർ ആ മരങ്ങളുടെ ഇലയും തൊലിയുമൊക്കെ ചെത്തി പുഴുങ്ങിത്തിന്നുന്നു. ഏതൊക്കെയോ പച്ചിലകളും പുല്ലും മറ്റും തിളപ്പിച്ച വെള്ളം കുട്ടികൾക്ക് കൊടുക്കുന്ന അമ്മമാർ..!

വെള്ളം ലഭ്യമല്ലാത്തതിനാൽ വസ്ത്രങ്ങൾ കഴുകാനോ, കുളിക്കാനോ, എന്തിനേറെ കുട്ടികൾക്ക് സ്കൂളിൽ പോകാനോ കഴിയുന്നില്ല. വർഷങ്ങളായി മഴ ലഭിക്കാത്തതിനാൽ ഭൂമിയിലെ മണ്ണ് കറുത്തു കട്ടപിടിച്ച് ഉരുക്കുപോലെയായ ഇടങ്ങളുമുണ്ട്...!

അടുത്ത ദിവസം റോബിൻസ് കാടിന്റെ പ്രിയപുത്രി വംഗാരി മാതായിയെ കാണാൻ തീരുമാനിച്ചു. അവരെ ഫോണിൽ ബന്ധപ്പെട്ടപ്പോൾ അവർ താൻസാനിയയിൽ സംഘടിപ്പിച്ചിരിക്കുന്ന വനമഹോത്സവത്തിൽ പങ്കെടുക്കാൻ പോയിരിക്കുകയാണെന്നറിഞ്ഞു. അപ്പോഴാണ് പത്രപ്രവർത്തകനായ ആർച്ചർ ലീ ഫാക്ക് പറഞ്ഞ കാര്യം ഓർമ്മ വന്നത്. അവരുടെ അകന്ന ബന്ധുവായ മറിയം വഞ്ചിറു ഉണ്ടോ എന്നന്വേഷിച്ചപ്പോൾ അവരും വനമഹോത്സവത്തിന് തന്നോടൊപ്പം ഉണ്ടെന്നാണ് വംഗാരി പറഞ്ഞത്.

ഈ വിവരം റോബിൻസ് പ്രൊഫസർ സൈമൺ ഗിച്ചാരുവുവിനെ അറിയിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു:

'താങ്കൾക്ക് സമയവും താല്പര്യവും ഉണ്ടെങ്കിൽ ടാൻസാനിയായിലെ ആ വനമഹോത്സവും കാണുന്നത് വലിയൊരു അനുഭവമായിരിക്കും. വേണമെങ്കിൽ ഞാനും കൂടെ വരാം.' ഗിച്ചാരുവിന്റെ ആ വാക്കുകൾ റോബിൻസിനെ ഉന്മേഷഭരിതനാക്കി.

പ്രൊഫസർ സൈമൺ ഗിച്ചാരുവുമൊത്ത് ടാൻസാനിയായിലേക്കു പോകാൻ തന്നെ റോബിൻസ് തീരുമാനിച്ചു. അതിനായി ഒരു ടോയാട്ടോ ലാൻഡ് ക്രൂയിസർ വാഹനം ഗിച്ചാരുവിന്റെ താല്പര്യപ്രകാരം തെരഞ്ഞെടുത്തു. ഗിച്ചാരുവിന്റെ പരിചയക്കാരൻ നടത്തുന്ന ട്രാവൽസായതുകൊണ്ട് പേടിക്കേണ്ടതില്ല.

1994 മോഡൽ വണ്ടിക്ക് ഇരട്ട മഡ്ടയറുകൾ ആണുള്ളത്. രണ്ട് ജെറി കാനുകൾ നിറയെ വെള്ളം, ഒരു ഫസ്റ്റ്എയ്ഡ് ബോക്സ്, ഒരു ക്യാംപ് ലൈറ്റ്, കൊളാപ്സിബിൾ ടെന്റ് എന്നിവ കൂടി ഡ്രൈവർ കലേബ് മൊറംഗി വണ്ടിയിൽ കരുതിയിരുന്നു.

40 വയസ്സുള്ള മസായി വംശത്തിൽപ്പെട്ട കലേബ് മൊറംഗി എന്ന ഡ്രൈവറെ ഗിച്ചാരുവിന് പരിചയമുണ്ട്. സിംഹത്തിന്റെ ജാഗ്രതയും കരടിയുടെ സഹനവുമുള്ള ആ മനുഷ്യൻ ബോർഡർ യാത്രകളിൽ വിദഗ്ദനാണ്. നൈറോബി, അരുഷ, മാഷി പാതകളിൽ നിരന്തരം ഡ്രൈവ് ചെയ്തുള്ള പരിചയം. ഏതാണ്ട് 11 മണിക്കൂർ നീളുന്ന യാത്ര.

നൈറോബിയിൽനിന്നും അതിരാവിലെ തന്നെ ഇരുവരും യാത്ര തിരിച്ചു. തന്റെ പഴയ ലെതർബാഗിൽ ക്യാമറ, ഡയറി, ഒരു ചെറിയ കാസെറ്റ് റെക്കോർഡർ എന്നിവ ഭദ്രമായി വച്ചിരുന്നു റോബിൻസ്. ഡ്രൈവർ കലേബ് മൊറംഗി ഒരിക്കൽക്കൂടി ടയറുകൾ പരിശോധിച്ച് തൃപ്തി വരുത്തിയ ശേഷം വാഹനം മുന്നോട്ട് എടുത്ത് പ്രധാന വീഥിയിലേക്കു കടന്നു. ചരിത്രാധ്യാപകനായ ഗിച്ചാരു പ്രായാധിക്യമുണ്ടെങ്കിലും ഒരു പപിരസ് റോളുകൾ കൈയിൽ പിടിച്ചിരിക്കുന്ന പ്രാചീന പണ്ഡിതനെപ്പോലെ എപ്പോഴും കഥകളുടെ ഏടുകൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അതിനിടയ്ക്ക് അദ്ദേഹം പറഞ്ഞു:

''പ്രകൃതിയുടെ ചരിത്രം ഒരിക്കലും വെട്ടിപ്പൊളിക്കപ്പെടില്ല റോബിൻസ്, പക്ഷേ അതിനെ വായിക്കാൻ കണ്ണ് വേണം.' അത് ശരിയാണെന്ന് ഉറപ്പിക്കും മട്ടിൽ റോബിൻസ് തലയാട്ടി.

ലാൻക്രൂയിസർ നെയ്റോബിയിൽ നിന്ന് തെക്കോട്ട് വഴിതിരിഞ്ഞപ്പോൾ നഗരത്തിന്റെ ശബ്ദം പിറകിലേക്കു കേവലം ഓർമ്മയായി മാറുകയായി. ഇടയ്ക്കിറങ്ങി ഭക്ഷണം കഴിച്ച് ചെറിയൊരു വിശ്രമത്തിനു ശേഷം വീണ്ടും യാത്ര തുടർന്നു. നെയ്റോബിയിൽ നിന്ന് തെക്കോട്ടു പോകുന്ന പഴയ ഹൈവേ രാത്രി തണുത്ത കാറ്റിൽ നിശബ്ദമായിരുന്നു. ലാൻക്രൂയിസറിന്റെ ഹെഡ്‌ലൈറ്റുകൾ മാത്രമാണ് ഇരുട്ടിനെ കീറിമുറിക്കുന്നത്.

ഡ്രൈവർ കലേബ് മൊറാംഗി, ജംഗിൾ റോഡുകളും അതിർത്തിയും എത്രയോ തവണ അവന്റെ കൈകളിലൂടെ സുരക്ഷിതമായിപോയിരിക്കുന്നു. ഫോൺ നെറ്റ് വർക്കുകൾ അൽപ്പാൽപ്പമായി ഇല്ലാതാകുന്നത് പോലെ. രാത്രിയുടെ അടിത്തട്ടിൽ കനത്ത ഒരു നിശബ്ദത വളരുകയായിരുന്നു. കറുത്ത നിറത്തിലുള്ള ഒരു പിക്കപ്പ് വാൻ. പിന്നിലെ സീറ്റിൽ ഗിച്ചാരു ഏറെ ശ്രദ്ധയോടെ പഴയൊരു ഡയറി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

റോബിൻസ് ശബ്ദം താഴ്ത്തി ചോദിച്ചു: ''കലേബ്... പിന്നിൽ നിന്ന് വരുന്ന വണ്ടി കുറച്ചു നേരമായി നമ്മെ ഫോളോ ചെയ്യുന്നത് ശ്രദ്ധിക്കുന്നുണ്ടോ?''

കലേബ് ഒരു നിമിഷം കണ്ണുയർത്തി റിയർവ്യൂ മിററിലേക്ക് നോക്കി. അവിടെ കറുത്ത നിറത്തിലുള്ള ഒരു പിക്കപ്പ് വാൻ ഹെഡ്‌ലൈറ്റുകൾ അനിയന്ത്രിതമായി ചിമ്മി. വളരെ റഫ് ആയ ഡ്രൈവിംഗ്. ഒരുതരം ആക്രമണസ്വഭാവത്തോടെ ചീറിയടുക്കുന്നു.

''അതെ,'' കലേബ് മന്ദമായി പറഞ്ഞു.

''നമുക്കല്പം ജാഗ്രത വേണം. ഇവിടുത്തെ റോഡിൽ ചില ഗാങ്ങുകൾ വേട്ടക്കിറങ്ങുന്ന സമയമാണിത്.'

ഗിച്ചാരുവിന്റെ ശബ്ദം വിറച്ചു. അദ്ദേഹം ചോദിച്ചു: ''അവർ... നമ്മെ എന്തിനാണ് പിന്തുടരുന്നത്?

നമ്മൾ ആരെയും വഴിയിൽ തട്ടിയിട്ടില്ലല്ലോ?'

'ഹേയ്... അതൊന്നുമല്ല കാരണം. നമ്മളെ ഒന്നു വിരട്ടാൻ നോക്കുന്നതായിരിക്കും'

കുറച്ചുകൂടി ജാഗ്രതയോടെ ഇരുന്നു റോബിൻസ്. അപ്പോഴേക്കും പിന്നിലെ പിക്കപ്പ് വാൻ വേഗത്തിൽ വന്നു ചാടി. ലാൻക്രൂയിസറിന്റെ പിൻ ബമ്പറിലേക്ക് ഇടിക്കാനിരിക്കുന്ന പോലെ.

കലേബ് ഉടൻ സ്റ്റിയറിംഗ് ഇടത്തേക്ക് തിരിച്ചു. ടയറുകൾ കഠിനമായി ശബ്ദിച്ചു..!

കലേബിന്റെ ശബ്ദത്തിനപ്പോൾ ഗൗരവം കൂടി.

'നിങ്ങൾ മുറുകെ പിടിച്ചിരുന്നോളു. അവർ സേഫ് അല്ലാത്ത ഗൈം ആണ് കളിക്കുന്നത്.'

പിന്നിലെ പിക്കപ്പ് സൈഡിലേക്ക് വന്ന് ലാൻക്രൂയിസറിന്റെ വലതുവശത്ത് ഒപ്പമെത്തി.

വീണ്ടും ടയറുകൾ വെട്ടിത്തിരിയുന്നതിന്റെ വല്ലാത്തൊരു ശബ്ദം..!

ഗിച്ചാരു കണ്ണടച്ചു കൊണ്ടു പറഞ്ഞു: 'ഹോ.. ദൈവമേ ഇവർക്ക് കണ്ണില്ലേ..?'

കലേബ് പല്ലുകൾ കടിച്ചുഞെരിച്ചു.

'ഭയപ്പെടേണ്ട, ഞാനെന്തായാലും നിങ്ങളെ സുരക്ഷിതമായി കടത്തും.''

അവൻ ആക്സിലറേറ്ററിൽ ആഞ്ഞു ചവിട്ടി..

എഞ്ചിൻ ഗർജിച്ചു. വണ്ടി മുന്നോട്ട് കുതിച്ചു. പിന്നിൽപിക്കപ്പ് ഇപ്പോഴും പിന്തുടരുന്നു. ഹെഡ്‌ലൈറ്റുകൾ ഒരു വേട്ടക്കാരന്റെ കണ്ണുകളെന്ന പോലെ അവരെ പിന്തുടർന്നു.

റോബിൻസിന്റെ ശബ്ദം കഠിനമായി: ''കലേബ്..., അവർ നമ്മെ ഭയപ്പെടുത്താൻ ശ്രമിക്കുകയാണ്. ഇനി എന്താണ് പ്ലാൻ..?''

ആ സമയം പിക്കപ്പ് വാനിന്റെ സൈഡിലെ ചില്ല് താഴ്ത്തി ഒരു സ്ത്രീ കലേബിനോട് വണ്ടി നിർത്താൻ നിർദേശിക്കുന്നു. പെട്ടെന്ന് തന്നെ കലേബ് ബ്രേക്കിൽ കാൽ ചവിട്ടി.

(തുടരും)

### കഥ ഇതുവരെ

കെന്നഡി ജൂനിയർ പറത്തിയ വിമാനം തകർന്ന് വീണു. അതിനെ ചുറ്റിപ്പറ്റി ന്യൂയോർക്കിലെ ദി വേൾഡ് ടൈംസ് ന്യൂസ് പേപ്പറിന്റെ ഓഫീസിൽ നടക്കുന്ന കാര്യങ്ങൾ. അതിനിടെ ചില അത്യാഹിതങ്ങൾ സംഭവിക്കുന്നു. അതിന്റെ അന്വേഷണത്തിന് റിപ്പോർട്ടർ റോബിൻസ് നിയോഗിക്കപ്പെടുന്നു. കൂടുതൽ അന്വേഷണങ്ങൾക്കായി അവൻ കെനിയായിൽ എത്തി. അവിടത്തെ ദരിദ്ര്യാവസ്ഥ ഭയാനകമായിരുന്നു. തുടർന്നു വായിക്കുക





# മംദാനിയെ കാത്ത് കോടികളുടെ സൗധം!

ജനുവരിയിൽ ന്യൂയോർക്ക് മേയറായി സ്ഥാനമേറ്റെടുത്ത ശേഷം താനും ഭാര്യയും മൻഹാട്ടണിലെ മേയറുടെ വസതിയിലേക്ക് താമസം മാറ്റുമെന്ന് വ്യക്തമാക്കിയിരിക്കുകയാണ് നിയുക്ത മേയർ സൊഹ്റാൻ മംദാനി. കുടുംബത്തിന്റെ സുരക്ഷയും ന്യൂയോർക്ക് നിവാസികൾക്ക് വേണ്ടിയുള്ള താങ്ങാവുന്ന ചെലവ് എന്ന തന്റെ അജണ്ടയിൽ പൂർണമായും ശ്രദ്ധകേന്ദ്രീകരിക്കുന്നതിനും വേണ്ടിയാണ് തീരുമാനമെന്നാണ് അദ്ദേഹം വ്യക്തമാക്കുന്നത്.

ജനുവരിയിൽ ഗ്രേസി മാൻഷനിലേക്ക് താമസം മാറാൻ താനും ഭാര്യ റാമയും തീരുമാനിച്ചുവെന്നാണ് അദ്ദേഹം വ്യക്തമാക്കിയിരിക്കുന്നത്. അസ്റ്റോറിയയിലെ തങ്ങളുടെ വീട് എത്ര മാസം സവിശേഷമാണെന്നും അവിടുത്തെ അയൽപക്കം എപ്പോഴും ഉള്ളിൽ നിലനിൽക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. തങ്ങൾക്ക് കുറെയേറെ കാര്യങ്ങൾ നഷ്ടമാകും. അവസാനമില്ലാത്ത അഡെനി ചായ, സ്പാനിഷ്, അറബിക് അതിനിടയിലുള്ള എല്ലാ ഭാഷകളിലുമുള്ള സംഭാഷണങ്ങൾ, കടൽ ഭക്ഷണത്തിന്റെയും ഷവർമയുടെയും സുഗന്ധങ്ങൾ എന്നിവ മിസ് ചെയ്യുമെന്നും അദ്ദേഹം പറയുകയുണ്ടായി.

ന്യൂയോർക്ക്നിവാസികൾക്ക്താങ്ങാവുന്ന വിലയ്ക്കും ഭവന സ്ഥിരതയ്ക്കും വേണ്ടി പ്രചാരണം നടത്തിയ 34 കാരനായ മംദാനി കഴിഞ്ഞ മാസം നടന്ന മേയർ തിരഞ്ഞെടുപ്പിൽ വൻ ഭൂരിപക്ഷത്തിലാണ് വിജയിച്ചത്. കഴിഞ്ഞ നൂറ് വർഷത്തിനിടെ ന്യൂയോർക്ക് നഗരത്തിൽ തിരഞ്ഞെടുക്കപ്പെട്ട ഏറ്റവും പ്രായം കുറഞ്ഞ മേയറാണ് അദ്ദേഹം.

സബ്സീഡിയുള്ള വീട്ടിൽ താമസിച്ചതിന് മംദാനിക്കെതിരേ നിരവധി പേർ രംഗത്തെത്തിയിരുന്നു. അസ്റ്റോറിയയിലെ ഒരു കിടപ്പുമുറി മാത്രമുള്ള അപ്പാർട്ട്മെന്റിൽ അദ്ദേഹം നിലവിൽ രണ്ട് ലക്ഷം രൂപയാണ് വാടക നൽകുന്നത്. പ്രതിവർഷം ഏകദേശം 1,27,60,000 രൂപ വരുമാനം നേടിയിട്ടും സബ്സീഡിയുള്ള വാടക സ്ഥിരതയുള്ള ഫ്ളാറ്റിൽ താമസിക്കുന്നതിന് മുൻ ഗവർണർ ആൻഡ്രൂ ക്യൂമോ മംദാനിയെ വിമർശിച്ചിരുന്നു.

മംദാനി ഇപ്പോൾ താമസിക്കുന്ന 800 ചതുരശ്ര അടി വിസ്തീർണമുള്ള അപ്പാർട്ട്മെന്റിൽ ചൂടുകൊള്ളാനുള്ള സ്ഥലവും ചൂടുവെള്ളവും ലഭ്യമാണ്. ഇതും വാടകയിനത്തിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. ന്യൂയോർക്ക് സിറ്റിയിലെ നിയമപ്രകാരം തുണി അലക്കാനും ഉണക്കാനുമുള്ള സൗകര്യം അപ്പാർട്ട്മെന്റുകളിൽ ഇല്ലെങ്കിലും ഇത് ആവശ്യമാണ്. ഈ അപ്പാർട്ട്മെന്റിൽ പൊതുവായി ഉപയോഗിക്കുന്ന ഒരു ലോൺട്രി റൂം ഉണ്ട്. 1929ൽ നിർമിച്ച ഈ കെട്ടിടത്തിൽ ഒരു ലിഫ്റ്റുമുണ്ട്. ഇത് അസ്റ്റോറിയയിൽ വളരെ അപൂർവമാണ്.

ജനുവരിയിൽ മംദാനി കുടുംബത്തോടെ താമസം മാറ്റുന്ന ഗ്രേസി മാൻഷന്റെ വരാന്തയിൽ നിന്നാൽ ഈസ്റ്റ് റിവറിന്റെ കാഴ്ചകൾ കാണാൻ കഴിയും. ഇവിടെ തണുപ്പുകാലത്ത് ചൂടുകൊള്ളുന്നതിനുള്ള വലിയ ഫയർ ഏരിയ ഉണ്ട്. കൂടാതെ പാരീസിലെ പൂന്തോട്ടങ്ങൾ ചിത്രീകരിച്ചിരിക്കുന്ന വാൾപേപ്പർ ഉള്ള ഒരു സിറ്റിംഗ്, ഡൈനിംഗ് റൂമും ഇവിടെയുണ്ട്. ഗ്രേസി മാൻഷനിൽ മുഴുവൻ സമയവും ഭക്ഷണം തയ്യാറാക്കി നൽകുന്ന ഒരു ഷെഫും ഉണ്ടാകും. 840 കോടി രൂപയാണ് ഇതിന്റെ മതിപ്പുവില.

യുവാക്കളും കുടുംബങ്ങളും കൂടുതലായി താമസിക്കാൻ ഇഷ്ടപ്പെടുന്ന, താങ്ങാവുന്ന വിലയിൽ താമസ സ്ഥലം ലഭ്യമാകുന്ന ഇടമാണ് അസ്റ്റോറിയ. അതേസമയം ലോക പ്രശസ്തമായ ചില മ്യൂസിയങ്ങളും ബാറുകളും ഇവിടെ സ്ഥിതി ചെയ്യുന്നു. ഇവിടെ ലഭ്യമാകുന്ന കനത്ത സുരക്ഷയും എല്ലാവർക്കും ഒത്തുകൂടാനുള്ള സൗകര്യവുമാണ് മിക്ക മേയർ മാരും ഗ്രേസി മാൻഷൻ തിരഞ്ഞെടുക്കാൻ കാരണമെന്ന് ന്യൂയോർക്ക് ടൈംസ് റിപ്പോർട്ട് ചെയ്യുന്നു.

# ഇന്ത്യക്കാരുടെ കൂടെ എപ്പോഴും ഉണ്ടെങ്കിലും ഈ ബ്രാൻഡ് ഇന്ത്യക്കാരനല്ല




നമ്മുടെയൊക്കെ ചെറുപ്പം മുതൽ നമ്മുക്കൊപ്പം കൂടിയ ഒരു ഫുട്വെയർ ബ്രാൻഡാണ് ബാറ്റ ഇന്ത്യ. ജീവിതത്തിൽ എപ്പോഴെങ്കിലും ബാറ്റയുടെ ഷൂവോ സ്ലിപ്പറുകളോ ധരിക്കാത്ത ഇന്ത്യാക്കാരുണ്ടാകില്ല എന്ന് ഉറപ്പാണ്. കാരണം അത്രയ്ക്ക് ജനപ്രിയമാണ് ഈ ബ്രാൻഡ്. ഇതൊരു ഇന്ത്യൻ ബ്രാൻഡാണെന്നാണ് നമ്മളിൽ പലരും കരുതുന്നത്.

എന്നാൽ ബാറ്റ ഒരു ഇന്ത്യൻ കമ്പനിയല്ല എന്നതാണ് സത്യം. ബാറ്റയുടെ ഇന്ത്യൻ അനുബന്ധ സ്ഥാപനമായിട്ടാണ് ബാറ്റ ഇന്ത്യ ഇന്ത്യയിൽ പ്രവർത്തിക്കുന്നത്. ജനപ്രിയ ബ്രാൻഡായതിനാൽ ആളുകൾ പലപ്പോഴും ഇതിനെ ഇന്ത്യൻ എന്ന് തെറ്റിദ്ധരിക്കുന്നു.

### ബാറ്റ കമ്പനിയുടെ ജനനം

1894ൽ അതായത് 131 വർഷങ്ങൾക്ക് മുമ്പ് അന്റോണിൻ ബാറ്റ, സഹോദരൻ തോമസ് ബാറ്റ, സഹോദരി അന്ന ബറ്റോവ എന്നിവർ ചേർന്ന് സ്ഥാപിച്ച ബാറ്റ കോർപ്പറേഷന്റെ ഇന്ത്യൻ വിഭാഗമാണ് ബാറ്റ ഇന്ത്യ. ചെക്കോസ്ലോവാക്യയാണ് ബാറ്റയുടെ ജൻമനാട്. ഈ കമ്പനി പാദരക്ഷകൾ, വസ്ത്രങ്ങൾ, മറ്റ് ഫാഷൻ ആക്സസറികൾ എന്നിവയും നിർമിക്കുന്നുണ്ട്. സ്വിറ്റ്സർലന്റ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ബാറ്റ പല രാജ്യങ്ങളിലും ഒരു പ്രാദേശിക ബ്രാൻഡായാണ് കണക്കാക്കപ്പെടുന്നത്. ടിആന്റ്എ ബാറ്റ ഷൂ കമ്പനി എന്നായിരുന്നു കമ്പനിയുടെ ആദ്യത്തെ പേര്. ഇന്ന് ബാറ്റയ്ക്ക് ലോകമെമ്പാടുമായി 6,000 ത്തിൽ അധികം റീട്ടെയിൽ സ്റ്റോറുകളും 100,000 സ്വതന്ത്ര ഡീലർമാരും ഫ്രാഞ്ചൈസികളും ഉണ്ട്.

ഇന്ന് വിജയപഥത്തിലെത്തി നിൽക്കുന്ന മിക്ക കമ്പനികളെയും പോലെ തന്നെ ബാറ്റയുടെ തുടക്കവും ബാലാരിഷ്ടതകൾ നിറഞ്ഞതായിരുന്നു.പാരമ്പര്യമായി ചെരുപ്പ് ഉണ്ടാക്കുന്നവരായിരുന്നു തോമസ് ബാറ്റയുടെ കുടുംബം. 1894 ലാണ് കമ്പനി തുടങ്ങുന്നത്. തുടക്കത്തിൽ തുകൽകൊണ്ടായിരുന്നു ചെരിപ്പ്ഉണ്ടാക്കിയിരുന്നത്. പിന്നീട് ക്യാൻവാസിലേക്ക് മാറുകയായിരുന്നു. ഇത് വിജയമായതോടെ 50 ജോലിക്കാരെ കൂടി നിയമിച്ചു. കണ്ണടച്ചു തുറക്കുന്ന വേഗത്തിലാണ് ബാറ്റ യൂറോപ്പിലെ മുൻനിര ഷൂ നിർമാതാക്കളായത്.

ഒന്നാം ലോകമഹായുദ്ധ കാലം ബാറ്റക്ക് സുവർണ കാലമായിരുന്നു. സൈനിക ആവശ്യത്തിനുള്ള വൻകിട ഓർഡറുകൾ കമ്പനിക്ക് ലഭിച്ചിരുന്നു. പിന്നീടുണ്ടായ നാണയത്തിന്റെ വിലയിടിവും മറ്റും വിൽപനയെ ബാധിച്ചെങ്കിലും ഉത്പന്നങ്ങൾക്ക് 50% വിലകുറച്ച് ബാറ്റാ ഇതിനെ നേരിട്ടു.

മാത്രമല്ല ലോകത്തിലെ ഏറ്റവും വലിയ ഷൂ നിർമാതാവും വിപണനക്കാരനുമായ ബാറ്റയ്ക്ക് ഇറ്റലിയിലെ പഡോവയിൽ ഒരു ഇന്റർനാഷണൽ ഷൂ ഇന്നൊവേഷൻ സെന്ററും ഉണ്ട്. ഇത് ലോകമെമ്പാടുമുള്ള 83 കമ്പനികൾക്കും സേവനം നൽകുന്നു. അടിസ്ഥാന ഡിസൈൻ മുതലുള്ള കാര്യങ്ങൾ വരെ എല്ലാത്തിലും ഇത് ജീവനക്കാർക്ക് പരിശീലനം നൽകുന്നു.

### ഇന്ത്യയിൽ എത്തിയത്

1931ലാണ് ബാറ്റ ഇന്ത്യയിലെത്തുന്നത്. ബാറ്റ ഷൂ കമ്പനി പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിലായിരുന്നു തുടക്കം. പിന്നീട് 1973ൽ ബാറ്റ ഇന്ത്യ എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു. കൊൽക്കത്തക്ക് അടുത്തുള്ള കൊന്നാർ എന്ന കൊച്ചുഗ്രാമത്തിലായിരുന്നു ആദ്യത്തെ ബാറ്റ ഫാക്ടറി. ഇന്നാ ടൗൺഷിപ്പ് ബാറ്റാ നഗർ എന്നായി.

1993ൽ ഐഎസ്ഒ 9001 സർട്ടിഫിക്കേഷൻ ലഭിച്ച ആദ്യത്തെ ഇന്ത്യൻ ഷൂ നിർമാണ യൂണിറ്റായിരുന്നു ബാറ്റാ നഗർ ഫാക്ടറി. ബാറ്റാ കടന്നു ചെന്ന മിക്ക രാജ്യങ്ങളിലും ജോലിക്കാർക്കായി ഫാക്ടറിയോട് ചേർന്ന് ഒരു ഗ്രാമം ഏറ്റെടുത്ത് അവിടെ സർവ സൗകര്യങ്ങളോടും കൂടിയ ടൗൺഷിപ്പ് പണിയുക എന്നത് പോളിസി ആക്കിയിരുന്നു. ഇന്ത്യയിൽ ബാറ്റാ നഗർ ബാറ്റാ ഗഞ്ച് , പാകിസ്ഥാനിൽ ബാറ്റാപുർ, സ്വിറ്റ്സർലാൻഡിൽ ബാറ്റാ പാർക്ക്, കാനഡയിൽ ബാറ്റാവാ തുടങ്ങിയവ അത്തരത്തിൽ ഉള്ളതാണ്.

ഇന്ന് ഇന്ത്യാക്കാരുടെ എവർഗ്രീൻ ബ്രാൻഡാണ് ബാറ്റ. ആഡംബരത്തിന്റെയും ആഢ്യത്വത്തിന്റെയും മുഖമുദ്ര. ചെരിപ്പ് എന്നാൽ ബാറ്റയും ബാറ്റ എന്നാൽ ചെരിപ്പുമാണ്. ബാറ്റയുടെ ഐക്കോണിക് ടെന്നീസ് ഷൂ ഡിസൈൻ ചെയ്തത് ഇന്ത്യയിലായിരുന്നു. ഒരു ഇന്ത്യൻ ഡിസൈനറാണ് ഇത് ഡിസൈൻ ചെയ്തത്.

പവർ (അത്ലറ്റിക് ഷൂസ്), നോർത്ത് സ്റ്റാർ (അർബൻ ഷൂസ്), ബബിൾഗമ്മേഴ്സ് (കുട്ടികൾക്കുള്ള ഷൂസ്), വെയ്ൻബ്രെന്നർ (ഔട്ട്ഡോർ ഷൂസ്), മേരി ക്ലെയർ (സ്ത്രീകൾക്കുള്ള ഷൂസ്) എന്നിവയുൾപ്പെടെ നിരവധി ബ്രാൻഡുകൾ ബാറ്റയ്ക്ക് സ്വന്തമാണ്. കോംഫിറ്റ് (കംഫർട്ട് ഫുട്വെയർ), ബാറ്റ ഇൻഡസ്ട്രിയൽസ് (വർക്ക് ആൻഡ് സേഫ്റ്റി), ടഫീസ് (സ്കൂൾ ഷൂസ്) എന്നിവയാണ് അവരുടെ പോർട്ട്ഫോളിയോയിലെ മറ്റ് ബ്രാൻഡുകൾ.

### വിശ്വാസം അതല്ലെ എല്ലാം

വർഷങ്ങൾ കഴിഞ്ഞിട്ടും ഷൂ വിപണിയിൽ ബാറ്റ തലയെടുപ്പോടെ നിൽക്കുന്നതിന് ഒറ്റക്കാരണമേയുള്ളൂ. ഗുണമേന്മയും ഉപഭോക്താക്കളിൽ ബാറ്റയും ബാറ്റയിൽ ഉപഭോക്താക്കളും അർപ്പിച്ചിരിക്കുന്ന വിശ്വാസവും. ട്രൻഡിന് അനുസരിച്ച് ഉപഭോക്താക്കളുടെ അഭിരുചിക്കനുസരിച്ചുള്ള പാദരക്ഷകൾ ലോകമെമ്പാടുമുള്ള ബാറ്റ ഷോറൂമുകളിൽ ലഭ്യമാണ്. ബാറ്റ ചെരിപ്പുകളുടെ വില തന്നെ ഒരു കാലത്ത് ആളുകളുടെ നാവിൻ തുമ്പിൽ ഉണ്ടായിരുന്നു. 499, 999 എന്നിങ്ങനെയാണ്.

പൂജ്യത്തിൽ അവസാനിക്കുന്ന വില കൂടുതലാണെന്ന് ഉപഭോക്താക്കൾ വിശ്വസിക്കുന്നു. ഒരാൾ വില വായിച്ച് തുടങ്ങുന്നത് ഇടത് വശത്ത് നിന്നാണ്. അവിടെയുള്ള സംഖ്യയാണ് അയാളെ ആകർഷിക്കുന്നത്. 199 രൂപയും 200 രൂപയും തമ്മിൽ ഒരു രൂപയുടെ വ്യത്യാസമേ ഉള്ളൂവെങ്കിൽ പോലും 199 രൂപയുടെ ഉൽപന്നത്തിന് വില കുറവാണെന്ന് ഉപഭോക്താവ് വിശ്വസിക്കുന്നു. അത് തന്നെയാണ് ചെരിപ്പ് വിപണയിലെ ഈ രാവണന്റെ തലയെടുപ്പും.






## ലോകത്തിന്റെ ടെക് ഹബാകാൻ ഇന്ത്യ, 3500 കോടി ഡോളർ നിക്ഷേപവുമായി ആമസോൺ

ന്യൂഡൽഹി: ഗൂഗിളിനും മൈക്രോസോഫ്റ്റിനും പിന്നാലെ ഇന്ത്യയിൽ വമ്പൻ നിക്ഷേപത്തിനൊരുങ്ങി അമേരിക്കൻ ഇ-കൊമേഴ്സ് ഭീമൻ ആമസോൺ. ഇന്ത്യയിലെ നിർമ്മിത ബുദ്ധി, ലോജിസ്റ്റിക്സ് മേഖലകളിലായി അഞ്ച് വർഷത്തിനുള്ളിൽ 3,500 കോടി ഡോളർ (3.15 ലക്ഷം കോടി രൂപ) നിക്ഷേപിക്കുമെന്ന് ആമസോൺ വ്യക്തമാക്കി.

ഡൽഹിയിൽ വികസിത ഇന്ത്യയ്ക്കുള്ള നിക്ഷേപം എന്ന പേരിൽ സംഘടിപ്പിച്ച 'ആമസോൺ സംഭവ് 2025' പരിപാടിയിൽ സീനിയർ വൈസ് പ്രസിഡന്റ് അമിത് അഗർവാളാണ് നിക്ഷേപം പ്രഖ്യാപിച്ചത്. ഇതുവരെ ആമസോൺ നടത്തിയ 4,000 കോടി ഡോളർ നിക്ഷേപത്തിന് പുറമേയാണിത്.

ഇതോടെ ലോകത്തിന്റെ ടെക്ക് ഹബായി ഇന്ത്യ ഉയരാൻ സാദ്ധ്യതയേറി. മൈക്രോസോഫ്റ്റ് കഴിഞ്ഞ ദിവസം എ.ഐ അനുബന്ധ മേഖലകളിൽ 1.5 ലക്ഷം കോടി രൂപ നിക്ഷേപിക്കുമെന്ന് വ്യക്തമാക്കിയിരുന്നു. വിശാഖപട്ടണത്ത് എ.ഐ ഹബ് ആരംഭിക്കാൻ ഗൂഗിൾ 1.35 ലക്ഷം കോടി രൂപയുടെ നിക്ഷേപം കഴിഞ്ഞ ഒക്ടോബറിൽ പ്രഖ്യാപിച്ചിരുന്നു.




- ■ 10 ലക്ഷം തൊഴിലവസരം, സ്കൂളുകളിൽ പരിശീലനം
- ■ പത്ത് ലക്ഷം അധിക തൊഴിലവസരങ്ങൾ സൃഷ്ടിക്കും.
- ■ ഇ-കൊമേഴ്സ് കയറ്റുമതി 8000 കോടി ഡോളറായി ഉയരും
- ■ റീട്ടെയിൽ വിപണിയിൽ എഐ ഉപയോഗപ്പെടുത്തും
- ■ സർക്കാർ സ്കൂളുകളിൽ വൈദഗ്ദ്ധ്യ പരിശീലനം

## വോട്ട്കൊള്ള: ലോക്സഭയിൽ അമിത് ഷാ–രാഹുൽ വാക്പോര്

ന്യൂഡൽഹി: വോട്ടുകൊള്ളയെച്ചൊല്ലി ലോക്സഭയിലെ എസ്.ഐ.ആർ ചർച്ചയ്ക്കിടെ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായും പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും തമ്മിൽ വാക്പോര്. വോട്ടുകൊള്ളയിൽ സംവാദം നടത്താമോയെന്ന് രാഹുലിന്റെ വെല്ലുവിളി. രാഹുൽ ഒറ്റയ്ക്ക് തീരുമാനിച്ചാൽ ശരിയാകില്ലെന്ന് ഷായുടെ മറുപടി.



രാഹുലിന്റെ കഴിഞ്ഞ ദിവസത്തെ ആരോപണങ്ങൾക്ക് ഇന്നലെ അമിത് ഷാ മറുപടി നൽകിയപ്പോൾ, ഭരണപ്രതിപക്ഷ പക്ഷാംഗങ്ങൾ ഏറ്റുമുട്ടി. സ്പീക്കർസംസാരിക്കാൻഅവസരംനൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം പ്രസംഗം ബഹിഷ്കരിച്ചു. ഹൈഡ്രജൻ ബോംബെന്ന് വിശേഷിപ്പിച്ച രാഹുലിന്റെ വോട്ട് കൊള്ള പത്രസമ്മേളനങ്ങളെ പരിഹസിച്ച ഷാ, ചില കുടുംബങ്ങൾ തലമുറകളായി വോട്ടുകൊള്ള നടത്തുന്നുവെന്ന് ആരോപിച്ചു.

തിരഞ്ഞെടുപ്പ് കമ്മിഷണർമാർക്ക് പ്രതിരോധശേഷി നൽകിയ നിയമത്തെക്കുറിച്ചുള്ള ചോദ്യത്തിന് ആദ്യം ഉത്തരം നൽകാൻ രാഹുൽ ആവശ്യപ്പെട്ടു. തന്റെ വോട്ടുകൊള്ള പത്രസമ്മേളനം സംബന്ധിച്ച് സംവാദം നടത്താൻ അമിത് ഷായെ വെല്ലുവിളിച്ചു. അമിത് ഷാ തിരിച്ചടിച്ചു: ' 30 വർഷമായി ജനപ്രതിനിധിയായ തനിക്ക് നല്ല അനുഭവ പരിചയമുണ്ട്. പ്രതിപക്ഷ നേതാവിന്റെ ആഗ്രഹം പോലെ പാർലമെന്റ് പ്രവർത്തിക്കില്ല. ക്ഷമയോടെ തന്റെ മറുപടി കേൾക്കണം'. അമിത് ഷാ ഭയചകിതനാണെന്നും പ്രതിരോധത്തിലായെന്നും രാഹുൽ. പ്രകോപിതനാകില്ലെന്നും ജനവിധി എതിരാകുമ്പോഴാണ് ആരോപണം ഉയരുന്നതെന്നും ഷാ പ്രതികരിച്ചു.

### 'നെഹ്റു പ്രധാനമന്ത്രിയായത് പട്ടേലിനെ തള്ളി'

ഗാന്ധി-നെഹ്റു കുടുംബമാണ് രാജ്യത്ത് വോട്ടുകൊള്ള നടത്തിയതെന്ന് അമിത് ഷാ. പ്രധാനമന്ത്രി സ്ഥാനാർത്ഥിയെ നിർണയിക്കാൻ നടത്തിയ തിരഞ്ഞെടുപ്പിൽ 28 വോട്ട് ലഭിച്ച സർദാർ വല്ലഭായ് പട്ടേലിനെ തള്ളിയാണ് രണ്ടു വോട്ട് മാത്രം കിട്ടിയ ജവഹർലാൽ നെഹ്റു പ്രധാനമന്ത്രിയായത്. തെറ്റായ രീതിയിൽ തിരഞ്ഞെടുപ്പ് ജയിക്കുന്നതും വോട്ട് കൊള്ളയാണെന്ന് ഇന്ദിരാഗാന്ധിയുടെ റായ്ബറേലി ജയം ചൂണ്ടിക്കാട്ടി അമിത് ഷാ പറഞ്ഞു. ഫലം അലഹബാദ് ഹൈക്കോടതി റദ്ദാക്കിയപ്പോൾ പ്രധാനമന്ത്രിക്കെതിരെ കേസെടുക്കാനാകില്ലെന്ന നിയമം കൊണ്ടുവന്നു.

പ്രതിപക്ഷ നേതാവിന് ഇതേക്കുറിച്ച് എന്താണ് പറയാനുള്ളത്. പൗരത്വം നേടുന്നതിന് മുൻപ് വോട്ട് ചെയ്തതിന് സോണിയാ ഗാന്ധിക്കെതിരെയും കേസുണ്ടല്ലോയെന്നും അമിത് ഷാ ചൂണ്ടിക്കാട്ടി. കേസ് കോടതി തള്ളിയെന്ന് കോൺഗ്രസ് അംഗം കെ.സി. വേണുഗോപാൽ പറഞ്ഞു.



## തിരുപ്പതിയിൽ 54 കോടിയുടെ ദുപ്പട്ട തട്ടിപ്പ്

അമരാവതി: ആന്ധ്രാപ്രദേശിലെ തിരുമല തിരുപ്പതി ക്ഷേത്രത്തിൽ 54 കോടിയുടെ സിൽക്ക് ദുപ്പട്ട (ഷാൾ) തട്ടിപ്പ്. 2015മുതൽ 2025 വരെയുള്ള 10 വർഷങ്ങൾക്കിടെ സിൽക്ക് ദുപ്പട്ട സംഭരണത്തിൽ വൻതോതിൽ ക്രമക്കേട് ഉണ്ടായെന്നാണ് വിജിലൻസിന്റെ കണ്ടെത്തൽ. മായം ചേർത്ത ലഡ്ഡു, സംഭാവന മോഷണം എന്നിവക്കു ശേഷമാണ് പുതിയ വിവാദവും.

ക്ഷേത്രത്തിലേക്ക് സംഭാവനകൾ നൽകുന്നവർക്ക് നൽകാനും ക്ഷേത്രാചാരങ്ങൾക്ക് ഉപയോഗിക്കാനുമാണ് മൾബറി സിൽക്ക് തുണി കൊണ്ടുള്ള ദുപ്പട്ടകൾക്ക് തിരുമല തിരുപ്പതി ദേവസ്ഥാനം (ടി.ടി.ഡി) കരാർ നൽകിയത്. എന്നാൽ കരാറുകാരൻ 100 ശതമാനം പോളിസ്റ്റർ തുണികൾ കൊണ്ടുള്ള ദുപ്പട്ടകളാണ് വിതരണം ചെയ്തതെന്ന് ആഭ്യന്തര വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തി.

ഇതേത്തുടർന്ന് ഈ കമ്പനികളുമായുള്ള എല്ലാ കരാറുകളും ടി.ടി.ഡി ട്രസ്റ്റ് റദ്ദാക്കി. ബി.ആർ നായിഡുവിന്റെ നേതൃത്വത്തിലുള്ള ടി.ടി.ഡി ബോർഡ് ആശങ്കകൾ ഉന്നയിച്ചതിനെത്തുടർന്നായിരുന്നു അന്വേഷണം. സംഭവത്തിൽ ആന്റി കറപ്ഷൻ ബ്യൂറോയുടെ (എ.സി.ബി) അന്വേഷണം ആവശ്യപ്പെട്ടെന്നും അദ്ദേഹം പറഞ്ഞു.

ഏകദേശം 350 രൂപ വിലവരുന്ന ഒരു ഷാളിന് 1,300 രൂപയായിരുന്നു കരാറുകാരൻ ബില്ല് ചെയ്തിരുന്നത്. സെൻട്രൽ സിൽക്ക് ബോർഡിന് (സി.എസ്.ബി) കീഴിലുള്ള ലബോറട്ടറിയിലുൾപ്പടെ ഷാളുകളുടെ സാമ്പിളുകൾ ശാസ്ത്രീയ പരിശോധന നടത്തി. ഇതിൽ നിന്നാണ് സിൽക്കിന് പകരം നൽകിയിരുന്നത് പോളിസ്റ്റർ തുണിയാണെന്ന് മനസിലായത്.ശുദ്ധമായ പട്ടാണെന്ന്ഉറപ്പുവരുത്തി നിർബന്ധമായും പതിപ്പിക്കേണ്ട സിൽക്ക് ഹോളോഗ്രാം ഈ ദുപ്പട്ടകളിൽ ഇല്ലായിരുന്നെന്നും വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തി.

## വിമാന പ്രതിസന്ധിയിൽ ഇൻഡിഗോയ്ക്കും കേന്ദ്രത്തിനുമെതിരെ ഡൽഹി ഹൈക്കോടതി

ന്യൂഡൽഹി: ഇൻഡിഗോ വിമാന പ്രതിസന്ധിയിൽ കേന്ദ്രസർക്കാരിനും കമ്പനിയ്ക്കുമെതിരെ രൂക്ഷവിമർശനവും ചോദ്യങ്ങളുമായി ഡൽഹി ഹൈക്കോടതി. എന്തുകൊണ്ട് സാഹചര്യം വഷളായതിനു ശേഷം കേന്ദ്രം ഇടപ്പെട്ടുവെന്ന് ചീഫ് ജസ്റ്റിസ് ദേവേന്ദ്ര കുമാർ ഉപാദ്ധ്യായ, ജസ്റ്റിസ് തുഷാർ റാവു ഗെഡേല എന്നിവരടങ്ങിയ ബെഞ്ച് ചോദിച്ചു. മറ്റു വിമാനകമ്പനികളുടെ ടിക്കറ്റുനിരക്ക് കുതിച്ചുയരാൻ എന്തിന് അനുവദിച്ചു? ചില റൂട്ടുകളിൽ 5000 രൂപ വരെയായിരുന്ന ടിക്കറ്റു നിരക്ക് 39,000ലേക്ക് വരെ പൊടുന്നനെ കുതിച്ചുയർന്നു. ഇതെങ്ങനെ സംഭവിച്ചു? മുതലെടുപ്പ് നടത്താൻ എങ്ങനെ അവർക്ക് അവസരം കിട്ടി. വിമാനകമ്പനികൾക്കെതിരെ നടപടിയെടുക്കുന്നതിൽ കേന്ദ്രം നിസഹായരാണോ? രാജ്യവ്യാപകമായി യാത്രക്കാർ വിമാനത്താവളങ്ങളിൽ കുടുങ്ങിയെന്നു മാത്രമല്ല രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെയും ബാധിച്ചുവെന്നും കോടതി പറഞ്ഞു. എന്നാൽ,പ്രതിസന്ധിയിൽ വ്യോമയാന മന്ത്രാലയവും, ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷനും (ഡി.ജി.സി.എ) സ്വീകരിച്ച നടപടികൾ അഭിനന്ദാർഹമാണെന്നും കോടതി കൂട്ടിച്ചേർത്തു.

അതേസമയം, ഇൻഡിഗോ യാത്രക്കാർക്ക് നഷ്ടപരിഹാരം നൽകാനും നിർദ്ദേശിച്ചു. വിമാനം വൈകിയാലോ, റദ്ദാക്കിയാലോ യാത്രക്കാരന് നഷ്ടപരിഹാരം നൽകണമെന്ന് ഡി.ജി.സിയുടെ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. അതു കർശനമായി നടപ്പാകണം. സർവീസുകൾ എത്രയും വേഗം സാധാരണനിലയിലേക്ക് കൊണ്ടുവരണം. ഇത്തരത്തിലൊരു പ്രതിസന്ധി ഇനിയുണ്ടാകരുത്. ഇതിനായി ആവശ്യത്തിന് പൈലറ്റുമാരെയും ജീവനക്കാരെയും എല്ലാ വിമാനക്കമ്പനികളും ഉറപ്പാക്കണമെന്നും നിർദ്ദേശിച്ചു. ഉന്നതതല സമിതി നടത്തുന്ന അന്വേഷണത്തിന്റെ റിപ്പോർട്ട് 2026 ജനുവരി 22നകം മുദ്രവച്ച കവറിൽ കേന്ദ്രസർക്കാർ സമർപ്പിക്കണം. ഒരുകൂട്ടം പൊതുതാത്പര്യഹർജികൾ പരിഗണിക്കുകയായിരുന്നു ഡൽഹി ഹൈക്കോടതി.

### കമ്പനി പ്രതീക്ഷയ്ക്കൊത്തുയർന്നില്ല

കുട്ടികളും ആരോഗ്യപ്രശ്നങ്ങളുള്ള മുതിർന്ന പൗരന്മാരും അടക്കം ഏറെ ബുദ്ധിമുട്ടിയത് ഡൽഹി ഹൈക്കോടതി ചൂണ്ടിക്കാട്ടി. യാത്രക്കാർക്ക് തറയിൽ കിടന്നുറങ്ങേണ്ടി വന്നു. ഇൻഡിഗോ ജീവനക്കാർ ഉചിതമായ രീതിയിൽ യാത്രക്കാരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്തില്ല. പരിഷ്കൃത സമൂഹം പ്രതീക്ഷിച്ച രീതിയിലല്ല ജീവനക്കാർ ഇടപെട്ടത്. പൊതുതാത്പര്യം മുൻനിറുത്തിയാണ് തങ്ങളുടെ പരാമർശങ്ങൾ. കേന്ദ്രസർക്കാരിനും ഇൻഡിഗോയ്ക്കും ഉത്തരവാദിത്തമുണ്ടെന്നും ഓർമ്മിപ്പിച്ചു.






## ഡ്വെയ്ന്റെ സിനിമാ പ്രവേശനത്തിന് പിന്നിൽ ആ കൈത്താങ്ങ്: ബ്രണ്ടൻ ഫ്രേസറിനോട് നന്ദി പറഞ്ഞ് റോക്ക്!



ഹോളിവുഡിലെ സൂപ്പർതാരങ്ങളിൽ ഒരാളായ ഡ്വെയ്ൻ ജോൺസൺ, തന്റെ ചലച്ചിത്ര ജീവിതത്തിലെ തുടക്കകാലത്തെക്കുറിച്ചും സഹായം ചെയ്തവരെക്കുറിച്ചും തുറന്നുപറഞ്ഞിരിക്കുന്നു. പ്രൊഫഷണൽ റെസ്ലിംഗ് വേദിയിൽ നിന്ന് അഭിനയ ലോകത്തേക്കുള്ള തന്റെ മാറ്റത്തിന് ഏറ്റവും കൂടുതൽ പിന്തുണ നൽകിയത് 'ദി മമ്മി റിട്ടേൺസ്' എന്ന ചിത്രത്തിലെ സഹതാരമായിരുന്ന ബ്രണ്ടൻ ഫ്രേസറാണെന്ന് റോക്ക് എന്ന് അറിയപ്പെടുന്ന ഡ്വെയ്ൻ ജോൺസൺ വെളിപ്പെടുത്തി. 2001-ൽ പുറത്തിറങ്ങിയ 'ദി മമ്മി റിട്ടേൺസ്' എന്ന ചിത്രത്തിലൂടെയാണ് ഡ്വെയ്ൻ ജോൺസൺ ആദ്യമായി ബിഗ് സ്ക്രീനിൽ എത്തുന്നത്. ഈ ചിത്രത്തിൽ സ്കോർപ്പിയൻ കിംഗ് എന്ന കഥാപാത്രത്തെയാണ് അദ്ദേഹം അവതരിപ്പിച്ചത്. റെസ്ലിംഗ് താരമെന്ന നിലയിൽ നിന്ന് ഒരു മുഴുനീള നടനിലേക്കുള്ള തന്റെ മാറ്റം അത്ര എളുപ്പമായിരുന്നില്ല. ആ സമയത്ത് താൻ നേരിട്ട വെല്ലുവിളികളിൽ ബ്രണ്ടൻ ഫ്രേസർ നൽകിയ സഹായവും സൗഹൃദപരമായ ഇടപെടലും നിർണായകമായിരുന്നുവെന്ന് ഡ്വെയ്ൻ ജോൺസൺ പറഞ്ഞു. തനിക്ക് ഒരുപാട് കാര്യങ്ങൾ പഠിപ്പിച്ചുതന്ന ബ്രണ്ടൻ ഫ്രേസറിനോട് എന്നും കടപ്പെട്ടിരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഡ്വെയ്ൻ ജോൺസന്റെ ഈ സ്നേഹപരമായ വാക്കുകളോട് ബ്രണ്ടൻ പ്രതികരിച്ചത് വലിയ വിനയത്തോടെയാണ്.



# പ്രണയം അതുല്യമാണ്!

# പങ്കാളികളുമായി ഇപ്പോഴും നല്ല ബന്ധമെന്ന ക്രിസ് ജെന്നർ


പ്രണയവും വേർപിരിയലും ഇന്ന് വളരെ സാധാരണമാണ്. പലരും വേർപിരിയുമ്പോൾ പഴയ ഓർമ്മകൾ ഇല്ലാതാക്കാറുണ്ട്. എന്നാൽ ക്രിസ് ജെന്നർ ഇപ്പോഴും തന്റെ മക്കളുടെ മുൻ പങ്കാളികളുമായി നല്ല ബന്ധം പുലർത്തുന്ന ഒരു നടിയാണ്. ജയ് ഷെട്ടിയുടെ പോഡ്കാസ്റ്റ് ഓൺ പർപ്പസിൽ സംസാരിക്കവേ, ഔദ്യോഗികമായി വേർപിരിഞ്ഞിട്ടും തന്റെ മക്കൾ ഇപ്പോഴും അവരുടെ മരുമക്കളോട് പഴയ സ്നേഹവും വാത്സല്യവും പരിഗണനയും കാണിക്കുന്നത് എന്തുകൊണ്ടാണെന്ന് നടി വെളിപ്പെടുത്തി.സ്നേഹം എന്നാൽ സ്നേഹമാണെന്ന് ഞാൻ പൂർണ്ണഹൃദയത്തോടെയും ആത്മാവോടെയും വിശ്വസിക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് ഞാൻ ആരംഭിക്കാം. ഞാൻ ആളുകളെ തൽക്ഷണം സ്നേഹിക്കുന്നു. എന്റെ കൊച്ചുമക്കളുടെ അച്ഛന്മാരോട് എനിക്കുള്ള സ്നേഹം അതാണ്. അവരുമായി ഞാൻ എത്ര വെല്ലുവിളി നിറഞ്ഞ സാഹചര്യങ്ങളിലൂടെ കടന്നുപോയാലും, ആ സ്നേഹം മാറിയിട്ടില്ല. എനിക്ക് ആ സ്നേഹം കുറഞ്ഞിട്ടില്ല.പേരക്കുട്ടികൾക്ക് ദയയും സാഹോദര്യവുമൊക്കെ അനുഭവിച്ചു വളരാൻ ഞാൻ ആഗ്രഹിക്കുന്നതിനാൽ, തന്റെ കുട്ടികളുടെ മുൻ പങ്കാളികളെ കുടുംബാംഗങ്ങളെപ്പോലെയാണ് താൻ പരിഗണിക്കുന്നത്. എല്ലാവർക്കും ഇപ്പോഴും ബന്ധപ്പെടാൻ കഴിയുമെന്ന് ജെന്നർ പറഞ്ഞു. മരുമക്കൾക്ക് എപ്പോൾ വേണമെങ്കിലും വീട്ടിലേക്ക് വരാം, അവർക്കായി വീടിന്റെ വാതിൽ എന്നും തുറന്നിരിക്കും. കൃത്യമായ ആശയവിനിമയം നടക്കണം, ക്ഷമയും അനുകമ്പയും ഉണ്ടാവണം, പേരക്കുട്ടികളും അങ്ങനെ വളരണം എന്നതാണ് തന്റെ ആഗ്രഹം എന്നാണ് ക്രിസ് ജെന്നർ പറഞ്ഞത്.

## 'നിങ്ങൾ പരിധി ലംഘിച്ചു': കാമുകിയുടെ സ്വകാര്യ ദൃശ്യങ്ങൾ പകർത്തിയ പാപ്പരാസികൾക്ക് എതിരെ ഹാർദിക്



തന്റെ കാമുകി മഹിക ശർമ്മയുടെ സ്വകാര്യതയിലേക്ക് കടന്നുകയറിയതിന് പാപ്പരാസികൾക്കെതിരെ രൂക്ഷ വിമർശനം ഉന്നയിച്ച് ഇന്ത്യൻ താരം ഹാർദിക് പാണ്ഡ്യ.ചൊവ്വാഴ്ച മുംബൈയിലെ ഒരു റെസ്റ്റോറന്റിൽ നിന്ന് മടങ്ങവെ പാപ്പരാസികൾ പകർത്തിയ മഹിക ശർമയുടെ ദൃശ്യങ്ങൾ സോഷ്യൽ മീഡിയയിൽ വ്യാപകമായി പ്രചരിച്ചിരുന്നു. കാമുകിയുടെ ചിത്രങ്ങൾ മോശം രീതിയിൽ പകർത്തിയതിനെതിരെയാണ് ഇൻസ്റ്റാഗ്രാം കുറിപ്പിലൂടെ ഹാർദിക് ശക്തമായി പ്രതികരിച്ചത്. പാപ്പരാസികൾ കുറച്ചുകൂടി മാന്യമായിരിക്കണമെന്നും ഹാർദിക് പറഞ്ഞു. സ്ത്രീകൾക്ക് അന്തസ്സുണ്ടെന്നും അതിനെ ബഹുമാനിക്കാൻ പഠിക്കണമെന്നും താരം ചൂണ്ടിക്കാട്ടി. അന്തസ്സിന്റെയും സ്വകാര്യതയുടെയും അതിരുകൾ ചൂണ്ടിക്കാണിച്ചുകൊണ്ട്, മാധ്യമങ്ങൾ ഉത്തരവാദിത്തത്തോടെ പ്രവർത്തിക്കണമെന്ന് ഹാർദിക് ആവശ്യപ്പെട്ടു. ഒരു വ്യക്തിയുടെ സ്വകാര്യതയെ ബഹുമാനിക്കാൻ മാധ്യമങ്ങൾ തയ്യാറാകണം. ഒരു സ്ത്രീയും കാണാൻ ആഗ്രഹിക്കാത്ത ദൃശ്യങ്ങൾ പകർത്തി പുറത്തുവിടുന്നത് നിലവാരമില്ലാത്ത പ്രവൃത്തിയാണ്. എല്ലാത്തിനും ഒരു പരിധിയുണ്ട്. മാധ്യമ സുഹൃത്തുക്കൾ ബഹുമാനമുള്ളവരായിരിക്കണം, പ്രത്യേകിച്ച് സ്ത്രീകളുടെ കാര്യത്തിൽ- ഹാർദിക് കുറിപ്പിൽ പറഞ്ഞു.

## വിവാഹ വാർഷികത്തിൽ 'ന്യൂ മമ്മി' കത്രീനയോടൊപ്പം മനോഹര സെൽഫി പങ്കുവച്ചു വിക്കി കൗശൽ



ബോളിവുഡിലെ ഏറ്റവും പ്രിയങ്കര ദമ്പതികളാണ് വിക്കി കൗശലും കത്രീന കൈഫും അവരുടെ 4-ാം വിവാഹ വാർഷികം ആഘോഷിക്കുകയാണ്. ഈ പ്രത്യേക ദിനത്തിൽ, വിക്കി തന്റെ ഭാര്യയും 'ന്യൂ മമ്മി'യുമായ കത്രീന കൈഫിനൊപ്പമുള്ള ഒരു മനോഹരമായ സെൽഫി ഇൻസ്റ്റഗ്രാമിൽ പങ്കുവച്ചു. ആരാധകർ ഏറെ സ്നേഹത്തോടെ ആണ് ഈ ചിത്രം സ്വീകരിച്ചത്ചിത്രത്തിൽ ഇരുവരും ലളിതമായ വസ്ത്രങ്ങളിൽ, നിറ ചിരിയോടെ തികച്ചും മനോഹരമായി ആണ് കാണപ്പെടുന്നത്. ദമ്പതികളുടെ കെമിസ്ട്രി വീണ്ടും ആരാധകരുടെ മനസ്സ് കവർന്നിരിക്കുകയാണ്. പുതിയ അമ്മയായ കത്രീന കൈഫിന്റെ സന്തോഷവും തിളക്കവും ഫോട്ടോയിൽ വ്യക്തമാണ്. അതേസമയം വിക്കിയും കത്രീനയും അവരുടെ സ്വകാര്യ ജീവിതം പൊതുവെ ഏറെ പ്രൈവറ്റ് ആയി സൂക്ഷിക്കാനാണ് ശ്രമിക്കാറ്. അതുകൊണ്ട് തന്നെ ഇത്തരം നിമിഷങ്ങൾ താര ജോഡികൾ പങ്കുവെക്കുന്നത് ആരാധകർക്ക് ഒരു മനോഹര സർപ്രൈസ് ആയി. നാലു വർഷം മുമ്പ് നടന്ന അവരുടെ രാജകീയ വിവാഹം ഇന്നും ആരാധകർ മനസിൽ സൂക്ഷിക്കുന്നതുപോലെ, ഈ വാർഷിക പോസ്റ്റും സോഷ്യൽ മീഡിയയിൽ വൈറലായി മാറുകയാണ്.

# 'മുൻ കാമുകിമാരോട് ദേഷ്യമില്ല, നയൻതാരക്ക് ഒപ്പമുള്ള ചിത്രം ലീക്കായത് വേദനിപ്പിച്ചു;' ചിമ്പു



വിവാദങ്ങളുടെ നായകനായാണ് ചിലബരശൻ എന്നും അറിയപ്പെടുന്ന ചിമ്പു. നിരവധി പ്രണയബന്ധങ്ങൾ ഉണ്ടായിരുന്നിട്ടും, 42 വയസ്സുള്ള സിമ്പു ഇപ്പോഴും സിംഗിൾ ആണെന്നത് അദ്ദേഹത്തിന്റെ ആരാധകർക്ക് വലിയ വേദനയാണ്. താൻ ഇപ്പോഴും ഒരു നല്ല പ്രണയത്തിനായി യാചിക്കുകയാണെന്ന് ചിമ്പു പറയുന്നു. ജയ ടിവിക്ക് നൽകിയ അഭിമുഖത്തിൽ നടൻ തന്റെ വിവാദ പ്രണയങ്ങളെക്കുറിച്ചും സിനിമ ജീവിതത്തെക്കുറിച്ചും സംസാരിക്കുകയായിരുന്നു. എന്റെ അമ്മ വളരെക്കാലമായി പ്രണയത്തിന് എതിരായിരുന്നു. അവർ എന്നെ തല്ലുമായിരുന്നു, ഷൂട്ടിംഗ് സെറ്റുകളിൽ ഏതെങ്കിലും പെൺകുട്ടിയുമായി എന്നെ കണ്ടാൽ അത് ഒരു പ്രശ്നമാകും. എന്നാൽ ഇന്ന്, പ്രണയം ഞാൻ അന്വേഷിക്കുന്ന ഒന്നാണ്. അതേ സമയം, തന്റെ ജീവിതത്തിലൂടെ കടന്നുപോയ മുൻ കാമുകിമാരുമായി തനിക്ക് ഒരു പ്രശ്നവുമില്ലെന്ന് സിമ്പു പറഞ്ഞു. കണ്ടാൽ മുഖം തിരിഞ്ഞു നടക്കുന്ന ശത്രുക്കളെ പോലെയല്ല വേർപിരിഞ്ഞത് എന്നാണ് ചിമ്പു പറഞ്ഞത്.കേട്ടതിൽ ഏറ്റവും അധികം വേദനിപ്പിച്ച വിവാദം നയൻതാരയ്ക്കൊപ്പമുള്ളതായിരുന്നു എന്ന് ചിമ്പു പറയുന്നു. കൂട്ടുകാരോടൊപ്പം ബാങ്കോക്കിൽ ഒരു അവധി ആഘോഷിച്ചുകൊണ്ടിരിക്കുമ്പോഴാണ് നയൻതാരയ്ക്കൊപ്പമുള്ള ഒരു ഫോട്ടോ വൈറലായി എന്ന് പറഞ്ഞ് എനിക്ക് കോൾ വന്നത്.സിനിമയുടെ ഷൂട്ടിങിന്റെ ഭാഗമായി എടുത്ത ഏതെങ്കിലും ഇന്റിമേറ്റ് സീൻ ആയിരിക്കും എന്നാണ് അപ്പോൾ ഞാൻ കരുതിയത്. പിന്നീടാണ് അറിഞ്ഞത് അതല്ല എന്ന്. ദുബായിൽ ആയിരുന്നപ്പോൾ, ഞങ്ങളുടെ സ്വകാര്യ സന്തോഷ നിമിഷത്തിൽ എടുത്ത ചിത്രങ്ങളായിരുന്നു അത്. ലീക്കായപ്പോൾ വല്ലാത്ത വേദന തോന്നി- ചിമ്പു പറഞ്ഞു

## 'സമാധാനം മുഖ്യം! തമന്നയുമായുള്ള പ്രണയബന്ധം ഉപേക്ഷിച്ചതിനെക്കുറിച്ച് വിജയ് വർമ്മ



ആരാധകരുടെ പ്രിയ താരമാണ് തമന്ന. നടൻ വിജയ് വർമ്മയുമായുള്ള താരത്തിന്റെ പ്രണയബന്ധവും തകർച്ചയും വലിയ രീതിയിൽ ചർച്ച ചെയ്യപ്പെട്ടിരുന്നു. ഇപ്പോഴിതാ പ്രണയബന്ധം തകർന്നതിനെ ശേഷം അതിനെ കുറിച്ച് വ്യക്തമാക്കി രംഗത്ത് എത്തിയിരിക്കുകയാണ് വിജയ് വർമ്മ. പൊതു സമൂഹം തന്റെ ജീവിതവും തീരുമാനങ്ങളും അതി സൂക്ഷ്മമായി ചർച്ച ചെയ്യുകയും വിലയിരുത്തപ്പെടുകയും ചെയ്തുവെന്നാണ് വിജയ് വർമ്മ പറയുന്നത്. 'അതിൽ നിന്നൊരു മോചനം വേണ്ടിയിരുന്നു. കുറച്ചധികം സമാധാനവും സ്വസ്ഥതയും വേണമായിരുന്നു. ബഹളങ്ങളിൽ നിന്നെല്ലാം ഒഴിഞ്ഞ് നിൽക്കണമായിരുന്നു. പക്ഷേ ഒന്നും എൻറെ നിയന്ത്രണത്തിലായിരുന്നില്ല. എന്റെ ജീവിതവും ഓരോ തീരുമാനങ്ങളും അതിസൂക്ഷ്മമായി വിലയിരുത്തപ്പെടുകയും ചർച്ചയാകുകയും ചെയ്തു. എല്ലാ ദിവസവും വാർത്തകളിൽ നിറഞ്ഞുനിന്നു, ഇതെല്ലാം സഹിക്കാവുന്നതിനും അപ്പുറമായിരുന്നു പ്രണയം പരസ്യപ്പെടുത്തിയാൽ ഇങ്ങനെയൊക്കെ സംഭവിക്കുമെന്ന് ഞാൻ അപ്പോഴാണ് തിരിച്ചറിഞ്ഞത്' എന്നാണ് വിജയ് വർമ്മ പറഞ്ഞത്.അതേസമയം കഴിഞ്ഞ മാർച്ചിലായിരുന്നു ഇരുവരും വേർപിരിഞ്ഞത്. ഈ വർഷം വിവാഹത്തിലേക്ക് എത്തുമെന്ന് കരുതപ്പെട്ടിരുന്ന, ദീർഘകാലം നീണ്ട പ്രണയബന്ധമാണ് ഇരുവരും അന്ന് അവസാനിപ്പിച്ചത്.



## ജെനിഫർ ലോപസിന്റെ 'ദേസി' ഗ്ലാമർ: മൽഹോത്രയുടെ സാരിയിൽ തിളങ്ങി

ആഗോള പോപ്പ് താരവും നടിയുമായ ജെനിഫർ ലോപസ് (ജെ.ലോ) അടുത്തിടെ ഇന്ത്യയിൽ നടത്തിയ സന്ദർശനത്തിൽ ധരിച്ച വേഷവിധാനം സോഷ്യൽ മീഡിയയിൽ തരംഗമാകുന്നു. പ്രമുഖ ഇന്ത്യൻ ഫാഷൻ ഡിസൈനറായ മനീഷ് മൽഹോത്രയുടെ അതിമനോഹരമായ സാരിയാണ് ജെനിഫർ ലോപസ് ധരിച്ചത്. ഉദയ്പൂരിൽ നടന്ന ഒരു കോടീശ്വരന്റെ ആഢംബര വിവാഹത്തിൽ പങ്കെടുക്കാനും പ്രകടനം നടത്താനുമായാണ് താരം ഇന്ത്യയിലെത്തിയത്. വിവാഹ ആഘോഷങ്ങളുടെ ഭാഗമായി നടന്ന ചടങ്ങിൽ, ബ്ലഷ് റോസ് നിറത്തിലുള്ള കട്ട്-വർക്ക് സാരിയിലാണ് ജെ.ലോ പ്രത്യക്ഷപ്പെട്ടത്. തിളങ്ങുന്ന Swarovski ക്രിസ്റ്റലുകൾ പതിപ്പിച്ച ഈ സാരിക്ക് ഇന്ത്യൻ കരകൗശലത്തിന്റെ മനോഹാരിതയും ആധുനിക ഫാഷന്റെ സൗന്ദര്യവും ഒരുപോലെ ഉണ്ടായിരുന്നു. ഇതിനൊപ്പം സ്ട്രാപലെസ്സ് ബ്ലൗസും എമറാൾഡ് കല്ലുകൾ പതിപ്പിച്ച കട്ടിയുള്ള നെക്ലേസും കമ്മലുകളും ഉൾപ്പെടുന്ന മനീഷ് മൽഹോത്രയുടെ ഹൈ-ജ്വല്ലറി ആഭരണങ്ങളും താരം അണിഞ്ഞിരുന്നു. നെറ്റിയിൽ ഒരു മനോഹരമായ മാംഗ്-ടിക്ക കൂടി ധരിച്ചതോടെ താരത്തിന്റെ 'ദേസി' രൂപത്തിന് പൂർണ്ണത ലഭിച്ചു. ജെനിഫർ ലോപസിന്റെ ഈ ലുക്കിന്റെ ചിത്രങ്ങൾ മനീഷ് മൽഹോത്ര തന്റെ ഇൻസ്റ്റഗ്രാം പേജിൽ പങ്കുവെച്ചു. 'ശരിക്കും സവിശേഷമായി തോന്നുന്ന ഒരു നിമിഷം... ഇന്ത്യയിലെത്തിയ ജെ.ലോ ഞങ്ങളുടെ ഇന്ത്യൻ കരകൗശലത്തെ സ്വീകരിക്കുന്നത് കാണുന്നത് എനിക്ക് വലിയ സന്തോഷം നൽകുന്നു. മൃദുത്വവും തിളക്കവും അവൾ മനോഹരമായി കൊണ്ടുവരുന്ന ആകർഷകത്വവും ഞാൻ ഇഷ്ടപ്പെടുന്നതെല്ലാം ഈ ലുക്കിൽ ഉണ്ട്' എന്നായിരുന്നു ഡിസൈനറുടെ പ്രതികരണം.ജെനിഫർ ലോപസ് ആദ്യമായി ഇന്ത്യൻ പാരമ്പര്യ വസ്ത്രം അണിയുന്നതിന്റെ ചിത്രങ്ങൾ വന്നതോടെ ബോളിവുഡിൽ നിന്നും ഹോളിവുഡിൽ നിന്നുമുള്ള നിരവധിപേരാണ് താരത്തെ അഭിനന്ദിച്ച് രംഗത്തെത്തിയത്. അതേസമയം, നെട്ര മാൻടേനയുടെയും വംസി ഗാദിരാജുവിന്റെയും വിവാഹച്ചടങ്ങിൽ പങ്കെടുത്ത ജെ.ലോ, സ്റ്റേജിൽ തന്റെ ഹിറ്റ് ഗാനങ്ങൾ ആലപിച്ച് അതിഥികളെ ആവേശത്തിലാക്കുകയും ചെയ്തു.



# 'ഗ്ലാഡിയേറ്റർ 2ന്' അതിന്റെ ആത്മാവ് നഷ്ടപ്പെട്ടു! തുറന്നടിച്ച് റസൽ ക്രോ

ഓസ്കാർ പുരസ്കാരം നേടിയ ഇതിഹാസ ചിത്രം 'ഗ്ലാഡിയേറ്ററി'ന്റെ (2000) തുടർച്ചയായി വന്ന 'ഗ്ലാഡിയേറ്റർ 2' വിനെതിരെ വിമർശനവുമായി പ്രധാന നടൻ റസൽ ക്രോ രംഗത്ത്. സിനിമയിലെ പ്രധാന കഥാപാത്രമായ മാക്സിമസിന്റെ (റസൽ ക്രോ) മരണം കാരണം പുതിയ ചിത്രത്തിൽ അദ്ദേഹം അഭിനയിച്ചിട്ടില്ല. എന്നാൽ, സിനിമയുടെ അണിയറപ്രവർത്തകർക്ക് യഥാർത്ഥത്തിൽ 'ഗ്ലാഡിയേറ്ററി'നെ മികച്ചതാക്കിയത് എന്താണെന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടില്ലെന്നാണ് റസൽ ക്രോ ആരോപിക്കുന്നത്. ഗ്ലാഡിയേറ്റർ 2' എന്നത് ഒരു ദൗർഭാഗ്യകരമായ ഉദാഹരണമാണെന്നാണ് റസൽ ക്രോയുടെ അഭിപ്രായം. സിനിമയിലെ പ്രൗഢിയോ, ആക്ഷനോ, സാഹചര്യങ്ങളോ ആയിരുന്നില്ല, മറിച്ച് അതിന്റെ 'ധാർമികമായ അടിത്തറ' ആയിരുന്നു ആദ്യ ഭാഗത്തെ സവിശേഷമാക്കിയത്. എന്നാൽ, പുതിയ സിനിമയ്ക്ക് ആ ആത്മാവ് നഷ്ടപ്പെട്ടുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ആദ്യ ഭാഗത്തിന്റെ ചിത്രീകരണ സമയത്തും മാക്സിമസിന്റെ ധാർമികമായ മൂല്യങ്ങൾ നിലനിർത്താൻ താൻ എല്ലാ ദിവസവും പോരാടേണ്ടി വന്നിട്ടുണ്ട്. ലൈംഗിക രംഗങ്ങൾ ഉൾപ്പെടുത്താനുള്ള നിർദേശങ്ങളെ താൻ എതിർത്തിരുന്നു. ഭാര്യയോടും മകനോടുമുള്ള മാക്സിമസിന്റെ വിട്ടുവീഴ്ചയില്ലാത്ത സ്നേഹവും പ്രതികാര ദാഹവുമാണ് ആ കഥാപാത്രത്തിന്റെ ശക്തി. ഭാര്യയുമായി ബന്ധമുള്ള അതേ സമയം മറ്റൊരു സ്ത്രീയുമായി അവിഹിത ബന്ധമുണ്ടായി എന്ന് വരുത്തുന്നതിലൂടെ ആ കഥാപാത്രത്തിന്റെ ശക്തി ഇല്ലാതാകുമെന്നും അദ്ദേഹം പറഞ്ഞു.'ഗ്ലാഡിയേറ്റർ 2' വിൽ മാക്സിമസിന് ലൂസില്ലയുമായി ഒരു രഹസ്യ ബന്ധമുണ്ടായിരുന്നുവെന്നും അതിൽ ഒരു മകൻ (ലൂസിയസ് - പോൾ മെസ്കൽ) ഉണ്ടായിരുന്നുവെന്നും വെളിപ്പെടുത്തുന്ന പ്ലോട്ട് ട്വിസ്റ്റാണ് റസൽ ക്രോയെ ഏറ്റവും കൂടുതൽ ചൊടിപ്പിച്ചത്. ഇത് മാക്സിമസിന്റെ കഥാപാത്രത്തിന് വിരുദ്ധമാണെന്നും, താൻ വിശ്വസിച്ച കഥാപാത്രത്തിന്റെ ധാർമികതയെ ഇത് ചോദ്യം ചെയ്യുന്നുവെന്നും അദ്ദേഹം തുറന്നടിച്ചു.



# ചിലമ്പരശൻ-വെട്രിമാരൻ ചിത്രം 'അരസൻ' ചിത്രീകരണം തുടങ്ങി

വെട്രിമാരൻ-സിമ്പു കൂട്ടുകെട്ടിൽ ഒരുങ്ങുന്ന പുതിയ ചിത്രമാണ് 'അരസൻ'. വടചെന്നൈ യൂണിവേഴ്സിൽ ഒരുങ്ങുന്ന സിനിമയുടെ ചിത്രീകരണം ആരംഭിച്ചു.വിജയ് സേതുപതിയും ചിത്രത്തിൽ പ്രധാന വേഷത്തിലെത്തുന്നുണ്ട്. തെന്നിന്ത്യൻ സിനിമയിൽ ഏറ്റവും കൂടുതൽ ആരാധകരുള്ള സംവിധായകരിൽ ഒരാളാണ് വെട്രിമാരൻ.ആടുകളം, വടചെന്നൈ, അസുരൻ, വിസാരണൈ, വിടുതലൈ തുടങ്ങീ മികച്ച ചിത്രങ്ങൾ ഇന്ത്യൻ സിനിമയ്ക്ക് നൽകിയ വെട്രിമാരൻ സിബുവിനെ നായകനാക്കി ചിത്രമൊരുക്കുമ്പോൾ വലിയ പ്രതീക്ഷയിലാണ് തെന്നിന്ത്യൻ പ്രേക്ഷകർ ചിത്രത്തെ നോക്കികാണുന്നത്. വി ക്രിയേഷൻസിന്റെ ബാനറിൽ കലൈപ്പുലി എസ്. താണു ആണ് ചിത്രം നിർമ്മിക്കുന്നത്. സിമ്പുവിന്റെ നായികയായി സായ് പല്ലവിയാണ് എത്തുന്നതെന്നാണ് റിപ്പോർട്ടുകൾ.ഗൗതം മേനോൻ സംവിധാനം ചെയ്ത 'വെണ്ടു തനിന്തതു കാട്' (2022) എന്ന ചിത്രത്തിന്റെ വിജയത്തിന് ശേഷം, വെട്രിമാരൻറെ റിയലിസ്റ്റിക് ആഖ്യാന ശൈലിയിൽ എസ്.ടി.ആറിൻറെ വരവ് ഏറെ പ്രതീക്ഷയോടെയാണ് അദ്ദേഹത്തിൻറെ പ്രേക്ഷകർ പ്രതീക്ഷിക്കുന്നത്.അതേസമയം വിജയ് സേതുപതി നായകനായി എത്തിയ വിടുതലൈ പാർട്ട് 2 ആയിരുന്നു വെട്രിമാരന്റേതായി അവസാനമിറങ്ങിയ ചിത്രം.



# 'പടയപ്പ 2' പ്രഖ്യാപിച്ച് രജനികാന്ത്

'പടയപ്പ' സിനിമയുടെ 25-ാം വാർഷികം ആഘോഷിക്കുന്ന വേളയിൽ, ഈ സിനിമയുടെ രണ്ടാം ഭാഗത്തിന്റെ പണിപ്പുരയിലാണെന്ന് സൂപ്പർസ്റ്റാർ രജനീകാന്ത് ഔദ്യോഗികമായി സ്ഥിരീകരിച്ചു. രജനീകാന്തിനൊപ്പം രമ്യ കൃഷ്ണനും സൗന്ദര്യയും അഭിനയിച്ച 1999 ലെ ബ്ലോക്ക്ബസ്റ്റർ ചിത്രം തിയേറ്ററുകളിൽ തിരിച്ചെത്താൻ ഒരുങ്ങുന്നു. അതേസമയം, കഥയുടെ അടുത്ത അധ്യായത്തിനായി ആരാധകരെ ആകാംക്ഷയുടെ മുൾമുനയിൽ നിർത്തുന്നതാണ് പുതിയ പ്രഖ്യാപനം.പടയപ്പയോട് പ്രതികാരം ചെയ്യുമെന്ന് ശപഥം ചെയ്ത് നീലാംബരി മരിക്കുന്നതാണ് ആദ്യ സിനിമയുടെ ക്ലൈമാക്സ്. രണ്ടാം ഭാഗത്തിന് നീലാംബരി എന്നാണ് പേര് നൽകിയിരിക്കുന്നത്. രമ്യ കൃഷ്ണൻ അവതരിപ്പിച്ച നീലാംബരി എന്ന കഥാപാത്രം ഒരിക്കൽ കൂടി പടയപ്പയോട് ഏറ്റുമുട്ടാൻ എത്തുന്നു എന്നതിന്റെ ആവേശത്തിലാണ് ആരാധകർ.37 മിനുട്ടുള്ള വീഡിയോ ആണ് രജനീകാന്ത് പങ്കുവെച്ചത്. വീഡിയോയിൽ പടയപ്പയെ കുറിച്ചും ചിത്രീകരണ സമയത്തെ ഓർമകളുമാണ് താരം പങ്കുവെച്ചത്. 26 വർഷങ്ങൾക്കു മുമ്പ് പടയപ്പയുണ്ടാക്കിയ ഓളം ഇന്നും തനിക്ക് ആവേശമുണ്ടാക്കുന്നതാണെന്ന് താരം പറയുന്നു.തന്റെ അമ്പത് വർഷത്തെ കരിയറിൽ സ്ത്രീകൾ ഗേറ്റ് പൊളിച്ച് ഒരു സിനിമ കാണാൻ എത്തുന്നത് കണ്ടത് പടയപ്പയ്ക്കു വേണ്ടിയാണെന്ന് താരം പറയുന്നു.



# നടൻ രാംചരണിനെ കാണാനെത്തി ജപ്പാനിൽ നിന്നുള്ള ആരാധക സംഘം



തെലുങ്ക് നടൻ രാംചരണിനെ കാണാനെത്തി ജപ്പാനിൽനിന്നുള്ള ആരാധക സംഘം. ഹൈദരാബാദിലായിരുന്നു ഈ കൂടിക്കാഴ്ച. രാജമൗലി സംവിധാനം ചെയ്ത RRR എന്ന ചിത്രം ജപ്പാനിൽ റിലീസ് ചെയ്തിരുന്നു. ചിത്രം അവിടെ വൻ വിജയമായതോടെ രാംചരണിന് ജപ്പാനിലും ഏറെ ആരാധകരുണ്ടായി.അവരിൽ ചിലരാണ് അദ്ദേഹത്തെ ഹൈദരാബാദിലെത്തി നേരിൽക്കണ്ടത്. നടന്റെ പിആർ ടീം പങ്കുവെച്ച വീഡിയോയിൽ ആരാധകരുമായി രാംചരൺ സംവദിക്കുന്നത് കാണാം. കൂട്ടത്തിൽ ഒരു ആരാധിക RRR 100 തവണ കണ്ടിട്ടുണ്ടെന്ന് രാംചരണിനോട് പറഞ്ഞു.

# ആരാധകരെ ആവേശഭരിതരാക്കി 'ദി ഡ്രാമ' ഫസ്റ്റ് ലുക്ക്

റോബർട്ട് പാറ്റിൻസണിനൊപ്പം തന്റെ വരാനിരിക്കുന്ന റൊമാന്റിക് കോമഡി ദി ഡ്രാമയുടെ ഫസ്റ്റ് ലുക്ക് പോസ്റ്റർ പങ്കുവച്ച് നടി സെൻഡായ. മനോഹരമായ പോസ്റ്ററിൽ ഇരുവരും ചേർന്നിരിക്കുന്ന ചിത്രമാണ് പുറത്ത് വന്നിരിക്കുന്നത്.സെൻഡായ വിരലിൽ ഒരു മോതിരം പോലും ധരിച്ചിരിക്കുന്നു. അവരുടെ കഥാപാത്രം പാറ്റിൻസണുമായി വിവാഹനിശ്ചയം നടത്തിയിരിക്കാമെന്ന അഭ്യൂഹങ്ങൾക്ക് ഇത് തുടക്കമിട്ടു.വിചിത്രമായ പോസ്റ്റർ ഇതിനകം തന്നെ മീമുകളും, ഊഹാപോഹങ്ങളും, ആവേശവും ഉണർത്തുന്നതിനാൽ, 2026 ലെ ഏറ്റവും പ്രതീക്ഷയോടെ കാത്തിരിക്കുന്ന റൊമാന്റിക് കോമഡി



റിലീസുകളിൽ ഒന്നായി ദി ഡ്രാമ മാറുകയാണ്. ചിത്രം 2026 ഏപ്രിൽ 3 ന് തിയേറ്ററുകളിൽ എത്തും.റോബർട്ട് പാറ്റിൻസൺ അവസാനമായി അഭിനയിച്ചത് ഡൈ മൈ ലവ് എന്ന ചിത്രത്തിലാണ് .ഈ വർഷം ആദ്യം കാൻസ് ഫിലിം ഫെസ്റ്റിവലിൽ ചിത്രം പ്രദർശിപ്പിച്ചു.

# മമ്മൂട്ടി മാജിക് വീണ്ടും; തീയേറ്റർ നിറച്ച് 'കളങ്കാവൽ'



മമ്മൂട്ടിയെ നായകനാക്കി നവാഗതനായ ജിതിൻ കെ ജോസ് സംവിധാനം ചെയ്ത 'കളങ്കാവൽ' 50 കോടി ക്ലബ്ബിലെത്തിയത് കേവലം നാലുനാൾ കൊണ്ട്. മമ്മൂട്ടിക്കൊപ്പം വിനായകൻ പ്രധാന വേഷത്തിലെത്തിയ സിനിമ പ്രേക്ഷക നിരൂപക പ്രശംസ നേടി മുന്നേറുകയാണ്. ഏറ്റവും വേഗത്തിൽ 50 കോടി ക്ലബ്ബിൽ ഇടം നേടുന്ന മമ്മൂട്ടി ചിത്രവുമായി കളങ്കാവൽ. ഭീഷ്മപർവം, കണ്ണൂർ സ്ക്വാഡ്, ഭ്രമയുഗം, ടർബോ എന്നീ ചിത്രങ്ങൾക്ക് ശേഷം 50 കോടി ക്ലബ്ബിൽ ഇടം പിടിച്ച മമ്മൂട്ടി ചിത്രവുമാണിത്. ജിഷ്ണു ശ്രീകുമാറും ജിതിൻ കെ ജോസും ചേർന്നാണ് കളങ്കാവലിന്റെ തിരക്കഥ ഒരുക്കിയത്. വിനായകൻ, ജിബിൻ ഗോപിനാഥ്, ഗായത്രി അരുൺ, രജീഷ് വിജയൻ, ആർജെ സൂരജ് തുടങ്ങിയവരാണ് മറ്റ് താരങ്ങൾ. ക്രൈം ഡ്രാമ ജോണറിലാണ് ജിതിൻ കെ ജോസ് ചിത്രമൊരുക്കിയത്. ആരോഗ്യ സംബന്ധമായ ഇടവേളയ്ക്ക് ശേഷം മമ്മൂട്ടി ബിഗ് സ്ക്രീനിൽ തിരിച്ചെത്തിയ ചിത്രമെന്ന പ്രത്യേകതയുമുണ്ട്. മമ്മൂട്ടി കമ്പനി നിർമ്മിച്ച സിനിമ ദുൽഖർ സൽമാന്റെ വേഫെറർ ഫിലിംസാണ് കേരളത്തിൽ വിതരണത്തിനെത്തിച്ചത്. മമ്മൂട്ടി കമ്പനിയുടെ ബാനറിൽ നിർമ്മിക്കുന്ന ഏഴാമത്തെ ചിത്രവുമാണിത്.

# പ്ലാസ്റ്റിക് സർജറി അഭ്യൂഹങ്ങൾ തള്ളി സിഡ്നി സ്വീനി



ഹോളിവുഡിലെ ശ്രദ്ധേയ യുവനടിമാരിൽ ഒരാളായ സിഡ്നി സ്വീനി, തനിക്കെതിരെ പ്രചരിക്കുന്ന പ്ലാസ്റ്റിക് സർജറി സംബന്ധിച്ച കിംവദന്തികൾക്ക് മറുപടി നൽകി. താൻ ഇതുവരെ ഒരു സൗന്ദര്യവർധക ശസ്ത്രക്രിയയും ചെയ്തിട്ടില്ലെന്ന് താരം വ്യക്തമാക്കി. സൂചി കണ്ടാൽ തനിക്ക് ഭയമാണെന്നും, അതുകൊണ്ട് തന്നെ കോസ്മെറ്റിക് ചികിത്സകൾ ചെയ്യാൻ ധൈര്യമില്ലെന്നും സിഡ്നി സ്വീനി ഒരു അഭിമുഖത്തിൽ വെളിപ്പെടുത്തി.'ദി ഹൗസ്മെയ്ഡ്' എന്ന പുതിയ ചിത്രത്തിന്റെ സഹതാരം അമാൻഡ സെഫ്രിഡിനൊപ്പമുള്ള അഭിമുഖത്തിലാണ് സിഡ്നി സ്വീനി ഈ വിഷയത്തിൽ മനസ്സുതുറന്നത്. സോഷ്യൽ മീഡിയയിൽ തന്റെ കുട്ടിക്കാലത്തെ ചിത്രങ്ങളും ഇപ്പോഴത്തെ ചിത്രങ്ങളും താരതമ്യം ചെയ്യുന്നതിനെതിരെയും അവർ വിമർശനമുന്നയിച്ചു. ഒരു 12 വയസ്സുകാരിയുടെ ചിത്രത്തെ, പ്രൊഫഷണൽ മേക്കപ്പും ലൈറ്റിംഗും ഉള്ള 26 വയസ്സുകാരിയുടെ ചിത്രവുമായി താരതമ്യം ചെയ്യുന്നത് അസംബന്ധമാണെന്നും പ്രായത്തിനനുസരിച്ച് രൂപത്തിൽ മാറ്റങ്ങൾ വരുന്നത് സ്വാഭാവികമാണെന്നും അവർ പറഞ്ഞു.തന്റെ മുഖത്തെ ഒരു നേരിയ വ്യത്യാസത്തിന് കാരണമായ ഒരു പഴയ പരിക്കിനെക്കുറിച്ചും സിഡ്നി വെളിപ്പെടുത്തി. കുട്ടിക്കാലത്ത് ഒരു വേക്ക്ബോർഡിംഗ് അപകടത്തിൽ 19 തുന്നലുകൾ ഇടേണ്ടി വന്നതിനെ തുടർന്ന് തന്റെ ഒരു കണ്ണ് മറ്റേതിനേക്കാൾ അല്പം വലുതായി തുറക്കുന്നതായി അവർ പറഞ്ഞു. അല്ലാതെ തന്റെ മുഖത്ത് ഒരു കോസ്മെറ്റിക് സർജറിയും നടത്തിയിട്ടില്ലെന്നും അവർ വ്യക്തമാക്കി.കൗമാരപ്രായത്തിൽ തന്നെ രൂപത്തെക്കുറിച്ച് വിമർശനങ്ങൾ കേൾക്കേണ്ടി വന്നിട്ടുണ്ട്. 16-ാം വയസ്സിൽ ഒരാൾ തന്റെ മുഖം 'ശരിയാക്കാൻ' ബോടോക്സ് ചെയ്യണമെന്ന് ഉപദേശിച്ച കാര്യവും സിഡ്നി ഓർത്തെടുത്തു.

# ക്ലാഷിനില്ല; അജയ് ദേവ്ഗണിന്റെ ധമാൽ 4 റിലീസ് മാറ്റി

അജയ് ദേവ്ഗണിന്റെ ആക്ഷൻ-കോമഡി ചിത്രമായ ധമാൽ 4 ന്റെ അപ്ഡേറ്റ് പുറത്ത്. 2026 മാർച്ചിൽ ഈദിന് റിലീസ് ചെയ്യാൻ തീരുമാനിച്ചിരുന്ന ചിത്രം ഇപ്പോൾ മാറ്റിവച്ചിരിക്കുന്നു. രൺവീർ സിങ്ങിന്റെ ധുരന്ധർ ബോക്സ് ഓഫീസിൽ തരംഗം സൃഷ്ടിക്കുകയാണ്. ഇതിനെത്തുടർന്ന്, 2026 മാർച്ചിൽ ധുരന്ധർ 2



റിലീസ് ചെയ്യുമെന്ന് നിർമ്മാതാക്കൾ പ്രഖ്യാപിച്ചു.കൂടാതെ, സൗത്ത് സൂപ്പർസ്റ്റാർ യാഷിന്റെ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ചിത്രമായ ടോക്സിക്കും 2026 മാർച്ചിൽ റിലീസ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ഇതോടെയാണ് ക്ലാഷ് ഒഴിവാക്കാൻ റിലീസ് മാറ്റുന്നത്. ധമാൽ 4 2026 മെയ് മാസത്തിൽ തിയേറ്ററുകളിൽ എത്തും.ഇന്ദ്ര കുമാർ സംവിധാനം ചെയ്ത ധമാൽ ഫ്രാഞ്ചൈസി 2007 ലാണ് ആരംഭിക്കുന്നത്. റിതേഷ് ദേശ്മുഖ്, അർഷാദ് വാർസി, ജാവേദ് ജാഫ്രി, സഞ്ജയ് ദത്ത് എന്നിവർ അഭിനയിച്ച ആദ്യ ചിത്രം സൂപ്പർഹിറ്റായിരുന്നു, 17 കോടി ബജറ്റിൽ 50 കോടി വരുമാനം നേടി.2011-ൽ പുറത്തിറങ്ങിയ ഡബിൾ ധമാൽ, സഞ്ജയ് ദത്ത്, റിതേഷ് ദേശ്മുഖ്, അർഷാദ് വാർസി, ആശിഷ് ചൗധരി, ജാവേദ് ജാഫ്രി, കങ്കണ റണാവത്ത്, മല്ലിക ഷെരാവത്ത് എന്നിവർ അഭിനയിച്ചു.

# ജനാധിപത്യത്തിന് നേരെ മയക്കുവെടി





ആന്റണി ചടയംമുറി

ജനാധിപത്യം എന്ന പദം ഇന്ന് നമ്മുടെ പൊതുസമൂഹത്തിനു മുമ്പിൽ എല്ലൊടിഞ്ഞ്, ചോരയൊലിച്ച്, വിറങ്ങലിച്ചു നിൽക്കുന്നു. അധികാരം കൈയിൽ ഏന്തുന്നവർ ജനാധിപത്യത്തെ ഭയപ്പെടുത്തിയും സോപ്പിട്ടും തറവേലകൾ പയറ്റിയും തങ്ങളുടെ വരുതിയിലാക്കുന്നതിൽ വ്യാപൃതരാണ്. വാർഡുകൾ തോന്നിയതുപോലെ വെട്ടിമുറിച്ചും, ഭരിക്കുന്നവർക്ക് അനുകൂലമായി വീഴാൻ ഇടയില്ലാത്ത വോട്ടുകൾ നിഷ്ക്കരുണം വെട്ടിനീക്കിയും കേന്ദ്രസംസ്ഥാന ഭരണകൂടങ്ങൾ നടത്തുന്ന വിക്രിയകളും കോപ്രായങ്ങളും കണ്ട് ജനം അന്തംവിട്ടു നിൽക്കുന്നു. ഭരണവിരുദ്ധവികാരമുണ്ടെങ്കിൽ, അതിനെ പലരീതിയിൽ പഞ്ഞിക്കിട്ട്, ഭരിക്കുന്നവർക്ക് വാഴ്ത്തു പാട്ട് പാടാനാകുന്ന വിധത്തിലുള്ള അന്തർനാടകങ്ങളും അണിയറയിൽ നടപ്പാക്കിക്കഴിഞ്ഞതായി മാധ്യമ വാർത്തകളുണ്ട്.



### കൂറുമാറ്റം, കരിങ്കാലികൾ... എന്തെല്ലാം കാണണം?

ഡിസംബർ 13ന് വോട്ടെണ്ണിക്കഴിയുമ്പോൾ എന്തെല്ലാം സംഭവിക്കാമെന്ന് ചിന്തിച്ചിട്ടുണ്ടോ? തീർച്ചയായും പാർട്ടി വിട്ടും കൂറുമാറിയും കളംമാറി ചവിട്ടിയും എന്തെല്ലാം നേടാനാകുമെന്ന് ഇപ്പോൾ തന്നെ സ്ഥാനാർത്ഥികൾ മനക്കണക്ക് കൂട്ടിക്കഴിഞ്ഞു. ജനാധിപത്യത്തിന്റെ സിംഹാസനത്തിലാണ് ഞങ്ങൾ എന്ന് വിശ്വസിക്കുന്ന സി.പി.എം. കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിനുശേഷം നടത്തിയ പൊറാട്ടുനാടകങ്ങൾ മറക്കാറായിട്ടില്ല.

കൂറുമാറ്റം വഴി 21 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇടതുമുന്നണി ഭരണം പിടിച്ചതിന്റെ പഴയ കണക്ക് പറയാം: തിരുവനന്തപുരം ജില്ലയിലെ 4 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൂറുമാറ്റം വഴിയെത്തിയവരെ മാലയിട്ട് സ്വീകരിച്ച് ഭരണത്തിലേറാൻ സി.പി.എം. മടിച്ചില്ല. പെരിങ്ങമ്മല, കാരോട്, നഗരൂർ എന്നിവിടങ്ങളിലെ യു.ഡി.എഫ്. മെമ്പർമാരെ ചാക്കിട്ടു പിടിച്ചായിരുന്നു ഈ ഭരണമാറ്റം. കല്ലിയൂരിലാകട്ടെ ബി.ജെ.പി. മെമ്പറെ കൂറുമാറ്റി ഭരണം പിടിക്കുകയായിരുന്നു. കൊല്ലം ജില്ലയിൽ വിളക്കുടി പഞ്ചായത്തിലും 2 കോൺഗ്രസ് അംഗങ്ങളെ ചാക്കിലാക്കി സി.പി.എം. ഭരണത്തിലേറി.

ശബരിമല വിഷയം ഇപ്പോൾ കത്തിനിൽക്കുന്ന പത്തനംതിട്ട ജില്ലയിലും നാലിടത്ത് 'അവിഹിത നീക്ക' ങ്ങൾ നടത്തി. സി.പി.എം. ഭരണം പിടിച്ചു. തിരുവല്ല നഗരസഭാ ഭരണം പിടിച്ചത് കേരളാ കോൺഗ്രസ് ജെയുടെ അംഗത്തെ അടർത്തി മാറ്റിയായിരുന്നു. അവിടെ കൂറുമാറിയെത്തിയ അംഗത്തിന് ചെയർമാൻ പദമാണ് നൽകിയത്! കോന്നി, കോയിപ്രം ബ്ലോക്ക് പഞ്ചായത്തുകളിലും ചിറ്റാർ പഞ്ചായത്തിലും യു.ഡി.എഫിൽ നിന്ന് അംഗങ്ങളെ മുന്നണിയിലെത്തിച്ച് ഭരണത്തിലെത്തുകയായിരുന്നു. വിപ്ലവകാരികളുടെ ജില്ലയായ ആലപ്പുഴയിൽ മൂന്നിടത്ത് (മാന്നാർ, മുട്ടാർ, വെളിയനാട്) കൂറുമാറ്റത്തിലൂടെയെത്തിയവരെ കൊണ്ട് ഭരണം പിടിക്കാൻ പാർട്ടിക്ക് ഒരു ഉളുപ്പുമുണ്ടായില്ല. ഇടുക്കിയിൽ കുടയത്തൂർ, വാത്തിക്കുടി പഞ്ചായത്തുകളിലും ഇടുക്കി ബ്ലോക്ക് പഞ്ചായത്തിലും ഭരണം പിടിക്കാൻ എൽ.എഡി.എഫിന് 'മാമച്ചന്മാരെ' കിട്ടി. എറണാകുളം ജില്ലയിലെ പായിപ്ര, കവളങ്ങാട്, പൈങ്ങോട്ടൂർ പഞ്ചായത്തുകളിൽ ഇടതുമുന്നണി ഭരണത്തിലേറിയത് കാലുമാറ്റക്കാരായ യു.ഡി.എഫ്. അംഗങ്ങളെ കൊണ്ടാണ്. തൃശൂരിൽ പാവറട്ടി പഞ്ചായത്ത് പ്രസിഡന്റ് പദം വാഗ്ദാനം ചെയ്തു യു.ഡി.എഫിൽ നിന്ന് ഒരംഗത്തെ സി.പി.എം. അടർത്തി മാറ്റിയെങ്കിലും ഇലക്ഷൻ കമ്മീഷൻ ഇടപെട്ട് അവരെ അയോഗ്യയാക്കി. മലപ്പുറം ജില്ലയിൽ ഏലംകുളം, ചുങ്കത്തറ പഞ്ചായത്തുകളും കോട്ടയ്ക്കൽ നഗരസഭയും ഇടതുമുന്നണി പിടിച്ചത് കൂറുമാറ്റക്കാരെകൊണ്ടായിരുന്നു. കോട്ടയ്ക്കലിൽ ലീഗ് വിമതയെയാണ് ചെയർപേഴ്സണാക്കിയത്!

### വാല് നേരെയാവില്ല, കുഴൽ വളയും...

ഇത്രയേറെ വിശദമായി ഈ കൂറുമാറ്റക്കഥകൾ എഴുതിയതിന് ഒരു കാരണമുണ്ട്. തെരഞ്ഞെടുപ്പ് ഫലം വരുന്നതിനു മുമ്പേ ഭരണകക്ഷി ചാക്കെടുത്തിറങ്ങിക്കഴിഞ്ഞിട്ടുണ്ടെന്ന് ഓർമ്മിപ്പിക്കുകയാണ് ഈ കണക്കിന്റെ ലക്ഷ്യം പ്രാദേശികമായ രാഷ്ട്രീയ സഖ്യങ്ങൾക്കും ഭരണം പിടിക്കലിനും ഇത്തവണ ദേശീയ സംസ്ഥാന രൂപ ഘടനകളുമായി ബന്ധമുണ്ടാവില്ല. സി.പി.എമ്മും ബി.ജെ.പിയും ഒന്നുപോലെ ആഗ്രഹിക്കുന്നത് കോൺഗ്രസ് പാർട്ടിയുടെ തകർച്ചയാണ്. ദേശീയതലത്തിൽ ബി.ജെ.പിയെ ഇടതുമുന്നണി പരസ്യമായി എതിർത്തുവരുന്നുണ്ട്. എന്നാൽ ആ ദേശീയ ശൗര്യമൊന്നും പിണറായിയോ നേതാക്കളോ കേരളത്തിൽ പ്രകടിപ്പിക്കാറില്ല.

ബി.ജെ.പിയുടെ മുമ്പിൽ വളഞ്ഞ വാലുമായി നിൽക്കുന്ന കേരളത്തിലെ സി.പി.എമ്മിന്റെ ആ സമീപനം മാറ്റാൻ, അതേ വാൽ ഏത് കുഴലിലിട്ടിട്ടും കാര്യമൊന്നുമില്ല. അത്രയ്ക്കേറെയാണ് അവരുടെ ബി.ജെ.പി. ബാന്ധവത്തിന്റെ ശക്തി. ഉദാഹരണം വേണോ? പറയാം. ശബരിമല വിഷയത്തിൽ പ്രതിപ്പട്ടികയിലുള്ളതിൽ ഭൂരിഭാഗവും സി.പി.എം. നേതാക്കളാണ്. എന്നാൽ കേരളത്തിലെ ബി.ജെ.പിയുടെ 'ഹൈടെക് നേതാവ്' ആരോപിച്ചത്, ഈ കൊള്ളയ്ക്കു പിന്നിൽ കോൺഗ്രസ് പക്ഷത്തുള്ള ഒരു ദല്ലാളുണ്ടെന്നാണ്! കോൺഗ്രസ് മുക്ത ഭാരതത്തിനായി ആദർശപരമായ ഒരു യുദ്ധമല്ല ഇപ്പോൾ ബി.ജെ.പി. നടത്തുന്നത്. പകരം സി.പി.എംനെ കേരളത്തിൽ ശക്തിപ്പെടുത്താനുള്ള 'രാഷ്ട്രീയ രസായനമാണ്' അവർ അണിയറയിൽ ഒരുക്കുന്നത്. ബി.ജെ.പിയുമായി സംസ്ഥാനതലത്തിൽ കൂട്ടുചേർന്ന രാഷ്ട്രീയ കക്ഷികൾക്ക് എന്ത് സംഭവിച്ചുവെന്ന ചരിത്രം പോലും പിണറായിയും കൂട്ടരും പഠിക്കുന്നതേയില്ല. പകരം ജനാധിപത്യത്തെയും, ഭരണഘടനാ സ്ഥാപനങ്ങളെയും വരുത്തിയിലാക്കുന്ന 'മോഡിമാജിക്' പഠിച്ചെടുക്കാനാണ് അവർ ശ്രമിക്കുന്നതെന്നു തോന്നുന്നു.

എങ്ങനെയും കഴിയുന്നത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണം പിടിച്ചെടുക്കാൻ ഏത് ഹീനതന്ത്രവും പയറ്റാൻ സി.പി.എം. സന്നദ്ധരായെന്ന പരാതികൾ ഇപ്പോൾ തന്നെ വ്യാപകമാണ്. തിരുവനന്തപുരത്തെ വഞ്ചിയൂർ വാർഡിലെ നിലവിലുള്ള കൗൺസിലർ നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയാണ്, വോട്ടർപട്ടികയിൽ പേരില്ലാത്ത ട്രാൻസ്ജെൻഡറുകളെ കൊണ്ട് ഇയാൾ കള്ളവോട്ട് ചെയ്യിച്ചതും പൊലീസോ ഇലക്ഷൻ കമ്മീഷൻ അധികൃതരോ കണ്ടില്ലെന്ന് നടിച്ചത് 'മറുനാടൻ' ചാനൽ റിപ്പോർട്ട് ചെയ്തിരുന്നു. അതായത് 'വോട്ട് ചോരി' കേരളത്തിൽ നടപ്പാക്കുന്നതിൽ ഭരണകക്ഷി അരയും തലയും മുറുക്കി രംഗത്തുണ്ടെന്നാണ് ഈ വാർത്ത സൂചിപ്പിക്കുന്നത്.

### പിരിച്ചോ, വികസിച്ചോ, അതിനെന്താ?


തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ ലഭിക്കുന്ന നികുതിപ്പണത്തിന്റെ വിഹിതത്തിൽ ജനകീയ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അർഹതയുണ്ടെങ്കിലും, സി.പി.എമ്മിന് ഭരണം ലഭിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇത്തവണ വല്ലാതെ ഞെരുങ്ങുമെന്ന കാര്യം തീർച്ചയായിട്ടുണ്ട്. കേന്ദ്രം സംസ്ഥാനങ്ങൾക്ക് അർഹമായ നികുതിവിഹിതം നൽകുന്നില്ലെന്ന പരാതിയാണ് സംസ്ഥാന സർക്കാരിനുള്ളത്. എന്നാൽ, ഇതേ പരാതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉയർത്തിക്കാണിക്കുമ്പോൾ, അതിനെ പരിഹസിച്ചു തള്ളുന്ന ധനവകുപ്പാണ് കേരളത്തിലുള്ളത്. വികസന പദ്ധതികൾ നടപ്പാക്കാൻ സി.പി.എം. ഭരണമില്ലാത്ത പഞ്ചായത്തുകൾ പിച്ചപ്പാത്രമെടുത്തിറങ്ങേണ്ടിവന്നേക്കാം. പഞ്ചായത്ത് വികസനത്തിനായുള്ള ഭൂമി, പണം, സാധന സാമഗ്രികൾ, സേവനം എന്നിവയെല്ലാം സംഭാവനകളിലൂടെ കണ്ടെത്തണമെന്ന ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ചു കഴിഞ്ഞു. ഇതോടെ അടിസ്ഥാനവർഗത്തിൽപെട്ട ജനങ്ങൾക്ക് ലഭിക്കേണ്ട ജീവിത സൗകര്യങ്ങൾ ഏർപ്പെടുത്താൻ പഞ്ചായത്തുകൾ 'സ്പോൺസർമാരെ' തേടേണ്ടിവരും. പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും ലഭിച്ച കമ്മീഷന്റെ ഈ നിർദ്ദേശങ്ങൾ കൈക്കൂലിയുടെയും അഴിമതിയുടെയും പുതിയ ഭൂതങ്ങളെ തുറന്നുവിട്ടും.

ഭിന്നശേഷിക്കാരുടെ സ്കൂൾ നടത്തിപ്പിനും ക്ഷേമപ്രവർത്തനങ്ങൾക്കുമെല്ലാം പഞ്ചായത്ത് പണം പൊതുജനങ്ങളിൽ നിന്ന് പിരിക്കണമെന്ന നിർദ്ദേശം എത്രത്തോളം പ്രായോഗികമാകും? വെള്ളം, റോഡ്, കളിസ്ഥലങ്ങൾ എന്നിവയ്ക്കെല്ലാം ഇനി സർക്കാർ പണം ലഭിക്കില്ല. അങ്ങനെയെങ്കിൽ സംസ്ഥാനത്തു നിന്ന് പിരിച്ചെടുക്കുന്ന നികുതിപ്പണം ജനങ്ങൾക്ക് അർഹതപ്പെട്ടതല്ലെന്ന് സർക്കാർ തന്നെ പ്രഖ്യാപിക്കേണ്ടിവരും.

### അഴിമതിക്കാരെ തൊടരുതേ പ്ലീസ്

മാധ്യമങ്ങൾ എടുത്തിട്ടലക്കിയ കശുവണ്ടി വികസന കോർപ്പറേഷൻ അഴിമതി അന്വേഷിക്കാൻ സി.ബി.ഐ.യ്ക്ക് അനുമതി നൽകാതെ സർക്കാർ ഇപ്പോൾ ഹൈക്കോടതിയിൽ 'പാമ്പും കോണി' യും കളിക്കുകയാണ്. അഴിമതിയ്ക്കൊപ്പമാണോ ഇടതുസർക്കാർ എന്ന് ഹൈക്കോടതി ജഡ്ജി പച്ചയ്ക്ക് ചോദിച്ചിട്ടും അന്വേഷണത്തിന് അനുമതി നൽകാൻ ഡിസബർ 17 വരെ സമയം വേണമെന്ന് സർക്കാർ ഇന്ന് (ബുധൻ) സാവകാശം ചോദിച്ചിരിക്കുകയാണ്.

കോൺഗ്രസ് നേതാക്കൾക്കെതിരെ എന്ത് കേസ് കിട്ടിയാലും തല്ലി ഇഞ്ചപ്പരുവമാക്കുന്ന പിണറായി സർക്കാർ ഐ.എൻ.ടി.യു.സി. നേതാവ് ആർ. ചന്ദ്രശേഖരനെ സംരക്ഷിക്കുന്നതിലെ 'ഗുട്ടൻസ്' എന്തായിരിക്കും? അഴിമതിപ്പണത്തിൽ ഒരു പങ്ക് പാർട്ടിക്ക് കിട്ടിയതുകൊണ്ടായിരിക്കുമോ സർക്കാർ അന്വേഷണത്തിന് അനുമതി നൽകാതെ ഉഴപ്പുന്നത്? അഴിമതി, പെണ്ണുപിടി, മയക്കു മരുന്ന് മദ്യകച്ചവടം, മണൽ മണ്ണ് മാഫിയകൾ എന്നിങ്ങനെ പാർട്ടിയിലെ ചില 'ഉന്നതർ' തങ്ങളുടെ രക്ഷകജനനത്തിന്റെ ആഹ്ലാദത്തിമിർപ്പിലാണിപ്പോൾ. ഡിഫിക്കൊടിയിലേത് ചുവന്ന നക്ഷത്രമാണെങ്കിലും, അത് ഉയർത്തിപ്പിടിച്ചുകൊണ്ട് പാർട്ടിയുടെ രക്ഷകന് പിറക്കാൻ 45 ലക്ഷം രൂപ വില വരുന്ന കാലിത്തൊഴുത്ത് അവരുടെ മുഖ്യമന്ത്രി ഒരുക്കിവച്ചതിൽ അണികൾ ആർത്തുപാടുന്നത് 'ഹാപ്പി ക്രിസ്മസ്' എന്നതിനു പകരം 'പാർട്ടി ക്രിസ്മസ്' എന്നായിരിക്കുമോ?



# ജനാധിപത്യം നേരിടുന്ന കടുത്ത വെല്ലുവിളികൾ


ഇന്ന് ലോകത്തെമ്പാടും ജനാധിപത്യം വലിയ വെല്ലുവിളികളെ നേരിട്ടുകൊണ്ടിരിക്കുകയാണ്. തിരഞ്ഞെടുപ്പുകൾ, പൗരാവകാശങ്ങൾ, നിയമവാഴ്ച, ഭരണഘടനാപരമായ നിയന്ത്രണങ്ങൾ എന്നിവയെ ആശ്രയിച്ചിരിക്കുന്ന ജനാധിപത്യ സംവിധാനങ്ങൾ വിവിധ രാജ്യങ്ങളിൽ ക്ഷയിച്ചുകൊണ്ടിരിക്കുന്നതായി ആഗോള നിരീക്ഷണ ഏജൻസികൾ സൂചിപ്പിക്കുന്നു.

നമ്മുടെ രാജ്യത്ത് സാമൂഹ്യവ്യവസ്ഥയിലെ അസമത്വങ്ങളെ സൃഷ്ടിച്ചത് സാമ്പത്തിക വിവേചനം മാത്രമല്ല, അതിനേക്കാൾ ശക്തമായത് ജാതീയ വേർതിരിവുകൾ ആണ്. ഈ വിവേചനം തുല്യത, സമത്വം തുടങ്ങിയ മഹത്തായ മാനവിക മൂല്യങ്ങളെ അപകടപ്പെടുത്തുന്ന വിധം കൈകാര്യം ചെയ്യുന്നതാണ് കാണാനാകുന്നത്.

ഇന്ത്യൻ ജനതയ്ക്ക് ഒരു വിഷയത്തിൽ പൊതുവായി തീരുമാനമെടുക്കാൻ കഴിയാത്ത വിധം ജാതിയാൽ നിർമ്മിക്കപ്പെട്ട അധികാരം, ഭരണഘടനാപരമായ ജനാധിപത്യത്തെ അംഗീകരിക്കുന്നതിൽ തടസ്സം നിൽക്കുന്നു. അങ്ങനെയാണ് മതേതരത്വത്തെ അധികാരത്തിന്റെ പിൻബലത്തിൽ ജനാധിപത്യ ഭരണകൂടത്തിന് മറികടക്കാൻ കഴിയുന്നത്.

അമേരിക്കൻ എഴുത്തുകാരനും ചരിത്രകാരനുമായ പ്രൊഫസർ തിമോത്തി സ്നൈഡർ നിരവധി ബെസ്റ്റ് സെല്ലിംഗ് പുസ്തകങ്ങളുടെ രചയിതാവാണ്. അക്കൂട്ടത്തിലെ ഏറ്റവും ശ്രദ്ധേയമായ പുസ്തകങ്ങളിലൊന്നാണ് 2017ൽ എഴുതിയ ഓൺ ടൈറനി: ട്വന്റി ലെസൻസ് ഫ്രം ദി ട്വന്റിയത്ത് സെഞ്ചുറി. (സ്വേച്ഛാധിപത്യം: ഇരുപതാം നൂറ്റാണ്ടിൽ നിന്നും ഇരുപത് പാഠങ്ങൾ). ഇത് അക്ഷരാർത്ഥത്തിൽ നമ്മുടെ കാലത്തെ ജനാധിപത്യം നേരിടുന്ന വെല്ലുവിളികളെ അതീവ സൂക്ഷ്മതയോടെ നിരീക്ഷണം നടത്തിയിരിക്കുകയാണ്. വെറുതെയല്ല അദ്ദേഹത്തിന്റെ ഈ പുസ്തകം 40 ഭാഷകളിലേക്ക് മൊഴിമാറ്റം നടത്തിയിരിക്കുന്നത്.

ജനാധിപത്യ സംവിധാനങ്ങളുടെ മരണം ഇനിമേലിൽ സൈനിക അട്ടിമറിയിലൂടെ ആയിരിക്കില്ലെന്ന് തിമോത്തി സ്നൈഡർ പറയുന്നു. വളരെ സാവകാശം പല കോണുകളിൽ നിന്നായി അതിനെ തിന്നു തീർക്കാനുള്ള നീക്കമാണുണ്ടാവുക. ഇത് തങ്ങളുടെ സ്വാതന്ത്ര്യത്തിന്മേലുള്ള കൈകടത്തലാണെന്ന് ജനത്തിന് മനസ്സിലാവുമെങ്കിലും




സ്ഥിരതയുടെയും സുരക്ഷയുടെയും പേരിൽ അവർ വിട്ടുവീഴ്ചകൾക്ക് തയ്യാറാവും. ടാങ്കുകൾ ഉരുളാതെ തന്നെ ജനാധിപത്യം ഇല്ലാതായിക്കൊണ്ടിരിക്കും. അകക്കാമ്പും ആത്മാവും നഷ്ടപ്പെട്ട ഒരു പുറന്തോട് മാത്രമായി അത് അവശേഷിക്കും. അതിനകത്ത് വിഹരിക്കുന്നത് കൊടും ക്രൂരൻമാരായ ക്രിമിനലുകളായിരിക്കും. അങ്ങനെ ജനാധിപത്യ സ്ഥാപനങ്ങളുടെ സകല വിശ്വാസ്യതയും നഷ്ടമാകും. എന്നാൽ ഇതോടൊപ്പം തന്നെ കൊട്ടിഘോഷിച്ചുകൊണ്ടു തന്നെ തെരഞ്ഞെടുപ്പുകൾ സമയം തെറ്റാതെ നടക്കുന്നുണ്ടാകും.

എന്നാൽ, അതിന്റെ ഫലങ്ങൾ എന്തായിരിക്കുമെന്ന് മുൻകൂട്ടി അറിയാം. തെരഞ്ഞെടുപ്പ് പ്രക്രിയകൾക്ക് ഗുരുതരമായ പോറലുകളൊന്നും ഏറ്റിട്ടില്ലാത്ത അമേരിക്കയിൽ പോലും ജനത്തിന് ജനാധിപത്യ സംവിധാനത്തിലുള്ള വിശ്വാസം വലിയ തോതിൽ നഷ്ടമായിരിക്കുന്നു എന്നാണ് എഴുത്തുകാരൻ കണ്ടെത്തിയിരിക്കുന്നത്. 2024ൽ 'പ്യൂ' നടത്തിയ ഒരു സർവെ പ്രകാരം, 23 ശതമാനത്തിൽ താഴെ ആളുകൾ മാത്രമാണ് അമേരിക്കൻ ഫെഡറൽ സംവിധാനത്തിൽ വിശ്വാസമർപ്പിക്കുന്നതത്രെ. കഴിഞ്ഞ എഴുപത് വർഷത്തിനിടെ ഇതാദ്യമായാണ് ഈ വിശ്വാസ നഷ്ടം ഇത്ര മേൽ താഴേക്ക് പാവുന്നതെന്നാണ് കണ്ടെത്തിയിരിക്കുന്നത്.

ജനാധിപത്യം നേരിടുന്ന ഈ അപചയത്തെ രാഷ്ട്രീയകോണിലൂടെ മാത്രം കണ്ടാൽ ആ വിശകലനം സത്യസന്ധമാവുകയില്ല. ജനാധിപത്യം ജനാഭിലാഷങ്ങൾ പ്രതിഫലിപ്പിക്കാനുള്ള മാധ്യമം മാത്രമായിരിക്കരുത്. മനുഷ്യന്റെ ധർമ്മബോധത്തേയും സാമൂഹിക ഉത്തരവാദിത്വത്തെയും മുഖ്യസ്ഥാനത്ത് നിർത്തുന്ന ഒരു പ്രക്രിയ കൂടിയാകണം.

പറയുമ്പോൾ, ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായാണ് ഇന്ത്യ അറിയപ്പെടുന്നത്. പുറമേ നിന്നുള്ള വിശകലനത്തിൽ ഒരു പരിധിവരെ അത് ശരിയുമാണ്. പൊതുവേ, ജനാധിപത്യത്തെ നിർണയിക്കുന്നത് നിയമനിർമാണം, ഭരണ നിർവഹണം, നീതിന്യായ നിർവഹണം, മാധ്യമസ്വാതന്ത്ര്യം എന്നീ നാല് അടിസ്ഥാനശിലകളിന്മേലാണ്. ഈ നാലു സംവിധാനങ്ങളും ഏകോപിപ്പിച്ചുകൊണ്ട് അതാതുരാഷ്ട്രത്തിലെ ജനതയുടെ മൗലികമായ കാര്യങ്ങളിൽ ഇടപെട്ട് ജനാധിപത്യത്തിന്റെ വഴിയിൽ നീതി ഉറപ്പാക്കുക എന്നതാണ്.

എന്നാൽ കഴിഞ്ഞ കുറെ കാലങ്ങളായി ഇന്ത്യൻ ജനാധിപത്യത്തിന് ആഴത്തിലുള്ള മുറിവുകളേറ്റതായി കാണാം. രാഷ്ട്രീയനിരീക്ഷകരും സാമൂഹിക, സാംസ്കാരിക ശാസ്ത്രജ്ഞൻമാരും ഇന്ത്യയിലെ ജനാധിപത്യം അപ്രത്യക്ഷമാവുകയും രാഷ്ട്രത്തിന്റെ അടിസ്ഥാനഘടനകളെ തകർക്കുകയും ചെയ്യുന്ന പ്രവണതകളെ ചൂണ്ടിക്കാണിക്കുന്നുണ്ട്. രാജ്യം അതിഭീകരമായ സാഹചര്യങ്ങളിലൂടെയാണ് ഇപ്പോൾ കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. ജനാധിപത്യം ശക്തമാകുന്നത് അതിന്റെ പ്രധാനപ്പെട്ട ഘടനകളും സ്ഥാപനങ്ങളും കൃത്യതയോടെ പ്രവർത്തനനിരതമാകുമ്പോഴാണ്. ഇപ്പോഴത്തെ ഇന്ത്യൻ പാർലമെന്റ്, അന്തർസംസ്ഥാന കൗൺസിൽ, പ്രതിരോധസേന, സർവകലാശാലകൾ,സ്വയംഭരണ സ്ഥാപനങ്ങളായ തിരഞ്ഞെടുപ്പ് കമ്മീഷൻ, ഭാരതീയ റിസർവ് ബാങ്ക്, വിവരാവകാശ നിയമം എന്നീ സ്ഥാപനങ്ങളെയും ഘടനകളെയും ഓരോന്നായി ഒതുക്കിക്കൊണ്ടിരിക്കുന്നു. ജാതി, മതം, ഭാഷ, പ്രാദേശികവാദം, വംശീയത, എന്നിവ ആയുധമാക്കി ജനാധിപത്യത്തെ അപ്രത്യക്ഷമാക്കുകയാണ് ചെയ്യുന്നത്. ഇത്തരം കാര്യങ്ങളെക്കുറിച്ച് മുന്നറിയിപ്പു നല്കുന്നുണ്ടെങ്കിലും ചങ്ങാത്തമുതലാളിത്തവും മതത്തിൽ ചാലിച്ച ഫാസിസ്റ്റ് ബന്ധവും, സാംസ്കാരിക ദേശീയതാവാദവും നിരാശയിലേക്ക് നയിക്കുന്നു.

നിലവിലെ സാഹചര്യത്തിൽ ജനാധിപത്യം ശക്തിപ്പെടുത്താൻ രാഷ്ട്രീയ പാർട്ടികൾ കാര്യമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ഇന്ന് കാണുന്നത് അധികാരത്തിനായുള്ള മത്സരമാണ്, അത് തന്നെ ജനാധിപത്യത്തിന്റെ ഒരു പ്രധാന ഘടകമാണ്.

എന്നാൽ, ഈ മത്സരത്തിനപ്പുറം, ജനങ്ങളുടെ ക്ഷേമം ഉറപ്പാക്കുക, സമൂഹത്തിന്റെ പുരോഗതിക്ക് വേണ്ടി പ്രവർത്തിക്കുക എന്നിങ്ങനെയുള്ള ഉയർന്ന ലക്ഷ്യങ്ങളും ജനാധിപത്യത്തിൽ അടങ്ങിയിരിക്കുന്നുവെന്ന് ഇക്കൂട്ടർ മനസ്സിലാക്കുന്നതേയില്ല.

2024ൽ മാത്രം ഏകദേശം 60 രാജ്യങ്ങൾ രാഷ്ട്രീയ അവകാശങ്ങളിലും പൗരാവകാശങ്ങളിലും ശ്രദ്ധേയമായ തകർച്ച നേരിട്ടതായി പഠനങ്ങൾ സൂചിപ്പിക്കുന്നു. സ്വേച്ഛാധിപത്യവൽക്കരണം ഇപ്പോഴും ലോകത്ത് പ്രബലമായ പ്രവണതയായി തുടരുന്നു എന്ന് വെറൈറ്റീസ് ഓഫ് ഡെമോക്രസി പോലുള്ള സംഘടനകൾ വ്യക്തമാക്കുന്നു. ലോകജനസംഖ്യയുടെ വലിയൊരു ഭാഗം സ്വേച്ഛാധിപത്യ ഭരണത്തിൻ കീഴിലേക്ക് അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ 10 വർഷത്തിനിടെ, സ്വേച്ഛാധിപത്യ ഭരണത്തിൻ കീഴിൽ ജീവിക്കുന്ന ലോകജനസംഖ്യയുടെ

## ഡൽഹി ഡെർബാർ

ശതമാനം 49ൽ നിന്ന് 70 ആയി വർധിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ സൈനിക അട്ടിമറിയായിരുന്നു ജനാധിപത്യത്തിന്റെ പ്രധാന ഭീഷണിയെങ്കിൽ, 21-ാം നൂറ്റാണ്ടിലെ ഭീഷണിയുടെ സ്വഭാവം മാറിയിരിക്കുന്നു.

ഇന്ന്, ജനാധിപത്യത്തിന്റെ തകർച്ചയ്ക്ക് ഏറ്റവും വലിയ കാരണക്കാർ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഭരണാധികാരികൾ തന്നെയാണെന്നത് ആരേയും അത്ഭുതപ്പെടുത്തുന്നതാണ്. ഭരണകൂടം വളരെ വേഗം സർവ മേഖലകളിലെയും നിയന്ത്രണം കൈയിലാക്കി അധികാരം തങ്ങളിൽ മാത്രം നിക്ഷിപ്തമാക്കിയെടുക്കുന്നു. സാമൂഹിക ധ്രുവീകരണം വർധിപ്പിച്ചും വിവരസാങ്കേതികവിദ്യയെ ആയുധമാക്കിയും സ്വേച്ഛാധിപത്യം സ്ഥാപിക്കുന്നത് നിയമത്തിന്റെ മേലങ്കി അണിഞ്ഞുകൊണ്ടുതന്നെയാണ്. ഇത് വളരെ ഗുരുതരമായ കാര്യമാണ്.

അധികാരത്തിൽ കയറിക്കൂടിയാൽ പിന്നെ അതിൽതന്നെ തുടരാനുള്ള ത്വര അവരെ സ്വേച്ഛാധിപത്യത്തിലേക്ക് നയിക്കുകയാണെന്നു വേണം കരുതാൻ..!

ഇന്ത്യൻ ജനാധിപത്യം നേരിടുന്ന മറ്റൊരു വെല്ലുവിളി ആഗോളീകരണത്തിന്റേയും അതുമായി ബന്ധപ്പെട്ട നിയോലിബറലിസത്തിന്റേതുമാണ്. സാർവ്വദേശീയത എന്ന പഴയ സങ്കൽപ്പത്തിൽ നിന്ന് തികച്ചും വ്യത്യസ്ഥമാണ് ആഗോളീകരണം. സാർവ്വദേശീയത മുഴുവൻ രാഷ്ട്രങ്ങളുടേയും സാഹോദര്യത്തിലും തുല്യതയിലുമാണ് വിശ്വസിക്കുന്നതെങ്കിൽ ആഗോളീകരണം ഒരുരാജ്യത്തിന്റെ ആധിപത്യത്തിന്റെസംജ്ഞയാണ്. അത് ലോകത്തെ വിപണി കേന്ദ്രീകൃതമാക്കുന്നു. അതിന്റെ വളർച്ചക്കായി വൈജാത്യങ്ങൾ ഇല്ലാതാക്കുന്നു. ലോകത്തെ ഏക ശിലാഖണ്ഡമാക്കാൻ ശ്രമിക്കുന്നു. അതിനായി യുദ്ധം പോലും കയറ്റുമതി ചെയ്യുന്നു. ജനാധിപത്യ സ്ഥാപനത്തിന്റെ പേരു പറഞ്ഞുപോലും മറ്റു രാഷ്ട്രങ്ങളിലേക്ക് പട്ടാളത്തെ അയക്കുന്നു. ചുരുക്കത്തിൽ സാമ്രാജ്യത്വ അധിനിവേശത്തിന്റെ ആധുനികരൂപമാണ് ആഗോളീകരണം.

*എം എൽസ എൽവിൻ*

# ഹൈദരാബാദിൽ ട്രംപിന്റെ പേരിൽ റോഡ് വരാനുള്ള കാരണം ഇതാണ്

അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ പേരിൽ ഇന്ത്യയിലൊരു റോഡ്. അമേരിക്കയിൽ പോലും ട്രംപിന്റെ പേരിലൊരു റോഡില്ല എന്നിരിക്കെയാണ് ഇന്ത്യയിലെ ഒരു സംസ്ഥാനത്ത് ട്രംപിന്റെ നാമത്തിൽ റോഡ് നിർമ്മിക്കുന്നത്.

തെലങ്കാനയിലെ കോൺഗ്രസ് സർക്കാരാണ് ഇത്തരമൊരു ശ്രദ്ധേയമായ നിർദേശവുമായി മുന്നോട്ട് വന്നത്. ഹൈദരാബാദിലെ പ്രധാനപ്പെട്ട ഒരു റോഡിന് ട്രംപിന്റെ പേര് നൽകാനാണ് തെലങ്കാന സർക്കാരിന്റെ തീരുമാനം. ലോകത്ത് തന്നെ ആദ്യമായാണ് ട്രംപിന്റെ പേരിൽ ഒരു റോഡ് വരുന്നത്.

ഹൈദരാബാദ് നഗരത്തിലെ പ്രധാന റോഡുകൾക്ക് അന്താരാഷ്ട്ര തലത്തിൽ സ്വാധീനമുള്ള വ്യക്തികളുടെയും പ്രശസ്ത കമ്പനികളുടെയും പേരുകൾ നൽകാനാണ് സർക്കാർ നീക്കം. ഈ നടപടി പ്രമുഖർക്ക് അർഹിക്കുന്ന ബഹുമാനം നൽകുന്നതിനൊപ്പം സംസ്ഥാനത്തിന്



ആഗോള ശ്രദ്ധ നേടിക്കൊടുക്കാനും സഹായകമാകുമെന്നാണ് മുഖ്യമന്ത്രി രേവന്ത് റെഡ്ഡിയുടെ നിലപാട്.

നഗരത്തിൽ യുഎസ് കോൺസുലേറ്റ് ജനറൽ സ്ഥിതി ചെയ്യുന്ന ഹൈപ്രൊഫൈൽ റോഡിന്'ഡൊണാൾഡ്ട്രംപ് അവന്യൂ' എന്ന് നാമകരണം ചെയ്യാനാണ് തീരുമാനം. ഇതുകൂടാതെ ഇന്ത്യയിലെ പ്രമുഖ വ്യവസായിയും പത്മഭൂഷൺ ജേതാവുമായ രത്തൻ ടാറ്റയെ ആദരിച്ച് നെഹ്റു ഔട്ടർ റിംഗ് റോഡിലെ രവിര്യാല മുതൽ ഫ്യൂച്ചർ സിറ്റി വരെയുള്ള 100 മീറ്റർ ഗ്രീൻഫീൽഡ് റേഡിയൽ റോഡിന് 'ടാറ്റ ഇന്റർചേഞ്ച്' എന്ന് പേര് നൽകും. ഈ റോഡുകളിൽ സഞ്ചരിക്കുന്നവരെ പ്രചോദിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് മുഖ്യമന്ത്രി രേവന്ത് റെഡ്ഡി ഈ നിർദ്ദേശം മുന്നോട്ടുവച്ചത്.

പ്രമുഖ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരുകൾ റോഡുകൾക്ക് നൽകുന്നതിലൂടെ നഗരത്തിന്റെ പദവി ഉയർത്താനും, വിദേശ നിക്ഷേപകരെയും ടൂറിസ്റ്റുകളെയും ആകർഷിക്കാനും കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

അന്തിമ തീരുമാനത്തിനായി കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിനും യുഎസ് എംബസിക്കും സർക്കാർ കത്തുകൾ എഴുതുമെന്ന് മുഖ്യമന്ത്രിയുടെ ഓഫീസ് പ്രസ്താവനയിൽ പറഞ്ഞിരുന്നു. ഈ തീരുമാനത്തോടൊപ്പം, മറ്റ് ചില പ്രധാനപ്പെട്ട റോഡുകൾക്ക് സെലിബ്രിറ്റികളുടെയും സ്ഥാപനങ്ങളുടെയും പേരുകളും അന്തിമമാക്കിയിട്ടുണ്ട്. മറുവശത്ത് ഐടി ഇടനാഴിയിലെ പ്രധാനപ്പെട്ട റോഡുകൾക്ക് ഗൂഗിൾ സ്ട്രീറ്റ്, മൈക്രോസോഫ്റ്റ് റോഡ്, വിപ്രോ ജംഗ്ഷൻ എന്നീ പേരുകൾ സർക്കാർ പരിഗണിക്കുന്നുണ്ട്.

ഗൂഗിളിന്റെ യുഎസിന് പുറത്തുള്ള ഏറ്റവും വലിയ കാമ്പസായി മാറാൻ പോകുന്ന സ്ഥലത്തിന് സമീപമുള്ള റോഡ് 'ഗൂഗിൾ സ്ട്രീറ്റ്' എന്നറിയപ്പെടും. കഴിഞ്ഞ മാസം ഡൽഹിയിൽ നടന്ന യുഎസ്ഇന്ത്യ സ്ട്രാറ്റജിക് പാർട്ണർഷിപ്പ് ഫോറത്തിൽ, ഹൈദരാബാദിലെ പ്രധാനപ്പെട്ട റോഡുകൾക്ക് ലോകോത്തര കമ്പനികളുടെ പേരിടുമെന്ന് മുഖ്യമന്ത്രി രേവന്ത് റെഡ്ഡി പ്രഖ്യാപിച്ചിരുന്നു. അതിനനുസൃതമായാണ് ഈ തീരുമാനം.

തിങ്കളാഴ്ച മുതൽ ഹൈദരാബാദിന് സമീപം നടക്കുന്ന 'തെലങ്കാന റൈസിംഗ് ഗ്ലോബൽ സമ്മിറ്റി'ന് മുന്നോടിയായാണ് ഈ പ്രഖ്യാപനങ്ങൾ. 44 രാജ്യങ്ങളിൽ നിന്നുള്ള 154 അന്താരാഷ്ട്ര പ്രതിനിധികളാണ് ഈ രണ്ട് ദിവസത്തെ സമ്മേളനത്തിൽ പങ്കെടുക്കാനായി എത്തുന്നത്.

# കേരള ബ്ലാസ്റ്റേഴ്സ് എഫ്.സി.യുടെ പുതിയ ഹോം കിറ്റ് പ്രകാശനം ചെയ്തു




കൊച്ചി: കേരള ബ്ലാസ്റ്റേഴ്സ് എഫ്.സി.യുടെ പുതിയ ഹോം കിറ്റ് പ്രകാശനം ചെയ്തു. സംസ്ഥാനത്തിൻറെയും ജനങ്ങളുടെയും തളരാത്ത പോരാട്ടവീര്യം വ്യക്തമാക്കുന്ന ഡിസൈനാണ് ഇത്തവണ ബ്ലാസ്റ്റേഴ്സ് അവതരിപ്പിച്ചത്. കേരളത്തിൻറെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തെ ആദരിച്ചുകൊണ്ട് ആണ് ഇത്തവണ ബ്ലാസ്റ്റേഴ്സ് പുതിയ ഹോം കിറ്റ് പ്രകാശനം ചെയ്തത്.അതേസമയം കേരളത്തിൻറെ പ്രധാന കലാരൂപങ്ങളിൽ ഒന്നായ തെയ്യത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് പുതിയ ജേഴ്സി രൂപകൽപ്പന ചെയ്തിരിക്കുന്നത്. ധൈര്യത്തിൻറെയും ഉറച്ച വിശ്വാസത്തിൻറെയും അഭിമാനത്തിൻറെയും പ്രതീകമായ തെയ്യത്തിൻറെ സങ്കീർണ്ണമായ മുഖചിത്രങ്ങൾ ക്ലബ്ബിൻറെ ചിഹ്നമായ ആനയുടെ ലോഗോയിൽ സമന്വയിപ്പിച്ചിരിക്കുന്നത്.ക്ലബ്ബിൻറെ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെയാണ് ജേഴ്സി പ്രകാശനം ചെയ്തത്.

# ടി20 ടൂർണമെൻറിനുള്ള ടീമിലെടുത്തില്ല; കോച്ചിൻെറ തലയടിച്ച് പൊട്ടിച്ച് യുവതാരങ്ങൾ



പോണ്ടിച്ചേരി: മുഷ്താഖ് അലി ട്രോഫി ടി20 ടൂർണമെൻറിനുള്ള ടീമിലേക്ക് പരിഗണിക്കാതിരുന്നതിൻറെ പ്രതികാരമായി കോച്ചിനെ ആക്രമിച്ച് യുവതാരങ്ങൾ. പോണ്ടിച്ചേരി അണ്ടർ 19 ടീം പരിശീലകനായ എസ് വെങ്കട്ടരമണന് നേരെയാണ് ആക്രമണം ഉണ്ടായത്.കൊച്ചിനെ മൂന്ന് യുവതാരങ്ങൾ ഗ്രൗണ്ടിൽ വെച്ച് ആണ് ആക്രമിച്ചത്. ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റ വെങ്കട്ടരമണയുടെ നെറ്റിയിൽ 20 തുന്നലുണ്ട് എന്നാണ് ലഭിക്കുന്ന വിവരം. ആക്രമണത്തിൽ വെങ്കട്ടരമണയുടെ തോളെല്ലിന് വാരിയെല്ലിനും പൊട്ടലുമേറ്റിട്ടുമുണ്ട് എന്നാണ് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയുന്നത്.അതേസമയം സംഭവത്തിൽ കാർത്തികേയൻ, അരവിന്ദ് രാജ്, സന്തോഷ് കുമാർ എന്നീ മൂന്ന് പ്രാദേശിക താരങ്ങൾക്കെതിരെ പൊലീസ് വധശ്രമം ഉൾപ്പെടെയുള്ള വകുപ്പുകൾ ചുമത്തി കേസെടുത്തു. ഇവർ ഒളിവിലാണെന്നാണ് വിവരം.

# ഫിഫ നിയമങ്ങൾ ലംഘിച്ചോ?; പ്രഥമ പുരസ്കാരം ട്രംപിന് നൽകിയതിനെതിരെ പരാതി


ഫിഫയുടെ പ്രഥമ സമാധാന പുരസ്കാരം അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപിന് നൽകിയതിനെതിരെ വിമർശനം ശക്തമാകുന്നു. രാഷ്ട്രീയ നിഷ്പക്ഷത പാലിക്കണമെന്ന ലോക ഫുട്ബാൾ ഭരണസമിതിയുടെ തന്നെ ചട്ടം മറികടന്നാണ് ഫിഫ പ്രസിഡൻറ് ജിയാനി ഇൻഫാന്റിനോ ട്രംപിന് പുരസ്കാരം സമ്മാനിച്ചതെന്നാണ് ആരോപണം. ഇതുമായി ബന്ധപ്പെട്ട് മനുഷ്യാവകാശ സംഘടനയാ 'ഫയർ സ്ക്വയർ' ഫിഫ എത്തിക്സ് കമ്മിറ്റിക്ക് പരാതി നൽകി.അധികാരത്തിലിരിക്കുന്ന ഒരു രാഷ്ട്രീയ നേതാവിന് ഇത്തരമൊരു പുരസ്കാരം നൽകുന്നത് ഫിഫയുടെ നിഷ്പക്ഷത നിയമത്തിൻറെ വ്യക്തമായ ലംഘനമാണെന്ന് സംഘടന കുറ്റപ്പെടുത്തി.സംഘടനയുടെ ലക്ഷ്യങ്ങളിലും നയങ്ങളിലും ഏകപക്ഷീയമായി തീരുമാനമെടുക്കാൻ പ്രസിഡൻറിന് അധികാരമില്ലെന്നും സംഘടന വ്യക്തമാക്കി.കൂടാതെ സംഘടനയുടെ പെരുമാറ്റം ആഗോള ഫുട്ബോൾ സമൂഹത്തിന്റെ പൊതു താൽപ്പര്യങ്ങൾക്ക് വിരുദ്ധമാണെന്നും തിങ്കളാഴ്ച സമർപ്പിച്ച പരാതിയിൽ പറഞ്ഞു.കഴിഞ്ഞദിവസം വാഷിങ്ടണിലെ പ്രശസ്തമായ കെന്നഡി സെന്ററിൽ നടന്ന ലോകകപ്പ് നറുക്കെടുപ്പ് വേദിയിലാണ് ഇൻഫാന്റിനോ ട്രംപിന് പുരസ്കാരം സമ്മാനിച്ചത്.





# വിക്കറ്റ് വേട്ടയിൽ പുതു ചരിത്രമെഴുതി ബുംറ

ടി20യിൽ പുതിയ നാഴികക്കല്ല് താണ്ടി ഇന്ത്യൻ സ്റ്റാർ പേസർ ജസ്പ്രിത് ബുംറ. ചരിത്ര നേട്ടത്തോടെയാണ് ബുംറ പുതിയ നേട്ടത്തിലെത്തിയത്.ടെസ്റ്റ്, ഏകദിന, ടി20 ഫോർമാറ്റുകളിൽ 100 അതിലധികം വിക്കറ്റുകൾ വീഴ്ത്തുന്ന ആദ്യ ഇന്ത്യൻ താരമായി ബുംറ ചരിത്രമെഴുതി. ടി20യിൽ 100 വിക്കറ്റുകൾ വീഴ്ത്തുന്ന രണ്ടാമത്തെ ഇന്ത്യൻ താരമായും ബുംറ മാറി. ദക്ഷിണാഫ്രിക്കയ്ക്കെതിരായ ഒന്നാം ടി20യിൽ 11ാം ഓവറിൽ ഡെവാൾഡ് ബ്രവിസിനെ പുറത്താക്കിയാണ് നേട്ടത്തിലെത്തിയത്. അന്താരാഷ്ട്ര ടി20യിൽ ആദ്യമായി 100 വിക്കറ്റെടുത്ത ഇന്ത്യൻ താരമെന്ന നേട്ടം ഈ വർഷമാദ്യം അർഷ്ദീപ് സിങ് സ്വന്തമാക്കിയിരുന്നു.പിന്നാലെയാണ് ബുംറയും നേട്ടത്തിലെത്തിയത്. മത്സരത്തിൽ 2 വിക്കറ്റെടുത്ത ബുംറ നേട്ടം 101ൽ എത്തിച്ചാണ് മൈതാനം വിട്ടത്. 81 മത്സരങ്ങളിൽ നിന്നാണ് 100 വിക്കറ്റുകൾ. 7 റൺസ് വഴങ്ങി 3 വിക്കറ്റുകൾ വീഴ്ത്തിയതാണ് മികച്ച പ്രകടനം. 52 ടെസ്റ്റിൽ നിന്നു 234 വിക്കറ്റുകൾ ബുംറ വീഴ്ത്തിയിട്ടുണ്ട്. 89 ഏകദിനത്തിൽ നിന്നു 149 വിക്കറ്റുകളും സ്വന്തമാക്കി.ലോക ക്രിക്കറ്റിൽ ഈ നേട്ടത്തിലെത്തുന്ന അഞ്ചാമത്തെ താരമായും ബുംറ മാറി. ടിം സൗത്തി, ഷാകിബ് അൽ ഹസൻ, ലസിത് മലിംഗ, ഷഹീൻ ഷാ അഫ്രീദി എന്നിവരാണ് ബുംറയ്ക്കു മുൻപ് മൂന്ന് ഫോർമാറ്റിലും 100, അതിലധികം വിക്കറ്റുകൾ നേടി എലീറ്റ് ക്ലബിൽ എത്തിയവർ. അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിലിന്റെ (ഐ.സി.സി) ഏറ്റവും പുതിയ ടെസ്റ്റ് ബൗളർമാരുടെ റാങ്കിംഗിൽ ഓസ്ട്രേലിയൻ പേസർ മിച്ചൽ സ്റ്റാർക്ക് കരിയറിലെ ഏറ്റവും മികച്ച സ്ഥാനത്തേക്ക് കുതിച്ചുയർന്നു. നിലവിലെ ഒന്നാം നമ്പർ ബൗളറായ ഇന്ത്യയുടെ ജസ്പ്രീത് ബുംറക്ക് കടുത്ത വെല്ലുവിളിയുയർത്തിക്കൊണ്ടാണ് സ്റ്റാർക്ക് മൂന്നാം സ്ഥാനത്തേക്ക് എത്തിയത്. ഇംഗ്ലണ്ടിനെതിരായ ആഷസ് പരമ്പരയിലെ തകർപ്പൻ പ്രകടനമാണ് സ്റ്റാർക്കിന് റാങ്കിംഗിൽ വലിയ നേട്ടമായത്. ആദ്യ രണ്ട് ടെസ്റ്റുകളിലെയും മാച്ച് വിന്നിങ് പ്രകടനത്തിലൂടെ മൂന്ന് സ്ഥാനങ്ങൾ മെച്ചപ്പെടുത്തിയാണ് സ്റ്റാർക്ക് മൂന്നാം റാങ്കിൽ എത്തിയത്. പെർത്തിലും ബ്രിസ്ബേനിലും നടന്ന മത്സരങ്ങളിൽ മാൻ ഓഫ് ദ മാച്ച് പുരസ്കാരം നേടിയ സ്റ്റാർക്ക്, രണ്ട് ടെസ്റ്റുകളിലുമായി 18 വിക്കറ്റുകളാണ് വീഴ്ത്തിയത്.ബ്രിസ്ബേനിലെ ഡേ-നൈറ്റ് ടെസ്റ്റിൽ ആറ് വിക്കറ്റ് പ്രകടനമുൾപ്പെടെ എട്ട് വിക്കറ്റുകൾ വീഴ്ത്തിയ സ്റ്റാർക്ക്, ഇതോടെ തുടർച്ചയായി രണ്ട് ടെസ്റ്റുകളിൽ മാൻ ഓഫ് ദ മാച്ച് നേടുന്ന ലോകത്തെ അഞ്ചാമത്തെ കളിക്കാരനായി. ഈ പ്രകടനം സ്റ്റാർക്കിന് 32 റേറ്റിംഗ് പോയിന്റുകൾ നേടിക്കൊടുത്തു.നിലവിലെ റാങ്കിംഗ് അനുസരിച്ച് 879 പോയിന്റുമായി ജസ്പ്രീത് ബുംറയാണ് ഒന്നാം സ്ഥാനത്ത്. 852 പോയിന്റുകളോടെ മിച്ചൽ സ്റ്റാർക്ക് ഇപ്പോൾ മൂന്നാം സ്ഥാനത്ത് എത്തിയിരിക്കുന്നു. ബുംറയുമായി വെറും 27 പോയിന്റുകളുടെ വ്യത്യാസം മാത്രമാണ് സ്റ്റാർക്കിനുള്ളത്.

മിച്ചൽ സ്റ്റാർക്ക്






# ഏകദിന റാങ്കിംഗിൽ കോഹ്ലി രണ്ടാമത്; ഒന്നാം സ്ഥാനത്തിനായി ഇനി പോരാട്ടം രോഹിത്തുമായി മാത്രം!

അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിലിന്റെ (ഐസിസി) ഏറ്റവും പുതിയ ഏകദിന റാങ്കിംഗിൽ ഇന്ത്യൻ ക്രിക്കറ്റ് ടീം താരം വിരാട് കോഹ്ലി കുതിച്ചുയർന്ന് രണ്ടാം സ്ഥാനത്തെത്തി. ഏകദിന ബാറ്റ്സ്മാൻമാരുടെ പട്ടികയിൽ നിലവിൽ ഒന്നാം സ്ഥാനത്ത് തുടരുന്ന ഇന്ത്യൻ ക്യാപ്റ്റൻ രോഹിത് ശർമ്മയുമായി ഇനി വെറും എട്ട് റേറ്റിംഗ് പോയിന്റിന്റെ വ്യത്യാസം മാത്രമാണ് കോഹ്ലിക്കുള്ളത്.ദക്ഷിണാഫ്രിക്കയ്ക്കെതിരെ നടന്ന മൂന്ന് മത്സരങ്ങളുള്ള ഏകദിന പരമ്പരയിലെ വിസ്മയ പ്രകടനമാണ് കോഹ്ലിക്ക് റാങ്കിംഗിൽ നേട്ടമായത്. ഈ പരമ്പരയിൽ തുടർച്ചയായി രണ്ട് സെഞ്ചുറികൾ ഉൾപ്പെടെ 151 ശരാശരിയിൽ 302 റൺസാണ് അദ്ദേഹം അടിച്ചുകൂട്ടിയത്. ഈ തകർപ്പൻ പ്രകടനത്തിലൂടെ പരമ്പരയിലെ താരമായി തിരഞ്ഞെടുക്കപ്പെട്ട കോഹ്ലി, പുതിയ പട്ടികയിൽ രണ്ട് സ്ഥാനങ്ങൾ മെച്ചപ്പെടുത്തിയാണ് രണ്ടാം സ്ഥാനത്തേക്ക് എത്തിയത്.ന്യൂസിലൻഡിന്റെ ഡാരിൽ മിച്ചലിനെയും അഫ്ഗാനിസ്ഥാന്റെ ഇബ്രാഹിം സദ്രാനെയും പിന്നിലാക്കിയാണ് കോഹ്ലി രണ്ടാമനായത്. നിലവിലെ റാങ്കിംഗ് പ്രകാരം രോഹിത് ശർമ്മക്ക് 781 പോയിന്റും കോഹ്ലിക്ക് 773 പോയിന്റുമാണുള്ളത്. റാങ്കിംഗിൽ ആദ്യ അഞ്ച് സ്ഥാനങ്ങളിൽ മൂന്ന് ഇന്ത്യൻ താരങ്ങളുണ്ട് എന്നതും ശ്രദ്ധേയമാണ്. 723 പോയിന്റുമായി യുവതാരം ശുഭ്മാൻ ഗിൽ അഞ്ചാം സ്ഥാനത്ത് തുടരുന്നു. മുൻ ഒന്നാം നമ്പർ താരം പാകിസ്ഥാന്റെ ബാബർ അസം നിലവിൽ ആറാം സ്ഥാനത്താണ്. കൂടാതെ ഇന്ത്യൻ താരം ശ്രേയസ് അയ്യർ 679 പോയിന്റുമായി ആദ്യ പത്തിൽ ഇടംപിടിച്ച് പത്താം സ്ഥാനത്തുണ്ട്.ഇതോടെ ഏകദിന ക്രിക്കറ്റിലെ ഒന്നാം സ്ഥാനത്തിനായുള്ള പോരാട്ടം പൂർണ്ണമായും ഇന്ത്യൻ ബാറ്റ്സ്മാൻമാരായ രോഹിത് ശർമ്മയും വിരാട് കോഹ്ലിയും തമ്മിലായിരിക്കുകയാണ്.

## ഗിൽ പുറത്തോ?, ഇന്ത്യ-ദക്ഷിണാഫ്രിക്ക രണ്ടാം ടി20 നാളെ, സാധ്യതാ ഇലവൻ




മുള്ളൻപൂർ: ഇന്ത്യ-ദക്ഷിണാഫ്രിക്ക രണ്ടാം ടി20 മത്സരം ഡിസംബർ 11 ന് മുള്ളൻപൂരിൽ നടക്കും. ആദ്യ മത്സരത്തിൽ വമ്പൻ ജയം നേടിയ ഇന്ത്യ അഞ്ച് മത്സര പരമ്പരയിൽ 1-0ന് മുന്നിലാണ്. എന്നാൽ ആദ്യ മത്സരത്തിൽ 101 റൺസിൻറെ വമ്പൻ വിജയം നേടിയെങ്കിലും മുൻനിര ബാറ്റർമാരുടെ മോശം പ്രകടനമാണ് ഇന്ത്യയെ കുഴയ്ക്കുന്നത്.ഓപ്പണറായി ഇറങ്ങുന്ന വൈസ് ക്യാപ്റ്റൻ ശുഭ്മാൻ ഗില്ലിൻറെയും ക്യാപ്റ്റൻ സൂര്യകുമാർ യാദവിൻറെയും മോശം പ്രകടനം ടീമിനെ ആശങ്കകയിലാക്കിയിട്ടുണ്ട് എന്നാണ് പുറത്തു വരുന്ന റിപ്പോർട്ടുകൾ. കട്ടക്കിലെ ബാരാബതി സ്റ്റേഡിയത്തിൽ നടന്ന ആദ്യ മത്സരത്തിൽ ഗിൽ നാലു റൺസും സൂര്യകുമാർ 12 റൺസുമെടുത്ത് പുറത്തായിരുന്നു. അതേസമയം ഏഷ്യാ കപ്പ് മുതൽ സഞ്ജു സാംസണ് പകരം ഓപ്പണറായി ഇറങ്ങിയ ശുഭ്മാൻ ഗില്ലിന് ഇതുവരെ ഒരു അർധസെഞ്ചുറി പോലും നേടാനായിട്ടില്ല. കഴിഞ്ഞ ഒരു വർഷമായി ക്യാപ്റ്റൻ സൂര്യകുമാർ യാദവും മെച്ചപ്പെട്ട പ്രകടനം കാഴ്ചവച്ചിട്ടില്ല.എന്നാൽ ഓപ്പണർ സ്ഥാനത്ത് മൂന്ന് സെഞ്ചുറികളുള്ള സഞ്ജു സാംസണെ ഗില്ലിന് പകരം കളിപ്പിക്കണമെന്ന ആവശ്യം ഉയരുന്നുണ്ടെങ്കിലും നാളത്തെ മത്സരത്തിൽ ടീമിൽ മാറ്റം വരുത്താനുള്ള സാധ്യത വളരെ കുറവാണ് എന്നാണ് അടുത്ത വൃത്തങ്ങളിൽ നിന്നും ലഭിക്കുന്ന വിവരം. പരിക്കിൽ നിന്ന് മുക്തനായി തിരിച്ചെത്തിയ ഗില്ലിന് ഓപ്പണർ സ്ഥാനത്ത് സ്ഥാനം നൽകാൻ ആണ് സാധ്യത.ദക്ഷിണാഫ്രിക്കക്കെതിരായ രണ്ടാം ടി20ക്കുള്ള ഇന്ത്യയുടെ സാധ്യതാ ഇലവൻ: സൂര്യകുമാർ യാദവ് (ക്യാപ്റ്റൻ), ശുഭ്മാൻ ഗിൽ, അഭിഷേക് ശർമ്മ, തിലക് വർമ്മ, ഹാർദിക് പാണ്ഡ്യ, ശിവം ദുബെ, അക്സർ പട്ടേൽ, ജിതേഷ് ശർമ്മ, ജസ്പ്രീത് ബുമ്ര, വരുൺ ചക്രവർത്തി, കുൽദീപ് യാദവ്.

# എന്റെ റെക്കോർഡ് തകർത്തതിൽ സന്തോഷം; രോഹിത് ശർമയെ പ്രശംസിച്ച് അഫ്രീദി




ഏകദിന ക്രിക്കറ്റിൽ ഏറ്റവും കൂടുതൽ സിക്സർ നേടുന്ന താരമെന്ന ചരിത്രനേട്ടം സ്വന്തമാക്കിയതിന് പിന്നാലെ രോഹിത് ശർമയെ പ്രശംസിച്ച് മുൻ പാക് താരം ഷാഹിദ് അഫ്രീദി.റെക്കോഡുകൾ തകർക്കപ്പെടാനുള്ളതാണെന്നും താൻ എപ്പോഴും ഇഷ്ടപ്പെട്ടിരുന്ന ഒരു കളിക്കാരൻ ഈ റെക്കോഡ് തകർത്തതിൽ സന്തോഷവാനാണെന്നും അഫ്രീദി പ്രതികരിച്ചു. 'എന്റെ ഏറ്റവും വേഗതയേറിയ സെഞ്ചുറിയുടെ റെക്കോഡ് ഏകദേശം 18 വർഷം നിലനിന്നു. എന്നാൽ അത് ഒടുവിൽ തകർക്കപ്പെട്ടു. അതിനാൽ റെക്കോഡുകൾ ഒരു കളിക്കാരൻ സ്ഥാപിക്കുകയും മറ്റൊരു കളിക്കാരൻ വന്ന് അത് തകർക്കുകയും ചെയ്യുന്നു. ഇതാണ് ക്രിക്കറ്റ്.'- അഫ്രീദി കൂട്ടിച്ചേർത്തു '2008-ൽ എന്റെ ഏക ഇന്ത്യൻ പ്രീമിയർ ലീഗ് സീസണിൽ ഡെക്കാൻ ചാർജേഴ്സിനായി രോഹിത്തിനോടൊപ്പം കളിച്ചിട്ടുണ്ട്. അന്ന് എനിക്ക് അദ്ദേഹത്തെ ഇഷ്ടമായിരുന്നു. പരിശീലന സമയത്ത്, ഞാൻ അദ്ദേഹത്തിന്റെ ബാറ്റിങ് കണ്ടു. അദ്ദേഹത്തിന്റെ ക്ലാസ്സ് എന്നെ ആകർഷിച്ചു. രോഹിത് ഒരുനാൾ ഇന്ത്യക്ക് വേണ്ടി കളിക്കുമെന്ന് എനിക്കറിയാമായിരുന്നു. അദ്ദേഹം ഒരു ക്ലാസ് ബാറ്റ്സ്മാനായി സ്വയം തെളിയിച്ചിരിക്കുന്നു' - അദ്ദേഹം പറഞ്ഞു.ദക്ഷിണാഫ്രിക്കയ്ക്കെതിരായ ഒന്നാം ഏകദിനത്തിലാണ് മുൻ ഇന്ത്യൻ നായകൻ ചരിത്രമെഴുതിയത്. അഫ്രീദിയുടെ റെക്കോഡാണ് രോഹിത് മറികടന്നത്.



# ദൈർഘ്യമേറിയ ആരോഗ്യകരമായ ജീവിതത്തിന്: മികച്ച പ്രഭാതചര്യ ഇങ്ങനെ

ആരോഗ്യകരവും ദീർഘായുസ്സുള്ളതുമായ ഒരു ജീവിതം ആഗ്രഹിക്കാത്തവരായി ആരും ഉണ്ടാകില്ല. എന്നാൽ അതിന്‌വേണ്ടി വലിയ വ്യായാമങ്ങളോ കഠിനമായ ഭക്ഷണക്രമങ്ങളോ പിന്തുടരേണ്ട ആവശ്യമില്ലെന്നാണ് ആരോഗ്യദീർഘായുസ്സ് വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നത്. പകരം, ഓരോ ദിവസവും രാവിലെ നാം പിന്തുടരുന്ന ലളിതവും എന്നാൽ സ്ഥിരതയുള്ളതുമായ ശീലങ്ങളാണ് ഏറ്റവും പ്രധാനം. പ്രമുഖ ലൈഫ്സ്റ്റൈൽ മാസികയായ ജിക്യൂവിൽ വന്ന റിപ്പോർട്ടനുസരിച്ച്, ദീർഘായുസ്സിന് സഹായിക്കുന്ന ചില ശാസ്ത്രീയമായി തെളിയിക്കപ്പെട്ട പ്രഭാത ശീലങ്ങൾ ഇവയാണ്.



**സമയക്രമത്തിലെ സ്ഥിരത**: നമ്മൾ എത്ര മണിക്ക് എഴുന്നേൽക്കുന്നു എന്നതിനേക്കാൾ പ്രധാനം എല്ലാ ദിവസവും ഒരേ സമയം എഴുന്നേൽക്കുന്നുണ്ടോ എന്നതാണ്. അവധി ദിവസങ്ങളിൽ പോലും ഈ ശീലം നിലനിർത്തുന്നത് ശരീരത്തിന്റെ സ്വാഭാവിക ഉറക്ക-ഉണർവ് ചക്രം ക്രമീകരിക്കാൻ സഹായിക്കും. ഇത് മെച്ചപ്പെട്ട ഉറക്കത്തിനും അതുവഴി മൊത്തത്തിലുള്ള ആരോഗ്യത്തിനും നിർണായകമാണ്.

**ഉണർന്ന ഉടൻ വെള്ളം**: ഉറങ്ങിയെഴുന്നേൽക്കുമ്പോൾ ശരീരം സ്വാഭാവികമായി നിർജ്ജലീകരണം സംഭവിച്ച അവസ്ഥയിലായിരിക്കും. അതിനാൽ, മറ്റ് പാനീയങ്ങൾക്ക് മുൻപ് ഒരു ഗ്ലാസ് വെള്ളം കുടിക്കുന്നത് ശരീരത്തിന് ഉണർവേകാനും മെറ്റബോളിസം വർദ്ധിപ്പിക്കാനും വിഷാംശങ്ങളെ പുറന്തള്ളാനും സഹായിക്കും.

**ചലനം പ്രധാനം**: കഠിനമായ വർക്കൗട്ട് ചെയ്തില്ലെങ്കിൽ പോലും, രാവിലെ ശരീരത്തിന് അൽപ്പം ചലനം നൽകുന്നത് നല്ലതാണ്. നടക്കുക, ലളിതമായ സ്ട്രെച്ചിങ്ങുകൾ ചെയ്യുക, അല്ലെങ്കിൽ ചെറുതായി നൃത്തം ചെയ്യുക ഇവയെല്ലാം രക്തയോട്ടം കൂട്ടാൻ സഹായിക്കും. പേശീബലം നിലനിർത്തുന്നത് ദീർഘായുസ്സിന്റെ പ്രധാന സൂചകമാണ് എന്നതിനാൽ, ആഴ്ചയിൽ മൂന്നോ നാലോ ദിവസം ലഘുവായ ശക്തി പരിശീലനം നൽകുന്നത് ഏറെ ഗുണകരമാണ്.

**ശ്രദ്ധയും ലക്ഷ്യബോധവും**: മൊബൈൽ ഫോണിലെ നോട്ടിഫിക്കേഷനുകളിലേക്ക് നേരിട്ട് കടക്കുന്നതിന് പകരം, കുറഞ്ഞത് അഞ്ച് മിനിറ്റെങ്കിലും മനസ്സിന് ശാന്തത നൽകുക. അന്നത്തെ ദിവസം എന്താണ് ചെയ്യേണ്ടതെന്ന് ചിന്തിക്കുകയും ഒരു ലളിതമായ ലക്ഷ്യം മനസ്സിൽ ഉറപ്പിക്കുകയും ചെയ്യുന്നത് മാനസിക വ്യക്തത നൽകും.

**സമീകൃതാഹാരം**: പ്രഭാതഭക്ഷണം ഒരു കാരണവശാലും ഒഴിവാക്കരുത്. എന്നാൽ മധുര പലഹാരങ്ങൾ ഒഴിവാക്കി നാരുകളും പ്രോട്ടീനും ധാരാളമുള്ള ഭക്ഷണം കഴിക്കാൻ ശ്രദ്ധിക്കുക. ഓട്സ്, നട്സുകൾ, പഴങ്ങൾ, തൈര് എന്നിവ ഉൾപ്പെടുത്തുന്നത് ഉത്തമമാണ്. പ്രോട്ടീൻ കൂടുതൽ അടങ്ങിയ ഭക്ഷണം കഴിക്കുന്നത് രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കാനും വിശപ്പ് കുറയ്ക്കാനും സഹായിക്കും. കാപ്പി ശീലമുള്ളവർക്ക് അത് തുടരാം. കാരണം, കാപ്പിയിൽ അടങ്ങിയ ആന്റിഓക്സിഡന്റുകൾ പല രോഗങ്ങളെയും പ്രതിരോധിക്കാൻ സഹായിക്കുമെന്നും പഠനങ്ങൾ പറയുന്നു.

ദീർഘായുസ്സിലേക്കുള്ള യാത്ര തുടങ്ങേണ്ടത് നമ്മുടെ പ്രഭാതങ്ങളിൽ നിന്നാണ്. ഈ ലളിതമായ ശീലങ്ങൾ ജീവിതത്തിൽ ഉൾപ്പെടുത്തി മുന്നോട്ട് പോവുകയാണെങ്കിൽ, കാലക്രമേണ അത് വലിയ ആരോഗ്യപരമായ മാറ്റങ്ങൾക്ക് വഴിവെക്കും.

# 'വിന്റർ ബ്ലൂസ്' എന്ന ഈ വിഷാദരോഗം തിരിച്ചറിയേണ്ടത് എങ്ങനെ?



വർഷാവസാനമാവുകയും തണുപ്പുകാലം ശക്തിപ്പെടുകയും ചെയ്യുമ്പോൾ പലർക്കും വല്ലാത്തൊരു ക്ഷീണവും ഉത്സാഹമില്ലായ്മയും അനുഭവപ്പെടാറുണ്ട്. ഇത് സാധാരണ തണുപ്പുകാലത്തെ മടി മാത്രമാണെന്ന് കരുതി തള്ളിക്കളയേണ്ടതില്ല. കാരണം, ഇത് ഋതുഭേദത്തിനനുസരിച്ചുള്ള വിഷാദം അഥവാ സാധാരണയായി പറയുന്ന വിന്റർ ബ്ലൂസ് ആകാൻ സാധ്യതയുണ്ട്.

സൂര്യപ്രകാശത്തിന്റെ ലഭ്യത കുറയുന്നതാണ് ഈ അവസ്ഥയ്ക്ക് പ്രധാന കാരണം. സൂര്യപ്രകാശം കുറയുന്നത് തലച്ചോറിലെ രാസവസ്തുക്കളായ സെറടോണിൻ (സന്തോഷം നൽകുന്ന ഹോർമോൺ), മെലടോണിൻ (ഉറക്കത്തെ നിയന്ത്രിക്കുന്ന ഹോർമോൺ) എന്നിവയുടെ അളവിൽ മാറ്റങ്ങൾ വരുത്തും. ഇത് ശരീരത്തിന്റെ സ്വാഭാവിക ഉറക്കഉണർവ് ചക്രത്തെ താളം തെറ്റിക്കുകയും മാനസികാവസ്ഥയെ ബാധിക്കുകയും ചെയ്യുന്നു.

ഈ താൽക്കാലിക വിഷാദരോഗം സാധാരണയായി ശരത്കാലത്തിന്റെ അവസാനത്തോടെ ആരംഭിക്കുകയും വസന്തകാലം എത്തുന്നതോടെ കുറയുകയും ചെയ്യാറുണ്ട്. നിങ്ങൾ ഈ ലക്ഷണങ്ങൾ ശ്രദ്ധിക്കുന്നുണ്ടെങ്കിൽ, അത് വിന്റർ ബ്ലൂസ് ആകാം:

1. **വിഷാദവും ഉത്സാഹക്കുറവും**: മിക്ക ദിവസങ്ങളിലും സങ്കടം, നിരാശ, മുൻപ് സന്തോഷം നൽകിയിരുന്ന കാര്യങ്ങളിൽ പോലും താത്പര്യമില്ലായ്മ എന്നിവ അനുഭവപ്പെടുക.
2. **അമിത ഉറക്കം**: സാധാരണയിലും കൂടുതൽ സമയം ഉറങ്ങാൻ തോന്നുക (Hypersomnia), രാവിലെ എഴുന്നേൽക്കാൻ ബുദ്ധിമുട്ട്.
3. **ഭക്ഷണത്തോടുള്ള കൊതി**: അന്നജം കൂടുതലുള്ള ഭക്ഷണങ്ങളോടും (Carbohydrates) മധുരത്തോടുമുള്ള അമിതമായ ആഗ്രഹം, ഇത് ശരീരഭാരം വർദ്ധിപ്പിക്കാൻ കാരണമാകും.
4. **സാമൂഹിക അകൽച്ച**: ആളുകളുമായി അടുത്തിടപഴകാനുള്ള താൽപര്യം കുറയുകയും ഒറ്റയ്ക്കിരിക്കാൻ ആഗ്രഹിക്കുകയും ചെയ്യുക.
5. **ഏകാഗ്രതക്കുറവ്**: ശ്രദ്ധ കേന്ദ്രീകരിക്കാൻ ബുദ്ധിമുട്ടനുഭവപ്പെടുക, ജോലികളിൽ കാര്യക്ഷമത കുറയുക.

ഈ അവസ്ഥകളെ നേരിടാൻ നിരവധി മാർഗ്ഗങ്ങളുണ്ട്. ദിവസവും വെളിച്ചം കൂടുതലുള്ള സമയങ്ങളിൽ പുറത്ത് സമയം ചെലവഴിക്കുക, കൃത്യമായ വ്യായാമം ശീലമാക്കുക, ഡോക്ടറുടെ നിർദ്ദേശപ്രകാരം വിറ്റാമിൻ ഡി സപ്ലിമെന്റുകൾ കഴിക്കുക എന്നിവ സഹായിക്കും. ലക്ഷണങ്ങൾ തീവ്രമാണെങ്കിൽ, ലൈറ്റ് തെറാപ്പി (പ്രത്യേക തരം ലൈറ്റുകൾ ഉപയോഗിച്ച് നടത്തുന്ന ചികിത്സ) പോലുള്ള മാർഗ്ഗങ്ങളും കൗൺസിലിംഗും തേടുന്നത് ഉചിതമാണ്.

# തണുപ്പുകാലത്ത് പ്രതിരോധശേഷി കൂട്ടാൻ ദിവസവും ഇഞ്ചി കഴിക്കൂ; അറിയാം ഗുണങ്ങൾ



തണുപ്പുകാലം തുടങ്ങുന്നതോടെ പലരെയും അലട്ടുന്ന പ്രശ്നങ്ങളാണ് ജലദോഷം, ചുമ, തൊണ്ടവേദന എന്നിവ. ഇത്തരം കാലാവസ്ഥാ മാറ്റങ്ങളിൽ ശരീരത്തെ സംരക്ഷിക്കാനും പ്രതിരോധശേഷി വർദ്ധിപ്പിക്കാനും സഹായിക്കുന്ന ഒരു പ്രകൃതിദത്ത ഔഷധമാണ് ഇഞ്ചി. അടുക്കളയിലെ ഒരു സാധാരണ ചേരുവ എന്നതിലുപരി, ഒട്ടേറെ ഔഷധഗുണങ്ങൾ അടങ്ങിയ ഒരു സൂപ്പർഫുഡ് കൂടിയാണിത്. തണുപ്പുള്ള മാസങ്ങളിൽ ദിവസവും ഇഞ്ചി കഴിക്കുന്നത് ശരീരത്തിന് ലഭിക്കുന്ന അഞ്ച് പ്രധാന ഗുണങ്ങൾ എന്തൊക്കെയാണെന്ന് നോക്കാം.

ഒന്നാമതായി, ഇഞ്ചിക്ക് ശരീരത്തിന് ചൂട് നൽകാനുള്ള കഴിവുണ്ട്. ഇഞ്ചിയിലുള്ള ജിഞ്ചറോൾ എന്ന സംയുക്തമാണ് ഈ താപനില വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്നത്. ഇത് തണുപ്പിൽ നിന്നും സംരക്ഷണം നൽകുന്നു. രണ്ടാമതായി, സാധാരണയായി കണ്ടുവരുന്ന ജലദോഷത്തെയും ഫ്ളൂവിനെയും ചെറുക്കാൻ ഇഞ്ചി വളരെ നല്ലതാണ്. ഇതിലെ ആന്റിവൈറൽ, ആന്റിമൈക്രോബയൽ ഗുണങ്ങൾ രോഗാണുക്കളെ നശിപ്പിക്കാൻ സഹായിക്കുകയും വേഗത്തിൽ രോഗമുക്തി നൽകുകയും ചെയ്യുന്നു.

ദഹനപ്രശ്നങ്ങൾ അനുഭവിക്കുന്നവർക്ക് ഇഞ്ചി ഒരു മികച്ച പരിഹാരമാണ്. ദഹന എൻസൈമുകളുടെ ഉത്പാദനം വർദ്ധിപ്പിച്ച് ദഹനം മെച്ചപ്പെടുത്താൻ ഇത് സഹായിക്കുന്നു. തണുപ്പുകാലത്ത് സാധാരണയായി ഉണ്ടാകാറുള്ള വയറുവേദന, ഓക്കാനം, ഛർദ്ദി എന്നിവ ലഘൂകരിക്കാനും ഇഞ്ചി കഴിക്കുന്നത് ഉത്തമമാണ്. കൂടാതെ, ഇഞ്ചിയിലെ ശക്തമായ ആന്റി ഇൻഫ്ളമേറ്ററി ഗുണങ്ങൾ സന്ധിവാതം പോലുള്ള പ്രശ്നങ്ങളുള്ളവർക്ക് ആശ്വാസം നൽകുന്നു. ഇത് ശരീരത്തിലെ നീർക്കെട്ടും പേശിവേദനയും കുറയ്ക്കാൻ സഹായിക്കും.

അവസാനമായി, ശരീരത്തിന്റെ പ്രതിരോധ സംവിധാനത്തെ (ഇമ്മ്യൂണിറ്റി) ശക്തിപ്പെടുത്തുന്നതിൽ ഇഞ്ചിക്ക് വലിയ പങ്കുണ്ട്. പതിവായ ഇഞ്ചി ഉപയോഗം ശരീരത്തിന് രോഗങ്ങളോട് പോരാടാനുള്ള കരുത്ത് നൽകുന്നു. ഇഞ്ചി ചായയായോ കറികളിൽ ചേർത്തോ അൽപ്പം തേനിൽ ചാലിച്ചോ ദിവസവും കഴിക്കുന്നത് തണുപ്പുകാലത്തെ ആരോഗ്യത്തിന് ഏറ്റവും ഗുണകരമാണ്.

# ജീവിതത്തിൽ അതിരുകൾ നിശ്ചയിക്കുന്നതിന്റെ പ്രാധാന്യം വെളിപ്പെടുത്തി മനഃശാസ്ത്രജ്ഞൻ

നമ്മുടെ ജീവിതത്തിൽ നാം നേരിടുന്ന ഒട്ടുമിക്ക പ്രശ്നങ്ങൾക്കും ലളിതവും എന്നാൽ ശക്തവുമായ ഒരു പരിഹാരമുണ്ട്: ആത്മബഹുമാനം, ആത്മാഭിമാനം, ആത്മകരുണ എന്നിവയിൽ നിന്ന് വ്യത്യസ്തമായി, ആത്മബഹുമാനം എന്നത് നമ്മൾ നമ്മളോട് തന്നെ എങ്ങനെ പെരുമാറുന്നു എന്നതിനെയും മറ്റുള്ളവർക്ക് നമ്മളോട് എങ്ങനെ പെരുമാറാൻ കഴിയുമെന്ന് നാം നിശ്ചയിക്കുന്ന അതിരുകളെയും ആശ്രയിച്ചിരിക്കുന്നു എന്ന് മനഃശാസ്ത്രജ്ഞർ ചൂണ്ടിക്കാട്ടുന്നു.




യഥാർത്ഥത്തിൽ, ആത്മബഹുമാനം എന്നത് ഒരു വികാരമല്ല, മറിച്ച് നമ്മുടെ സ്വഭാവമൂല്യങ്ങൾക്കനുസരിച്ച് ജീവിക്കാനും നമ്മളെ മാന്യമായി കണക്കാക്കാൻ മറ്റുള്ളവരോട് ആവശ്യപ്പെടാനുമുള്ള നമ്മുടെ തീരുമാനമാണ്. ഈ ചിന്താഗതി എങ്ങനെയാണ് നമ്മുടെ ജീവിതത്തിലെ പ്രശ്നങ്ങൾക്ക് ഉത്തരം നൽകുന്നതെന്ന് നോക്കാം:

1. **ബന്ധങ്ങൾ മെച്ചപ്പെടുന്നു**: ശക്തമായ ആത്മബഹുമാനമുള്ളവർക്ക് ആരോഗ്യകരമായ അതിരുകൾ നിശ്ചയിക്കാൻ കഴിയും. ഒരു വ്യക്തിയെ ദുരുപയോഗം ചെയ്യുന്നതോ, വിട്ടുവീഴ്ചയില്ലാത്തതോ ആയ ബന്ധങ്ങളിൽ അവർ തുടരുകയില്ല. ഇത് മോശം സൗഹൃദങ്ങളിൽ നിന്നും വിഷലിപ്തമായ ബന്ധങ്ങളിൽ നിന്നും അവരെ സംരക്ഷിക്കുന്നു.
2. **മികച്ച തീരുമാനങ്ങൾ**: ആത്മബഹുമാനമുള്ള വ്യക്തികൾ അവരുടെ ദീർഘകാല ലക്ഷ്യങ്ങളുമായും മൂല്യങ്ങളുമായും യോജിക്കുന്ന തീരുമാനങ്ങൾ എടുക്കാൻ ശ്രദ്ധിക്കുന്നു. താൽക്കാലികമായ സന്തോഷത്തിന് വേണ്ടിയോ, മറ്റൊരാളെ തൃപ്തിപ്പെടുത്താനായോ അവർ പെട്ടെന്നുള്ള മോശം തീരുമാനങ്ങൾ ഒഴിവാക്കുന്നു.
3. **പ്രതിരോധശേഷി വർദ്ധിക്കുന്നു**: തിരിച്ചടികൾ ഉണ്ടാകുമ്പോൾ പോലും അവർ വേഗത്തിൽ അതിൽ നിന്ന് കരകയറുന്നു. കാരണം, അവരുടെ വ്യക്തിപരമായ മൂല്യം പുറമെയുള്ള വിജയങ്ങളെ ആശ്രയിച്ചല്ല ഇരിക്കുന്നത്. പരാജയം തങ്ങളുടെ സ്വഭാവത്തെ നിർണ്ണയിക്കുന്നില്ല എന്ന് അവർ തിരിച്ചറിയുന്നു.
4. **ആധികാരികമായ ജീവിതം**: മറ്റുള്ളവരുടെ അംഗീകാരത്തിന് വേണ്ടി ജീവിക്കാതെ, താൻ ആരാണോ, എന്താണോ അതിൽ ഉറച്ചു നിന്നുകൊണ്ട് ജീവിക്കാൻ ആത്മബഹുമാനം സഹായിക്കുന്നു. ഇത് കൂടുതൽ സന്തോഷകരവും സത്യസന്ധവുമായ ജീവിതം നയിക്കാൻ പ്രചോദനമാകും.

നമ്മൾ എങ്ങനെ സംസാരിക്കുന്നു, പ്രവർത്തിക്കുന്നു, മറ്റുള്ളവരുമായി ഇടപെടുന്നു എന്നതിലൂടെ ആത്മബഹുമാനം വളർത്തിയെടുക്കാം. അതിരുകൾ നിശ്ചയിക്കുക, നമ്മുടെ ആവശ്യങ്ങൾ കൃത്യമായി പ്രകടിപ്പിക്കുക, സ്വന്തം മൂല്യങ്ങളിൽ ഉറച്ചുനിൽക്കുക എന്നിവയാണ് ഇതിനുള്ള പ്രധാന മാർഗ്ഗങ്ങൾ.

# നതിംഗ് ഫോൺ (3എ) 'കമ്മ്യൂണിറ്റി എഡിഷൻ' എത്തി; വില, പ്രത്യേകതകൾ, റിലീസ് തീയതി അറിയേണ്ടതെല്ലാം



സ്മാർട്ട്ഫോൺ വിപണിയിൽ തങ്ങളുടെ തനതായ ശൈലി കൊണ്ട് ശ്രദ്ധേയമായ 'നതിംഗ്' കമ്പനി ഉപയോക്താക്കളുടെ പങ്കാളിത്തത്തോടെ വികസിപ്പിച്ചെടുത്ത പുതിയ മോഡൽ 'നതിംഗ് ഫോൺ (3എ) കമ്മ്യൂണിറ്റി എഡിഷൻ' പുറത്തിറക്കി. കമ്പനിയുടെ നിലവിലുള്ള നതിംഗ് ഫോൺ (2എ) മോഡലിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, ഉപയോക്താക്കളുടെ നിർദേശങ്ങളും അഭിപ്രായങ്ങളും കണക്കിലെടുത്താണ് ഈ പ്രത്യേക പതിപ്പ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

നാല് ഘട്ടങ്ങളായുള്ള വലിയൊരു പങ്കാളിത്ത പ്രക്രിയയിലൂടെയാണ് ഈ ഫോൺ യാഥാർത്ഥ്യമാക്കിയത്. ആദ്യഘട്ടത്തിൽ ആരാധകരിൽ നിന്ന് ഫോണിന്റെ രൂപകൽപ്പനയെക്കുറിച്ച് നിർദേശങ്ങൾ തേടി. രണ്ടാമത്തെ ഘട്ടത്തിൽ വാൾപേപ്പറുകളും, മൂന്നാമത്തെ ഘട്ടത്തിൽ ഹാർഡ്‌വെയർ മെച്ചപ്പെടുത്തലുകളും, നാലാമത്തെ ഘട്ടത്തിൽ പാക്കേജിംഗിനെക്കുറിച്ചുമുള്ള ആശയങ്ങളാണ് സ്വീകരിച്ചത്. ഉപയോക്താക്കൾ നിർദേശിച്ച പല ആശയങ്ങളും ഇതിന്റെ അവസാന രൂപത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പുതിയ കമ്മ്യൂണിറ്റി എഡിഷന്റെ സ്പെസിഫിക്കേഷനുകൾ നതിംഗ് ഫോൺ (2എ) മോഡലിന് സമാനമായിരിക്കാനാണ് സാധ്യത. 6.7 ഇഞ്ച് അമോലെഡ് ഡിസ്‌പ്ലേ, മീഡിയടെക് ഡൈമെൻസിറ്റി 7200 പ്രോ ചിപ്സെറ്റ്, 50 മെഗാപിക്സൽ പ്രധാന ക്യാമറയും 50 മെഗാപിക്സൽ അൾട്രാവൈഡ് ക്യാമറയുമുള്ള ഡ്യുവൽ റിയർ ക്യാമറ സംവിധാനം, 32 മെഗാപിക്സൽ മുൻ ക്യാമറ, 5,000 mAh ബാറ്ററി എന്നിവയെല്ലാം ഈ ഫോണിന്റെ പ്രധാന പ്രത്യേകതകളാണ്. എന്നാൽ, കമ്മ്യൂണിറ്റി എഡിഷന്റെ ഏറ്റവും വലിയ പ്രത്യേകത അതിന്റെ പുറം മോടിയിലും സോഫ്റ്റ്‌വെയറിലുമുള്ള കമ്മ്യൂണിറ്റി നിർദേശങ്ങളാണ്.

നതിംഗ് ഫോൺ (3എ) കമ്മ്യൂണിറ്റി എഡിഷന്റെ കൃത്യമായ വില, റിലീസ് തീയതി എന്നിവയെക്കുറിച്ച് ഔദ്യോഗിക പ്രഖ്യാപനം വരാനിരിക്കുന്നതേയുള്ളൂ. അടുത്ത മാസം ഈ പ്രത്യേക പതിപ്പ് ഉപയോക്താക്കളിലേക്ക് എത്തിക്കാൻ സാധിക്കുമെന്നാണ് കമ്പനി പ്രതീക്ഷിക്കുന്നത്. നതിംഗ് ഫോൺ 2എയുടെ വിജയത്തിന് പിന്നാലെ, ഉപയോക്തൃ സൗഹൃദമായ ഒരു പുതിയ അനുഭവം നൽകാൻ ഈ കമ്മ്യൂണിറ്റി എഡിഷൻ സഹായിക്കുമെന്നാണ് കമ്പനി കരുതുന്നത്.

# ആപ്പിളിന്റെ 2026 ലെ വൻ പ്രഖ്യാപനങ്ങൾ



ലോകമെമ്പാടുമുള്ള ടെക് പ്രേമികൾ ആകാംഷയോടെ കാത്തിരിക്കുന്ന ആപ്പിളിന്റെ 2026ലെ ഉൽപ്പന്ന ലൈനപ്പിനെക്കുറിച്ചുള്ള വിവരങ്ങൾ പുറത്തുവന്നു. ഐഫോൺ 18 സീരീസ്, ഒരു പുതിയ ഫോൾഡബിൾ ഐഫോൺ (ഐഫോൺ ഫോൾഡ്), എം5 ചിപ്സെറ്റ് ഉപയോഗിക്കുന്ന മാക്ബുക്ക് എയർ എന്നിവയുൾപ്പെടെ നിരവധി സുപ്രധാന പ്രഖ്യാപനങ്ങളാണ് ആപ്പിൾ അക്കൊല്ലം നടത്താൻ ഒരുങ്ങുന്നത്. വിഖ്യാത ടെക് അനലിസ്റ്റ് മിംഗ്-ചി-ക്വോ പുറത്തുവിട്ട റോഡ്മാപ്പ് വിവരങ്ങളിലാണ് ഈ വിശദാംശങ്ങൾ ഉള്ളത്.

ആപ്പിളിന്റെ 2026ലെ പ്രധാന ആകർഷണങ്ങളിലൊന്ന് 'ഐഫോൺ ഫോൾഡ്' ആയിരിക്കും. വലിയ ഡിസ്‌പ്ലേയുടെ സാധ്യതകൾ ഉപയോക്താക്കൾക്ക് നൽകുന്ന ഈ മടക്കാവുന്ന ഫോണിനായുള്ള കാത്തിരിപ്പ് ഏറെക്കാലമായുള്ളതാണ്. കൂടാതെ, ഐഫോൺ 17ന്റെ കൂടുതൽ താങ്ങാനാവുന്ന പതിപ്പായ 'ഐഫോൺ 17ഇ' യും 2026ൽ വിപണിയിൽ എത്താൻ സാധ്യതയുണ്ട്.

സ്മാർട്ട്ഫോൺ വിഭാഗത്തിൽ ഐഫോൺ 18 സീരീസ്, ആപ്പിൾ വാച്ച് എക്സ്, പുതിയ ഐപാഡ് എയർ (10.9ഇഞ്ച്), അടുത്ത തലമുറ ഐപാഡ് മിനി എന്നിവയും ആ വർഷം പ്രതീക്ഷിക്കുന്നു. ഐഫോൺ 18 സീരീസിൽ എ19 ചിപ്സെറ്റ് അവതരിപ്പിക്കുമെന്നും, നോൺപ്രോ മോഡലുകളിൽ 120ഢ പ്രോമോഷൻ ഡിസ്‌പ്ലേ ഫീച്ചർ ഉണ്ടാകുമെന്നും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

കംപ്യൂട്ടർ വിഭാഗത്തിൽ ആപ്പിളിന്റെ പുതിയ ചിപ്സെറ്റായ എം5 ചിപ് ഉപയോഗിക്കുന്ന 13ഇഞ്ച്, 15ഇഞ്ച് മാക്ബുക്ക് എയർ മോഡലുകളും 2026ൽ അവതരിപ്പിക്കും. നിലവിലെ എം2 ചിപ്സെറ്റിനെ അപേക്ഷിച്ച് ഇത് ഗണ്യമായ പ്രകടന മികവ് നൽകും. കൂടാതെ, കൂടുതൽ കരുത്തുറ്റ പുതിയ ഐപാഡ് പ്രോ മോഡലുകളും അവതരിപ്പിക്കാൻ സാധ്യതയുണ്ട്.

അങ്ങനെ, ഐഫോണുകൾ, മാക്കുകൾ, ഐപാഡുകൾ, ആപ്പിൾ വാച്ചുകൾ എന്നിവയുടെയെല്ലാം പുതിയ തലമുറ മോഡലുകൾ 2026ൽ പുറത്തിറക്കാനുള്ള വലിയ പദ്ധതികളാണ് ആപ്പിളിനുള്ളത്. ഈ പുതിയ ഉൽപ്പന്നങ്ങൾ ആപ്പിൾ ഉപയോക്താക്കളുടെ പ്രതീക്ഷകൾ വാനോളം ഉയർത്തുമെന്നതിൽ സംശയമില്ല.

# ഇന്ത്യൻ തൊഴിലാളികൾക്കായി മൈക്രോസോഫ്റ്റ്; ഇ-ശ്രം, എൻ.സി.എസ് പോർട്ടലുകളിൽ എ.ഐ. ചാറ്റ്ബോട്ടുകൾ വരുന്നു




ഇന്ത്യയിലെ അസംഘടിത തൊഴിലാളികളെ സഹായിക്കുന്നതിനായി മൈക്രോസോഫ്റ്റ് സി.ഇ.ഒ. സത്യ നദെല്ല ഇന്ത്യൻ സർക്കാരുമായി കൈകോർക്കുന്നു. തൊഴിലാളികൾക്ക് പ്രയോജനകരമായ സർക്കാർ പ്ലാറ്റ്‌ഫോമുകളായ 'ഇ-ശ്രം', 'നാഷണൽ കരിയർ സർവീസ് (എൻ.സി.എസ്)' പോർട്ടലുകളിൽ നിർമിത ബുദ്ധി (എഐ.) അടിസ്ഥാനമാക്കിയുള്ള ചാറ്റ്ബോട്ടുകൾ അവതരിപ്പിക്കാൻ മൈക്രോസോഫ്റ്റ് തൊഴിൽ മന്ത്രാലയവുമായി സഹകരിച്ച് പ്രവർത്തിക്കും.

ഇന്ത്യൻ തൊഴിലാളികൾക്കിടയിൽ എ.ഐ.യുടെ പ്രയോജനം എത്തിക്കുകയാണ് ഈ നീക്കത്തിലൂടെ മൈക്രോസോഫ്റ്റ് ലക്ഷ്യമിടുന്നത്. ഈ പുതിയ ചാറ്റ്ബോട്ടുകൾ വഴി 31 കോടിയിലധികം വരുന്ന അസംഘടിത തൊഴിലാളികൾക്ക് സഹായം ലഭിക്കുമെന്നാണ് കണക്കാക്കുന്നത്. ഇ-ശ്രം പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനും എൻ.സി.എസ്. പോർട്ടലിൽ മികച്ച ജോലി കണ്ടെത്താൻ സഹായിക്കുന്ന രീതിയിൽ ബയോഡാറ്റ തയ്യാറാക്കുന്നതിനും എ.ഐ. ചാറ്റ്ബോട്ടുകൾ തൊഴിലാളികളെ സഹായിക്കും. ഓൺലൈൻ സംവിധാനങ്ങളെക്കുറിച്ച് പരിചയമില്ലാത്ത ദശലക്ഷക്കണക്കിന് ആളുകൾക്ക് ഈ സംരംഭം പ്രയോജനകരമാകും.

ഇതുകൂടാതെ, ഈ പോർട്ടലുകളിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ ഉപയോഗിച്ച് തൊഴിലാളികളുടെ നൈപുണ്യത്തിനും യോഗ്യതയ്ക്കും അനുസരിച്ച് ഇന്ത്യക്കകത്തും വിദേശത്തും തൊഴിലവസരങ്ങൾ ലഭ്യമാക്കുന്ന തൊഴിൽ നയം രൂപപ്പെടുത്താൻ സർക്കാരിന് സാധിക്കുമെന്നും തൊഴിൽ മന്ത്രാലയം അറിയിച്ചു. മൈക്രോസോഫ്റ്റിന്റെ എ.ഐ. അധിഷ്ഠിത ഭാഷാ പ്ലാറ്റ്ഫോമായ 'ഭാഷിണി'യുടെ സംയോജനത്തിലൂടെ പ്രാദേശിക ഭാഷകളിൽ റിയൽടൈം വിവർത്തന സൗകര്യവും ഇ-ശ്രം പോർട്ടലിൽ എളുപ്പത്തിൽ ലഭ്യമാകും.

ഇന്ത്യയുടെ ക്ലൗഡ്, എ.ഐ. അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 2026 നും 2029 നും ഇടയിൽ 17.5 ബില്യൺ ഡോളർ നിക്ഷേപം നടത്തുമെന്ന് മൈക്രോസോഫ്റ്റ് കഴിഞ്ഞ ദിവസം പ്രഖ്യാപിച്ചിരുന്നു. ഇതിന് പിന്നാലെയാണ് തൊഴിൽ രംഗത്ത് എ.ഐ.യുടെ പ്രയോജനം ലഭ്യമാക്കാനുള്ള ഈ പുതിയ പദ്ധതി.

## സൈബർ ലോകത്തെ ചുവപ്പ് സിഗ്നലുകൾ: നിയമനടപടിക്ക് വഴിയൊരുക്കുന്ന ഗൂഗിൾ തിരച്ചിലുകൾ

ലോകമെമ്പാടുമുള്ള കോടിക്കണക്കിന് ഇന്റർനെറ്റ് ഉപയോക്താക്കൾക്ക് വിവരങ്ങളുടെ വലിയ ലോകമാണ് ഗൂഗിൾ പോലുള്ള സെർച്ച് എഞ്ചിനുകൾ. എന്നാൽ, ആകാംഷയുടെ പേരിൽ നടത്തുന്ന ചില തിരച്ചിലുകൾ ഒരാളെ രാജ്യവ്യാപകമായും അന്താരാഷ്ട്ര തലത്തിലും നിയമപരമായ കുരുക്കുകളിലേക്ക് നയിച്ചേക്കാം. നിങ്ങളുടെ ഡിജിറ്റൽ കാൽപ്പാടുകൾ നിയമപാലകരും സുരക്ഷാ ഏജൻസികളും സൂക്ഷ്മമായി നിരീക്ഷിക്കുന്നു എന്ന യാഥാർത്ഥ്യം ഓരോ ഇന്റർനെറ്റ് ഉപയോക്താവും അറിഞ്ഞിരിക്കണം.

ഒരു വിദഗ്ദ്ധ ടെക് ജേണലിസ്റ്റ് എന്ന നിലയിൽ, ലോകമെമ്പാടുമുള്ള നിയമവ്യവസ്ഥകൾ ഗുരുതരമായി കാണുന്നതും നിയമനടപടിക്ക് സാധ്യതയുള്ളതുമായ പ്രധാന സെർച്ച് വിഷയങ്ങളെക്കുറിച്ചും, പ്രത്യേകിച്ച് യുണൈറ്റഡ് സ്റ്റേറ്റ്സിലെ നിയമങ്ങളെക്കുറിച്ചും ഇവിടെ വിശദീകരിക്കുന്നു.

**1. ഭീകരപ്രവർത്തനവും തീവ്രവാദവുമായി ബന്ധപ്പെട്ട തിരച്ചിലുകൾ**

'ബോംബ് എങ്ങനെ ഉണ്ടാക്കാം,' 'സ്ഫോടകവസ്തുക്കളുടെ പാചകക്കുറിപ്പ്,' അല്ലെങ്കിൽ ആസൂത്രിത ആക്രമണങ്ങളുടെ വിവരങ്ങൾ തേടുക തുടങ്ങിയ തിരച്ചിലുകൾ ദേശീയ സുരക്ഷയ്ക്ക് ഭീഷണിയായി ലോകമെമ്പാടുമുള്ള സർക്കാരുകൾ കണക്കാക്കുന്നു. ഇത്തരം കീവേഡുകൾ ഉപയോഗിക്കുന്ന വ്യക്തികൾ നിരീക്ഷണ വലയത്തിലാകാൻ സാധ്യതയുണ്ട്.

- **യു.എസ്. നിയമങ്ങൾ**: തീവ്രവാദവുമായി ബന്ധപ്പെട്ട തിരച്ചിലുകൾ ദേശീയ സുരക്ഷാനിയമങ്ങൾ പ്രകാരമുള്ള അന്വേഷണങ്ങൾക്ക് വഴിയൊരുക്കും. ഗൂഗിളിൽ തിരയുന്നതിലൂടെ മാത്രം ആർക്കും കുറ്റം ചുമത്താനാവില്ലെങ്കിലും, ഒരു കുറ്റകൃത്യത്തിന് സഹായിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഉള്ള ഉദ്ദേശ്യം ഈ സെർച്ച് ഹിസ്റ്ററിയിലൂടെ തെളിയിക്കപ്പെട്ടാൽ അത് നിയമനടപടിക്ക് കാരണമാകും.

**2. കുട്ടികളെ ലൈംഗികമായി ചൂഷണം ചെയ്യുന്ന ഉള്ളടക്കം (CSAM)**

ചൈൽഡ് പോൺ ഉള്ളടക്കങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ, ചിത്രങ്ങൾ, വീഡിയോകൾ എന്നിവ തിരയുന്നത് ആഗോളതലത്തിൽ ഏറ്റവും ഗൗരവമേറിയ കുറ്റകൃത്യങ്ങളിൽ ഒന്നാണ്. മിക്ക രാജ്യങ്ങളും ഈ വിഷയത്തിൽ കർശനമായ നിയമങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

- **യു.എസ്. നിയമങ്ങൾ**: യു.എസിൽ, ചൈൽഡ് പോർണോഗ്രാഫി പ്രിവൻഷൻ ആക്റ്റ് (CPPA) പോലുള്ള ഫെഡറൽ നിയമങ്ങൾ പ്രകാരം ഈ ഉള്ളടക്കങ്ങൾ കൈവശം വെക്കുന്നതും വിതരണം ചെയ്യുന്നതും കഠിനമായ ശിക്ഷ അർഹിക്കുന്ന കുറ്റമാണ്. സെർച്ച് എഞ്ചിൻ ഹിസ്റ്ററിയിൽ ഇത്തരം ഉള്ളടക്കങ്ങൾ കാണുകയോ ഡൗൺലോഡ് ചെയ്യുകയോ ചെയ്തില്ലെങ്കിൽ പോലും, ചില നിയമനടപടികളിൽ ബ്രൗസറിലെ കാഷെ പോലുള്ളവ പോലും ഉള്ളടക്കം 'കൈവശം വെച്ചതായി' വ്യാഖ്യാനിക്കപ്പെടാൻ സാധ്യതയുണ്ട്.

**3. അനധികൃത ഹാക്കിംഗ് ടൂളുകളും സൈബർ ക്രൈമുകളും**

'ബാങ്ക് അക്കൗണ്ടുകൾ എങ്ങനെ ഹാക്ക് ചെയ്യാം,' 'മാൽവെയർ നിർമ്മാണ ട്യൂട്ടോറിയൽ,' അല്ലെങ്കിൽ 'ഹാക്കിംഗ് സോഫ്റ്റ്‌വെയർ ഡൗൺലോഡ്' പോലുള്ള തിരച്ചിലുകൾ സൈബർ സുരക്ഷാ നിയമങ്ങളുടെ ലംഘനമായി കണക്കാക്കാം.

- **യു.എസ്. നിയമങ്ങൾ**: യു.എസിലെ കമ്പ്യൂട്ടർ ഫ്രോഡ് ആൻഡ് അബ്യൂസ് ആക്റ്റ് (CFAA) പ്രകാരം, അനധികൃതമായി ഒരു കമ്പ്യൂട്ടർ സിസ്റ്റത്തിലേക്കോ നെറ്റ്‌വർക്കിലേക്കോ പ്രവേശിക്കാൻ ശ്രമിക്കുന്നതോ, അതിന് പ്രേരിപ്പിക്കുന്നതോ ആയ ഏതൊരു നീക്കവും കുറ്റകരമാണ്. ദുരുദ്ദേശത്തോടെയുള്ള ഹാക്കിംഗ് ഉപകരണങ്ങളെക്കുറിച്ചുള്ള തിരച്ചിലുകൾ അന്വേഷണങ്ങൾക്ക് തുടക്കമിടാൻ സാധ്യതയുണ്ട്.

**4. പകർപ്പവകാശമുള്ള ഉള്ളടക്കങ്ങളും പൈറസിയും**

പുതിയ സിനിമകൾ, പ്രീമിയം സോഫ്റ്റ്‌വെയറുകൾ, പുസ്തകങ്ങൾ തുടങ്ങിയവ പൈറേറ്റഡ് രൂപത്തിൽ സൗജന്യമായി ഡൗൺലോഡ് ചെയ്യാനോ സ്ട്രീം ചെയ്യാനോ വേണ്ടിയുള്ള തിരച്ചിലുകൾ പകർപ്പവകാശ നിയമങ്ങളുടെ ലംഘനമാണ്.

- **ആഗോള/യു.എസ്. നിയമങ്ങൾ**: ലോകമെമ്പാടും ഡിജിറ്റൽ മില്ലേനിയം കോപ്പിറൈറ്റ് ആക്ട് (DMCA) പോലുള്ള നിയമങ്ങൾ കർശനമായി നടപ്പാക്കുന്നു. പകർപ്പവകാശം ലംഘിക്കുന്ന ഉള്ളടക്കം ഡൗൺലോഡ് ചെയ്യുന്നതിലേക്ക് നയിക്കുന്ന തിരച്ചിലുകൾ സിവിൽ കേസുകൾക്ക് കാരണമായേക്കാം. പകർപ്പവകാശ ഉടമകൾക്ക് വലിയ തുക പിഴയായി ആവശ്യപ്പെട്ടുകൊണ്ട് വ്യക്തികൾക്കെതിരെ നിയമനടപടി സ്വീകരിക്കാൻ കഴിയും.

**വിദഗ്ദ്ധ വിശകലനം: നിയമപാലകർ വിവരങ്ങൾ ശേഖരിക്കുന്നത് എങ്ങനെ?**

ഇന്റർനെറ്റിൽ നിങ്ങൾ നടത്തുന്ന തിരച്ചിലുകൾ എങ്ങനെ നിയമനടപടിക്ക് കാരണമാകുന്നു എന്ന് മനസ്സിലാക്കുന്നത് നിർണായകമാണ്:

- **കീവേഡ് വാറന്റുകൾ**: യു.എസിൽ, നിയമപാലകർക്ക് കീവേഡ് വാറന്റുകൾ നേടാൻ സാധിക്കും. ഒരു പ്രത്യേക സമയപരിധിക്കുള്ളിൽ, ഒരു കുറ്റകൃത്യവുമായി ബന്ധപ്പെട്ട ചില പ്രത്യേക കീവേഡുകൾ തിരഞ്ഞ എല്ലാ ഉപയോക്താക്കളുടെയും വിവരങ്ങൾ (ഐ.പി. അഡ്രസ്സ്, അക്കൗണ്ട് വിവരങ്ങൾ) നൽകാൻ ഇത് സെർച്ച് എഞ്ചിൻ ദാതാക്കളോട് (ഗൂഗിൾ പോലുള്ളവ) ആവശ്യപ്പെടുന്നു. ഇത് നിരപരാധികളെ പോലും സംശയത്തിന്റെ നിഴലിൽ കൊണ്ടുവരാൻ സാധ്യതയുണ്ട്. യു.എസ്. ഭരണഘടനയുടെ നാലാം ഭേദഗതി പ്രകാരം, 'അന്യായമായ തിരച്ചിലുകൾക്കും പിടിച്ചെടുക്കലുകൾക്കും' എതിരെ പൗരന്മാർക്ക് സംരക്ഷണം നൽകുന്നുണ്ടെങ്കിലും, ഡിജിറ്റൽ യുഗത്തിൽ ഈ വാറന്റുകളുടെ നിയമസാധുത ഒരു വലിയ ചർച്ചാവിഷയമാണ്.
- **ദേശീയ സുരക്ഷാ നിരീക്ഷണ വലയം**: ആഗോളതലത്തിൽ, പല രാജ്യങ്ങളിലെയും സുരക്ഷാ ഏജൻസികൾ തീവ്രവാദം, കുട്ടികളുടെ സുരക്ഷ തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട കീവേഡുകൾ വാച്ച് ലിസ്റ്റിൽ ഉൾപ്പെടുത്തി ഓട്ടോമേറ്റഡ് സിസ്റ്റം വഴി 24 മണിക്കൂറും നിരീക്ഷിക്കുന്നു. ഒരു 'ചുവപ്പ് സിഗ്നൽ' ലഭിച്ചാൽ ഉടൻതന്നെ വ്യക്തിഗത അന്വേഷണങ്ങൾ ആരംഭിക്കപ്പെടാം.

**ഉപദേശം: ഡിജിറ്റൽ പൗരബോധം**

നിങ്ങൾ നടത്തുന്ന തിരച്ചിലിന്റെ പിന്നിലെ ഉദ്ദേശ്യം പലപ്പോഴും നിയമപരമായി നിർണ്ണായകമാണ്. ഒരു ക്രൈം ഫിക്ഷൻ നോവലിനായി ഗവേഷണം നടത്തുന്നതും, യഥാർത്ഥത്തിൽ ഒരു കുറ്റകൃത്യത്തിന് പ്ലാൻ ചെയ്യുന്നതും തമ്മിൽ വലിയ വ്യത്യാസമുണ്ട്. എന്നാൽ, നിങ്ങളുടെ തിരച്ചിൽ പാറ്റേൺ തെറ്റായി വ്യാഖ്യാനിക്കപ്പെടാൻ സാധ്യതയുണ്ട്. അതുകൊണ്ട്, ഉത്തരവാദിത്തമുള്ള ഓൺലൈൻ പൗരനെന്ന നിലയിൽ, നിയമവിരുദ്ധമായതോ, ഗുരുതരമായതോ ആയ ഒരു ഉള്ളടക്കത്തിനും വേണ്ടി തിരയുന്നത് പൂർണ്ണമായും ഒഴിവാക്കുക.




◗ റോബിൻസ് ആന്റണി

## യുക്രെയ്ന് ധനസഹായം:

# റഷ്യൻ ആസ്തി ഉപയോഗിക്കാനുള്ള യൂറോപ്യൻ യൂണിയൻ നീക്കം നിയമപരമായി ഏറ്റവും മികച്ചതെന്ന് ലഗാർഡ്

യൂറോപ്യൻ യൂണിയൻ (ഇ.യു.) യുക്രെയ്നിന് സാമ്പത്തിക സഹായം നൽകുന്നതിനായി റഷ്യയുടെ മരവിപ്പിച്ച ആസ്തികൾ ഉപയോഗിക്കാനുള്ള ഏറ്റവും പുതിയ നിർദ്ദേശം അന്താരാഷ്ട്ര നിയമങ്ങൾക്ക് അനുസൃതമായിട്ടുള്ളതാണെന്ന് യൂറോപ്യൻ സെൻട്രൽ ബാങ്ക് (ഇ.സി.ബി.) പ്രസിഡന്റ് ക്രിസ്റ്റിൻ ലഗാർഡ് അഭിപ്രായപ്പെട്ടു.

മാസങ്ങളായി യൂറോപ്യൻ രാജ്യങ്ങൾക്കിടയിൽ ചർച്ച ചെയ്യുന്ന ഈ പദ്ധതി, മരവിപ്പിച്ച റഷ്യൻ പരമാധികാര ആസ്തികൾ ഉടനടി കണ്ടുകെട്ടുന്നതിനെ നിരോധിക്കുന്ന അന്താരാഷ്ട്ര നിയമങ്ങളുടെ പരിധിയിൽ നിന്നുകൊണ്ട് യുക്രെയ്നിന് ധനസഹായം നൽകാനാണ് ലക്ഷ്യമിടുന്നത്.



ഏകദേശം 210 ബില്യൺ യൂറോയിലധികം വരുന്ന റഷ്യൻ ആസ്തികളാണ് യൂറോപ്പിൽ മരവിപ്പിച്ചിട്ടുള്ളത്. ഈ തുക യുക്രെയ്നിന്റെ പ്രതിരോധത്തിനും പുനർനിർമ്മാണത്തിനുമായി വായ്പകളായോ മറ്റ് ധനസഹായമായോ ഉപയോഗിക്കാനാണ് ഇ.യു. നേതാക്കൾ ആലോചിക്കുന്നത്. മിക്ക ഫണ്ടുകളും സൂക്ഷിച്ചിട്ടുള്ള ബെൽജിയത്തിന് ചില സുരക്ഷാ ഉറപ്പുകൾ നൽകേണ്ടതുണ്ട്.

വരാനിരിക്കുന്ന യൂറോപ്യൻ കൗൺസിൽ യോഗത്തിൽ ചർച്ച ചെയ്യാനിരിക്കുന്ന പുതിയ പദ്ധതി, താൻ കണ്ടതിൽ വെച്ച് അന്താരാഷ്ട്ര നിയമങ്ങളുടെ തത്വങ്ങൾ പാലിക്കുന്നതിന് ഏറ്റവും അടുത്തുള്ളതാണെന്ന് ക്രിസ്റ്റിൻ ലഗാർഡ് ഒരു സാമ്പത്തിക സമ്മേളനത്തിൽ സംസാരിക്കവെ വ്യക്തമാക്കി. യുക്രെയ്നിനെ പിന്തുണയ്ക്കേണ്ടത് യൂറോപ്യൻ രാജ്യങ്ങളുടെ കടമയാണെന്നും അവർ കൂട്ടിച്ചേർത്തു.

റഷ്യൻ ആസ്തികൾ ഉപയോഗിക്കുന്ന കാര്യത്തിൽ ഇ.സി.ബി. പ്രസിഡന്റിന് നേരിട്ട് പങ്കില്ലെങ്കിലും, ഏതൊരു നീക്കവും അന്താരാഷ്ട്ര നിയമങ്ങളെ മാനിക്കുന്നില്ലെങ്കിൽ യൂറോയുടെ ആഗോളപരമായ വിശ്വാസ്യതയ്ക്ക് കോട്ടം വരുത്തുമെന്ന ആശങ്ക ലഗാർഡ് നേരത്തേ പ്രകടിപ്പിച്ചിരുന്നു. നിലവിലെ നിർദ്ദേശം തികച്ചും അസാധാരണമായ ഒരു സാഹചര്യമാണെന്നും, എന്നാൽ റഷ്യയ്ക്കുള്ള ആസ്തികളുടെ ഉടമസ്ഥാവകാശം ഇത് നീക്കം ചെയ്യുന്നില്ലെന്നും അവർ വിശദീകരിച്ചു. രാജ്യത്തിന്റെ താൽപര്യങ്ങൾക്കുവേണ്ടി പരമാധികാര ആസ്തികൾ പിടിച്ചെടുക്കുക എന്ന പതിവിലേക്ക് യൂറോപ്യൻ യൂണിയൻ നീങ്ങുന്നില്ലെന്ന് ലോകത്തിന് വ്യക്തമാക്കേണ്ടതുണ്ടെന്നും ലഗാർഡ് കൂട്ടിച്ചേർത്തു.

## ബ്രിട്ടീഷുകാർ ദിവസം ഓൺലൈനിൽ ചെലവഴിക്കുന്നത് നാലര മണിക്കൂർ, ഞെട്ടിപ്പിക്കുന്ന ഓഫ്കോം റിപ്പോർട്ട്

ബ്രിട്ടനിലെ മുതിർന്ന പൗരന്മാർ ദിവസവും ഇന്റർനെറ്റിൽ ചെലവഴിക്കുന്ന സമയം കോവിഡ്-19 മഹാമാരിയുടെ കാലത്തേക്കാൾ വർദ്ധിച്ചതായി ഏറ്റവും പുതിയ സർവ്വേ റിപ്പോർട്ട്. ബ്രിട്ടനിലെ കമ്മ്യൂണിക്കേഷൻസ് റെഗുലേറ്ററായ ഓഫ്കോം പുറത്തുവിട്ട 'ഓൺലൈൻ നേഷൻ' റിപ്പോർട്ട് അനുസരിച്ച്, 2025ൽ ഒരു യു.കെ. പൗരൻ ശരാശരി നാല് മണിക്കൂറും 30 മിനിറ്റും ഓൺലൈനിൽ ചെലവഴിക്കുന്നു. ഇത് 2021ൽ രേഖപ്പെടുത്തിയ കണക്കുകളേക്കാൾ 31 മിനിറ്റ് അധികമാണ്. മൊബൈൽ ഫോണുകളും മറ്റ് ഡിജിറ്റൽ ഉപകരണങ്ങളും ദൈനംദിന ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത ഘടകമായി മാറിയതാണ് ഈ വർദ്ധനവിന് പ്രധാന കാരണം.

ഇന്റർനെറ്റിന്റെ ഉപയോഗം വർധിക്കുമ്പോഴും, അതിന്റെ സാമൂഹിക സ്വാധീനത്തെക്കുറിച്ച് ജനങ്ങൾക്കിടയിൽ ആശങ്ക വർധിക്കുന്നതായും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. ഇന്റർനെറ്റ് സമൂഹത്തിന് നല്ലതാണെന്ന് വിശ്വസിക്കുന്നവരുടെ എണ്ണം 2024ൽ 40 ശതമാനമായിരുന്നത് 2025ൽ 33 ശതമാനമായി കുറഞ്ഞു. ഓൺലൈനിൽ ചെലവഴിക്കുന്ന സമയം മറ്റ് നല്ല കാര്യങ്ങൾക്ക് ഉപയോഗിക്കേണ്ട സമയത്തെ എങ്ങനെ ഇല്ലാതാക്കുന്നു, ഇത് മാനസികാരോഗ്യത്തെ എങ്ങനെ ബാധിക്കുന്നു എന്നതിലാണ് പ്രധാനമായും ശ്രദ്ധിക്കേണ്ടതെന്ന് മനഃശാസ്ത്രജ്ഞനായ ഡോ. ഏരിക് സിഗ്മാൻ അഭിപ്രായപ്പെട്ടു. എങ്കിലും, ഇന്റർനെറ്റിന്റെ പ്രയോജനങ്ങൾ അതിന്റെ അപകടസാധ്യതകളെ മറികടക്കുന്നു എന്ന് ഇപ്പോഴും മൂന്നിൽ രണ്ട് ഭാഗം പേർ വിശ്വസിക്കുന്നുണ്ട്.



കുട്ടികളുടെ ഓൺലൈൻ ഉപയോഗത്തെക്കുറിച്ചും റിപ്പോർട്ടിൽ നിർണ്ണായക വിവരങ്ങളുണ്ട്. ഇന്റർനെറ്റിൽ കൂടുതൽ സമയം ചെലവഴിക്കുന്നതിലൂടെ ഉണ്ടാകുന്ന മടുപ്പിനെയും മാനസികമായ ശോഷണത്തെയും സൂചിപ്പിക്കാൻ കുട്ടികൾക്കിടയിൽ 'ബ്രെയിൻ റോട്ട്' എന്ന പദം പ്രചാരത്തിലായി. കൂടാതെ, 8നും 14നും ഇടയിൽ പ്രായമുള്ള കുട്ടികൾ പ്രധാന ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ ചെലവഴിക്കുന്ന സമയത്തിന്റെ നാലിലൊന്ന് രാത്രി 9 മണിക്കും പുലർച്ചെ 5 മണിക്കും ഇടയിലാണെന്നും സർവ്വേ കണ്ടെത്തി.

ഓൺലൈൻ സുരക്ഷാ നിയമപ്രകാരം അശ്ലീല വെബ്സൈറ്റുകളിൽ പ്രായപരിശോധന നിർബന്ധമാക്കിയതിനെ തുടർന്ന് വിപിഎൻ ഉപയോഗിക്കുന്നവരുടെ എണ്ണത്തിലും വലിയ വർദ്ധനവുണ്ടായി. നിയമം നടപ്പിലാക്കിയ ശേഷം വിപിഎൻ ഉപയോഗം ഇരട്ടിയിലധികം വർധിച്ചതായും റിപ്പോർട്ട് ചൂണ്ടിക്കാട്ടി.

## കറൻസി ശക്തിപ്പെടുത്തണം, ആഭ്യന്തര ഉപഭോഗത്തിൽ ശ്രദ്ധിക്കണം: ചൈനയോട് ഐഎംഎഫ്



ചൈനീസ് കറൻസിയായ യുവാൻ ശക്തിപ്പെടുത്താനും, വർദ്ധിച്ചു വരുന്ന കയറ്റുമതിയെ ആശ്രയിക്കുന്നത് കുറച്ച് ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുന്നതിൽ കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കാനും ഇന്റർനാഷണൽ മോണിറ്ററി ഫണ്ട് (ഐഎംഎഫ്) ചൈനീസ് സർക്കാരിനോട് നിർദ്ദേശിച്ചു. ചൈനയിൽ പത്ത് ദിവസം നീണ്ടുനിന്ന സന്ദർശനത്തിന് ശേഷം ബീ ജിംഗിൽ വെച്ചാണ് ഐഎംഎഫ് ഉദ്യോഗസ്ഥർ ഈ സുപ്രധാന പ്രസ്താവന നടത്തിയത്.

ശക്തമായ കയറ്റുമതിയും, താരതമ്യേന ദുർബലമായ ആഭ്യന്തര ഡിമാൻഡും കാരണം ചൈനയുടെ സമ്പദ്വ്യവസ്ഥയിൽ ഇപ്പോഴും വലിയ അസന്തുലിതാവസ്ഥകൾ നിലനിൽക്കുന്നുണ്ടെന്ന് ഐഎംഎഫ് വിലയിരുത്തുന്നു. കുറഞ്ഞ പണപ്പെരുപ്പം കാരണം മറ്റ് വ്യാപാര പങ്കാളികളെ അപേക്ഷിച്ച് ചൈനയുടെ യഥാർത്ഥ വിനിമയ നിരക്ക് കുറഞ്ഞിരിക്കുകയാണ്. ഇത് കയറ്റുമതി കുതിച്ചുയരാൻ സഹായിച്ചെങ്കിലും, നിലവിലെ അക്കൗണ്ട് മിച്ചം വർദ്ധിപ്പിച്ചത് ആഗോള തലത്തിൽ അസന്തുലിതാവസ്ഥയ്ക്ക് കാരണമായേക്കാം.

കയറ്റുമതിയെയും നിക്ഷേപത്തെയും ആശ്രയിക്കുന്നതിനു പകരം, ഉപഭോഗം നയിക്കുന്ന വളർച്ചാ മാതൃകയിലേക്ക് ചൈന മാറേണ്ടത് അത്യാവശ്യമാണെന്ന് ഐഎംഎഫ് അഭിപ്രായപ്പെട്ടു.

ഇതിനായി, കൂടുതൽ ശക്തമായ സാമ്പത്തിക നയങ്ങൾ നടപ്പിലാക്കുകയും, ഉയർന്ന ഗാർഹിക സമ്പാദ്യം കുറയ്ക്കുന്നതിനുള്ള പരിഷ്കാരങ്ങൾ കൊണ്ടുവരികയും ചെയ്യണം. കൂടാതെ, കാര്യക്ഷമമല്ലാത്ത നിക്ഷേപങ്ങളും വ്യാവസായിക നയങ്ങൾക്കുള്ള അനാവശ്യ പിന്തുണയും വെട്ടിച്ചുരുക്കണമെന്നും ഐഎംഎഫ് ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടു.

2025ൽ ചൈനയുടെ വളർച്ചാ നിരക്ക് 5.0 ശതമാനമായിരിക്കുമെന്നും 2026ൽ ഇത് 4.5 ശതമാനമായി കുറയുമെന്നും ഐഎംഎഫ് പ്രവചിക്കുന്നു.

## യുദ്ധഭീതിയിൽ ലോകം: സൈനിക ചെലവ് റെക്കോർഡിലേക്ക്; 2.7 ട്രില്യൺ ഡോളറിൽ എത്തി



സൈനികാവശ്യങ്ങൾക്കായുള്ള ചെലവ് റെക്കോർഡ് തലത്തിലേക്ക് കുതിച്ചുയർന്നു. 2024ൽ ലോകരാഷ്ട്രങ്ങൾ മൊത്തം 2.7 ട്രില്യൺ ഡോളറാണ് (ഏകദേശം 224 ലക്ഷം കോടിയിലധികം ഇന്ത്യൻ രൂപ) സൈനിക കാര്യങ്ങൾക്കായി ചെലവഴിച്ചതെന്ന് സ്റ്റോക്ക്ഹോം ഇന്റർനാഷണൽ പീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (SIPRI) ഏറ്റവും പുതിയ റിപ്പോർട്ട് വ്യക്തമാക്കുന്നു. മുൻ വർഷത്തെ അപേക്ഷിച്ച് 9 ശതമാനത്തിന്റെ വർദ്ധനവാണ് 2024ൽ രേഖപ്പെടുത്തിയത്. കുറഞ്ഞത് 1992ന് ശേഷം സൈനിക ചെലവിൽ ഉണ്ടാകുന്ന ഏറ്റവും വലിയ വാർഷിക വർദ്ധനവാണിത്.

ലോകമെമ്പാടുമുള്ള സംഘർഷങ്ങളും വർദ്ധിച്ചുവരുന്ന ഭീഷണിയുമാണ് ഈ വർദ്ധനവിന് പ്രധാന കാരണം. യുക്രെയ്നിലെ റഷ്യൻ അധിനിവേശം, ഗാസയിലെ യുദ്ധം, ഏഷ്യപസഫിക് മേഖലയിലെ വർധിച്ചുവരുന്ന രാഷ്ട്രീയ സംഘർഷങ്ങൾ എന്നിവ ഈ മേഖലകളിൽ ചെലവ് കുത്തനെ ഉയരാൻ കാരണമായി. ലോകത്തെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ (GDP) 2.5 ശതമാനമാണ് നിലവിൽ സൈനികാവശ്യങ്ങൾക്കായി ചെലവഴിക്കുന്നത്.

സൈനികാവശ്യങ്ങൾക്കായി ഏറ്റവും കൂടുതൽ പണം ചെലവഴിക്കുന്ന രാജ്യങ്ങളിൽ അമേരിക്ക, ചൈന, റഷ്യ, ജർമ്മനി, ഇന്ത്യ എന്നിവയാണ് ആദ്യ അഞ്ച് സ്ഥാനങ്ങളിലുള്ളത്. ഈ അഞ്ച് രാജ്യങ്ങൾ മാത്രം ആഗോള സൈനിക ചെലവിന്റെ 60 ശതമാനവും വഹിക്കുന്നു. യൂറോപ്പിലെ മൊത്തം സൈനിക ചെലവ് 17 ശതമാനമായി വർദ്ധിച്ചു.

ഇന്ത്യയുടെ സൈനിക ചെലവ് 2024ൽ 86.1 ബില്യൺ ഡോളറായി (ഏകദേശം 7.15 ലക്ഷം കോടി രൂപ) ഉയർന്നു.

2023നെ അപേക്ഷിച്ച് 1.6 ശതമാനത്തിന്റെ വർധനവാണിത്. പാകിസ്താന്റെ സൈനിക ചെലവിനേക്കാൾ ഏകദേശം ഒമ്പത് ഇരട്ടിയോളം വരും ഇന്ത്യയുടെ ഈ വർഷത്തെ ചെലവ്.

യുദ്ധങ്ങളും സംഘർഷങ്ങളും നിലനിൽക്കുന്ന യൂറോപ്പിലും, മിഡിൽ ഈസ്റ്റിലുമാണ് സൈനിക ചെലവ് വലിയ തോതിൽ വർദ്ധിച്ചിരിക്കുന്നത്.

ഈ വർദ്ധനവ് ലോകമെമ്പാടുമുള്ള സുരക്ഷാ ആശങ്ക വർദ്ധിപ്പിക്കുകയും, കൂടുതൽ രാജ്യങ്ങളെ പ്രതിരോധശേഷി വർദ്ധിപ്പിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നതായി സിപ്രി റിപ്പോർട്ട് വിലയിരുത്തുന്നു.

# A pledge for any children in the United States to further their education

*Michael and Susan Dell pledged $6.25 billion to seed 25 million children's "Trump Accounts," adding $250 to eligible Invest America accounts and expanding federal seed funding; below is a concise, local brief for Chicago's Malayalam–English community with practical next steps.*



The announcement: Michael and Susan Dell committed **$6.25 billion** to place **$250** deposits into roughly **25 million** Invest America / "Trump Accounts," targeting children aged 10 and under who were born before the federal newborn eligibility date. The federal program seeds newborn accounts with **$1,000** for children born between 2025–2028; the Dell gift extends benefits to older children in lower- and middle-income ZIP codes and aims to spur employer, philanthropic, and family contributions. Sign-ups for the federal accounts are scheduled to begin in mid-2026, with accounts invested in broad U.S. equity index funds and locked until age 18 under the program rules.

**Why this matters locally (Chicago): Small-dollar seed deposits can change financial expectations** for families, increase college-going norms, and create a savings culture that benefits remittance flows and small businesses in immigrant communities. For Malayalam-English households, the immediate priorities are (1) confirming eligibility, (2) activating accounts when sign-ups open, and (3) documenting household income and ZIP-code eligibility where required. The Dell pledge specifically prioritizes ZIP codes with median household incomes below $150,000, and federal guidance limits account investments to low-cost index funds with strict fee caps.

**Research synthesis and educational tactics:** combine **content triangulation** (news + government fact sheets), **community surveys** (measure awareness and barriers), and **pilot outreach** (school and clinic sign-up drives).

## Equity Gain

Calibrate with local Chicago metrics (neighborhood enrollment rates, remittance dependence, school participation) to allocate outreach resources where activation yields the largest equity gains.

Working; local checklist for Chicago residents (what to do now)

- **Track official guidance** at the Treasury/Invest America portal and trusted outlets; prepare documents (SSNs, proof of address) ahead of sign-ups.
- **Community activation:** partner with schools, pediatric clinics, faith centers, and remittance agents to host bilingual (Malayalam/English) sign-up events and account-activation clinics.
- **Employer engagement:** encourage local employers to match or contribute to employee children's accounts and publicize matching programs.
- **Financial literacy:** run short workshops on index investing, fees, and long-term compounding tailored to immigrant families.
- **Evidence & advocacy:** collect activation data and barriers to inform city-level advocacy for complementary supports (e.g., enrollment assistance, fee waivers).

U.S. vs India perspective: in the U.S., program design emphasizes **universal seed deposits, indexed investment, and private contributions;** in India, policy debates often center on targeted social transfers, public provisioning, and land/tenure protections. If India seeks to reclaim stricter social-welfare momentum, lessons include transparent targeting, low-cost investment vehicles, and strong enrollment outreach—paired with legal safeguards and procedural clarity.

**Quick comparison for local planning**

| Feature | U.S. (Invest America / Dell gift) | India (policy contrast) |
|---|---|---|
| Scale & design | Universal newborn seed; Dell adds $250 to 25M older kids | Typically targeted transfers; program design varies by state |
| Investment vehicle | Low-cost index funds; locked until 18 | Often direct cash transfers or targeted savings schemes |
| Activation needs | SSN, guardian activation, online portals | Aadhaar/ID, bank linkage, state enrollment drives |
| Local action | Community sign-ups, employer matches, financial literacy | State outreach, public provisioning, legal safeguards |

***Closing:*** mobilize bilingual outreach now—prepare documents, partner with local institutions, and run activation clinics. This is a rare window where philanthropy, federal policy, and community action can combine to create lasting financial head starts for Chicago's children.

*Happy Holidays*

# പുതുവർഷ പുലരിയിൽ വാചകം ത്രൈരാഷ്ട്ര ഇംഗ്ലീഷ് മലയാളം കലണ്ടർ എത്തുന്നു




**ലോകമെങ്ങുമുള്ള മലയാളികൾ കാത്തിരിക്കുന്ന TRI-COUNTRY കലണ്ടർ!**

**അതെ USA, CANADA, INDIA എന്നീ മൂന്ന് രാജ്യങ്ങളിലേയും കേരളത്തിലേയും അവധി ദിവസങ്ങൾ പ്രത്യേക നിറങ്ങളിൽ അടയാളപ്പെടുത്തിയ വർണ്ണശബളമായ കലണ്ടർ**

**മലയാളികൾ സാകൂതം വീക്ഷിക്കുന്ന നാള്, മുഹൂർത്തം, രാഹു, ഗുളികൻ തുടങ്ങിയ ആധികാരിക വിവരങ്ങളും**

**2026 ജനുവരി 1മുതൽ വാചകം വെബ്സൈറ്ററിൽ (www.vachakam.com) നിന്നും സൗജന്യമായി ഡൌൺലോഡ് ചെയ്യാവുന്നതാണ്**

പ്രിന്റ് കോപ്പികൾ ആവശ്യമുള്ളവർക്ക് അമേരിക്കയിലെവിടെയും മെയിൽ ചെയ്തുകൊടുക്കും

**വിളിക്കുക 1-773-842-9149**